എളയാവൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസനരേഖ - 1996


വാർഡ് I
വാർഡ് II
വാർഡ് III
വാർഡ് IV
വാർഡ് V
വാർഡ് VI
വാർഡ് VII
വാർഡ് VIII
വാർഡ് IX
വാർഡ് X
വാർഡ് XI
വാർഡ് XII

144-2

അധികാരം ജനങ്ങളിലേക്ക്
9-ാം പദ്ധതി ജനകീയ പദ്ധതി



എളയാവൂർ ഗ്രാമപഞ്ചായത്ത്

വികസന രേഖ '96

പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ

പ്രസിഡന്റ്

സി.കെ. പുഷ്പജ ടീച്ചർ

വൈസ് പ്രസിഡന്റ്

കെ. കുട്ടികൃഷ്ണൻ മാസ്റ്റർ

സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ



ടി.കെ. രവീന്ദ്രൻ

എം.വി. കമല



കൊളേക്കര മുസ്തഫ



സി.കെ. മുകുന്ദൻ



കണ്ണിയത്ത് മോഹനൻ



പി. സദാനന്ദൻ



പി.സി. അമീനുള്ള

കെ.വി. ശാന്തകുമാരി

കെ.സഫീയത്ത്

പി.പി. ശോഭന

സെക്രട്ടറി

മില്ലി എടച്ചേരി

1	പഞ്ചായത്തിന്റെ പേര്	: എളയാവൂർ ഗ്രാമപഞ്ചായത്ത്
2	പഞ്ചായത്തിലുൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	: എളയാവൂർ
3	ജില്ലാ പഞ്ചായത്ത് ഡിവിഷൻ	: അഞ്ചരക്കണ്ടി, മുണ്ടേരി
4	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: എളയാവൂർ, വാരം
5	ബ്ലോക്ക് പഞ്ചായത്ത്	: എടക്കാട്
6	താലൂക്ക്	: കണ്ണൂർ
7	ജില്ല	: കണ്ണൂർ
8	അസംബ്ലി മണ്ഡലം	: കണ്ണൂർ
9	വിസ്തീർണ്ണം	: 11.57 സ്ക്വയർ കി.മീ.
10	ജനസംഖ്യ	: 30395
11	ജനസാന്ദ്രത	: 2626
12	വാർഡുകളുടെ എണ്ണം	: 12
13	പ്രസിഡന്റിന്റെ പേര്	: സി.കെ. പുഷ്പജ ടീച്ചർ
14	വൈസ്. പ്രസിഡന്റിന്റെ പേര്	: കെ.കുട്ടികൃഷ്ണൻ മാസ്റ്റർ

ഭരണപരമായ ചരിത്രം

1956-ൽ രൂപം കൊണ്ടു.
പ്രസിഡന്റ് - കോമത്ത് കുഞ്ഞിക്കണ്ണൻ
വൈസ് പ്രസിഡന്റ് - നീലിയത്ത് അകത്തൂട്ട് കണ്ണോത്ത് ഗോവിന്ദൻ നമ്പ്യാർ

28-3-57-ൽ പ്രസിഡന്റിന്റെ മരണത്തെത്തുടർന്ന് 17-12-62വരെ വൈസ് പ്രസിഡന്റ് ഇൻചാർജ്ജ്
7-2-63 വരെ സ്പെഷൽ ഓഫീസർ ഭരണം. 1963 ഡിസംബർ 13-ന് കെ.പി. കുമാരൻ പ്രസിഡന്റും മണ്ടേൻ ഭാസ്കരൻ വൈസ് പ്രസിഡന്റുമായ ഭരണ സമിതി. 16-7-79 വരെ ഈ അവസ്ഥ തുടർന്നു.
28-9-70 ന് നടന്ന തെരഞ്ഞെടുപ്പോടുകൂടി കെ.സി. മാധവൻ മാസ്റ്റർ പ്രസിഡന്റും പൂച്ചാലി ഗോപാലൻ വൈസ് പ്രസിഡന്റുമായി. 1983 വരെ ഈ നില തുടർന്നു.

26-10-84-ന് ആരംഭിച്ച താലൂക്ക് പഞ്ചായത്ത് ആപ്പീസറുടെ ഭരണം 1988 ജനുവരി വരെ നീണ്ടുനിന്നു. 9-2-88 ന് കെ.സി. മാധവൻ മാസ്റ്റർ പ്രസിഡന്റും എം.ഹരിദാസൻ വൈസ് പ്രസിഡന്റുമായ ഭരണസമിതി നിലവിൽ വന്നു.
10-2-94-ന് അഡ്മിനിസ്ട്രറ്റീവ് കമ്മറ്റി. പ്രസിഡന്റ് കെ.സി. മാധവൻ മാസ്റ്റർ.

1995 സപ്തംബർ 25-ന് നടന്ന തെരഞ്ഞെടുപ്പോടുകൂടി സി.കെ. പുഷ്പജ ടീച്ചർ പ്രസിഡന്റും കെ.കുട്ടികൃഷ്ണൻ മാസ്റ്റർ വൈസ് പ്രസിഡന്റുമായി.

പഞ്ചായത്ത് അതിർത്തി

1. കിഴക്ക്	: ചേലോറ പഞ്ചായത്ത്
2. കിഴക്ക് തെക്ക്	: എടക്കാട് പഞ്ചായത്ത്
3. വടക്ക്	: ചേലോറ പഞ്ചായത്ത്
4. വടക്ക് പടിഞ്ഞാറ്	: പുഴാതി പഞ്ചായത്ത്
5. പടിഞ്ഞാറ്	: കണ്ണൂർ മുനിസിപ്പാലിറ്റി
6. തെക്ക് പടിഞ്ഞാറ്	: കണ്ണൂർ മുനിസിപ്പാലിറ്റി

പഞ്ചായത്ത് അതിർത്തിയിലുള്ള സർക്കാർ ഓഫീസുകൾ

വില്ലേജ് ഓഫീസ്, കൃഷിഭവൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഐ.സി.ഡി.എസ്. എടക്കാട് ബ്ലോക്ക് ഓഫീസ്, ഇ.എസ്.ഐ. ഡിസ്പൻസറി, ഹോമിയോ ഡിസ്പൻസറി, അലോപ്പതി ഡിസ്പൻസറി, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ, ഊർജ്ജിത കന്നുകാലി വികസന കേന്ദ്രങ്ങൾ, പ്രാദേശിക കോഴിവളർത്ത് കേന്ദ്രം, മൃഗസംരക്ഷണ പരിശീലനകേന്ദ്രം, പഞ്ചാത്ത് ഓഫീസ്, പോസ്റ്റാഫീസ് താഴെ ചൊവ്വ, മുണ്ടയാട്, ഹാന്റി ക്രാഫ്റ്റ് ഡവലപ്പ്മെന്റ് സെന്റർ ഓഫീസ്.

വില്ലേജ് - എളയാവൂർ
ദേശം - 1) അതിരകം 2) ചൊവ്വ 3) കിഴുത്തള്ളി 4) മുണ്ടയാട് 5) എളയാവൂർ

ജില്ലാതല റിസോഴ്സ് പേഴ്സൺസ്

1. പി. ആർ. വസന്തകുമാർ - കൺവീനർ
2. പി.ഐ. രാഘവൻ നമ്പ്യാർ
3. വി.സി. ശ്രീധരൻ മാസ്റ്റർ
4. എൻ.കെ. പുരുഷോത്തമൻ നമ്പ്യാർ
5. എ.ഒ. പ്രസന്നൻ
6. കെ.പി. ഭാസ്കരൻ മാസ്റ്റർ
7. കണ്ണിയത്ത് മോഹനൻ
8. സുരേഷ്ബാബു എളയാവൂർ
9. എ. ജെസ്സി

പഞ്ചായത്ത് കോർഗ്രൂപ്പ്

അമ്പൻ നാരായണൻ മാസ്റ്റർ
സി.കെ. കുഞ്ഞിരാമൻ നമ്പ്യാർ
ടി.സി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
സി.പി. നാരായണൻ മാസ്റ്റർ
പൂച്ചാലി ഗോപാലൻ
എം. ഹരിദാസൻ
കെ. പ്രേമരാജൻ
എം. കൃഷ്ണൻ മാസ്റ്റർ
സി.സി. രവീന്ദ്രൻ
എം.പി. അരവിന്ദൻ
കെ.സി. ബാലകൃഷ്ണൻ
സി.വിനോദ്
എൻ.ഒ. ആനന്ദൻ
കെ.ടി. യൂസഫ്
പി.പി. കുഞ്ഞിരാമൻ
യു.കെ.ബി. നമ്പ്യാർ
വി.കെ. ശ്രീധരൻ നമ്പ്യാർ
കെ.ജനാർദ്ദനൻ
തൈക്കണ്ടി രാജീവൻ
രവീന്ദ്രൻ. പി.
തൈക്കണ്ടി മുരളീധരൻ
പി.പി. വിനോദ് കുമാർ
പി. അരുൺകുമാർ
വി.കെ. കുമാരൻ
സി.വി. ഗോപിനാഥൻ
പി. മനോഹരൻ
എ.കെ. സുഗതൻ
വി.രത്നാകരൻ
എം.കെ. വത്സൻ
പി.പി.രമേശൻ
കെ. രാജീവൻ
എം.പി. രാജൻ
സി.കൃഷ്ണൻ
പത്മാവതി ടീച്ചർ
പി.ശീതള
ലില്ലി ജെയിംസ്
എൻ.കെ. സുശീല
എം.ഒ. കാർത്യായനി
കക്കാടൻ വിലാസിനി
കെ. വിലാസിനി
പി.പി. മോഹനൻ

റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

പി.ആർ. വസന്തകുമാർ
എൻ.കെ. പുരുഷോത്തമൻ നമ്പ്യാർ
പി.ഐ. രാഘവൻ നമ്പ്യാർ
വി.സി. ശ്രീധരൻ മാസ്റ്റർ
സുരേഷ്ബാബു എളയാവൂർ
കെ.പി. ഭാസ്കരൻ മാസ്റ്റർ
കണ്ണിയത്ത് മോഹനൻ
എ.ഒ. പ്രസന്നൻ
എ.ജെസ്സി
യു.കെ.ബി. നമ്പ്യാർ
എബ്രഹാം പി. മാത്യു
സി.പി. നാരായണൻ നമ്പ്യാർ
സി.സി. ജനാർദ്ദനൻ നമ്പ്യാർ
സി.കെ. കുഞ്ഞിരാമൻ മാസ്റ്റർ
ടി.സി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ
വി.വി. ലതിക
ഇ.പി. ഓമന
പി. അരുൺകുമാർ
കെ.രാജീവൻ
പി.പി. കുഞ്ഞിരാമൻ
സി. കൃഷ്ണൻ
പി.പി. വേലായുധൻ നമ്പ്യാർ
ഇ. സദാനന്ദൻ
പി.പി. വിനോദ് കുമാർ
കെ.ഇ. ദാമോദരൻ നായനാർ
പി.പി. മോഹനൻ
പി.മനോഹരൻ
എ. ശശിധരൻ
കെ. വിലാസിനി
ലില്ലി ജെയിംസ്
എം.കെ. രാഘവൻ
പൂച്ചാലി ഗോപാലൻ
എം.ഒ. കാർത്യായനി
കെ. വസന്തകുമാരി
എം. ഹരിദാസൻ
എം.പി. രാജൻ
കെ.ടി. യൂസഫ്
കെ. പ്രേമരാജൻ
കെ.സി. ബാലകൃഷ്ണൻ
പി. ശീതള
ബി. സതീശൻ
അബ്ദുൾ മജീദ്
രത്നി ശാന്തകുമാരി

വിഷയവിവരം

ആമുഖം

പ്രാദേശിക ചരിത്രം

ഭൂപ്രകൃതി

കൃഷി-ജലസേചനം

മൃഗ സംരക്ഷണം

വ്യവസായം

വിദ്യാഭ്യാസം

കുടിവെള്ളം പൊതുജനാരോഗ്യം

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പാർപ്പിടം, സാമൂഹ്യക്ഷേമം

വനിതാക്ഷേമം

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

സഹകരണം

സംസ്കാരം

വിഭവസമാഹരണം

ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പഞ്ചവത്സര പദ്ധതികൾ ജനപങ്കാളിത്തത്തിന്റെയും കൃത്യമായ ലക്ഷ്യബോധത്തിന്റെയും അഭാവത്തിൽ കേവലം ഡിപ്പാർട്ട്മെന്റൽ പരിപാടികളായി മാറുകയാണുണ്ടായത്. മാത്രവുമല്ല, അമിതമായ അധികാര കേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേൽക്കോയ്മയും ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതവുമായി. നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളോരോന്നും എടുത്ത് പരിശോധിച്ചാൽ അവ ജനതയുടെ ആശയാഭിലാഷങ്ങളോ പ്രദേശത്തിന്റെ ഭൂപ്രകൃതിയുമായോ ആയി ബന്ധപ്പെട്ടതായിരുന്നില്ല എന്നുള്ളതാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. അവയുടെ മുൻഗണനാ ക്രമം തീരുമാനിക്കുന്ന രീതിയാവട്ടെ ആക്ഷേപാർഹമാണ്.

അധികാര വികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ചുള്ള വികസനപ്രക്രിയകൾക്ക് തുടക്കം കുറിക്കാൻ സാധിക്കുകയുള്ളൂ. ഈയൊരു കാഴ്ചപ്പാടോടുകൂടി അധികാര വികേന്ദ്രീകരണത്തിനുള്ള ശ്രമങ്ങൾ കേരളത്തിൽ ആരംഭിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പും മറ്റും ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ മാത്രം പെടുകയും ഭരണഘടനാപരമായ ഒരു ബാധ്യത ആവാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കാലാകാലങ്ങളിൽ നടത്തേണ്ട തെരഞ്ഞെടുപ്പുപോലും അട്ടിമറിക്കപ്പെട്ടു. ഭരണപരമായ അനിശ്ചിതത്വം വികസന പ്രവർത്തനങ്ങൾക്ക് വിഘാതമായിട്ടുണ്ട്. അധികാര വികേന്ദ്രീകരണമെന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട ജില്ലാകൗൺസിലുകൾ അകാലചരമത്തിനടിപ്പെടുകയാണുണ്ടായത്.

അധികാര വികേന്ദ്രീകരണമെന്ന ലക്ഷ്യം മുൻനിർത്തി മുൻപ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി യുടെ ശ്രമഫലമായി പാർലമെന്റിൽ നടത്തിയ 73,74 ഭരണഘടനാ ഭേദഗതികളോടെ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമായിത്തീരുകയാണുണ്ടായത്. അതിന്റെ പലമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ത്രിതല സംവിധാനങ്ങൾ നിലവിൽ വന്നിരിക്കുകയുമാണ്. എല്ലാ വോട്ടർമാർക്കും പങ്കാളിത്തമുള്ള ഗ്രാമസഭകൾ, കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത്/മുൻസിപ്പൽ ഭരണസമിതികൾ, സമൂഹത്തിൽ വലിയൊരുഭാഗം വരുന്ന സ്ത്രീകളുടെ മൂന്നിലൊന്ന് പ്രാതിനിധ്യവും ഭാരവാഹിത്വവും ഇതിന്റെ ഭാഗമാണ്.

ഈ പശ്ചാത്തലത്തിലാണ് സമഗ്രവികസനവും അതോടൊപ്പം അധികാരവികേന്ദ്രീകരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. നാളിതുവരെയുള്ള ആസൂത്രണ പ്രക്രിയക്ക് ഏതാനും ഉദ്യോഗസ്ഥൻമാരാണ് നേതൃത്വം വഹിച്ചതെങ്കിൽ, ഇന്ന് ആ സ്ഥാനത്ത് ഓരോ പഞ്ചായത്തിലെയും ബഹുജനപ്രവർത്തകരെയും വ്യത്യസ്ഥ മേഖലകളിലെ വിദഗ്ധരായ ആളുകളെയും ഉദ്യോഗസ്ഥൻമാരേയും ഏകോപിപ്പിച്ച് കൊണ്ടുള്ള ബൃഹത് പരിപാടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ലോകത്താകെയുള്ള ചരിത്രം പരിശോധിച്ചാൽ ഈ രീതിയിലുള്ള സംരംഭത്തിന് മാതൃകകളില്ല. നമ്മുടെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതുയുഗപ്പിറവിക്ക് ഇവിടെ നാന്ദി കുറിക്കപ്പെടുകയാണ്.

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അടങ്കൽതുകയുടെ 35-40 വരെ ശതമാനം പഞ്ചായത്തുകൾ ആസൂത്രണം ചെയ്യുന്നവയാണ്. വളരെ ഭാരിച്ച ഈ ഉത്തരവാദിത്തം ഫലപ്രദമായി നിർവ്വഹിക്കുക ക്ഷിപ്രസാദ്ധ്യമല്ല. പഴയ മാമൂൽവിട്ട് ചിന്തിക്കുകയും മുൻപ് ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുജന പങ്കാളിത്തവും, ഉദ്യോഗസ്ഥ-വിദഗ്ധ സേവനവും കൂട്ടിയോജിപ്പിക്കുന്നതിലൂടെ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ മോശമല്ലാത്ത രീതിയിൽ നടന്നു എന്നത് ചാരിതാർത്ഥ്യത്തിന് വക നൽകുന്നു. എന്നാൽ അതേ സമയം മറ്റു ചില പഞ്ചായത്തുകളിൽ നടന്നതുപോലുള്ള വിഭവഭൂപട നിർമ്മാണവും സാമൂഹ്യ സാമ്പത്തിക സർവ്വേയും നടത്താത്തത് വസ്തുസ്ഥിതിപരമായ വിശകലനം നടത്തുന്നതിന് ഒട്ടേറെ പ്രയാസങ്ങളുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതും വസ്തുതയാണ്. താരതമ്യേന ചെറിയ പഞ്ചായത്തായ നമുക്ക് അതിനുള്ള സാദ്ധ്യതകൾ ഇനിയും ആരായേണ്ടതുണ്ട്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ആദ്യം നടന്ന ജില്ലാതല റിസോഴ്സ് പേഴ്സൺ പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ആറുപേർ പങ്കെടുത്തു. രണ്ടാം ഘട്ടത്തിൽ 9 പേരും. തുടർന്ന് സപ്തമ്പർ 13 ന് എളയാവൂർ സർവ്വീസ് ബാങ്ക് ഹാളിൽ വെച്ച് നടന്ന പഞ്ചായത്ത്തല പരിശീലനത്തിൽ 69 പേർ പങ്കെടുത്തു. നമ്മുടെ പഞ്ചായത്തിലെ വ്യത്യസ്ഥ മേഖലകളിൽ ഒട്ടേറെ പ്രാഗത്ഭ്യം സിദ്ധിച്ച പ്രമുഖ വ്യക്തികൾ അതിൽ പങ്കെടുത്തത് നമ്മെ സംബന്ധിച്ചിടത്തോളം ആവേശകരമായ ഒരനുഭവമായിരുന്നു. ആ ശില്പശാലയിൽ വച്ച് 41 പേർ ഉൾക്കൊള്ളുന്ന ഒരു കോർ ഗ്രൂപ്പിന് രൂപം നൽകുകയുണ്ടായി. നവമ്പർ 2-ന് എളയാവൂർ യു.പി. സ്കൂളിൽ നടന്ന രണ്ടാംഘട്ട ശിൽപശാലയിൽ 57 പേർ പങ്കെടുത്തു. കണ്ണൂർ പട്ടണത്തോട് ചേർന്നുകിടക്കുന്ന പ്രദേശമാകയാലും നഗരവൽക്കരണത്തിന്റേതായ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന നിരവധിയാളുകൾ ഈ പ്രദേശങ്ങളിൽ തള്ളിക്കയറുന്നതിനാലും ഒട്ടേറെ ഭയാശങ്കകളോടെയാണ് ഗ്രാമസഭകളെ നാം സമീപിച്ചത്. എന്നാൽ പഞ്ചായത്തിന്റെ സാഹചര്യങ്ങളുമായി ഒത്തുനോക്കുമ്പോൾ മോശമല്ലാത്ത പങ്കാളിത്തം ഗ്രാമസഭകളിലുണ്ടായി. 1200-ൽപരം ആളുകൾ 12 ഗ്രാമസഭകളിലുമായി പങ്കെടുത്ത് വികസന പ്രശ്നങ്ങൾ ചർച്ചചെയ്തു. സപ്തംബർ 15-ന് ആരംഭിച്ച് ഒക്ടോബർ ആറാം തീയ്യതി ഗ്രാമസഭകൾ സമാപിച്ചു. ബഹു. മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.സി. മാധവൻ മാസ്റ്ററുടെ നിര്യാണത്തെത്തുടർന്ന് ഒരു ഗ്രാമസഭ മാറ്റിവെക്കേണ്ടിവന്നു എന്നതൊഴിച്ചാൽ മറ്റെല്ലാ ഗ്രാമസഭകളും നിശ്ചയിച്ച തീയ്യതിക്ക് തന്നെ നടക്കുകയുണ്ടായി. ശരാശരി പങ്കാളിത്തം നൂറാണ്. ഉദ്ദേശിച്ച രീതിയിലുള്ള സ്ത്രീ പങ്കാളിത്തം ഉണ്ടായില്ലെന്ന് മാത്രമല്ല ചില ഗ്രാമസഭകളിലെങ്കിലും സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു. എങ്കിലും ഈ പ്രസ്ഥാനത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് ഏതാണ്ട് 8 മുതൽ 11 വരെ ഗ്രൂപ്പുകളിലായി സജീവമായ ചർച്ചകൾ നടക്കുകയുണ്ടായി.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളെയും പഞ്ചായത്ത് കോർഗ്രൂപ്പിന്റെ നേതൃത്വത്തിൽ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും പഞ്ചായത്ത് പഠന പര്യടനത്തിന്റെയും ഫലമായി ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളാണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്.

പ്രാദേശിക ചരിത്രം

ചരിത്ര രേഖകളിൽ സ്ഥാനം പിടിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയ ഭൂപടത്തിൽ മാന്യമായ സ്ഥാനം അലങ്കരിക്കുന്ന ഒരു പഞ്ചായത്താണ് എളയാവൂർ. ഇന്നും നിലനിൽക്കുന്ന ചില അവശിഷ്ടങ്ങളും ഈ പ്രദേശത്തെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങളും നൂറ്റാണ്ടുകളുടെ പിന്നിലേക്ക് നമ്മെ നയിക്കുന്നവയാണ്. സ്ഥലനാമങ്ങളും വായ്മൊഴികളും അതുപോലെ ലിഖിതരൂപത്തിലുള്ള ചില അഭിപ്രായങ്ങളും ചേർത്ത് ചില നിഗമനങ്ങളിലെത്തിച്ചേരുകമാത്രമേ നിർവ്വാഹമുള്ളൂ.

പുരങ്ങളിൽ ഇളയത്-ഇളയാപുരം-അത് പിന്നീട് എളയാവൂരായി മാറിയിരിക്കാനാണ് സാദ്ധ്യത. പണ്ട് പ്രദേശങ്ങളെ ഊരുകളാക്കിത്തിരിക്കാറുള്ളതിൽ ഒരു പക്ഷേ ഒടുവിൽ രൂപപ്പെട്ട ഊരായിരിക്കാം എളയാവൂരെന്നും അഭിപ്രായമുണ്ട്. തൊട്ടടുത്ത ഊരായ വലിയന്നൂരിന്റെ ഇളയതുമാകാം. ഈ പേരുമായി ബന്ധപ്പെടുന്ന ക്ഷേത്രമാണ് എളയാവൂരമ്പലം. എന്നാൽ പൗരാണികത്വത്തിന്റെ കാര്യത്തിൽ ചൊവ്വ ശിവക്ഷേത്രത്തിന് പിന്നിലാണ് ഈ ക്ഷേത്രം. പണ്ടുകാലത്ത് നികുതിപിരിച്ചിരുന്ന സ്ഥലമാണ് മേലേ ചൊവ്വ. അതുകൊണ്ട് ആ സ്ഥലത്തിന് ചുങ്കം എന്നും ചൊവ്വച്ചുങ്കം എന്നും പറയാറുണ്ട്. ശിവക്ഷേത്രങ്ങളെ മോലോം എന്നു പറയുന്ന പതിവ് പണ്ടുള്ളതായി കാണാം. ഒരു പക്ഷേ ഈ മോലോം മേലേചൊവ്വയും താഴ്ന്ന പ്രദേശം അതോടെ താഴെ ചൊവ്വയുമായി മാറിയതാകാം.

മേൽപ്പറഞ്ഞ ഈ രണ്ട് മഹാക്ഷേത്രങ്ങൾ കൂടാതെ ഇന്ന് പഞ്ചായത്താപ്പീസ് ഉള്ള സ്ഥലത്ത് 'ആക്കിക്കുളവും' ആക്കി ഭഗവതി ക്ഷേത്രവും കണ്ണോത്തും ചാലിനടുത്ത് ചെമ്പോട്ടിക്കുണ്ടിൽ (മുൻപ് ചെമ്പോട്ടികൾ താമസിച്ചിരുന്ന സ്ഥലം) ഒന്നു കുറവ് നാൽപത് തെയ്യങ്ങളുള്ള ഒരു ക്ഷേത്രവും കിഴുത്തള്ളി (കീഴ്തളി)യിൽ ആന പടിഞ്ഞ കുന്ന് എന്ന് പറഞ്ഞുവന്നിരുന്ന സ്ഥലത്ത് ഇന്നത്തെ ഉമാമഹേശ്വരക്ഷേത്രത്തിനടുത്ത് ഒരമ്പലമുണ്ടായിരുന്നുവെന്നും അവയെല്ലാം ടിപ്പുവിന്റെ പടയോട്ടത്തോടുകൂടി തകർക്കപ്പെട്ടു എന്നും പഴമക്കാർ വിശ്വസിക്കുന്നു. ടിപ്പുവിന്റെ പടയോട്ടത്തിന്റെ അതിശയോക്തിപരമായ കഥകൾ പഴമക്കാരിലുണ്ട്. പീരങ്കിയുണ്ടകൾ വീട്ടിന്റെ ചുമരിൽ തുളച്ചുകയറിയെന്നും അവയിലെ ഉണ്ടകൾ പിന്നീട് കുട്ടികളുടെ കളിക്കോപ്പായിരുന്നുവെന്നും പറയുന്നതിൽ സത്യത്തിന്റെ അംശം എത്രയുണ്ടെന്ന് പറയുക വയ്യ.

കിഴുത്തള്ളിയിലെ തകർക്കപ്പെട്ട അമ്പലവും അതിനടുത്ത കസ്തൂരിച്ചാലിലെ മോലോത്ത് കുളവും അമ്പ്രോൻമാരുടെ വീടും കൂട്ടിയിണക്കി പല ഐതിഹ്യങ്ങളുമുണ്ട്. താഴെ മുണ്ടയാട്ടുള്ള പെരിങ്ങോത്ത് ഇല്ലപ്പറമ്പിനും (ഇപ്പോൾ പുതുതായി ഒരു ക്ഷേത്രം പണിതിട്ടുണ്ട്) അതിന്റേതായ കഥകൾ പറയാനുണ്ട്. തൊട്ടടുത്തുള്ള നീലിയത്ത് അകത്തൂട്ട് തറവാടും തറയും ഈ ഗ്രാമത്തിലെ മറ്റു ക്ഷേത്രങ്ങളുടെയെല്ലാം ശക്തികേന്ദ്രമായ മേൽക്കോയ്മയാണ്.

കണ്ണൂർ ശ്രീ നാരായണ കോളേജിനടുത്ത് തച്ചോളി ഒതേനൻ ചാടിക്കടന്നത് എന്നുപറയുന്ന ഒരു ചതുരക്കിണറുണ്ട്. ഇതിനടുത്ത പ്രദേശമായ കണ്ണൂക്കരയിലെ ഞാലിവയലും മാണിക്കക്കാവും ഒതേനന്റെ ഉറ്റ ചങ്ങാതിയായ പയ്യമ്പള്ളി ചന്തുവിന്റെ ആവാസകേന്ദ്രമാണ്. അങ്ങിനെയിരിക്കേ വടകര തച്ചോളിമാണിക്കോത്ത് ഒതേനനും ഈ ചതുരക്കിണറും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള പരാമർശം യുക്തിസഹം തന്നെ.

വളരെ പഴക്കം ചെന്നതും എല്ലാ മതസ്ഥരും ഒരുപോലെ ഭയഭക്തി ബഹുമാനത്തോടെ ആദരിക്കുന്നതുമായ താഴെ ചൊവ്വയിലെ മുസ്ലീംപള്ളി ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ്. എളയാവൂർ പഞ്ചായത്തിലെ മറ്റൊരു പ്രദേശമായ പാതിരിപ്പറമ്പ് പേരു സൂചിപ്പിക്കുന്നതുപോലെ ക്രിസ്തു മത വിശ്വാസികളുടെ കേന്ദ്രമാണ്. അതോടനുബന്ധിച്ച് ഒരു ദേവാലയവും സെമിത്തേരിയും അവിടെയുണ്ട്.

ഇതിനെല്ലാം പുറമേ കേരളത്തിൽ അപൂർവ്വം സ്ഥലങ്ങളിൽമാത്രം കണ്ടുവരുന്ന യാദവർ, റാവുത്തർ എന്നീ ജനവിഭാഗങ്ങൾ ഈ പഞ്ചായത്തിൽ ഒരു കൂട്ടമായി അധിവസിക്കുന്നു എന്നതും പഞ്ചായത്തിന്റെ ഒരു സവിശേഷതയായി സൂചിപ്പിക്കേണ്ടിയിരിക്കുന്നു. എളയാവൂർ പഞ്ചായത്താപ്പീസിനടുത്ത് പഠാണികളുടെ ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടവും ഒരു ശവപ്പറമ്പും ഇന്നും നിലനിൽക്കുന്നു എന്നത് ഒരു കാലത്ത് അവരുടെയും സാന്നിദ്ധ്യം ഈ പ്രദേശത്തുണ്ടായിരുന്നു എന്നതിന്റെ തെളിവുകളാണ്. ഇങ്ങനെ എല്ലാ മത-ജാതി വിഭാഗങ്ങളും ഉള്ള ഈ പഞ്ചായത്തിൽ മത സൗഹാർദ്ദത്തിന്റെതല്ലാതെ മതവൈരത്തിന്റെ വിഭാഗീയതയുടെ ലാഞ്ചനപോലും ഉണ്ടായിട്ടില്ലെന്നുള്ളത് അഭിമാനത്തിന് വകനൽകുന്നു.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പറയുമ്പോൾ നിമ്നോന്നത പ്രദേശങ്ങളാണ് മുഴുവനും. എളയാവൂർ പഞ്ചായത്തിൽ കടലിന്റെ സാമീപ്യം ഉണ്ടായിരുന്നു എന്നുവേണം ഊഹിക്കാൻ. കിഴക്ക് ഭാഗം ചേലോറ പഞ്ചായത്തിനെയും എളയാവൂർ പഞ്ചായത്തിനെയും വേർതിരിക്കുന്ന വലിയ തോട് ചൊവ്വ തോട് തുടർന്ന് കടലോട് ചേരുന്ന അണ്ടത്തോടായി മാറുന്നു. ഈ ഭാഗം മുൻപ് കടലായിരുന്നുവെന്ന് ചില സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട പരിശോധനയിൽ പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എളയാവൂർ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ളതും ചേലോറ പഞ്ചായത്തിന്റെ ഭാഗവുമായ കാപ്പാട്-കയ്പാട്-കടക്കര എന്നീ സ്ഥലനാമങ്ങൾ അതിലേക്ക് വിരൽചൂണ്ടുന്നു. ഇന്നും ചൊവ്വത്തോട്ടിൽ കടൽവെള്ളം കയറുന്നു എന്നത് മുമ്പ് കടലായിരുന്നിരിക്കണം എന്ന വാദഗതിക്ക് ആക്കം കൂട്ടുന്നതാണ്.

സാമൂഹികമായ വസ്തുതകൾ പരിശോധിച്ചാൽ താരതമ്യേന നിരക്ഷരർ കുറഞ്ഞ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസകാര്യത്തിൽ സവർണ്ണ അവർണ്ണ വ്യത്യാസം ഉണ്ടായിരുന്നില്ല. സ്വത്തുക്കൾ കൂടുതലും ചിറക്കൽ, അറക്കൽ എന്നീ ദേവസ്വം വകയായിരുന്നു. ജൻമിമാർ താരതമ്യേന വളരെക്കുറവായിരുന്നു. അതുകൊണ്ടു തന്നെ ജൻമിത്വത്തിന്റെ ഫലമായ ഉച്ചനീചത്വങ്ങളും ഇവിടെ കുറവായിരുന്നു. നാട്ടെഴുത്തച്ഛൻമാരായിരുന്ന ഗോവിന്ദൻ എഴുത്തച്ഛൻ, മതുമ്മൽ ബാപ്പുഗുരുക്കൾ, കണിശാങ്കണ്ടി കുഞ്ഞിരാമൻ ഗുരുക്കൾ, തൊണ്ടൻഗുരുക്കൾ, അബൂട്ടിമാസ്റ്റർ, കോമത്ത് കുഞ്ഞമ്പുമാസ്റ്റർ, ചന്തുമാസ്റ്റർ, എന്നീ പ്രതിഭാസമ്പന്നരും വിജ്ഞാനനിധികളുമായ ഗുരുഭൂതൻമാർ നടത്തിവന്നിരുന്ന കുടിപ്പള്ളിക്കൂടങ്ങളും എഴുത്ത് പള്ളികളുമാണ് പിന്നീട് എലിമെന്ററി സ്കൂളുകളായി മാറിയത്. അക്കൂട്ടത്തിൽ പാതിരിപ്പറമ്പിൽ ബാസൽമിഷൻകാരുടെ വകയായ ബി.ഇ.എം.പി. എലിമെന്ററി സ്കൂളുമുണ്ടായിരുന്നു. ഇവയിൽ പിന്നീട് ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ട ചൊവ്വ

സ്കൂളിൽ ശ്രീ. എ.കെ. ഗോപാലൻ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ബ്രിട്ടീഷുകാരുടെ ഭരണം, കണ്ണൂർ പട്ടണത്തിലെ സായ്പൻമാരുടെ സഹവാസം പാതിരിപ്പറമ്പിലെ പള്ളി (ജർമ്മൻകാരുടെ) എന്നിവ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തന്നെ വിദ്യാസമ്പന്നമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിന് പ്രത്യേകിച്ച് പിന്നോക്ക സമുദായത്തിൽ കളമൊരുക്കി. ചിറക്കൽ രാജാക്കൻമാരും ഈസ്റ്റിന്ത്യാ കമ്പനിക്കാരുമായുള്ള കച്ചവടത്തിൽ ഇടനിലക്കാരായിരുന്ന പൂവാടൻ കുടുംബത്തിൽപെട്ട കിഴുത്തള്ളിയിലെ പി.സി. ഗോവിന്ദൻ ഇംഗ്ലണ്ടിൽ നിന്നും വിദ്യാഭ്യാസം നേടി. മഹാത്മാഗാന്ധിയുടെ സഹപാഠിയായിരുന്ന അദ്ദേഹം സിലോണിൽ ഉയർന്ന ഉദ്യോഗം വഹിക്കുകയുണ്ടായി. പോത്തേരി കുഞ്ഞമ്പു വക്കീൽ മിതവാദി പത്രത്തിലെ എഴുത്തുകാരനും അപ്പുനെടുങ്ങാടിയുടെ കുന്ദലത എന്ന നോവലിന് മുൻപ് മറ്റൊരു നോവലും ഭഗവദ്ഗീതയുടെ വ്യാഖ്യാനവും എഴുതിയ ദേഹം കൂടിയായിരുന്നു. ഇതേ കുടുംബത്തിൽപെട്ട പോത്തേരി പാറു അമ്മ കണ്ണൂരിലെ ആദ്യത്തെ ലേഡി ഡോക്ടറായിരുന്നു. ഭർത്താവ് ഇംഗ്ലീഷുകാരനും.

കവിത്വത്തിൽ അഗ്രേസരൻമാരായ പരേതരായ തേമ്പേരി രാമൻനമ്പ്യാർ, മാവില കൃഷ്ണൻ നമ്പ്യാർ, എന്നിവരുടെ പാട്ടുകളും ക്ഷേത്ര മാഹാത്മ്യങ്ങളും തത്വചിന്താപരമായ ലഘുകാവ്യങ്ങളും എഴുതിയിട്ടുള്ള എം.കെ. കുഞ്ഞിരാമൻ വൈദ്യരുടെ കലാസാംസ്കാരിക രംഗത്തുള്ള സംഭാവനകളും നമ്മുടെ പ്രദേശത്തിന്റെ ഇന്നത്തെ അഭിവൃദ്ധിയുടെ അവിഭാജ്യഘടകങ്ങളാണ്. പാറപ്പുറത്ത് കുഞ്ഞിരാമൻ വൈദ്യർ, കോമത്ത് അച്യുതൻ വൈദ്യർ, പി.സി. രാമനാചാരി എന്നിവരുടെ പേരുകളും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. പഴയ കലകളിൽ തെയ്യം കല മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ഒരു കാലത്ത് ഒന്നിലധികം കളരികൾ ഇവിടെ ഉണ്ടായിരുന്നു എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. നീലിയത്ത് അകത്തൂട്ട് തറവാട്ട് രേഖയിൽ ഒരു കളരി സ്ഥാനത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. നാടൻകളി, നാടകം, കളരിയഭ്യാസം എന്നിവയിൽ അപാരമായ സിദ്ധി പ്രകടിപ്പിച്ചിരുന്നയാളായിരുന്നു പരേതനായ പി.ആർ. രൈരുനമ്പ്യാർ.

നീലിയത്ത് ക്ഷേത്രത്തിനടുത്തായിരുന്ന വിശ്വകർമ്മവംശക്കാരുടെ കളരിയിൽ അടുത്തകാലം വരെ പരിചക്കളി, ഐവർകളി,കോൽക്കളി എന്നിവ പരിശീലിപ്പിച്ചിരുന്നു. കണ്ണൂരിലും പരിസരപ്രദേശങ്ങളിലും ഒരു കാലത്ത് നടത്തപ്പെട്ട എല്ലാ ആഘോഷങ്ങളിലും ഈ കലാപ്രകടനങ്ങൾ സാധാരണമായിരുന്നു. ദാരുശിൽപനിർമ്മാണത്തിൽ പ്രാവീണ്യം നേടിയവരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. താഴെമുണ്ടയാട് അപ്പുക്കുട്ടി ആചാരി, വി.സി. രാമനാചാരി, എന്നിവർ അക്കൂട്ടത്തിൽപെടുന്നു.

കണ്ണൂരിൽ സുന്ദരേശ്വര ക്ഷേത്രം സ്ഥാപിച്ചതോടെ ശ്രീ നാരായണ തത്വങ്ങൾക്ക് ഈ പ്രദേശങ്ങളിൽ വമ്പിച്ച പ്രചാരം ലഭിച്ചുതുടങ്ങി. ഇതിൽ ആകൃഷ്ടനായി 1924-ൽ ആര്യബന്ധു പി.കെ. ബാപ്പു, എ.പി. പൊക്കൻ എന്നിവർ മുൻകൈയെടുത്ത് സ്ഥാപിച്ച ചൊവ്വ ധർമ്മസമാജം എല്ലാ അർത്ഥത്തിലും ഒരു സാംസ്കാരിക കേന്ദ്രമായിരുന്നു. അവിടെ വച്ച് സ്വാമി ബ്രഹ്മവ്രതൻ, സാധു ശിവപ്രസാദ്, പണ്ഡിറ്റ് വാമനൻ മാസ്റ്റർ, എം.ടി.കുമാരൻ മാസ്റ്റർ തുടങ്ങിയ വാഗ്മികൾ ഇടക്കിടെ നടത്താറുള്ള പ്രഭാഷണങ്ങളും കഥാപ്രസംഗങ്ങളും മറ്റ് കലാ പ്രകടനങ്ങളും സാധാരണക്കാരിൽ ചെലുത്തിയ സ്വാധീനം അത്ഭുതാവഹമായിരുന്നു. ആര്യബന്ധു പി.കെ. ബാപ്പു എന്ന പേര് ആദരവോടുകൂടിയല്ലാതെ ഇവിടുത്തുകാർക്ക് ഓർമ്മിക്കുവാൻ സാധിക്കുകയില്ല.

1935-ൽ നടന്ന ഒരു പ്രധാന കാര്യമായി ബന്ധപ്പെട്ട് പ്രായമുള്ളവർ ഓർമ്മയിൽ കൊണ്ട് നടക്കുന്ന ഒന്നുരണ്ടു പേരുകളാണ് ശ്രീ. എളമ്പിലാൻ ഒതയോത്ത് ഗോവിന്ദൻ നമ്പ്യാർ, ചെനേപ്രത്ത് മാധവൻ നമ്പ്യാർ തുടങ്ങിയവരുടേത്. അമ്പത്തഞ്ച് വർഷക്കാലം അംശം അധികാരി കൂടിയായി സേവനമനുഷ്ഠിച്ച ശ്രീ. ഗോവിന്ദൻ നമ്പ്യാർക്ക് സ്തുത്യർഹമായ സേവനത്തിന് അന്നത്തെ ബ്രിട്ടീഷ് ഗവർമെന്റിൽ നിന്നും കീർത്തിമുദ്ര ലഭിക്കുകയുണ്ടായി. അതോടനുബന്ധിച്ച് നാട്ടുകാർ നൽകിയ വരവേൽപും ആഘോഷവും അവിസ്മരണീയമായ ഒന്നായി അവർ പറയുന്നു. അതുപോലെ ഇന്നത്തെ റീജ്യണൽ പൗൾട്രി ഫാം മുണ്ടയാട് സ്ഥാപിച്ചതിന് പിന്നിലെ അശ്രാന്ത പരിശ്രമവുമായി ബന്ധപ്പെട്ടാണ് ഡോ. ചേനേപ്രത്ത് മാധവൻ നമ്പ്യാരെ നാട്ടുകാർ സ്മരിക്കുന്നത്.

നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച അന്ധവിശ്വാസത്തിനും അനീതിക്കുമെതിരായ സമരത്തിലൂടെ ആയിരുന്നുവല്ലോ. ക്ഷേത്രങ്ങളിൽ ജന്തുബലി നടത്തുന്നതിനെതിരായ സമരത്തിന്റെ ഭാഗമായി തോണിയോട്ട് ശ്രീ കുറുമ്പഭഗവതി ക്ഷേത്രത്തിൽ കോഴിയറവിനെതിരായി നടന്ന സമരത്തിൽ പങ്കെടുത്ത് മർദ്ദനമേറ്റ് കൈയ്യൊടിഞ്ഞുപോയ തൊത്തേൻ ഗോവിന്ദൻ മാസ്റ്റർ നാട്ടുകാരുടെ ബഹുമാനാദരം ആർജ്ജിച്ച ഒരു ആദ്യകാല രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ആ സമരത്തിൽ പങ്കെടുത്ത ചിരുകണ്ഠൻ വക്കീലും എം. കുഞ്ഞികൃഷ്ണൻ മാസ്റ്ററും ഇതേ പഞ്ചായത്തിലുള്ളവരായിരുന്നു. പിന്നോക്കക്കാരെ അയിത്തം കൽപിച്ച് ക്ഷേത്ര പ്രവേശന സ്വാതന്ത്ര്യം നിഷേധിക്കുന്നതിനെതിരായി എളയാവൂരമ്പലത്തിൽ മൊഴയിൽ ചാത്തോത്ത് ദാമോദരൻ നമ്പ്യാരുടെ നേതൃത്വത്തിൽ നടന്ന സമരവും ഈ വിഭാഗത്തിൽപെടുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ചെറിയ ചെറിയ മുന്നേറ്റങ്ങൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിക്കുകയുണ്ടായി. യാഥാസ്ഥിതികരുടെ കേന്ദ്രമായ കൂടത്തും താഴ (എളയാവൂർ സൗത്ത്) യിൽ ത്രിവർണ്ണപതാകയുമേന്തി റോഡുനിർമ്മാണത്തിനു ചെന്ന ശ്രീ. കെ.പി.കുമാരൻ, കെ.എം. കുഞ്ഞമ്പുമാസ്റ്റർ, എന്നിവർക്ക് നിരവധി എതിർപ്പ് നേരിടേണ്ടി വന്നിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന്റെ പരിണിതഫലമായി ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊള്ളവേ 1944-ൽ പൂഴ്ത്തിവെപ്പിനെതിരായി നടന്ന സമരത്തിന്റെ ഭാഗമായി കൂടാളിയിലേക്ക് കടത്തിക്കൊണ്ട്പോവുകയായിരുന്ന നെല്ല് നിറച്ച കാളവണ്ടി മേലേചൊവ്വയിൽ തടഞ്ഞുനിർത്തി നാട്ടുകാർക്ക് വിതരണം ചെയ്യുന്നതിന് മുൻകൈയ്യെടുത്ത സി.കെ. കുഞ്ഞമ്പുമാസ്റ്റർ അന്ന് അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി.

ഒരു കാലത്ത് കൃഷിപ്പണിയും പാരമ്പര്യത്തൊഴിലും മാത്രമായിരുന്നു പഞ്ചായത്തിലെ സാധാരണക്കാരന്റെ വരുമാന മാർഗ്ഗം. പിൽക്കാലത്ത് സാമ്പത്തികരംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കിയത് നെയ്ത്ത് കമ്പനികളുടെ ആവിർഭാവത്തോടൊയിരുന്നു. കണ്ണൂരിൽ ജർമ്മൻ കോമൺവെൽത്ത് കമ്പനി സ്ഥാപിച്ചതോടെയാണ് അതിന് തുടക്കം കുറിച്ചത്. അതുവരെ താഴെ ചൊവ്വയിലെ ലബ്ബത്തെരുവിൽ അവരുടെ കുഴിത്തറി നെയ്ത്ത് മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൈത്തറി നെയ്ത്ത് പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ചത് എടച്ചൊവ്വയിലായിരുന്നു. 'പയനീർ' എന്ന പേരിൽ പിന്നീട് അറിയപ്പെട്ടു. ഇതോടൊപ്പം തന്നെ തെഴുക്കിൽ പീടികയിലെ കണ്ണൻ ബ്രദേഴ്സും ധർമ്മസമാജത്തിനടുത്തുള്ള വെസ്റ്റ് കോസ്റ്റ് വീവിങ്ങ്സും സ്ഥാപിക്കപ്പെടുക

യുണ്ടായി. വെസ്റ്റ് കോസ്റ്റ് വീവിങ്ങ്സ് വിദേശങ്ങളിൽ കൈത്തറിത്തുണി കയറ്റി അയക്കുന്നതിൽ ഇന്ന് ദക്ഷിണേന്ത്യയിലെ അറിയപ്പെടുന്ന ഒരു സ്ഥാപനമായി ഉയർന്നിട്ടുണ്ട്. ഇതേ തുടർന്ന് വിഷ്ണു വീവിങ്ങ്സ്, സുന്ദരേശ്വര ടെക്സ്റ്റൈൽസ്, വാസുദേവ വീവിങ്ങ്സ്, സ്വരാജ്യ വീവിങ്ങ്സ്, കേരളാവീവിങ്ങ്സ്, ഭാരതജനനി, എമ്പ്രസ്സ് വീവിങ്ങ്സ് ആന്റ് നെറ്റിങ്ങ് (വിദ്യുച്ഛക്തികൊണ്ട് പ്രവർത്തിക്കുന്ന ആദ്യത്തെ ബനിയൻ കമ്പനി) കനകവല്ലി ടെക്സ്റ്റൈൽസ്, ഗിരിജാ വീവിങ്ങ്സ് തുടങ്ങിയ നെയ്ത്ത് കമ്പനികൾ ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. സമസ്തമേഖലകളിലും പുത്തനൊരുണർവ്വ് ഇതോടെ ദൃശ്യമായി.

ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയോടെ തൊഴിലാളി സംഘടനകൾ രൂപപ്പെടുവാൻ തുടങ്ങി. പഞ്ചായത്തിലെ വലിയൊരു ഭാഗം വരുന്ന നെയ്ത്ത് തൊഴിലാളികൾ സംഘടിതരായി. ഇതിനുപിന്നിൽ പ്രവർത്തിച്ചവർ കൃഷ്ണപ്പിള്ളയും എ.കെ.ജി.യുമായിരുന്നു. ശ്രീമാൻമാർ, കെ.പി.കുമാരൻ, സി.കെ. ഉണ്ണി, സി.പി. ചന്ദ്രൻമാസ്റ്റർ, ആലക്കൽ അനന്തൻ, പാരമ്മൽ ഗോപാലൻ എന്നിവരുടെ ശ്രമഫലമായി നെയ്ത്ത്തൊഴിലാളി സംഘടനയുടെ യൂനിറ്റ് (എ.ഐ.ടി.യു.സി) മേലേചൊവ്വ കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നു. ആദ്യത്തെ പ്രസിഡന്റ് പോത്തേരി മാധവൻ വക്കീലും സിക്രട്ടറി സി.ദാമോദരൻ നമ്പ്യാരുമായിരുന്നു. 1934-ൽ പഴയ ചിറക്കൽ താലൂക്കിലെ നെയ്ത്ത് തൊഴിലാളികൾ കൂലിവർദ്ധനവിനുവേണ്ടി നടത്തിയ ആദ്യത്തെ തൊഴിലാളി സമരം ഈ പഞ്ചായത്തിലും വൻ വിജയമായിരുന്നു.

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ മുന്നേറ്റത്തിൽ മദിരാശി അസംബ്ലിയിൽ കോൺഗ്രസ് എം.എൽ.എ. ആയി പോത്തേരി മാധവൻ വക്കീൽ തെരഞ്ഞെടുക്കപ്പെട്ടത് ഈ പഞ്ചായത്തിന്റെ ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. കോൺഗ്രസ്സിൽ കോൺഗ്രസ് സോഷ്യലിസ്റ്റായും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആശയപ്രചരണം നടത്തുന്നതിനുള്ള 'കല്ലച്ച്' രേഖകൾ രഹസ്യമായി തയ്യാറാക്കുന്നതിനുള്ള കേന്ദ്രം താഴെ മുണ്ടയാട്ടുള്ള ചെമ്മിണിയൻ കാവും പ്രവർത്തകർ സി.കെ. ഉണ്ണിയും പി.സി.ചന്ദ്രൻ മാസ്റ്ററുമായിരുന്നു.

1942-ൽ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത് വളരെക്കാലം ജയിൽ വാസമനുഭവിച്ച സ്വാതന്ത്ര്യ സമര സേനാനി മാത്തൻ ഗോപാലൻ, പയ്യാമ്പലം കടപ്പുറത്ത് കുമാർജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത കെ.പി. കുമാരൻ, 1921-ലെ ഖിലാഫത്ത് ലഹളയിൽ പങ്കെടുത്ത പി.സി. രാമുണ്ണി- അക്കാലത്ത് കണ്ണൂരിൽ വരാറുള്ള രാഷ്ട്രീയ നേതാക്കളുടെ പ്രസംഗം പരിഭാഷപ്പെടുത്തിയിരുന്നത് ഇദ്ദേഹമായിരുന്നു.-ബംഗാളിൽ സുഭാഷ് ചന്ദ്രബോസിന്റെ ഫോർവേഡ് ബ്ലോക്കിൽ പ്രവർത്തിച്ച പി.സി. കോരൻ മാസ്റ്റർ, പാറപ്രത്ത് കൃഷ്ണൻ, കരിയാണ്ടി കൃഷ്ണൻ, കെ.വി. കുഞ്ഞിരാമൻ ഐ.എൻ.എ. തുടങ്ങി രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ച ഒട്ടേറെപ്പേർക്ക് ഈ പഞ്ചായത്ത് ജൻമമരുളിയിട്ടുണ്ട്. വടക്കേമലബാറിലെ സുപ്രസിദ്ധമായ മോറാഴ കേസിലെ രണ്ടാം പ്രതിയായി ജീവപര്യന്തം നാടുകടത്തലിന് ശിക്ഷിക്കപ്പെട്ട വി.പി. നാരായണൻ മാസ്റ്റർ എളയാവൂർ പഞ്ചായത്തിലെ അതിരകം ദേശത്തുകാരനാണ്. കേരളത്തിലെ മഹിളാസമാജത്തിന്റെ നേതൃത്വം വഹിച്ച വി.പി. ദേവകിയമ്മ ഡിസ്ട്രിക്ട് ബോർഡിൽ കോൺഗ്രസിന്റെ പ്രതിനിധിയായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇന്ത്യയിലാകെയും വിശിഷ്യ തമിഴ്നാട്ടിലും ട്രേഡ് യൂനിയൻ നേതാവായുയർന്ന വി.പി. ചിണ്ടൻ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സജീവമായി പ്രവർത്തിച്ചവരാണ്. കൃഷ്ണപ്പിള്ള, എ.കെ.ജി. എന്നിവർക്ക് അതിരകത്തെ വി.പി. കുടുംബവുമായുള്ള ബന്ധം പഞ്ചായത്തിലെ രാഷ്ട്രീയ ചരിത്രത്തിന്റെ ഒരു പ്രധാന ഭാഗം തന്നെയാണ്.

സോവിയറ്റ് ലാന്റ് നെഹൃ അവാർഡ് ജേതാവായി മാക്സിം ഗോർക്കിയുടെ ജന്മശതാബ്ദി സ്മാരക സാഹിത്യ സമാജത്തിന് ഇന്ത്യൻ പ്രതിനിധിയായി സാഹിത്യ അക്കാദമി പ്രസിഡന്റ് മുൽക്ക്രാജ് ആനന്ദിനൊപ്പം റഷ്യയിൽ പോവുകയും അവിടെ ശ്രദ്ധേയമായ പ്രസംഗം ചെയ്ത് എല്ലാവരുടെയും പ്രശംസക്ക് പാത്രമായ അഡ്വ: കെ.കെ. നായർ (മല്ലിക കുഞ്ഞിക്കണ്ണൻ നായർ) ഈ പഞ്ചായത്തിന്റെ മുതൽക്കൂട്ടാണ്. വളരെക്കാലം അദ്ധ്യാപകസേവനം അനുഷ്ഠിച്ച ഇദ്ദേഹമാണ് അക്കാലത്തെ കണ്ണൂരിലെ രാഷ്ട്രീയ പ്രസംഗങ്ങൾ തർജ്ജുമ ചെയ്തു വന്നിരുന്നത്.

അദ്ധ്യാപക സമരത്തിന്റെ ഭാഗമായ ഗുരുജനസമാജ ബഹിഷ്കരണത്തിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് റദ്ദാക്കപ്പെട്ട വി.പി. നാരായണൻ മാസ്റ്റർ, സി.കെ. കുഞ്ഞമ്പുമാസ്റ്റർ, സി.കെ. അച്യുതൻ മാസ്റ്റർ, പി.വി. കുഞ്ഞപ്പ മാസ്റ്റർ, സി.എച്ച്. രാഘവൻ മാസ്റ്റർ, വെള്ളോറ കേളു മാസ്റ്റർ, എന്നിവർ അദ്ധ്യാപക സമൂഹത്തിന്റെ സമരവീര്യത്തിന് നിദർശനങ്ങളായിരുന്നു. അദ്ധ്യാപക സമരത്തോടനുബന്ധിച്ച് വടക്കേമലബാറിൽ കോളിളക്കം സൃഷ്ടിച്ച ഒന്നായിരുന്നു വാർദ്ധാമോഡൽ സ്കൂൾ രൂപീകരണം. മാനേജ്മെന്റിന്റെ ദുർവ്വാശിയും ദേശീയതയോടുള്ള അവഹേളനവും കാരണമായി തയ്യിൽ സെന്റ് ആന്റണീസ് സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട നാലു അദ്ധ്യാപകർക്ക് വേണ്ടി സംഘടനയും നാട്ടുകാരും ചേർന്ന് നടത്തിയ ധീരോദാത്തമായ സമരത്തിന്റെ കേന്ദ്രം തെഴുക്കിൽ പീടികയായിരുന്നു. പിരിച്ചുവിടപ്പെട്ട നാലുപേരിൽ രണ്ടുപേർ നമ്മുടെ പഞ്ചായത്തിൽപെട്ട കിഴുത്തള്ളിയിലെ എ.പി. അച്യുതൻ മാസ്റ്ററും എടച്ചൊവ്വയിലെ മന്ദമ്പേത്ത് കുഞ്ഞികൃഷ്ണൻ മാസ്റ്ററുമായിരുന്നു. സ്കൂളിന് അംഗീകാരം കിട്ടുന്നതുവരെ നാട്ടുകാരും അദ്ധ്യാപകരും അനുഷ്ഠിച്ച ത്യാഗസന്നദ്ധത ശ്ലാഘനീയമാണ്.

മതപരമോ രാഷ്ട്രീയ വൈരാഗ്യമോ കൊണ്ടുള്ള ഏറ്റുമുട്ടലുകൾ ഇവിടെ ഇല്ലെന്നുതന്നെ പറയാം.

തികഞ്ഞ ഗാന്ധിയനും സർവ്വോദയനേതാവുമായ ശ്രീ. ടി.വി. അനന്തൻ അദ്ദേഹത്തിന്റെ ജീവിതസായാഹ്നം ഈ പഞ്ചായത്തിലായിരുന്നു ചിലവഴിച്ചത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഈ പഞ്ചായത്തിന്റെ പൂർവ്വകാലചരിത്രത്തിൽ ഒരു പൊൻതൂവലായി ഇവിടുത്തുകാർ സ്മരിക്കുന്നു.

സ്പന്ദിക്കുന്ന ഗതകാല സ്മരണകളുടെ പശ്ചാത്തലത്തിലാണ് 9-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നത്. തീർച്ചയായും നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ഒരു വികസന മുന്നേറ്റം ഉണ്ടാക്കാനുള്ള ഈ സംരംഗത്തിന് അത്തരം ഗതകാല സ്മരണകൾ ഉപകരിക്കുമെന്നതിൽ തർക്കമില്ല.

ഭൂപ്രകൃതി

ഈ പഞ്ചായത്തിലുള്ള ഭൂമിയിൽ ഏകദേശം കാൽഭാഗം വേനൽക്കാലത്ത് കുടിവെള്ളത്തിനുപോലും ദുർലഭ്യമുള്ള ചെങ്കല്ല് കൂടുതലായുള്ള ഉയർന്ന പ്രദേശവും, പകുതിഭാഗം ചെമ്മണ്ണോടു കൂടിയ ചെരിവുകളും, കാൽഭാഗം വയലുകളുമാണ്. ഏകദേശംമൂന്നു കിലോമീറ്റർ നീളവും ശരാശരി നൂറ്റമ്പത് മീറ്റർ വീതിയുമുള്ള മൂന്നു വയലുകളാണ് പ്രധാനമായും ഈ പഞ്ചായത്തിലുള്ളത്. തെക്ക് എളയാവൂർ വയലും, മധ്യഭാഗത്തുള്ള മുണ്ടയാട് വയലും വടക്ക് ഭാഗത്തുള്ള എടച്ചൊവ്വ-അതിരകം വയലുമാണ് ഇവ. താഴെ ചൊവ്വക്കടുത്തുള്ള കിഴുത്തള്ളി വയൽ ബൈപാസ് റോഡ് വന്നതു കൊണ്ടും ഭവനനിർമ്മാണത്തിനുപയോഗിച്ചതുകൊണ്ടും നാമാവശേഷമായി. വയലുകളുടെ മധ്യഭാഗത്തായി ഓരോ ചെറിയ തോടുകളുമുണ്ട്. എളയാവൂർ തോടും, മുണ്ടയാട് തോടും കിഴക്കുനിന്ന് പടിഞ്ഞാറോട്ടൊഴുകി ചൊവ്വ തോടിൽ ചെന്നു ചേരുമ്പോൾ എടചൊവ്വ തോട് തെക്ക് നിന്നും വടക്ക് കിഴക്കോട്ടൊഴുകി കൈപ്പാടു വഴി പുഴയിൽ എത്തുന്നു. അതിരകം തോട് കിഴക്ക് നിന്നും പടിഞ്ഞാറോട്ടൊഴുകി കൈപ്പാട് വഴി കക്കാട്ട് പുഴയിൽ ചേരുന്നു. ഈ തോടുകളുടെ മേൽഭാഗം കൊല്ലത്തിൽ നാലുമാസത്തോളം വെള്ളം വറ്റിയിരിക്കും. ഈ സമയത്ത് തോടിന്റെ ഒരു കി.മീറ്ററോളം നീളത്തിൽ ഉപ്പുവെള്ളം കയറുന്നു. അടുത്തകാലത്ത് കണ്ടുവരുന്ന ഇതിന്റെ പ്രധാന കാരണം ഭൂഗർഭജലത്തിന്റെ കുറവും വയലുകൾ തരിശായിട്ടിടുന്നതുമാണ്.

കാലാവസ്ഥ

കേരളത്തിലെ തീരദേശത്തനുഭവപ്പെടുന്ന കാലാവസ്ഥ തന്നെയാണ് പൊതുവേ ഈ പഞ്ചായത്തിലും ഉള്ളത്. മഴയുടെ ഏകദേശം എൺപത് ശതമാനത്തോളം ലഭിക്കുന്നത് ജൂൺ മുതൽ സെപ്തംബർ മാസം വരെയാണ്. ജൂലൈമാസത്തിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. മെയ് അവസാനവാരത്തോടെയാണ് തെക്ക് പടിഞ്ഞാറൻ കാലവർഷം തുടങ്ങുന്നത്. ജൂലൈ മാസത്തിനുശേഷം മഴയുടെ കാഠിന്യം കുറഞ്ഞുവരുന്നു. ഒക്ടോബർ അവസാനം മുതൽ ഡിസംബർ മാസം വരെ തുലാവർഷം ലഭിക്കാറുണ്ട്. പക്ഷേ മിക്കപ്പോഴും തീരേ മഴകിട്ടാത്ത അവസരവും ഉണ്ടായിട്ടുണ്ട്. മഴക്കാലം കഴിഞ്ഞാൽ ഈ പ്രദേശത്ത് ഇടമഴ കിട്ടാറില്ല.

ഈ പഞ്ചായത്തിൽ ശരാശരി 3000 മി.മീ. മഴയാണ് ഒരു വർഷം കിട്ടുന്നത്. അന്തരീക്ഷത്തിന്റെ താപനില 22 ഡിഗ്രി സെൽഷ്യസിനും 33 ഡിഗ്രി സെൽഷ്യസിനും ഇടയിലാണ്. എങ്കിലും ചിലകാലങ്ങളിൽ ഇത് 39 ഡിഗ്രി സെൽഷ്യസോളം ഉയരാറുണ്ട്. ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കരക്കാറ്റ് അടിക്കുന്നത് കാരണം അന്തരീക്ഷത്തിലെ ജലാംശം വളരെക്കുറവാണ്. ബാക്കിയുള്ള കാലങ്ങളിൽ ഇത് താരതമ്യേന കൂടുതലാണ്. ജനുവരി മുതൽ മെയ് വരെയുള്ള കാലങ്ങളിൽ ഉച്ചക്ക് ശേഷം കാറ്റിന്റെ ഗതി സാധാരണയിൽ കൂടുതലാണ്. ഇടവപ്പാതിയോടെ വരുന്ന മഴയുടെ സമയത്ത് ശക്തമായ കാറ്റ് ഉണ്ടാകുന്നത് കാരണം മിക്കവർഷങ്ങളിലും കൃഷി നാശം സംഭവിക്കാറുണ്ട്.

കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച മഴയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

	1991	1992	1993	1994	1995
ജനുവരി					
ഫിബ്രവരി					
മാർച്ച്					
ഏപ്രിൽ					
മെയ്	128	114	131	89	198
ജൂൺ	803	916	1094	869	893
ജൂലായ്	1481	1347	1201	1248	1145
ആഗസ്ത്	613	409	396	515	494
സെപ്തംബർ	69	168	173	47	62
ഒക്ടോബർ	384	478	502	308	397
നവമ്പർ	64	102	180	201	169
ഡിസംബർ	190	98	20	278	41
ആകെ	3732	3632	3697	3555	3499

കൃഷിയും ജലസേചനവും

എളയാവൂർ പഞ്ചായത്ത് ഒരു കാൽനൂറ്റാണ്ട് മുന്നേവരെ കാർഷികപ്രധാനമായ പഞ്ചായത്തായിരുന്നു. ഭൂനിയമം വരുന്നതിനുമുമ്പേ ഇവിടെയുള്ള നെൽവയലുകളും പറമ്പുകളിലധികവും ചിറക്കൽ കോവിലകം, ദേവസ്വങ്ങൾ അറക്കൽ സ്വരൂപം, കേയിമാർ പോലുള്ള അന്നത്തെ വൻകിട ജൻമിമാരുടെ കീഴിലായിരുന്നു. കൃഷിക്കാർക്ക് അന്ന് കൃഷി ഒരു ജീവിതോപാധിയായതുകൊണ്ട് ജൻമിക്ക് വൻ പാട്ടവും വാരവും കൊടുത്തുകൊണ്ട് തന്നെ നല്ല പോലെ കൃഷിചെയ്തിരുന്നു. നെൽവയലുകളിലെല്ലായിടത്തും ഇരുപ്പൂ കൃഷിയും ചുരുക്കം ചിലസ്ഥലങ്ങളിൽ മൂന്നുവിളയും ചെയ്തിരുന്നതായി പഴയ കൃഷിക്കാർ പറയുന്നുണ്ട്. അന്ന് നെൽ വയലുകളിൽ ഒരു തുണ്ട് പോലും തരിശായിരുന്നില്ല എന്ന് മാത്രമല്ല നെൽവയലുകളിൽ നാണ്യവിളകൾ കൃഷിചെയ്യുന്ന പതിവുമുണ്ടായിരുന്നില്ല.

കർഷക തൊഴിലാളികളുടെ ദൗർലഭ്യവും വളങ്ങൾക്കുണ്ടാവുന്ന ക്രമാതീതമായ വിലവർദ്ധനയും ജൈവ വളത്തിന്റെ കുറവും പരിസ്ഥിതി പ്രശ്നങ്ങൾകൊണ്ടുണ്ടാകുന്ന കീടങ്ങളുടെ ആക്രമണവും നെൽകൃഷി ആദായകരമല്ലാതാക്കി. കൃഷിപ്പണി അന്തസ്സുള്ള ഒരു തൊഴിലായി സമൂഹം ഗണിച്ചു വരാത്തതും യുവതൊഴിലാളികളെ കാർഷിക വൃത്തിയിൽ നിന്ന് മാറ്റിനിർത്തി. ഇത് പരിഹരിക്കുന്നതിന് കാർഷികരംഗത്ത് യന്ത്രവൽക്കരണം ഒരു പരിധിവരെ സഹായിച്ചുവെങ്കിൽ അത് പൂർണ്ണമായും വിജയിച്ചിട്ടില്ല. കർഷകന്റെ സാമ്പത്തിക പരാധീനതയും കൃഷിമേഖലയെ തളർത്തി. ഈ പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നത് പുറമേനിന്നുള്ള ഏജൻസികളാണ്. അതുകൊണ്ട് കർഷകന്റെ ഉൽപ്പന്നത്തിന് നല്ല വില കിട്ടുന്നില്ല.

പണ്ട് കാലങ്ങളിൽ കഴമ, മുണ്ടകൻ, ചിറ്റേനി, അരിക്കിരായി, കരിഞ്ചൻ, നവര, നാരോൻ തുടങ്ങിയ നാടൻ വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്.

നെൽ വയലുകളിൽ ഒരുപ്പുനിലത്തിൽ ഉഴുന്ന്, ചെറുപയർ, മമ്പയർ എന്നിവയും വേനൽക്കാല പച്ചക്കറിയും കൃഷി ചെയ്തിരുന്നു. രണ്ട് വിള കൃഷിസ്ഥലങ്ങളിൽ നെൽകൃഷിക്ക് ശേഷം വെള്ളരികൃഷി വ്യാപകമായി ചെയ്തിരുന്നു. മുൻകാലങ്ങളിൽ മഴയെ ആശ്രയിച്ച് മാത്രമാണ് നെൽകൃഷി ചെയ്തിരുന്നത്. എങ്കിലും വയലിലുണ്ടാകുന്ന പച്ചക്കറി കൃഷിക്ക് കായിക ശേഷിയുപയോഗിച്ചാണ് ജലസേചനം നടത്തിയിരുന്നത്.

ചരിവുള്ള സ്ഥലങ്ങളിലും സമതലങ്ങളിലും തെങ്ങ്, കവുങ്ങ്, കുരുമുളക്., വാഴ, മഴക്കാല പച്ചക്കറി, കശുമാവ്, മരച്ചീനി എന്നിവയാണ് പ്രധാന കൃഷി. ഔഷധ സസ്യങ്ങളും അൽപാൽപം കൃഷിചെയ്യുന്നു.

ഈ നൂറ്റാണ്ടിന്റെ മധ്യകാലത്തിനു ശേഷം ഭൂപരിഷ്കരണ നിയമങ്ങളിൽ കൃഷിഭൂമി കൃഷിക്കാരന് എന്ന തത്വം പ്രാവർത്തികമാക്കിത്തീർത്തിരിക്കുന്നു. അതിന്റെ ഫലമായി മറ്റ് നെൽപാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവന്നു തുടങ്ങി. നാണ്യവിളക്കൃഷി ചെയ്തും കെട്ടിടങ്ങളുണ്ടാക്കിയും അതിന് വേഗത കൂടി. പഴയകാലത്ത് കൃഷിയെമാത്രം ആശ്രയിച്ചിരുന്ന കർഷകനും കർഷക തൊഴിലാളിലും മറ്റ് വികസിത മേഖലയിലേക്ക് മാറിപ്പോകേണ്ടി വന്നു. നെയ്ത്ത്, ബീഡിപ്പണി, കെട്ടിട നിർമ്മാണം എന്നിവ ആകർഷകമായ ജോലിയായിരുന്നു.

ഇന്നത്തെ വിളചേരുവ

നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി എന്നിവയാണ് ഈ പഞ്ചായത്തിലെ മുഖ്യ വിളകൾ.

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	60	വാഴ	85
നെല്ല് (രണ്ടാം വിള)	60	മരച്ചീനി	15
തെങ്ങ്	200	കവുങ്ങ്	18
പയർ (വേനൽക്കാലം)	30	കുരുമുളക്	8
	ആകെ 476		

നെൽകൃഷി വിസ്തീർണ്ണത്തിൽ കഴിഞ്ഞ 5 വർഷത്തിൽ സംഭവിച്ച കുറവ്



രണ്ട് വിളകൾക്കും കൂടി നെൽകൃഷി 120 ഹെക്ടറിൽ കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥമായി ഇപ്പോൾ ഇതിന്റെ 25% മാത്രമേ കൃഷിചെയ്യുന്നുള്ളൂ. നാണ്യവിളകൾ കൃഷിചെയ്ത് വയൽനികത്തി കെട്ടിടങ്ങൾ വച്ചും തരിശിട്ടും നെൽവയലുകൾ കുറഞ്ഞുവരികയാണ്. സംസ്ഥാനത്തിന്റെ ശരാശരി ഉൽപാദനത്തിന്റെ താഴെയാണ് ഈ പഞ്ചായത്തിന്റെ ഉൽപാദനം. കൃഷി ലാഭകരമല്ലാത്തതും കാർഷികവൃത്തിയോടുള്ള പുതിയ തലമുറയുടെ താൽപര്യക്കുറവും വളങ്ങളുടെ അമിതവിലയും യഥാസമയങ്ങളിൽ ആകെ ഉൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതയില്ലായ്മയും ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും കർഷക തൊഴിലാളികളുടെ കുറവുമാണ് കൃഷിലാഭകരമല്ലാതായത്.

ജലസേചനസൗകര്യങ്ങൾ

എളയാവൂർ തോട്, ചേലോറ പഞ്ചായത്തിനും എളയാവൂർ പഞ്ചായത്തിനും ഇടക്കുള്ള വലിയ തോട്, മുണ്ടയാട് വയൽ തോട്, എടച്ചൊവ്വ തോട്, അതിരകം തോട് എന്നീ തോടുകൾ വഴിയാണ് പഞ്ചായത്തിലെ നെൽകൃഷിക്കുവേണ്ടിയുള്ള ജലസേചനവും ജല നിർഗ്ഗമനവും നടക്കുന്നത്.

ചെറിയ സ്വകാര്യ കുളങ്ങളും നെൽവയലുകളിൽ അങ്ങിങ്ങായി ഉണ്ടെങ്കിലും പൊതുകുളങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. എളയാവൂർ വയലിലെ മാണിക്കോത്ത് താഴെകുളം ഏറെക്കുറെ ഉപയോഗശൂന്യമായ അവസ്ഥയിലാണ്.

ജലസേചനത്തിനായി താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി

1. എടച്ചൊവ്വ തോടിൽ 1963-ൽ ഒരു വി.സി.ബി. നിർമ്മിച്ചിട്ടുണ്ട്.
2. എളയാവൂർ നോർത്ത് തോടും, സൗത്ത് തോടും (എളയാവൂർ തോട്) വീതിയും ആഴവും കൂട്ടി. (പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി- 1995-96). ചൊവ്വ തോടു മുതൽ റോഡ് ബ്രിഡ്ജ് വരെ ആഴവും വീതിയും കൂട്ടാൻ അനുമതി ലഭിച്ചിട്ടുണ്ട്.
3. കൂടാതെ പറമ്പ് ജലസേചനത്തിന് (തെങ്ങിൻ തോട്ടം നനയ്ക്കൽ) 302 വൈദ്യുത പമ്പുകളും 4 എണ്ണ പമ്പുകളും കൃഷിഭവൻ വഴി സ്ഥാപിച്ചിട്ടുണ്ട്. ജലസേചനത്തിനായി 2552 കിണറുകൾ ഗവൺമെന്റ് സഹായത്തോടെ കുഴിച്ചിട്ടുണ്ട്.
4. മാണിക്കോത്ത് കുളം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് റിപ്പയർ ചെയ്തു.

കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന 4 പവ്വർ ടില്ലറുകളും 2 മെതി യന്ത്രങ്ങളും പാടശേഖര കമ്മറ്റിക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 2 തെങ്ങുകയറ്റ യന്ത്രവും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ മമ്മട്ടികൾ, പിക്കാസുകൾ, കത്തിവാൾ എന്നിവ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി കൊടുത്തിട്ടുണ്ട്. ആവശ്യക്കാർക്ക് കാർഷികോപകരണങ്ങൾ ഇടച്ചൊവ്വയിലെ ആഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് വാടകക്ക് എടുക്കാനുള്ള സംവിധാനം ഉണ്ട്.

ഉൽപന്നങ്ങളുടെ വിലയും വിപണനവും

കർഷകർ ഉൽപാദിപ്പിക്കുന്ന മിച്ചം വരുന്ന ഉൽപ്പന്നങ്ങൾ സ്വകാര്യ ഏജൻസികൾ മുഖേനയാണ് വിൽപന നടക്കുന്നത്. പ്രത്യേകിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള മാർക്കറ്റോ സൊസൈറ്റിയോ ഇല്ലാത്തതു കാരണം വില നിയന്ത്രിക്കാനാകുന്നില്ല.

കർഷക ഗ്രൂപ്പുകൾ

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഉടമസ്ഥരും 50 സെന്റിന് താഴെ ഭൂമിയുള്ളവരാണെന്ന് താഴെ കൊടുത്ത കണക്കിൽ നിന്നും വ്യക്തമാകുന്നു.

ഭൂസ്ഥിതി

25 സെന്റിന് താഴെ ഭൂമിയുള്ളവർ	-	2125
25-50 സെന്റിനിടയിൽ	-	1250
50-100 സെന്റിനിടയിൽ	-	500
1 ഏക്കർ മുതൽ 2 ഏക്കർ വരെ	-	450
2 ഏക്കർ മുതൽ 5 ഏക്കർ വരെ	-	400
5 ഏക്കറിന് മുകളിൽ	-	25

ഷണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഏകദേശം 25% കർഷകർ സ്വന്തം ഭൂമിയിൽ പണിയെടുക്കുന്നുണ്ട്. കാർഷിക ജനസംഖ്യയിൽ സ്ത്രീ പുരുഷന്മാരടക്കം 307 കർഷക തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്.

കർഷക തൊഴിലാളികളുടെ കൂലി നിരക്ക്

ഉഴവ് (ആൺ)	-	125 രൂപ
കിളക്കൽ (ആൺ)	-	125 രൂപ
ഞാറുനടൽ (സ്ത്രീ)	-	60 രൂപ
കളപറി (സ്ത്രീ)	-	60 രൂപ
കൊയ്ത്ത്, മെതി (സ്ത്രീ)	-	10 കി നെല്ല്
തേങ്ങ ഇടൽ (പുരുഷൻമാർ)	-	125 രൂപ

വളപ്രയോഗം

പഞ്ചായത്തിൽ രാസവസ്തുക്കൾ, ജൈവവളം, കീടനാശിനി എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നതിന് സഹകരണമേഖലയിൽ ഒരു ഡിപ്പോയും, സ്വകാര്യ മേഖലയിൽ രണ്ടെണ്ണവും ഉണ്ട്. കൂടാതെ ഒരു കൂട്ടുവള ഉൽപാദന ശാലയും എല്ലുപൊടി നിർമ്മാണ കേന്ദ്രവും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ശരാശരി രാസവസ്തുക്കളുടെ ഉപയോഗം ഏകദേശം 10 മെട്രിക് ടണ്ണോളംവരും. ഇതിന് ആനുപാതികമായി ജൈവവളലഭ്യത കുറവാണ്.

നടപ്പ് പദ്ധതിയുടെ അവലോകനം

നമ്മുടെ പഞ്ചായത്തിലെ മണ്ണിന്റെ ഫലപുഷ്ടി പൊതുവെ കുറഞ്ഞുവരുന്നു. നൂറ്റാണ്ടുകളായി ഒരേയിനം കൃഷിതന്നെ ഒരേ സ്വഭാവത്തിൽ കൃഷിചെയ്യുക, മണ്ണൊലിപ്പുകാരണം വളക്കൂറുള്ള മേൽമണ്ണ് കാലാകാലങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മണ്ണൊലിപ്പ് തടയുന്നതിന് ശാസ്ത്രീയമായി പദ്ധതികളൊന്നും തന്നെ പഞ്ചായത്തിൽ നാളിതുവരെ നടത്തിയിട്ടില്ല. മണ്ണിൽ ജൈവാംശം കൂട്ടാൻ സഹായിക്കുന്ന വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നത്കൊണ്ടും, വനനശീകരണം കൊണ്ടും മണ്ണിലുള്ള ജൈവാംശം കുറഞ്ഞ് ഫലപുഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അമിതമായ രാസവളപ്രയോഗം കാരണവും മണ്ണിന്റെ ഘടന നഷ്ടപ്പെട്ട് ഫലപുഷ്ടി കുറഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ പലയിടത്തും കൃഷിയോഗ്യമായ കരഭൂമിയും നെൽപാടങ്ങളും തരിശിട്ടിരിക്കുന്നു. കൂടാതെ കർഷക തൊഴിൽ മാന്യമായതായി സമൂഹം കാണാതിരിക്കുക, ഉൽപാദന ച്ചെലവിന്റെ വർദ്ധനവും കാലാനുസൃതമായ പ്രോത്സാഹനമില്ലായ്മയും താൽപര്യമില്ലായ്മയും കാർഷികോൽപ്പന്നങ്ങളുടെ വിലകുറവും കൃഷിയിടം തരിശ്ശിടുന്നതിന് പ്രേരകമായിരിക്കുന്നു. പട്ടണത്തോട് ചേർന്നുകിടക്കുന്ന പഞ്ചായത്തായത് കാരണം പാർപ്പിടം നിർമ്മാണത്തിനു വേണ്ടി കൃഷിഭൂമി നികത്തുന്നതും സർവ്വ സാധാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ ജലസേചനസൗകര്യം വളരെ പരിമിതമാണ്. കുടിവെള്ളക്ഷാമം നിലവിലുള്ളതുകാരണം കിണർ വെള്ളം ജലസേചനത്തിനുപയോഗിക്കാൻ കഴിയുന്നില്ല. പഴശ്ശി പദ്ധതി നടത്തിപ്പിന്റെ പോരായ്മകൊണ്ട് അതിന്റെ ഗുണം ഇതുവരെ കർഷകർക്ക് കിട്ടിയിട്ടില്ല.

പാടങ്ങളിൽ നല്ലൊരു ശതമാനം നികത്തി കരഭൂമികളാക്കി നാണ്യവിളകൾ കൃഷിചെയ്യുന്നു. വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയുടെ ഫലമായി പാർപ്പിടമെന്ന പ്രാഥമിക ആവശ്യത്തിനായി പാടങ്ങൾ നികത്തി ഉപയോഗിക്കുന്ന രീതി പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും വർദ്ധിച്ചുവരുന്നു. ഈ കാരണം കൊണ്ടും നാണ്യവിളകൾക്ക് വേണ്ടി പാടം നികത്തുന്നതുകൊണ്ടും വെള്ളം കെട്ടി നിൽക്കുകയും പലപാടങ്ങളും ഉപയോഗശൂന്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങൾ കൂടാതെ തലങ്ങും വിലങ്ങും റോഡുകൾ നിർമ്മിക്കുമ്പോൾ വെള്ളം ഒഴിഞ്ഞുപോകാനുള്ള സൗകര്യങ്ങൾ കണ്ടെത്താത്തതും നെൽകൃഷി മുരടിപ്പിന് ഒരു കാരണമായിട്ടുണ്ട്. ഇതുമൂലമുണ്ടാകുന്ന മറ്റൊരു ദുരന്തം പാടങ്ങളിൽ കൃഷിയിറക്കാത്തതുകൊണ്ട് മഴവെള്ളം ഭൂമിക്കടിയിൽ താഴാതെ വേഗത്തിൽ ഒഴുകി നഷ്ടപ്പെടുകയും അതിന്റെ ഫലമായി വരൾച്ചയും ജലക്ഷാമവുമനുഭവപ്പെടുന്നതുമാണ്. ഇതെല്ലാം പറയുമ്പോഴും സ്ഥലത്തിനനുസരിച്ച് വിത്തുപയോഗിക്കാൻ പഴമക്കാർ ശീലിച്ചിരുന്നത്കൊണ്ട് ഏത് പ്രയാസത്തിലും അക്കാലത്ത് കൃഷിഭൂമി തരിശിടുന്ന പതിവുണ്ടായിരുന്നില്ലെന്ന് കാണാം.

കീടബാധ അന്ന് കർഷകരെ അലട്ടുന്ന ഒരു പ്രശ്നമായിരുന്നില്ല. വെണ്ണീറും ചേറ് മരത്തിന്റെ ഇലയും ഉപയോഗിച്ചുകൊണ്ട് തന്നെ കീടബാധ പ്രശ്നം പരിഹരിക്കാൻ അവർക്ക് സാധിച്ചിരുന്നു. നെല്ല് പതിരാക്കി മാറ്റുന്ന വണ്ടുകളെ വലവീശിപ്പിടിക്കുന്ന രീതിയും അന്നുണ്ടായിരുന്നു.

നമ്മുടെ പഞ്ചായത്തിലെ നെൽകൃഷി മുരടിപ്പിന് മറ്റൊരു കാരണമായി പറയാവുന്നത് പരിസ്ഥിതി പ്രശ്നങ്ങളാണ്. അതിരകം വയലിൽ സ്ഥാപിച്ച സ്റ്റോൺക്രഷർ കർഷകരുടെ ഒട്ടേറെ പരാതിക്ക് കാരണമായിട്ടുണ്ട്. അതുപോലെ തുണിമില്ലുകളിൽ

നിന്നും മറ്റും പുറത്തുവിടുന്ന മലിനജലം ആ പ്രദേശങ്ങളിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ളതും ഒരു വസ്തുതയാണ്. കാട്ടാമ്പള്ളി പദ്ധതി വന്നതിനുശേഷം പരമ്പരാഗത നെല്ലുകൃഷി ഉപ്പുവെള്ളം കയറാത്തത് കൊണ്ട് നടക്കുന്നില്ല. അതോടെ മത്സ്യകൃഷിക്കുള്ള സാദ്ധ്യതയും ഇല്ലാതായി. അതുവീണ്ടും പഴയപടി കൊണ്ടുവന്നാൽ മത്സ്യകൃഷിയുടെ സാദ്ധ്യതയും പാരമ്പര്യ കൃഷിയുടെ സാദ്ധ്യതയും വർദ്ധിക്കുമെന്നതിൽ സംശയമില്ല. ആ പ്രദേശങ്ങളിലെ ജനങ്ങൾ ആ രീതിയിൽ അഭിപ്രായപ്രകടനം നടത്തിയിട്ടുമുണ്ട്.

കാർഷികമേഖലയിലെ പ്രധാന രോഗങ്ങൾ

നെല്ല്	- വേരഴുകൽ, ബ്ലൈറ്റ്, ബ്ലാസ്റ്റ്, കരിച്ചിൽ
തെങ്ങ്	- ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, മഞ്ഞളിപ്പ്, വേരുചീയൽ, മഹാളി.
കുരുമുളക്	- ദ്രുതവാട്ടം, കുമിൾരോഗം
വാഴ	- കുറുനാമ്പ്, ഇലപ്പുള്ളി.

കൃഷിഭവൻ

പഞ്ചായത്തുകൾതോറും കൃഷിഭവൻ അനുവദിച്ചത് കൃഷിവികസനത്തിന് പുതിയ സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. എന്നാൽ ഉദ്ദേശിച്ചിരുന്നതുപോലെയുള്ള ഫലം നൽകി എന്നു പറയാൻ വയ്യ. കൃഷിഭവൻ കർഷകരുടെ ഒരു ബന്ധുവും കാർഷിക മേഖലയുടെ ഒരവിഭാജ്യഘടകവുമായിത്തീരുന്ന ഒരു പരിതസ്ഥിതി സംജാതമാകണം. ഇപ്പോഴത്തെ സംവിധാനം പലപ്പോഴും അതിന് ഉപയുക്തമല്ല. യഥാസമയം അത്യുൽപാദനശേഷിയുള്ള വിത്തുകളും മറ്റ് നടീൽ വസ്തുക്കളും കൃഷിഓഫീസിൽ നിന്ന് ലഭിക്കാറില്ല. അനവസരത്തിലുള്ള വിതരണം കർഷകർക്ക് ഉപയോഗപ്രദമായിത്തീരുന്നില്ല. അനുയോജ്യമായ കൃഷി തെരഞ്ഞെടുക്കുന്നതിലും നൂതന കൃഷിരീതികളെക്കുറിച്ചും വളപ്രയോഗത്തെക്കുറിച്ചും കർഷകരെ ബോധവാൻമാരാക്കുന്നതിലും കൃഷിഭവനുകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. അതുപോലെ പാടശേഖരങ്ങളും മറ്റ് കൃഷിയിടങ്ങളും സന്ദർശിക്കുന്നതിനും രോഗങ്ങളും കീടബാധയും ഉണ്ടായാൽ അവയെ നേരിടുന്നതിന് പ്രായോഗിക പരിശീലനം നൽകുന്നതിനും അവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിൽ കൃഷിഭവനുകൾ രൂപപ്പെടുത്തണം. അതോടൊപ്പം തന്നെ കേരവികസന സമിതി, പാടശേഖരക്കമ്മറ്റി എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമുണ്ട്.

കർഷകസംരംഭങ്ങൾ

ഈ പഞ്ചായത്തിൽ നാല് പാടശേഖരസമിതിയും ഒരു കേരവികസന സമിതിയും ഒരു കുരുമുളക് വികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. പേരുകൾ ചുവടെ.

1. അതിരകം പാടശേഖര സമിതി
2. എടച്ചൊവ്വ പാടശേഖര സമിതി
3. എളയാവൂർ പാടശേഖര സമിതി
4. എളയാവൂർ സൗത്ത് പാടശേഖരസമിതി.

ഇതിൽ കേരവികസന സമിതി, കുരുമുളകു വികസന സമിതി എന്നിവ രൂപീകരിക്കപ്പെട്ടെങ്കിലും ദൈനംദിനം പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശമോ സഹായസഹകരണങ്ങളോ ലഭിക്കാത്തതുകൊണ്ട് നിർജ്ജീവാവസ്ഥയിലാണ്. പാടശേഖര സമിതികൾ നെൽകൃഷിയേതര രംഗങ്ങളിലും ശ്രദ്ധിക്കുന്ന സ്ഥിതിയുണ്ടാവണം.

സസ്യജൈവ വൈവിധ്യം

പണ്ടുകാലത്ത് പലയിടങ്ങളിലും ധാരാളം സർപ്പക്കാവുകൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് മിക്കവയും നശിച്ചുകഴിഞ്ഞിരിക്കുന്നു. സർപ്പക്കാവുകളോരോന്നും സസ്യവൈവിധ്യം നിറഞ്ഞവയാണ്. ചില ക്ഷേത്രങ്ങളോട് ചേർന്ന് നാമമാത്രമായ വൈവിധ്യത്തോട് കൂടിയ ചുരുക്കം ചില സർപ്പക്കാവുകൾ അവശേഷിക്കുന്നു. അവയെ സംരക്ഷിച്ചു നിർത്താനാവശ്യമായ ശ്രമവും ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്.

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതി

പദ്ധതിയുടെ പേര്	സ്ഥലം	അടങ്കൽ തുക
1. കമ്മ്യൂണിറ്റി ഇറിഗേഷൻ ഫോർ കോക്കനട്ട്.	1 തങ്കേക്കുന്ന്	2,00,000/-
	2 കിഴുത്തള്ളി	
2. പുൾക്കോത്തോടിനു കുറുകേ വി.സി.ബി. കം ട്രാക്ടർവേ		4,00,000/-

കാർഷികമേഖലയിലെ പ്രശ്നങ്ങൾ

1. പാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷിചെയ്യുന്നു. പാർപ്പിടം കെട്ടുന്നു.
2. റോഡുകൾ നിർമ്മിക്കുമ്പോൾ വെള്ളം ഒഴിഞ്ഞുപോകാനുള്ള സൗകര്യം ചെയ്യാത്ത അവസ്ഥയുണ്ട്. ഇത് നീർക്കെട്ടിന് കാരണമാകുന്നു.
3. പാടങ്ങളിൽ കൃഷി ഇറക്കാത്തത് കൊണ്ട് മഴവെള്ളം ഭൂമിക്കടിയിൽ താഴാതെ ഒഴുകി നഷ്ടപ്പെടുന്നു.
4. പലവയലുകളിലും ചീപ്പുകളില്ല. ഉള്ളവയിലെ വെള്ളമാകട്ടെ എല്ലാവർക്കും കിട്ടത്തക്ക രീതിയിലുള്ള വിതരണ സമ്പ്രദായമില്ല.

5. തടയണകൾ കെട്ടി ജലം സംഭരിച്ച് നിർത്തുന്ന പ്രവർത്തനങ്ങളില്ല.
6. കാർഷിക രംഗത്ത് പുതിയ തൊഴിലാളികൾ കടന്നു വരുന്നില്ല. കാർഷികതൊഴിലുകളോടുള്ള വിമുഖത വർദ്ധിച്ചുവരുന്നു.
7. വർദ്ധിച്ച കൂലി നിരക്ക് കൃഷിക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നു.
8. അത്യുൽപാദന ശേഷിയുള്ള വിത്തുകളും നടീൽവസ്തുക്കളും കൃഷിഭവനിൽ നിന്ന് യഥാസമയം ലഭിക്കുന്നില്ല.
9. കൃഷിഭവന്റെ സേവനം കൃഷിക്കാർക്ക് വേണ്ടരീതിയിൽ ലഭിക്കുന്നില്ല.
10. ജൈവവളം സുലഭമായി ലഭിക്കുന്നില്ല.
11. മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞുവരുന്നു.
12. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തുന്നത്.
13. കർഷകർക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
14. പാടശേഖര സമിതിയും മറ്റ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
15. പാടങ്ങളിലെ തോടുകൾക്ക് വേണ്ടരീതിയിലുള്ള സംരക്ഷണം ഇല്ല.
16. പഴശ്ശി പദ്ധതികൊണ്ട് കർഷകർക്ക് പ്രചോദനം ലഭിക്കുന്ന സാഹചര്യവുമില്ല.
17. വിളമേനിയിലുള്ള ഇടിവ് കർഷകരെ അലട്ടുന്നു.
18. കൃഷി മുഖ്യതൊഴിലായി സ്വീകരിക്കുന്നവർ കുറയുന്നു.
19. വിള ഇൻഷൂറൻസിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചിട്ടില്ല.
20. എല്ലാ തരത്തിലുമുള്ള കൃഷികൾക്കും കീടബാധയുടെ ശല്യമുണ്ട്.
21. ഏര കാളകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.
22. വളപ്രയോഗത്തെപ്പറ്റി കർഷകർക്ക് അറിവില്ല. മാത്രമല്ല മണ്ണ് പരിശോധന നടത്തിയിട്ടുമില്ല.
23. അടുക്കളത്തോട്ടം പതിവില്ല.
24. കോൺക്രീറ്റ് മതിലുകൾ വ്യാപകമാക്കുന്ന പ്രവർത്തനം നിലനിൽക്കുന്നു.
25. അതിരകം, എടച്ചൊവ്വ, മുണ്ടയാട് വയലിൽ ട്രില്ലർ കൊണ്ട് പോരാനുള്ള വഴിയില്ല. തോടുകളിൽ ചീപ്പുമില്ല.
26. വലിയവയലുകളിലെ തോടുകൾക്ക് ആഴവും വീതിയുമില്ല.
27. തൂർന്ന പൊതുകുളം റിപ്പയർചെയ്യുന്നതിനുള്ള സംരംഭങ്ങളില്ല.
28. ചൊവ്വ തോടിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നയസമീപനങ്ങളില്ല.
29. അവേര ബണ്ട് പ്രയോജനപ്പെടുന്നില്ല.
30. മാലിന്യങ്ങൾ ജൈവവളമാക്കി മാറ്റാനുള്ള സംവിധാനങ്ങളില്ല.
31. കന്നുകാലികൾ വിള നശിപ്പിക്കുന്ന അവസ്ഥയുണ്ട്.
32. പച്ചക്കറികൃഷി വ്യാപകമല്ല.

സാധ്യതകൾ

1. പാടങ്ങൾ നികത്തുന്നത് കർശനമായും തടയുക. അനുയോജ്യമായ വിളകൾ തെരഞ്ഞെടുത്ത് കൃഷിഭവൻ മുഖേ
   ന അവ നടപ്പിലാക്കുക.
2. നീർക്കെട്ട് ഒഴിവാക്കാൻ കൾവർട്ടുകൾ സ്ഥാപിക്കുകയോ ഉള്ളവ വീതികൂട്ടുകയോ ചെയ്യേണ്ടതുണ്ട്.
3. മഴവെള്ളം വയലുകളിൽ തടഞ്ഞുനിർത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം
4. പ്രധാന വയലുകളിലെ തോടുകൾക്ക് ചീപ്പുകെട്ടുകയും അതേസമയം നിലവിലുള്ള ചീപ്പുകളിലെ വെള്ളം എല്ല
   വർക്കും ലഭിക്കാനാവശ്യമായ കൈത്തോടുകൾ നിർമ്മിക്കുകയും ചെയ്യണം.
5. തടയണകൾ വ്യാപകമാക്കാൻ ജനകീയ പങ്കാളിത്തത്തോടു കൂടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
6. തൊഴിലിനോടുള്ള മനോഭാവം മാറ്റാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.
7. കർഷകർക്ക് യഥാസമയം വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് സാധ്യ
   യുണ്ട്.
8. കൃഷിഭവൻ പ്രവർത്തനം ജനകീയവൽക്കരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകണം.
9. ജൈവവളം ലഭ്യമാക്കൽ, മാലിന്യങ്ങൾ ജൈവവളമാക്കിമാറ്റൽ, തുടങ്ങിയവയും ജൈവവളത്തിന്റെ ആവശ്യക
   കളെക്കുറിച്ച് ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.
10. വ്യാപകമായി മണ്ണ് പരിശോധിപ്പിക്കുകയും അതിനനുസരിച്ച് വളപ്രയോഗം നടത്താനുള്ള നിർദ്ദേശങ്ങൾ നൽക
    കയും ചെയ്യണം.
11. അയൽ കൃഷി സന്ദർശനം തുടങ്ങിയ പരിശീലന-ബോധവൽക്കരണ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്.
12. പാടശേഖരക്കമ്മറ്റികളുടെ പ്രവർത്തനം നെൽകൃഷിയേതര രംഗങ്ങളിലും വ്യാപിപ്പിക്കുക. അവയുടെ പ്രവർത്ത
    നം കാര്യക്ഷമമാക്കുക.
13. പ്രധാനവയലുകളിലെ തോടുകൾ ആഴവും വീതിയും കൂട്ടി തടയണകൾ കെട്ടി സംരക്ഷിച്ചാൽ നെൽകൃഷിക്ക് മാത്ര
    മല്ല, പച്ചക്കറി കൃഷിക്കും ഉപയുക്തമാകും.
14. പഴശ്ശിപദ്ധതി പൂർത്തീകരിച്ച് ജലസേചനം നടത്തിയാൽ ജലദൗർലഭ്യം പരിഹരിക്കാം.
15. അത്യുൽപാദനശേഷിയുള്ള വിത്തുകളും കൃഷിരീതികളും യന്ത്രങ്ങളും ഉപയോഗിച്ചാൽ വിളമേനിയിലുള്ള കുറവ
    പരിഹരിക്കാൻ സാധിക്കും.
16. കാർഷിക മേഖലയിൽ ഓരോ വിഭാഗം തൊഴിലുകൾക്കും പ്രത്യേകം പ്രത്യേകം ലേബർ കോൺട്രാക്ട് സൊസൈറ്റ
    കൾ രൂപീകരിക്കുക.

17. വിള ഇൻഷുറൻസ് പദ്ധതി വ്യാപിപ്പിക്കുകയും കർഷകരെ അത് സംബന്ധിച്ച് ബോധവൽക്കരിക്കുകയും ചെയ്യണം.
18. എല്ലാ വീടുകൾക്കും അടുക്കളത്തോട്ടം പണിയാനാവശ്യമായ വിത്തുംവളവും മാർഗ്ഗ നിർദ്ദേശവും നൽകുക വഴി പച്ചക്കറി രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാം.
19. കോൺക്രീറ്റ് മതിലുകൾ പണിയുന്നത് നിരുത്സാഹപ്പെടുത്തുക. പകരം ജൈവ വേലി പണിയുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയാൽ പച്ചിലവളത്തിന്റെ ദൗർലഭ്യം പരിഹരിക്കാം.
20. വയലുകളിൽ ട്രില്ലർ കൊണ്ടുപോകുന്നതിനാവശ്യമായ ഫുട്പാത്ത് സൗകര്യങ്ങളും തോടുകൾക്ക് സ്ലാബുകളും പണിയുക.
21. ചൊവ്വ തോടിൽ ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുക.
22. കാർഷികവായ്പകളുടെ നടപടിക്രമം ഉദാരമാക്കുക.
23. ലോണുകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശയിൽ കിഴിവ് അനുവദിക്കുക.
24. പൊതുകിണറുകളും കുളങ്ങളും കുഴിച്ച് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
25. തരിശിടുന്ന പാടങ്ങളിൽ കൂട്ടുകൃഷി അടിസ്ഥാനത്തിൽ നെല്ല് പച്ചക്കറി എന്നിവ കൃഷിചെയ്യുക.
26. സ്റ്റോൺ ക്രഷറിൽ നിന്നുള്ള പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ പടരാതിരിക്കാൻ സ്പ്രിംഗ്ലർ സംവിധാനം പ്രാവർത്തികമാക്കുക.
27. കാട്ടാമ്പള്ളി അണക്കെട്ട് തുറന്നുവിട്ടാൽ നെൽകൃഷിക്കും മത്സ്യകൃഷിക്കും സാധ്യതയുണ്ട്.
28. സ്വകാര്യ കുളങ്ങൾ ഉപയോഗിച്ച് വേനൽക്കാല പച്ചക്കറികൃഷി വ്യാപകമാക്കുക.
29. ഓർക്കിഡ് കൃഷി, കൂൺകൃഷി എന്നിവക്ക് പഞ്ചായത്തിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം
30. സമാന ഭൂപ്രകൃതിയും നീരൊഴുക്കുമുള്ള ഈ പഞ്ചായത്ത് പ്രദേശം മുഴുവൻ നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അത് സമഗ്ര കൃഷി വികസനത്തിന് സഹായകരമാകും.

മൃഗസംരക്ഷണം

വിസ്തൃതി 11.47 ച.കി.മീ. ഉള്ള ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകത എന്ന് പറയാവുന്നത് നിമ്നോന്നതയാണ്. ഒരു കുന്നും അതിനൊരുവയലും എന്ന രീതിയിലാണ് ഭൂമിയുടെ കിടപ്പ്. വിശാലമായ മൂന്ന് വയലുകൾ ഈ പഞ്ചായത്തിലുണ്ട്. എളയാവൂർ വയൽ, മുണ്ടയാട് വയൽ, അതിരകം വയൽ. മറ്റുള്ളവ താരതമ്യേന ചെറുതാണ്. ഈ പ്രത്യേകതകൊണ്ട് തന്നെ കൃഷിയെപ്പോലെതന്നെ വളരെ പ്രധാനപ്പെട്ട ഒന്നാണ് മൃഗപരിപാലനം. വിശേഷിച്ച് കാലിവളർത്തൽ. കൃഷിക്കാവശ്യമായ ജൈവവളത്തിന് അതുകൊണ്ട് ക്ഷാമവും നേരിടാനിടയില്ല. സ്വതന്ത്രമായി കന്നുകാലികളെ മേയ്ക്കാൻ വിട്ടിരുന്ന സ്ഥലക്കാർ ഇവിടെ വളരെക്കുറവായിരുന്നു. അതിരകം സ്കൂളിനടുത്തുള്ള തരിശുപറമ്പ്, വട്ടപ്പറമ്പ്, സർക്കാർ പറമ്പ്, പാതിരിപ്പറമ്പ്, എന്നിവിടങ്ങളും ഇന്നത്തെ പന്ത്രണ്ടാം വാർഡിൽപ്പെട്ട ചിലസ്ഥലങ്ങളുമാണ് കാലികളെ സ്വതന്ത്രമായി മേക്കാൻ ഉപയോഗിച്ചിരുന്നത്. ജനനിബിഡതയും ഭൂവിസ്തൃതി കുറവും കാരണം താമസിയാതെ അതിനുള്ള സൗകര്യം നഷ്ടപ്പെടുകയും ചെയ്തു. വയലുകൾ ധാരാളമുള്ളതുകൊണ്ട്, കാലികൾക്ക് പ്രധാനമായും പച്ചപ്പുല്ല് വൈക്കോൽ എന്നിവതന്നെയായിരുന്നു നൽകിയിരുന്നത്. കൂടാതെ തവിടും. മറ്റ് കാലിത്തീറ്റകളെ ആശ്രയിക്കാറില്ലായിരുന്നു പണ്ടത്തെജനങ്ങൾ. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ വീടുകളിലും കന്നുകാലികൾ ഉണ്ടായിരുന്നു. വൈകുന്നേരങ്ങളിലും മറ്റും പുല്ലരിയുക സ്ത്രീകളുടെ പ്രധാന തൊഴിലായിരുന്നു.

പശു, കാള, എരുമ, ആട്, പന്നി എന്നിവയാണ് പ്രധാനമായും ഈ പഞ്ചായത്തിൽ വളർത്തുന്ന മൃഗങ്ങൾ. കൃഷിക്കാരുടെ വീടുകളിൽ പശുക്കളും ഏർക്കാളകളും മുസ്ലിം വീടുകളിൽ ആടുകളും റീജ്യനൽ പൗൾട്രി ഫാം കേന്ദ്രീകരിച്ച് പന്നികളും, യാദവത്തെരുവിൽ എരുമകളും താഴെചൊവ്വ കേന്ദ്രീകരിച്ച് വണ്ടിക്കാളകളും വളർത്തപ്പെട്ടു. സ്വന്തമായി പശുവിനെ വാങ്ങി വളർത്താൻ കഴിവില്ലാത്തവർ കന്നുകളെ പോറ്റാൻ വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു. ആദ്യത്തെ പ്രസവത്തിലെ കറവയും കന്നുകുട്ടിയും അവർക്കുള്ളതാണ്. രണ്ടാം പ്രസവം കഴിഞ്ഞയുടനെ പശുവിനെയും കിടാവിനെയും ഉടമസ്ഥന് തിരികെയേൽപ്പിക്കുകയും വേണമായിരുന്നു. ഉഴവിന് കാളകളെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് ഏതാണ്ട് ഉഴവുകാളകൾ അപ്രത്യക്ഷമായി കാളവണ്ടി ഇവിടെ സുലഭമായിരുന്നു. വണ്ടിക്കാളകളുടെ വിശ്രമസങ്കേതം ഇന്നും വണ്ടി വളപ്പ് (താഴെ ചൊവ്വ) എന്ന പേരിലറിയപ്പെടുന്നു. വണ്ടിക്കാളകൾ നിശ്ശേഷം ഇല്ലാതായിട്ടുണ്ട്.

ഏകദേശം 300 വർഷം മുമ്പ് ആന്ധ്രയിൽ നിന്ന് കുടിയേറിപ്പാർത്തു എന്ന് വിശ്വസിക്കപ്പെട്ട യാദവസമുദായക്കാർ ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്. താഴെചൊവ്വക്കടുത്ത് കിഴുത്തള്ളിയാണ് ഇവരുടെ കേന്ദ്രം. കാലിവളർത്തൽ കുലത്തൊഴിലാക്കിയ ഇവർ കൂടുതലും ശ്രദ്ധിച്ചത് എരുമകളെ വളർത്തുന്നതിലായിരുന്നു. എന്നാൽ പശുക്കളും ഇല്ലാതില്ല. കാലികളെ കൂട്ടത്തോടെ നടത്തിമേയ്ക്കുക പതിവാക്കിയ ഇവർക്ക് സമീപപ്രദേശമായ മുണ്ടയാട്-കിഴുത്തള്ളിവയലുകൾ തരിശുഭൂമികളായത് ഏറെ സൗകര്യമുണ്ടാക്കിയിട്ടുണ്ട്. പച്ചപ്പുല്ലും വൈക്കോലും ആവശ്യത്തിന് ലഭ്യമല്ലാത്തത് കൊണ്ട് വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പണ്ട് കാലത്ത് പാലും തൈരും അടുത്ത പ്രദേശങ്ങളിൽ ചെന്ന് വിൽപന ചെയ്യാറുണ്ടായിരുന്നു. എന്നാലിന്ന് പാൽ സൊസൈറ്റി പ്രവർത്തിക്കുന്നത് കാരണം വിപണന സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്.

ആട് വളർത്തൽ ഒരു തൊഴിലാക്കിമാറ്റിയിട്ടില്ലെങ്കിലും മിക്കവാറും മുസ്ലീം ഗൃഹങ്ങളിൽ ആടുകളെ വളർത്താറുണ്ടായിരുന്നു. ഇന്നത്തെ ആട്ടിറച്ചിയുടെ വിലയും മറ്റും നോക്കുമ്പോൾ ഏറെ ആദായകരമാണ്. എന്നാൽ ഇന്ന് മറ്റെല്ലാ കൃഷിയെയും പോലെ ആട് വളർത്തലും വളരെ കുറഞ്ഞിട്ടുണ്ട്.

മുണ്ടയാട് റീജ്യണൽ പൗൾട്രി ഫാമിൽ ധാരാളം പന്നികളെ വളർത്താറുണ്ടായിരുന്നു. അതുകൊണ്ട് തന്നെ പന്നിയിറച്ചി സുലഭമായിരുന്നു. അടുത്തകാലത്ത് ഇതും നാമാവശേഷമായിട്ടുണ്ട്.

നെൽകൃഷിയിൽ വന്ന കുറവും തീറ്റപ്പുല്ല് വൈക്കോൽ എന്നിവയുടെ ദൗർലഭ്യവും ഉൽപാദനച്ചെലവിന് ആനുപാതി

മായി പാലിന് വില ലഭിക്കാത്തതും കാരണം കന്നുകാലി വളർത്തൽ ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. മാത്രവുമല്ല കന്നുകാലികൾക്കാവശ്യമായ ചികിത്സാ സൗകര്യങ്ങളുടെ പരിമിതിയും ഇതിനൊരു കാരണമാണ്. കാലികളുടെ കുറവ് നിമിത്തം ജൈവ വളമായ ചാണകത്തിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചാണകത്തിന് വട്ടിക്ക് 6 രൂപ മുതൽ 7 രൂപവരെ ഇപ്പോൾ വിലയുണ്ട്. ഇതാകട്ടെ ആവശ്യത്തിന് ലഭ്യവുമല്ല.

എളയാവൂർ പഞ്ചായത്തിൽ രണ്ട് ഐ.സി.ഡി.പി. സബ് സെന്ററുകളും, പൗൾട്രി ഫാം മൃഗസംരക്ഷണ രംഗത്ത് ആശ്രയിക്കാവുന്ന കേന്ദ്രവുമാണുള്ളത്. എന്നാൽ അവിടങ്ങളിലെ സൗകര്യം പരിമിതമാകയാൽ പഞ്ചായത്ത് നിവാസികൾ മൃഗസംരക്ഷണത്തിന് ആശ്രയിക്കുന്ന മൃഗശുശ്രൂഷാകേന്ദ്രം കണ്ണൂരിലേതാണ്.

പാൽവിപണന രംഗത്ത് രണ്ട് സഹകരണസംഘങ്ങളും അവയുടെ അഞ്ച് സംഭരണ കേന്ദ്രങ്ങളും എളയാവൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എളയാവൂർ ക്ഷീരോൽപാദക സഹകരണസംഘം, താഴെചൊവ്വ ക്ഷീരോൽപാദക സഹകരണ സംഘം എന്നിവയാണവ. ഇവയ്ക്ക് പുറമേ മിൽമാ പാലിനെയും നല്ലതുപോലെ ഇവിടുത്തെ ആൾക്കാർ ആശ്രയിക്കുന്നുണ്ട്. ധാരാളം കന്നുകാലികളുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഗോബർ ഗ്യാസിന്റെ സാധ്യത ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. 9-ാം വാർഡിൽ ഒരു ഗോബർഗ്യാസ് പ്ലാന്റ് മാത്രമാണുള്ളത്. യാദവത്തെരു പോലുള്ള സ്ഥലങ്ങളിൽ ഇതിനുള്ള സാധ്യതകൾ ഭാവിയിൽ ഉപയോഗപ്പെടുത്തിയാൽ ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം. മാത്രവുമല്ല, ചാണകത്തെ നല്ല വളമാക്കിമാറ്റാനും സാധിക്കും. അതിനെക്കുറിച്ചുള്ള ബോധവൽക്കരണവും ആവശ്യമാണ്.

പട്ടിക - 1

വളർത്തുമൃഗ സംഖ്യ

ക്രമനമ്പർ	ഇനം		എണ്ണം
1	പശു (സങ്കരം)	കറവയുള്ളത്	709
2		കറവയില്ലാത്തത്	187
3	എരുമ -	കറവയുള്ളത്	44
4	-	കറവയില്ലാത്തത്	23
5	ആട്		31
6	പട്ടി		123

പട്ടിക -2

വളർത്ത് പക്ഷി സംഖ്യ

ക്രമനമ്പർ	ഇനം	എണ്ണം
1	പൂവൻ കോഴി	59
2	പിടക്കോഴി	247
3	മുട്ടയിടാത്തത്	30

പട്ടിക - 3

രോഗവിവരങ്ങൾ

ക്രമനമ്പർ	രോഗങ്ങൾ	എണ്ണം			
		പശു	പട്ടി	എരുമ	ആട്
1	ത്വക്ക് രോഗം	147	34	-	-
2	ധാതുലവണങ്ങളുടെ അഭാവം	415	-	-	-
3	പരാദരോഗങ്ങൾ	211	-	-	-
4	പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	4	-	-	-

പട്ടിക - 4

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

വളർത്തുമൃഗങ്ങൾ	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയത്	ഗർഭധാരണത്തിന് രണ്ടിലധികം ബീജസങ്കലനം വേണ്ടിവന്നവ
പശു	773	698	17
കിടാരി	123	-	-
എരുമ	68	-	41

ഈ പഞ്ചായത്തിലെ പശുക്കളിൽ ഭൂരിഭാഗവും അത്യുൽപ്പാദന ശേഷിയുള്ള വിത്തുകാളകളുടെ ബീജസങ്കലനം വഴി ഉണ്ടായിട്ടുള്ളവയാണ്. നാടൻ ഇനങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ജർസി, ക്രോസ്, ഹോൺസ്റ്റീൻ ക്രോസ്സ്, സുനന്ദിനി

ബ്രൗൺ സ്വിഷ് എന്നിവകൂടാതെ പ്രീമിയം ബുള്ളിന്റെ ബീജവും ഇപ്പോൾ പ്രചാരത്തിൽ വന്നു തുടങ്ങിയിട്ടുണ്ട്. എന്നാൽ എരുമകൾ മുഴുവനും നാടൻ ഇനങ്ങളിൽ പെട്ടവയാണ്. ഇത് പാലുൽപാദനത്തെ കാര്യമായും ബാധിക്കുന്നുണ്ട്.

എളയാവൂർ പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാഭാഗങ്ങളിലും പേപ്പട്ടി ശല്യം ഉള്ളതായി കാണാം അലഞ്ഞുതിരിയുന്ന പട്ടികൾ ധാരാളമുണ്ട്. വളർത്തുപട്ടികളും കുറവല്ല. അലഞ്ഞുതിരിയുന്ന പട്ടികളെ ഉന്മൂലനം ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. അതേസമയം വളർത്തുപട്ടികൾക്കാവശ്യമായ ശുശ്രൂഷാ സൗകര്യങ്ങളും പഞ്ചായത്തിനകത്ത് ലഭ്യമാക്കേണ്ടതുണ്ട്.

ധാരാളം വിപണന സൗകര്യങ്ങളുള്ള ഇറച്ചിക്കോഴി വളർത്തൽ ഇവിടെ താരതമ്യേന കുറവാണ് രണ്ട് സ്വകാര്യ യൂനിറ്റുകളാണ് ഉള്ളത്. മുണ്ടയാട് റീജ്യനൽ പൗൾട്രി ഫാം ഒരുകാലത്ത് ദക്ഷിണേന്ത്യയാകെ പ്രചാരമാർജ്ജിച്ചതായിരുന്നു. ഇന്ന് അവയുടെ പ്രവർത്തനം പേരിന് മാത്രമാണ്. അവിടുത്തെ സൗകര്യങ്ങൾ ഇവിടുത്തുകാർക്ക് ലഭ്യവുമല്ല. ഇറച്ചിക്കും മുട്ടക്കും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കോഴികളെ ആശ്രയിക്കേണ്ടി വരുന്നു. വീടുകളിലുള്ള കോഴിവളർത്തലും കുറഞ്ഞു വരുന്നുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്
2. നെൽകൃഷിയിൽ കുറവ് വന്നതുകൊണ്ട് വൈക്കോൽ ക്ഷാമവും അവയുടെ അമിതവിലയും
3. പച്ചപ്പുല്ലിന്റെ ദൗർലഭ്യം
4. കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്.
5. മൃഗസംരക്ഷണത്തിന് സഹായിക്കാനുതകുന്ന മൃഗാശുപത്രികളില്ല.
6. ഐ.സി.ഡി.പി. സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
7. എരുമകളിൽ ഭൂരിഭാഗവും നാടൻ ഇനങ്ങളാണ്. ഇത് പാലുൽപാദനത്തെ സാരമായി ബാധിക്കുന്നു.
8. ഉൽപാദനച്ചെലവിന് ആനുപാതികമായ വർദ്ധനവ് പാലിനില്ല.
9. കൂടുതലാളുകളും മിൽമയെ ആശ്രയിക്കുന്നു. അതുകൊണ്ട് കാലിവളർത്തലിനുള്ള സാധ്യത കുറയുന്നു.
10. ആട് വളർത്തൽ ഗണ്യമായ തോതിൽ കുറയുന്നു.
11. റീജണൽ പൗൾട്രി ഫാമിന്റെ പ്രയോജനം നാട്ടുകാർക്ക് ലഭ്യമല്ല.
12. പൗൾട്രി ഫാമിലെ പന്നിവളർത്തൽ നാമാവശേഷമാകുന്നു.
13. കോഴി വളർത്തലിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.
14. അലഞ്ഞുതിരിയുന്ന പട്ടികൾ വർദ്ധിച്ചു വരുന്നു.
15. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ അറവ് ശാല ഇല്ല.

സാധ്യതകൾ

1. നെൽകൃഷി ഊർജ്ജിതപ്പെടുത്തുക
2. തരിശിടുന്ന നെൽവയലുകളിലും തെങ്ങിൻ തോപ്പുകളിലും തീറ്റപ്പുല്ല് കൃഷിചെയ്യുക.
3. കൂട്ടായ്മ അടിസ്ഥാനത്തിലോ ഒറ്റയ്ക്കോ തീറ്റപ്പുൽ കൃഷിചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുക.
4. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഗുണനിലവാരമുള്ള കാലിത്തീറ്റകൾ നിർമ്മിച്ച് വിതരണം ചെയ്യുക.
5. പഞ്ചായത്തിൽ ഒരു മുഴുവൻ സമയ മൃഗാശുപത്രിയും അവിടെ എല്ലായ്പോഴും ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുക. ഇതിന് ഇന്നത്തെ പൗൾട്രി ഫാം വിപുലപ്പെടുത്തുകയും അവരുടെ സേവനം പഞ്ചായത്തിന് ലഭ്യമാക്കുകയും ചെയ്യുക.
6. ഐ.സി.ഡി.എസ്. സബ് സെന്ററിൽ ബീജ ശീതീകരണ ഉപകരണങ്ങളും അതുവഴി അത്യുൽപാദന ശേഷിയുള്ള ബീജങ്ങളും കുത്തിവെക്കുന്ന രീതി ഫലപ്രദമാക്കുക.
7. അത്യുൽപാദന ശേഷിയുള്ള എരുമകളെക്കുറിച്ച് യാദവസമൂഹത്തെ ബോധവൽക്കരിക്കുകയും ഇന്നത്തെ നാടൻ ഇനങ്ങളെ മാറ്റി പുതിയ ഇനങ്ങളെ വളർത്താനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകാവുന്നതാണ്.
8. മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ ബോധവൽക്കരണം വേണം.
9. കാലികൾക്കുള്ള രോഗപ്രതിരോധ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തണം.
10. മിനി ഗോബർഗ്യാസ് പ്ലാന്റുകളും സ്ഥലപരിമിതിയുള്ള യാദവകോളനിയിൽ കോമൺ ഗോബർഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള ബോധവൽക്കരണവും പ്രോത്സാഹനവും നൽകണം.
11. ചെറുകിട ആടു വളർത്തൽ യൂനിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
12. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവു ശാല സ്ഥാപിക്കുക.
13. എല്ലാ വളർത്തുമൃഗങ്ങളെയും ഇൻഷുറൻസിന്റെ പരിധിയിൽ കൊണ്ടുവരിക.
14. പൗൾട്രി ഫാം കേന്ദ്രീകരിച്ചുള്ള പന്നിവളർത്തൽ വിപുലപ്പെടുത്തുന്നതോടൊപ്പം 'പന്നിവളർത്തൽ, മുയൽവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണവും നടത്തണം.
15. പശു, എരുമ, ആട്, പന്നി, മുയൽ എന്നിവയുടെ യൂനിറ്റുകൾ സ്ഥാപിക്കുന്നതിന് വായ്പ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകണം.
16. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്.
17. പ്രാദേശിക കോഴിവളർത്തു കേന്ദ്രത്തിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും മുട്ടക്കോഴി കുഞ്ഞുങ്ങളെയും ലഭ്യമാക്കണം.

18. പൗൾട്രി ഫാം വിപുലപ്പെടുത്തുന്നതിന് മാനുഷികശേഷി സംബന്ധമായ സഹായങ്ങൾ പഞ്ചായത്തിൽ നിന്ന് സ്വീകരിക്കുക.
19. എല്ലാ വീടുകളിലും കോഴിവളർത്തൽ വ്യാപിപ്പിക്കാവുന്നതാണ്.
20. കോഴി വളർത്തലിന് സ്കൂൾ തലത്തിൽ പരിശീലനം സംഘടിപ്പിക്കണം.
21. അലഞ്ഞുതിരിയുന്ന പട്ടികളെ ഉന്മൂലനം ചെയ്യുക.
22. വളർത്തു നായ്ക്കളെ നികുതിപരിധിയിൽ കൊണ്ട് വരികയും ആവശ്യമായ പ്രതിരോധ കുത്തിവെപ്പുകൾ നടത്തുകയും വേണം.



വ്യവസായം

കണ്ണൂർ ജില്ലയിൽ വ്യാവസായികമായി വളരെ പിറകിൽ നിൽക്കുന്ന എളയാവൂർ പഞ്ചായത്തിന് പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. കൈത്തറി നെയ്ത്ത് ബീഡി, ചുരുട്ട് നിർമ്മാണം, മൺപാത്ര നിർമ്മാണം, എണ്ണയാട്ട്, കള്ള് ചെത്ത്, അവൽ ഇടി, കക്ക ഉപയോഗിച്ച് കുമ്മായ നിർമ്മാണം പായ നെയ്ത്ത് തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. ഇതിൽ കൈത്തറി നെയ്ത്ത് പഞ്ചായത്തിൽ വ്യാപകമായിത്തന്നെ നിലനിന്നിരുന്നു. താഴെചൊവ്വയിലെ യാദവ കോളനി ക്ഷീരവ്യവസായത്തിന്റെ ആവിർഭാവത്തിന് കളമൊരുക്കി.

കണ്ണൂർ പട്ടണത്തോട് ചേർന്ന് കിടക്കുന്ന എളയാവൂർ പഞ്ചായത്തിൽ നാൾക്കു നാൾ വർദ്ധിച്ചുവരുന്ന ജനസാന്ദ്രത വൻകിട വ്യവസായ സംരംഭങ്ങൾക്കുള്ള സാധ്യതക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് കോസ്റ്റ് വീവിങ്ങ്സ്, കോഹിനൂർ വുഡ് ഇന്റഡസ്ട്രീസ്, സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ചൊവ്വ വീവേഴ്സ് കോ-ഓപ്. സൊസൈറ്റി, കേരളാ ദിനേശ് ബീഡിയുടെ വലിയന്നൂർ പ്രൈമറിക്ക് കീഴിലുള്ള മുണ്ടയാട് യൂനിറ്റ് എന്നിവയാണ് കൂടുതൽപേർക്ക് തൊഴിൽ നൽകുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ.

ആധുനിക വ്യവസായ രംഗത്ത്, മേലേചൊവ്വയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനമായ കൂറ്റുക്കാരൻ എഞ്ചിൻ റീബിൽഡേഴ്സ് യൂനിറ്റിലാണ് കൂടുതൽ പേർ ജോലിചെയ്യുന്നത്. ഇവരാകട്ടെ നമ്മുടെ പഞ്ചായത്തിലുള്ളവരുമല്ല. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏക സംരംഭം പ്രാദേശിക കോഴിവളർത്തു കേന്ദ്രമാണ്. വളരെയേറെ വികസന സാധ്യതയുള്ള പ്രസ്തുത ഫാമിൽ 46 പേർ ജോലിചെയ്യുന്നു. മുൻപ് പ്രവർത്തിച്ചിരുന്ന ധാരാളം കൈത്തറി നെയ്ത്ത് കമ്പനികൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. മൺപാത്ര നിർമ്മാണം, എണ്ണയാട്ട്, അവൽ ഇടി, കുമ്മായച്ചൂളകൾ തുടങ്ങിയവ തീരേ അപ്രത്യക്ഷമായി. പഞ്ചായത്തിൽ വ്യവസായതൊഴിലാളികളായി 2350 പേർ ഉണ്ടെങ്കിലും അവരിൽ ഭൂരിപക്ഷവും പഞ്ചായത്തിന് പുറത്തുള്ള വ്യവസായശാലകളിലാണ് ജോലിചെയ്യുന്നത്. പഞ്ചായത്ത് രേഖകളുടെ അടിസ്ഥാനത്തിൽ വ്യവസായരംഗത്ത് 21 ചെറുകിട സ്ഥാപനങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇവയിൽ ഭൂരിപക്ഷവും സ്വകാര്യ മേഖലയിലാണ്.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	തൊഴിലാളികളുടെ എണ്ണം പു.	സ്ത്രീ	ആകെ	കുറഞ്ഞ പ്രതിമാസ ശമ്പളം
1	കൂറ്റുക്കാരൻ എഞ്ചിൻ റീബിൽഡേഴ്സ്, ചൊവ്വ	സ്വകാര്യം	31	1	32	930
2	കാനനൂർ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് എളയാവൂർ സൗത്ത്	,,	2	0	2	2000
3	സ്റ്റെർലിങ്ങ് ഫാം, തെഴുക്കിൽ പീടിക	,,	6	0	6	1000
4	കോഹിനൂർ വുഡ് ഇന്റസ്ട്രീസ് (പ്ലൈവുഡ്) കക്കാട്.	,,	33	9	42	1000
5	കാനനൂർ സ്റ്റീൽ ഇൻഡസ്ട്രീസ്,ചൊവ്വ.	,,	2	0	2	1000
6	ഹിന്ദുസ്ഥാൻ എഞ്ചിനീയറിങ്ങ് കമ്പനി, മേലെചൊവ്വ	,,	1	0	1	400
7	പോളിറോക്സ് ഇന്റസ്ട്രീസ്, ചൊവ്വ	,,	1	5	6	700
8	സി.പി. എഞ്ചിനീയറിങ്ങ്, കണ്ണോത്തും ചാൽ	,,	2	0	2	1250
9	ശാരദാ പ്ലാസ്റ്റിക്സ്, കണ്ണോത്തും ചാൽ.	,,	4	0	4	1100
10	ജെം റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്സ്	,,	2	0	2	1000

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	തൊഴിലാളികളുടെ എണ്ണം പു.	സ്ത്രീ	ആകെ	കുറഞ്ഞ പ്രതിമാസ ശമ്പളം
11	വികൂറി എഞ്ചിനീയറിങ്ങ്	സ്വകാര്യം	6	0	6	1100
12	ചൊവ്വ ഓട്ടോമൊബൈൽസ്സ്,ചൊവ്വ	''	2	0	2	500
13	മാർവൽ എഞ്ചിനീയറിങ്ങ്, കണ്ണോത്തും ചാൽ	''	1	0	1	800
14	ബി.ആർ.ബി. ഓഫ്സെറ്റ് പ്രിന്റിങ്ങ് പ്രസ്സ്, ചൊവ്വ	''	1	5	6	500
15	ഗോകുൽ പ്രിന്റേഴ്സ് വാരം	''	2	0	2	800
16	പ്രാസ്റ്റിക് റസിൻസ്	''	4	0	4	1000
17	കാർകെയർ സെന്റർ, ചൊവ്വ	''	3	0	3	450
18	ഐ.കെ.സി. മെറ്റൽ വർക്സ് (സ്റ്റോൺ ക്രഷർ)	''	15	7	22	ലഭ്യമല്ല
19	പുഞ്ചിരി മാർബിൾസ്	''	1	0	1	''
20	എടക്കാട് ബ്ലോക്ക് വുമൺ ഇൻഡസ്ട്രിയൽ കോ.ഓപ്. സൊസൈറ്റി	സഹകരണം	0	4	4	1000
21	ഹരികോ പ്രിന്റേഴ്സ്, മുണ്ടയാട്	''	3	2	5	520
	ആകെ		122	33	155	

പരമ്പരാഗത വ്യവസായത്തിൽ ബീഡിതെറുപ്പ് തകർച്ചയെ അഭിമുഖീകരിക്കുന്നു. കൈത്തറി മേഖലയിലാവട്ടെ ഇപ്പോൾ പുത്തൻ ഉണർവ്വ് കൈവന്നിട്ടുണ്ടെങ്കിലും വിദഗ്ധരായ തൊഴിലാളികളുടെ അഭാവം കാണാം. കൈത്തറി തൊഴിലാളികൾ ഉൾപ്പെടാത്ത കുടുംബങ്ങൾ വിരളമായിരുന്ന പഞ്ചായത്തിലെ മുൻകാല ചരിത്രം ഇന്ന് ഓർമ്മമാത്രമായി തീർന്നിരിക്കുന്നു. മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ധാരാളം സ്വകാര്യ നെയ്ത്ത് കമ്പനികൾ ഇപ്പോൾ പഴയ പ്രതാപത്തിന്റെ സ്മാരകം പോലെ നിലകൊള്ളുന്നു. അങ്ങിങ്ങായി ഒറ്റപ്പെട്ട നിലയിൽ കേൾക്കാവുന്ന കടകട ശബ്ദങ്ങൾ മാത്രമായി ഈ അനന്ത സാദ്ധ്യതകളുള്ള മേഖല മെഴുകുതിരിപോലെ എരിഞ്ഞ് തീരുകയാണ്. തകർന്നുകൊണ്ടിരിക്കുന്ന ബീഡിതെറുപ്പിൽ നിന്നും തൊഴിലാളികൾ കൂട്ടം കൂട്ടമായി കെട്ടിട നിർമ്മാണത്തിലേക്ക് ചേക്കേറുന്ന അവസ്ഥയാണ് ഇന്ന് കാണുന്നത്.

പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ച വിവരം

പട്ടിക - 2

ക്രമനമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ
1	കൈത്തറി (സ്വകാര്യം)	50	6	56
2	കൈത്തറി (സഹകരണം)	30	20	59
3	ബീഡിതെറുപ്പ് (സ്വകാര്യം)	109	18	127
4	ബീഡിതെറുപ്പ് (സഹകരണം)	193	66	259
5	ചെത്ത്	29	0	29
	ആകെ	420	110	530

എളയാവൂർ പഞ്ചായത്തിൽ അങ്ങിങ്ങായി പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളുടെ വിവരം

പട്ടിക 3

ക്രമനമ്പർ	ഇനം	യൂനിറ്റുകളുടെ എണ്ണം	തൊഴിലാളികൾ പു.	സ്ത്രീ	ആകെ
	<u>സ്വകാര്യമേഖല</u>				
1	പ്രിന്റിങ്ങ്	3	3	7	10
2	പ്ലാസ്റ്റിക്	3	8	3	11
3	എഞ്ചിനീയറിങ്ങ്	4	40	1	41
4	ഫാർമസ്യൂട്ടിക്കൽ (പൂട്ടിക്കിടക്കുന്നു)	1	5	2	7
5	കെമിക്കൽസ്	1	6	0	6
6	എല്ലുപൊടി ഫാക്ടറി	1	3	0	3
7	ഗാർമെന്റ്	3	5	15	20
8	ബീഡി	8	109	18	127
9	തടിവ്യവസായം	1	4	0	4
10	കൈത്തറി വ്യവസായം		41	9	50
11	പ്ലൈവുഡ്	1	24	9	33

ക്രമനമ്പർ	ഇനം	യൂനിറ്റുകളുടെ എണ്ണം	തൊഴിലാളികൾ പു.	സ്ത്രീ	ആകെ
12	ടെക്സ്റ്റൈൽ ആന്റ് ഫിനിഷിങ്ങ്	2	13	1	14
13	വർക്ക്ഷോപ്പ്	2	7	0	7
14	ചെത്ത്	2	28	0	28
15	മെറ്റൽ വർക്സ്	1	15	7	22
	പൊതുമേഖല				
16	റീജ്യനൽ പൗൾട്രി ഫാം	1	29	4	33
	സഹകരണ മേഖല				
17	പ്രിന്റിങ്ങ്	2	4	3	7
18	ക്ഷീരം	2	18	2	20
19	കൈത്തറി	1	50	26	76
20	പേപ്പർബാഗ്	1	3	2	5
21	കരകൗശലം	1	0	13	13
22	ഗാർമെന്റ്സ്	2	0	7	7
23	വെളിച്ചെണ്ണ	1	3	0	3
24	ബീഡി	1	63	13	76
25	ലെതർ	1	5	0	5
	ആകെ	486	142	628	

ചെറുകിട വ്യവസായ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ എണ്ണം തുലോം കുറവാണ്. ബീഡി, കൈത്തറി രംഗത്തേക്ക് കൂടുതലും കടന്നുവരുന്നത് സ്തീകളാണ്. വളരെ ചെറിയ കൂലി മാത്രം ലഭിക്കുന്ന വസ്ത്ര നിർമ്മാണ(ഗാർമെന്റ്സ്)മേഖലയിൽ പഞ്ചായത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലായി പഞ്ചായത്തിലെ ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ആകർഷകമായ കൂലി ലഭിക്കുന്ന കെട്ടിട നിർമ്മാണ മേഖലയിലേക്ക് ഒഴുകിപ്പോകുന്ന ധാരാളം തൊഴിലാളികളുടെ ഒഴിവിലേക്ക് കൂടുതൽ സ്ത്രീ തൊഴിലാളികൾക്ക് അവസരം കണ്ടെത്താൻ സാധിക്കും.

പഞ്ചായത്തിനകത്ത് വ്യവസായരംഗത്ത് സഹകരണമേഖലയിൽ 12 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിലാളികളുടെ എണ്ണം പരിമിതമാണ്. കൂടുതൽ പേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ ഈ മേഖലയിൽ സാധ്യതയുണ്ട്.

12 സ്ഥാപനങ്ങളിലായി പുരുഷൻമാരും സ്ത്രീകളുമടക്കം 214 പേർ ജോലി ചെയ്യുന്നുണ്ട്. (പട്ടിക 4)

പട്ടിക - 4

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിലാളികൾ പു	സ്ത്രീ	ആകെ
1	എടക്കാട് ബ്ലോക്ക് പട്ടികജാതി സഹകരണ സംഘം (ഹരികോ പ്രിന്റേഴ്സ്)	3	2	5
2	ലിറ്റ്കോ പ്രിന്റേഴ്സ്	2	2	4
3	കാനനൂർ കോ-ഓപ് മിൽക്ക് സപ്ലൈ സൊസൈറ്റി	5	0	5
4	എളയാവൂർ ക്ഷീരോൽപാദക സഹകരണ സംഘം	13	2	15
5	ചൊവ്വ വീവേഴ്സ് കോ-ഓപ്. സൊസൈറ്റി	50	26	76
6	കണ്ണൂർ താലൂക്ക് പേപ്പർ ബാഗ് മേക്കിങ്ങ് കോ.ഓപ്. സൊസൈറ്റി	2	3	5
7	വനിതാ കരകൗശല വ്യവസായ സഹകരണ സംഘം	0	13	13
8	എടക്കാട് ബ്ലോക്ക് വനിതാവ്യവസായ സഹകരണ സംഘം	0	4	4
9	എളയാവൂർ മഹിളാ ഗ്രാമവ്യവസായ സഹകരണ സംഘം	0	3	3
10	എളയാവൂർ എണ്ണ ഉൽപാദക സഹകരണ സംഘം	3	0	3
11	എളയാവൂർ ലെതർ വർക്കേഴ്സ് കോ-ഓപ് സൊസൈറ്റി	5	0	5
12	വലിയന്നൂർ ബീഡിവർക്കേർസ് കോ-ഓപ്. സൊസൈറ്റി	63	13	76
	ആകെ	146	68	214

105 ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ വ്യവസായരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 400 പേർ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നതായി കാണുന്നു. ഇനം തിരിച്ച് യൂനിറ്റുകളുടെ എണ്ണം പട്ടിക 5 ൽ.

പട്ടിക - 5

ക്രമനമ്പർ	ഇനം	യൂനിറ്റുകളുടെ എണ്ണം
1	ഫർണിച്ചർ	12
2	ടിൻ മേക്കിങ്ങ്	1
3	മാർബിൾ	2
4	ടിമ്പേർസ്	8
5	റൈസ് ആന്റ് ഫ്ളോർ മിൽ	12
6	ഓയൽമിൽ	2
7	ടർപ്പന്റൈൻ നിർമ്മാണം	1
8	ടയർ റീസോളിങ്ങ്	5
9	സ്യൂട്ട് കേസ്	1
10	പപ്പടം	1
11	ചെരിപ്പ്, ഷൂ നിർമ്മാണം	1
12	ഡൈയിങ്ങ്	3
13	ബേക്കറി	6
14	ഓടം, നല്ലി നിർമ്മാണം	2
15	ഫയർ വർക്സ്	1
16	ബുക് ബൈന്റിങ്ങ്	1
17	ഓട്ടോമൊബൈൽ വർക് ഷോപ്പ്	14
18	പ്രിന്റിങ്ങ് പ്രസ്സ്	4
19	ഇഞ്ചിനീയറിങ്ങ്	6
20	സോഡാനിർമ്മാണം	5
21	ഗ്രിൽസ് ഗേറ്റ് നിർമ്മാണം	9
22	ലെതർബാഗ്	2
23	ഐസ്ക്രീം	1
24	അപ്ഹോൾസ്റ്ററി	2
	ആകെ	105

വ്യവസായരംഗത്തെ സ്ത്രീ പങ്കാളിത്തം

പഞ്ചായത്തിലെ ജനസംഖ്യയിൽ 52.5% സ്ത്രീകളാണെങ്കിലും വ്യവസായ രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെക്കുറവാണെന്ന് കാണാം. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്ന വ്യവസായ സംരംഭങ്ങൾ അത്യന്താപേക്ഷിതമാണ്. ബീഡി, ഗാർമെന്റ്സ് മേഖലകളിലാണ് കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്നത്. കാർഷിക രംഗത്തുനിന്നും സ്ത്രീ തൊഴിലാളികൾ അകന്നുപോകുന്നു. വ്യാവസായിക മേഖലയെ ശരണം പ്രാപിക്കുന്നു. ഗാർമെന്റ്സ് മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പഞ്ചായത്തിലെ വളരെയധികം പേർക്ക് തൊഴിൽകൊടുക്കുവാനും സാധിക്കും. ഇവിടെ തൊഴിലെടുക്കുന്നതായ 1135 സ്ത്രീകളിൽ ഭൂരിഭാഗവും പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലാണ് ജോലിചെയ്യുന്നത്. വ്യവസായത്തിലേർപ്പെട്ടവരാകട്ടെ വെറും 245 മാത്രമാണ്.

വ്യാവസായിക പ്രശ്നങ്ങൾ

സ്ഥലലഭ്യത കുറവാണെങ്കിലും മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് സംരംഭകരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. വൈദ്യുതി കണക്ഷൻ, ലൈസൻസ്, സബ്സിഡി വായ്പ ലഭിക്കൽ എന്നിവയിലുള്ള കാലതാമസം സർക്കാർ ഉത്തരവുകൾ മൂലം ഒഴിവാക്കാവുന്നതാണ്. സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവവും വൈദഗ്ധ്യക്കുറവും പരിഹരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിർദ്ദേശിക്കുക. വിദഗ്ധതൊഴിലാളികളുടെ അഭാവം ശ്രദ്ധിച്ചാൽ ഒഴിവാക്കാവുന്നതേയുള്ളൂ. സർക്കാർ ഉദ്യോഗത്തിനുള്ള അമിതാഗ്രഹമാണ് സ്വയം തൊഴിൽ ചെയ്യുവാനുള്ള താൽപര്യക്കുറവിന് കാരണമായികാണുന്നത്. വ്യവസായ സംരംഭങ്ങൾക്കുതകുന്ന വിദ്യാഭ്യാസവും വൈദഗ്ധ്യവും ലഭിച്ചവരെ വിജയികളായ സംരംഭകരുമായി ഇടപെടാൻ അവസരമൊരുക്കിയാൽ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. ഉൽപ്പന്നങ്ങളുടെ ഗുണമേൻമ, ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ എന്നീ പ്രശ്നങ്ങളിൽ പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുന്ന വ്യവസായിക സെന്റർ മുഖാന്തിരം ഉപദേശവും സഹായവും ചെയ്തു കൊടുക്കാവുന്നതാണ്. കുടിൽ വ്യവസായത്തിന് വിഘാതമാവുന്ന പ്രധാന കാരണമായ സാധനം കടത്തൽ പ്രശ്നം ഇടവഴികൾ വീതികൂട്ടിയും ട്രോളികൾ ലഭ്യമാക്കിയും പരിഹരിക്കാം.

പ്രശ്നങ്ങൾ

1. പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള സ്ഥലലഭ്യതകുറവ്.
2. വൈദ്യുതി കണക്ഷൻ, ലൈസൻസ്, സബ്സിഡി വായ്പ ലഭിക്കൽ എന്നിവയിലുള്ള കാലതാമസം.
3. സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവവും വൈദഗ്ധ്യക്കുറവും പരിഹരിക്കാനുള്ള ശ്രമങ്ങൾ ഇല്ല.
4. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
5 സർക്കാർ ഉദ്യോഗങ്ങളോടുള്ള അമിതമായ ആഗ്രഹം.
6. സ്വയം തൊഴിൽ ചെയ്യാനുള്ള താൽപര്യക്കുറവ്.
7. വ്യവസായ സംരംഭങ്ങൾക്കുതകുന്ന വിദ്യാഭ്യാസവും വൈദഗ്ധ്യവും ലഭിച്ചവർക്ക് വിജയികളായ സംരംഭകരുമായി ഇടപെടാനുള്ള അവസരക്കുറവ്.
8. കുടിൽ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി.
9. പരമ്പരാഗത വ്യവസായങ്ങളുടെ മുരടിപ്പ്.
10. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനത്തിന്റെ അഭാവം.
11. കൈത്തറി തൊഴിലിനോടുള്ള അഭിമുഖ്യമില്ലായ്മ.
12. വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം പൊതുജനാരോഗ്യത്തെ ബാധിക്കുന്നു.

സാധ്യതകൾ

1. വ്യാവസായിക സംരംഭകരുടെ സൗകര്യാർത്ഥം ചെറുകിട വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.
3. വൈദ്യുതി കണക്ഷൻ, ലൈസൻസ്, സബ്സിഡിവായ്പ ലഭിക്കൽ എന്നിവയിലുള്ള കാലതാമസം ഒഴിവാക്കുക.
4. തൊഴിൽ മേഖലയിലുള്ളവർക്ക് വിദഗ്ധ പരിശീലനം നൽകുക.
5. നാശോൻമുഖമായ കൈത്തറി മേഖല പുന:സ്ഥാപിക്കുക.
6. പരമ്പരാഗത തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്താനുള്ള നടപടികളും പുനരുദ്ധരിക്കാനുള്ള സാഹചര്യങ്ങളും നൽകുക.
7. വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക.
8. തലച്ചുമട് വഴി സാധനം കടത്തുന്നതൊഴിവാക്കി ലഘുയന്ത്രങ്ങളുപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക.
9. സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.
10. സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പുതിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
11. തൊഴിൽ പരിശീലനങ്ങൾ സ്കൂളുകളിൽ വെച്ചേ ആരംഭിക്കുക.
12. ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽമുടക്കാൻ പ്രേരിപ്പിക്കുക.
13. പഞ്ചായത്തിൽ വ്യാവസായിക ഗൈഡൻസ് സെന്റർ സ്ഥാപിക്കുക.
14. കാർഷിക ഉപകരണങ്ങളുടെ ഉൽപാദനവും റിപ്പയറിങ്ങും ആരംഭിക്കുക.
15. കട്ടില, ജനൽ, ഫർണിച്ചർ എന്നിവ നിർമ്മിക്കാനുള്ള സംരംഭങ്ങൾ ഉണ്ടാക്കുക.
16. മാവ് ആട്ടുന്നതിനുള്ള അരവ് യന്ത്രവും ഫ്ളവർ മില്ലുകളും സ്ഥാപിക്കുക.
17. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് പരിശീലനം നൽകി പുതിയ മോഡലുകളും ഡിസൈനുകളും പ്രാവർത്തികമാക്കുക.
18. ഭക്ഷ്യ വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള യൂനിറ്റ് സ്ഥാപിക്കുക.
19. പഞ്ചായത്തിൽ ജലലഭ്യതയുള്ള സ്ഥലങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ സിമന്റ് ഹോളോ ബ്രിക്സ് നിർമ്മാണം.
20. നാളികേര സംസ്കരണ യൂനിറ്റ്, കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് എന്നിവ സ്ഥാപിക്കുക.
21. പലഹാര നിർമ്മാണം, ഡ്രൈ വാഷിങ്ങ്, ട്രോളി നിർമ്മാണം, നോട്ട്ബുക്ക്, സോപ്പ്, മെഴുകുതിരി, ചെരിപ്പ് നിർമ്മാണ യൂനിറ്റുകൾ സ്ഥാപിക്കുക.
22. വ്യാവസായിക ട്രെയിനിങ്ങ്, ഇൻഫോർമേഷൻ കൺസൾട്ടിങ്ങ്, ഗൈഡൻസ് സെന്റർ, എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.
23. തൊഴിൽ മേഖലകളെ അടിസ്ഥാനപ്പെടുത്തി തൊഴിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

വിദ്യാഭ്യാസം

കഴിഞ്ഞ നൂറ്റാണ്ടിന്റെറ ഉത്തരാർദ്ധത്തിൽതന്നെ ഔപചാരികവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്ത് വളരെ മുന്നിലാണ്. ബ്രിട്ടീഷുകാരുടെ ഭരണവും കണ്ണൂരിലുള്ള അവരുടെ ബന്ധവും പാതിരിപ്പറമ്പിൽ ബാസൽ മിഷൻകാരുടെ കൃസ്ത്യൻ പള്ളിയും ക്രൈസ്തവ പുരോഹിതൻമാരുമായുള്ള സമ്പർക്കവുമായിരുന്നു ഇതിന് കാരണം. ഇതിന്റെ ഫലമായി വളരെ മുമ്പ് തന്നെ ചൊവ്വ, മുണ്ടയാട്, എന്നീ പ്രദേശങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടി, ഡൽഹി, മദ്രാസ്, കോയമ്പത്തൂർ എന്നിവിടങ്ങളിൽ ഉയർന്ന ഉദ്യോഗം വഹിച്ച നിരവധിപേരുണ്ടായിരുന്നു. അതോടൊപ്പം തന്നെ ഗ്രാമത്തിന്റെ പലഭാഗങ്ങളിലും കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു എന്നത് ഈ പഞ്ചായത്തിന്റെ ഒരു സവിശേഷതയാണ്. അവിടെ പണ്ഡിതൻമാരും ഭാവനാ സമ്പന്നരുമായിരുന്ന എഴുത്തച്ഛൻമാർ സാധാരണക്കാരന്റെ വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായ ഉന്നതിക്കുവേണ്ടി അനുഷ്ഠിച്ച സേവനം എടുത്തുപറയേണ്ടതുണ്ട്. ലഭ്യമായ രേഖകൾ അനുസരിച്ച് 1882-ൽ സ്ഥാപിച്ച എളയാവൂർ സൗത്ത് എൽപി സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. മതുമ്മൽ ബാപ്പുഗുരുക്കൾ കൂടത്തും താഴെ നടത്തിവന്നിരുന്ന കുടിപ്പള്ളിക്കൂടമാണ് പിന്നീട് എലിമെന്ററി സ്കൂളായി മാറിയത്. കുലാലർ, വാണിയർ, തുടങ്ങിയ സമുദായക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശമായിരുന്നു അത്. മറ്റ് വിഭാഗക്കാർ പേരിനുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സ്ഥാപനം വന്നതോടുകൂടി പ്രദേശത്തിന് പുതിയ ഉണർവ്വുണ്ടായി. എന്നാൽ എളയാവൂർ സൗത്ത് എൽ.പി. സ്കൂളിനേക്കാൾ പഴക്കം ചെന്നതും ചന്തുമാസ്റ്റർ സ്ഥാപിച്ച മാവുപ്പാടി സ്കൂൾ എന്നപേരിൽ അറിയപ്പെടുന്ന എളയാവൂർ യു.പി. സ്കൂളാണെന്നും അഭിപ്രായമുണ്ട്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സവർണ്ണാവർണ്ണ വ്യത്യാസം ഉണ്ടായിരുന്നില്ല എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആദ്യകാലത്ത് അവർണ്ണവിഭാഗത്തിലുള്ളവരായിരുന്നു വിദ്യാഭ്യാസകാര്യത്തിൽ ഏറെ മുന്നിട്ടുനിന്നിരുന്നത്. അദ്ധ്യാപകരായിരുന്ന വി.പി. നാരായണൻ മാസ്റ്റർ, വി.പി. ചിണ്ടൻ മാസ്റ്റർ, വി.പി. ദേവകിയമ്മ, സി.കെ. കുഞ്ഞമ്പുമാസ്റ്റർ, പി.വി. കുഞ്ഞപ്പമാസ്റ്റർ, വി. കേളുമാസ്റ്റർ എന്നിവരാണ് നമ്മുടെ പഞ്ചായത്തിലെ പുരോഗമന പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഇതിന് പ്രേരണ നൽകിയത് ദേശീയ പ്രസ്ഥാനത്തിലെ സമുന്നത നേതാക്കൻമാരായ ശ്രീ. പി. കൃഷ്ണപ്പിള്ളയും ശ്രീ. എ.കെ.ജി. യുമായിരുന്നു.

വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെടുത്തി എടുത്തുപറയേണ്ട രണ്ട് മാന്യ വ്യക്തികളാണ് ശ്രീ. സി.കെ. കുഞ്ഞിരാമൻ മാസ്റ്ററും ശ്രീ. വാണിദാസ് എളയാവൂരും. വിശിഷ്ട അദ്ധ്യാപകനുള്ള ദേശീയ അവാർഡിന് അർഹനായ ശ്രീ. വാണിദാസും സംസ്ഥാന അവാർഡിനർഹനായ സി.കെ. കുഞ്ഞിരാമൻ മാസ്റ്ററും നമ്മുടെ പഞ്ചായത്തിലാണെന്നത് അഭിമാനത്തിന് വക നൽകുന്നു.

1980-ൽ കാൻഫെഡിന്റെ പ്രവർത്തനപരിപാടി എന്നനിലയിൽ കണ്ണൂർ ജില്ലയിൽ എടക്കാട്, എളയാവൂർ, പയ്യന്നൂർ എന്നീ പഞ്ചായത്തുകളിൽ 'മൂന്നുമാസം കൊണ്ട് സാക്ഷരത' എന്ന പരിപാടി സംഘടിപ്പിക്കപ്പെടുകയുണ്ടായി. അന്നാണ് എളയാവൂർ പഞ്ചായത്തിലാദ്യമായി സാക്ഷരതാ പ്രവർത്തനം ആരംഭിച്ചത്. 1990-ൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനത്തിന് ഇത് വളരെ സഹായകമായിരുന്നു. സാക്ഷരതായജ്ഞത്തിന്റെ ഭാഗമായുള്ള എളയാവൂർ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ വിജയകരമായിരുന്നു.

വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗുരുകുലം പദ്ധതിയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സമിതികൾ നിലവിൽ വന്നിട്ടുണ്ട്. ഇതുപോലെതന്നെ ജനകീയ തലത്തിൽ പഞ്ചായത്ത് വാർഡ് സമിതികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം പി.ടി.എ., മാതൃസംഘം, എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. വാർഡ് സമിതിയുടെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് എൽ.പി. യുപി. ഹൈസ്കൂൾ വിഭാഗങ്ങളിലായി പഞ്ചായത്ത് വക പാരിതോഷികങ്ങളും നൽകുകയുണ്ടായി.

പ്രീ-പ്രൈമറി വിദ്യാഭ്യാസം

1) സ്ഥിതി : ഈ പഞ്ചായത്തിൽ 15 അംഗൻവാടികളും ഒരു ശിശുമന്ദിരവും 5 അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമുണ്ട്.

2) വിമർശനങ്ങൾ : 15 അംഗൻവാടികളുണ്ടെങ്കിലും ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇനിയും ഇത്രതന്നെ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഉള്ളവ തന്നെ ചില സ്ഥലങ്ങളിൽ നിന്ന് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. വാർഡിലുള്ള മുഴുവൻ കുട്ടികൾക്കും വരാനും പോകാനും സാധ്യതയുള്ള സ്ഥലങ്ങളിലായിരിക്കണം ഇത്തരം സ്ഥാപനങ്ങൾ. ഇവ, ഐ.സി.ഡി.എസ്. പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിലാണ്. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, കെട്ടിടങ്ങൾ എന്നിവ വേണ്ടത്രയില്ല.

3) നിർദ്ദേശങ്ങൾ : പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളുടെയും സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഇവ എത്രയെണ്ണം എവിടെയൊക്കെ വേണമെന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങളും കണ്ടുപിടിക്കേണ്ടതുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനവും പുന:പരിശീലനവും നൽകണം. അതോടൊപ്പം മതിയായ വേതനവും മറ്റാനുകൂല്യങ്ങളും അതായത് ജോലിസ്ഥിരത, പ്രമോഷൻ, പെൻഷൻ എന്നിവ കൂടി കണക്കിലെടുക്കണം. റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും മറ്റും സേവനം ഈ രംഗത്ത് ഉപയോഗപ്പെടുത്തണം. കളിക്കോപ്പും പഠനോപകരണങ്ങളും ജനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കണം.

പൊതുവിദ്യാഭ്യാസം

1) സ്ഥിതി : പഞ്ചായത്തിൽ ആകെ 13 വിദ്യാലയങ്ങളും ഒരു കോളേജും കണ്ണൂർ യൂനിവേഴ്സിറ്റിയുടെ നേരിട്ട് കീഴിലുള്ള ഒരു ബി.എഡ്. സെന്ററും എം.എഡ്. സെന്ററുമുണ്ട്. ഇതിനുപുറമേ ഒരു ലൈഫ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ്ങ് സെന്ററും ഇവിടെ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ 1, യു.പി. 6, എൽ.പി. 6. ഇതിൽ ഒരു എൽ.പി. സ്കൂളൊഴികെ ബാക്കിയെല്ലാം സ്വകാര്യ മാനേജ്മെന്റിനു കീഴിലുള്ള സ്ഥാപനങ്ങളാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ഏക സ്കൂളായ ചൊവ്വ ഗവ: എൽ.പി. സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

വാർഡ്	എൽ.പി. സ്കൂൾ	യുപി.സ്കൂൾ	ഹൈസ്കൂൾ	കോളേജ്	മറ്റുള്ളവ
1		1			
2					
3		1			
4				1+1 (B Ed.) (M Ed.)	
5					
6	1				
7		1			
8	1	2	1		
9	1				
10	1				
11	1				
12	1	1		1	
ആകെ	6	6	1	2	

ഈ കണക്ക് വെച്ച് നോക്കുമ്പോൾ 2,4,5 എന്നീ വാർഡുകളിൽ സ്കൂളുകൾ തീരെ ഇല്ലെന്ന് കാണാം. രണ്ടാം വാർഡിൽ കുനിയിൽ പീടിക ഭാഗത്ത് ഒരു എൽ.പി. സ്കൂൾ ആവശ്യമാണെന്ന് ഗ്രാമസഭക്കുള്ളിൽ സൂചിപ്പിച്ചിരുന്നു. അതുപോലെത്തന്നെ സ്കൂളുകളൊന്നുമില്ലാത്ത നാലാം വാർഡിലും ഒരു എൽ.പി. സ്കൂൾ അത്യാവശ്യമാണ്.

പട്ടിക -1 **പൊതുവിദ്യാഭ്യാസം**

ക്രമ നമ്പർ	സ്കൂൾ കോഡ്	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത				വിഭാഗം				പ്രദേശം		
				സർക്കാർ	അർദ്ധ സർക്കാർ	സ്വകാര്യം	സ്വ. അനാഗാരികൃതം	എൽ.പി.	യു.പി.	സെക്കൻഡറി	എച്.എസ്.സെക്കൻഡറി	ഗ്രാമം	നഗരം	അർദ്ധ നഗരം
1	01	സി.എച്ച്. എം. ഹൈസ്കൂൾ, വാരം	8			✓			✓		✓	✓		
2	02	വാരം യു.പി. സ്കൂൾ	8			✓						✓		
3	03	ധർമ്മോദയം എൽ.പി. സ്കൂൾ	8			✓		✓				✓		
4	04	എളയാവൂർ യു.പി. സ്കൂൾ	8			✓			✓			✓		
5	05	അതിരകം യു.പി. സ്കൂൾ	1			✓			✓			✓		
6	06	എടച്ചൊവ്വ യു.പി. സ്കൂൾ	3			✓			✓			✓		
7	07	വാണീവിലാസം യു.പി. സ്കൂൾ	7			✓			✓			✓		
8	08	എളയാവൂർ സെൻട്രൽ എൽപി സ്കൂൾ	9			✓		✓				✓		
9	09	എളയാവൂർ സൗത്ത് എൽ.പി. സ്കൂൾ	10					✓				✓		
10	10	മുണ്ടയാട് എൽ.പി. സ്കൂൾ	6			✓		✓				✓		
11	11	ഗവ: എൽ.പി. സ്കൂൾ, ചൊവ്വ	11	✓				✓				✓		
12	12	കിഴുത്തള്ളി വെസ്റ്റ് എൽപി. സ്കൂൾ	12			✓		✓				✓		
13	13	കിഴുത്തള്ളി ഈസ്റ്റ് യു.പി. സ്കൂൾ	12			✓			✓			✓		

നിർദ്ദേശങ്ങൾ

സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വകാര്യ മാനേജ്മെന്റുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇതിന് അദ്ധ്യാപകരും നാട്ടുകാരും സഹകരണ മനോഭാവം ഉൾക്കൊള്ളുകയും വേണം. വാർഡിന്റെ സാദ്ധ്യതകൾക്കും പരിമിതികൾക്കും അപ്പുറത്തുള്ള കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വിദ്യാലയ സമിതികളെ സജ്ജമാക്കണം. കൂടാതെ പഞ്ചായത്ത് സമിതികളും സജീവമാക്കണം.

ഭൗതികസാഹചര്യങ്ങൾ

1) **സ്ഥിതി** : ഏറ്റവും കുറഞ്ഞ സൗകര്യം പോലുമില്ലാത്ത മൂന്ന് സ്കൂളുകളാണ് ഉള്ളത്. അവയിൽതന്നെ 30 സെന്റിന് മേലെയുള്ള 4 വിദ്യാലയങ്ങളാണുള്ളത്. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് യഥേഷ്ടം ഓടിച്ചാടി കളിക്കുവാനുള്ള കളിസ്ഥലങ്ങൾ ഇല്ല. വിദ്യാലയത്തിന്റെ തറ മണ്ണും പൊടിഞ്ഞതും നിറഞ്ഞതും ചുവരുകൾ തേക്കാത്തതുമാണ്. ക്ലാസ്സ് മുറികളിലെ ഉപകരണങ്ങൾ അപര്യാപ്തമാണ്. മുഴുവൻ വിദ്യാലങ്ങളിലും ലബോറട്ടറിയും ലൈബ്രറിയും ഇല്ല. മൂത്രപ്പുരയും കക്കൂസുകളില്ലാത്ത സ്കൂളുകളാണ് കൂടുതലും. മൂന്ന് സ്കൂളിന് മാത്രമാണ് ഈ വക സൗകര്യങ്ങളുള്ളത്. വൈദ്യ സൗകര്യമില്ലാത്ത 9 സ്കൂളുകൾ ഉണ്ട്. 4 സ്കൂളുകൾക്ക് തീരെ കളിസ്ഥലമില്ല. 9 വിദ്യാലയങ്ങൾക്ക് സ്വന്തമായി കുടിവെള്ളം ലഭിക്കാനുള്ള സൗകര്യമില്ല.

2) **വിമർശനങ്ങൾ** : മിനിമം സൗകര്യമുള്ള 9 വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഒരു വിദ്യാലയത്തിന്റെ കെട്ടിടം വളരെ പഴകിയതാണ്. വൈദ്യുതി സൗകര്യമുള്ളത് 4 സ്കൂളുകൾക്കാണ്. സ്കൂൾ കെട്ടിടങ്ങളിൽ ഓഫീസ് മുറി, സ്റ്റാഫ് മുറി എന്നിങ്ങനെ വ്യത്യസ്ത ഉദ്ദേശങ്ങൾ നിറവേറ്റുന്നതിന് സൗകര്യം കുറവാണ്. ക്ലാസ്സുകൾക്ക് താൽക്കാലികമായി വേർതിരിവും പലയിടത്തുമില്ല. ലാബട്ടറി ഉണ്ടെങ്കിലും പ്രത്യേകം മുറിയോ, ഫർണിച്ചറുകളോ മിക്കസ്ഥലത്തുമില്ല. വിദ്യാലയങ്ങളിലെ മൂത്രപ്പുരയും കക്കൂസും ആൺ-പെൺ എന്ന വേർതിരിവുമില്ല. കളിസ്ഥലമില്ലാത്തത് കൊണ്ട് കായിക വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. സ്വന്തമായി കിണറില്ലാത്തതു കൊണ്ട് കുടിവെള്ള പ്രശ്നവും ഉണ്ട്. എല്ലാ സ്കൂളുകൾക്കും വൈദ്യുതി സൗകര്യം ഉണ്ടാവണം.

3) എല്ലാ വിദ്യാലയങ്ങൾക്കും മിനിമം സ്ഥലസൗകര്യം ഉണ്ടാകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഒന്നിലധികം വിദ്യാലയങ്ങൾക്ക് പൊതുവേയുള്ള കളിസ്ഥലങ്ങൾ മറ്റു വിനോദോപാധികൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. പഴയ കെട്ടിടങ്ങൾ മാറ്റി പണിയേണ്ടതുണ്ട്. ക്ലാസ്സ് മുറികൾക്ക് വേർതിരിവ് വേണം. യോഗങ്ങൾ ചേരുവാനും മറ്റും ഉതകുന്ന ഒരു ഹാളെങ്കിലും ഉണ്ടാകണം. അതിന് താൽക്കാലികമായ വേർതിരിവാണ് നല്ലത്.

ഭൗതിക സാഹചര്യങ്ങൾ

പട്ടിക - 2

ക്രമ നമ്പർ	സ്കൂൾ കോഡ്	സ്ഥലം വിസ്തീർണ്ണം	കെട്ടിടം			കെട്ടിടങ്ങളുടെ വിനിയോഗം				മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ	
			സ്ഥിരം	അസ്ഥിരം	താത്.	ലാബ്		ലൈബ്രറി		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
						ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല										
1	1	3.12 ഏക്ര				✓		✓		✓		✓		✓		✓		✓	
2	2	1 ഏക്ര				✓		✓		✓		✓		✓		✓		✓	
3	3	13 സെ.					✓	✓		✓		✓			✓	✓			✓
4	4	36 സെ.				✓		✓		✓			✓	✓			✓	✓	
5	5	47 സെ				✓		✓		✓			✓	✓		✓			✓
6	6	30.12 സ്ക്വ.ഫീ				✓		✓		✓			✓		✓	✓			✓
7	7	22 സെ.				✓		✓		✓			✓		✓	✓			✓
8	8	26 സെ.					✓		✓	✓			✓		✓	✓			✓
9	9	കെട്ടിടം 60X16X11					✓	✓			✓		✓		✓		✓		✓
10	10	10 സെ.					✓		✓	✓			✓	✓		✓			✓
11	11	7 സെ.					✓	✓			✓		✓		✓	✓			✓
12	12	7 സെ.					✓	✓			✓		✓		✓		✓		✓
13	13	30 സെ.				✓		✓		✓			✓		✓		✓	✓	

കുട്ടികളുടെ പ്രവേശനം

1) **സ്ഥിതി** : പഞ്ചായത്തിലെ പൊതുവെയുള്ള സ്ഥിതി നോക്കുമ്പോൾ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്.

മൊത്തം കുട്ടികളുടെ എണ്ണം

ക്രമ. നം	സ്കൂൾ														ആകെ
	വർഷം	1	2	3	4	5	6	7	8	9	10	11	12	13	
1	1992-93				488	349	177	202	80	112		108	58	282	
2	93-94				469	285	173	189	79	112		102	55	274	
3	94-95				459	288	180	164	68	116		86	50	273	
4	95-96				445	254	177	146	72	116		89	52	274	
5	96-97				453	255	155	134	72	128		78	56	253	

2) **വിമർശനങ്ങൾ** : കുട്ടികളുടെ എണ്ണമനുസരിച്ച് നൽകുന്ന തുച്ഛമായ തുക സ്വകാര്യ വിദ്യാലയങ്ങളിൽ ലഭിക്കുന്ന ഗ്രാന്റ് അറ്റകുറ്റപണികൾക്ക് പോലും മതിയാകുന്നില്ല. ഉച്ചക്കഞ്ഞിക്ക് ഇന്ന് ഗവർമേന്റ് നൽകുന്ന തുക മതിയാകുന്നില്ല. പ്രധാന അദ്ധ്യാപകർക്ക് അത് വളരെ വിഷമമുണ്ടാക്കുന്നു.

3) **നിർദ്ദേശങ്ങൾ** : കുട്ടികൾ കുറഞ്ഞാലും മിനിമം തുക നിശ്ചയിച്ച് ഗ്രാന്റ് നൽകണം. വിദ്യാലയം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെയും ബഹുജനങ്ങളുടെയും സേവനം അത്യാവശ്യമാണ്. ഉച്ചക്കഞ്ഞി വിതരണത്തിൽ ബഹുജനങ്ങളുടെയും, പി.ടി.എ., മാതൃസംഘങ്ങളുടെയും സഹകരണം ഉറപ്പുവരുത്തണം.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

1) സ്ഥിതി : മുൻവർഷത്തെക്കാളും എൽ.പി., യു.പി. ക്ലാസ്സിലെ കൊഴിഞ്ഞുപോക്ക് കുറവാണെന്ന് താഴെക്കൊടുത്ത പട്ടികയിൽ നിന്ന് തെളിയുന്നു.

കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

ക്രമ.നം	സ്കൂൾ													ആകെ
	വർഷം	1	2	3	4	5	6	7	8	9	10	11	12	13	
1	1992-93														
2	93-94														
3	94-95														
4	95-96														
5	96-97	11	7	-	-	3	2	-	-	-	-	11	-	-	

2) വിമർശനങ്ങൾ : പഞ്ചായത്തിൽ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. ചില സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് തീരെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ വിദ്യാലയങ്ങൾക്ക് നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. കുടുംബപരമായ കാരണം കൊണ്ട് തുടർപഠന സാധ്യത തടയപ്പെടുന്നു.

3) നിർദ്ദേശങ്ങൾ : കൊഴിഞ്ഞുപോക്ക് തടയുന്നതിന് അക്കാര്യത്തിൽ വിജയം വരിച്ച സ്കൂളുകളെ മാതൃകയാക്കാവുന്നതാണ്. വിദ്യാലയപ്രവർത്തനങ്ങൾ ആകർഷകമാക്കുക, നിലവിലുള്ള തൊഴിൽ പരിചയത്തിനുള്ള അവസരം പ്രായോഗികമാക്കുക.

അക്കാദമിക നിലവാരം 1995-96

ക്രമ.നം	വിഭാഗം	ക്ലാസ്																					
		III			IV			V			VI			VII			VIII			IX			
		M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	
1	<30%			59			31			47			142			130			180			37	
2	30-40			34			40			51			62			62			90			32	
3	40-50			58			64			66			82			82			52			25	
4	50-60			66			63			45			76			76			38			12	
5	60>			139			189			132			129			129			25			11	

1) സ്ഥിതി : സ്കൂളുകളിലെ വാർഷിക പരീക്ഷക്ക് ലഭിച്ച മാർക്ക് നോക്കുമ്പോൾ 60%-നു മുകളിൽ നേടിയവരാണ് കൂടുതലും. എന്നാൽ 30% -നു താഴെയുള്ള കുട്ടികൾ വളരെ കുറവാണ്.

അദ്ധ്യാപകരുടെ ലഭ്യത

1) സ്ഥിതി : കൂടുതൽ മാനേജ്മെന്റ് സ്കൂളുകളായത് കൊണ്ട് അനുവദിക്കപ്പെട്ട എല്ലാ ഒഴിവുകളും നികത്തപ്പെട്ടിട്ടുണ്ട്.

2) വിമർശനങ്ങൾ : അദ്ധ്യാപകരുടെ കുറവില്ലാത്തതിനാൽ വിദ്യാഭ്യാസത്തിന് തടസ്സം ഉണ്ടാകുന്നില്ല.

3) നിർദ്ദേശങ്ങൾ : അദ്ധ്യാപകർ യഥാസമയം സ്കൂളിലും ക്ലാസ്സിലും എത്തണമെന്നും പൂർണ്ണസേവനം കിട്ടണമെന്നും ഉറപ്പാക്കണം.

ജനകീയ തലം

1) സ്ഥിതി : ഗുരുകുലം, സ്കൂൾ കോംപ്ലക്സ് എന്നീ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ., മാതൃസംഘം എന്നിവയുടെ പ്രവർത്തനം സജീവമാണ്. പഞ്ചായത്ത്-വാർഡുതല സമിതികൾ രൂപീകരിക്കപ്പെട്ടു.

2) വിമർശനങ്ങൾ : പി.ടി.എ.യും മാതൃസംഘവും വിളിച്ചുചേർക്കുന്നത് കൊണ്ട് രക്ഷാകർത്താക്കളോട് വിദ്യാഭ്യാസപ്രശ്നത്തെക്കുറിച്ച് ചർച്ചചെയ്ത് ബോധവൽക്കരിക്കാൻ സാധിച്ചു. കുട്ടികളുടെ പഠന നിലവാരവും, ഹാജർ നിലവാരവും

ഗണ്യമായി വർദ്ധിച്ചു. പി.ടി.എ., മാതൃസംഘം എന്നിവയിൽ ഇപ്പോൾ ജനപങ്കാളിത്തം കൂടി.

3) **നിർദ്ദേശങ്ങൾ** : സ്കൂളുകൾ കുട്ടികളുടെ എല്ലാ തരത്തിലുമുള്ള ഉയർച്ചക്കുള്ള ഒരു അരങ്ങാക്കി മാറ്റുക. എല്ലാ സ്കൂളുകളും സാമൂഹ്യ സ്ഥാപനമാണെന്ന ബോധം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ സ്വകാര്യ സ്കൂളുകൾക്കും ജനകീയ സഹായം തീർച്ചയായും ഉണ്ടാക്കാൻ കഴിയും പഞ്ചായത്ത് തല വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാഭ്യാസം, തൊഴിലെടുക്കുന്ന കുട്ടികൾക്കുള്ള അനൗപചാരിക വിദ്യാഭ്യാസം, തുടർ സാക്ഷരതാ പ്രവർത്തനം എന്നിവക്ക് പുറമേ ആരോഗ്യം, പരിസരശുചിത്വം, നാട്ടറിവുകൾ തുടങ്ങിയ എല്ലാ മേഖലകളിലും ബോധവൽക്കരണം നടത്താൻ അവസരമൊരുക്കണം.

അനൗപചാരിക വിദ്യാഭ്യാസം

1) **സ്ഥിതി** : 1980-ൽ കാൻഫെഡിന്റെ പ്രവർത്തനം എന്ന നിലയിൽ മൂന്നുമാസം കൊണ്ട് സാക്ഷരത എന്ന പരിപാടി എളയാവൂർ പഞ്ചായത്തിൽ വിജയകരമായി നടത്തി. ഇതായിരുന്നു ആദ്യഘട്ട സാക്ഷരതാ പ്രവർത്തനം. ലോക സാക്ഷരതയുടെ ഭാഗമായി 1990-ൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാ യത്നത്തിൽ ഈ പഞ്ചായത്ത് വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

2) **വിമർശനങ്ങൾ** : തൊഴിലെടുക്കുന്നവരുടെ സൗകര്യം കൂടി പരിഗണിച്ച് നിശാപാഠശാലകൾ ഏർപ്പെടുത്താൻ വായനശാല, കലാസമിതികൾ എന്നിവയുടെ സഹായസഹകരണങ്ങൾ കൂടിയേതീരൂ.

3) **നിർദ്ദേശങ്ങൾ** : ഇപ്പോഴുള്ള ജനവിദ്യാകേന്ദ്രങ്ങളെ സജീവമാക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി തുറക്കാനും തുടർസാക്ഷരതാ ക്ലാസ്സുകളിൽ ജനപങ്കാളിത്തത്തോടെ നടത്തുവാനും സാക്ഷരതാ ഇൻസ്ട്രക്ടർമാർക്ക് ചെറിയ തോതിലുള്ള വേതനം നൽകുവാനും ടി.വി., വി.സി.ആർ. തുടങ്ങിയ ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനും വേണ്ടുന്ന ശ്രമങ്ങൾ പഞ്ചായത്തിൽ നിന്നുണ്ടാവണം.

ഉന്നതവിദ്യാഭ്യാസം

1) **സ്ഥിതി** : ഈ പഞ്ചായത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന 3 സ്ഥാപനങ്ങളാണുള്ളത്. ഒന്ന് മാനേജ്മെന്റ് ഉടമസ്ഥതയിലുള്ള ശ്രീനാരായണാ കോളേജ്. ശേഷിക്കുന്ന രണ്ടെണ്ണം ഇതുവരെ കാലിക്കറ്റ് സർവ്വകലാശാലയുടെയും ഇപ്പോൾ കണ്ണൂർ സർവ്വകലാശാലയുടെയും നേരിട്ട് കീഴിൽ പ്രവർത്തിക്കുന്ന സെഷണൽ ബി.എഡ്. സെന്ററും എം.എഡ്. സെന്ററുമാണ്. ഇവിടങ്ങളിലെ വിദഗ്ധരായ അധ്യാപകരുടെ സേവനം പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഉപയോഗപ്പെടുത്താൻ സാധ്യതയുണ്ടോയെന്ന് ആരായേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിലെ 25% ജനങ്ങളും പത്താം തരത്തിനു മുകളിൽ വിദ്യാഭ്യാസം നേടിയവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

2) **വിമർശനങ്ങൾ** : ഗ്രാമപഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ കൂടുതലുള്ളതുകൊണ്ട് ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെടാൻ സൗകര്യമാണ്. ജനങ്ങളുടെ ഭേദപ്പെട്ട സാമ്പത്തിക സാമൂഹ്യ പശ്ചാത്തലം ഉയർന്ന വിദ്യാഭ്യാസ നിലവാരം എന്നിവ തങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു. സമഗ്രമായ സർവ്വേവഴി മാത്രമേ ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിലുള്ളവരുടെ തോത് മനസ്സിലാക്കാൻ സാധിക്കൂ.

വിദ്യാഭ്യാസമെന്നത് ക്ലാസുമുറിക്കുള്ളിൽ വച്ച് അദ്ധ്യാപകൻമാർ നിർബ്ബന്ധപൂർവ്വം നടത്തുന്ന ഒരു പ്രവർത്തനം എന്നാണ് നാം കരുതുന്നത്. എന്നാൽ അത് ജീവിതാവസാനം വരെ സ്വയം പഠനം മുഖേന ഉണ്ടാകേണ്ട ഒന്നാണ് എന്ന കാര്യം നാം മറന്നുപോകുന്നു. നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഗ്രന്ഥശാലകൾ, സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനം എന്നിവ തുടർവിദ്യാഭ്യാസ പ്രവർത്തനത്തിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുതകുന്ന ആശയം പ്രചരിപ്പിക്കണം. വികേന്ദ്രീകൃതവും സൂക്ഷ്മ തലത്തിലുള്ളതുമായ ആസൂത്രണ രീതി സ്വീകരിക്കണം. കൃഷി, കൈത്തൊഴിൽ, ഭക്ഷണം, ആരോഗ്യം, ശിശു സംരക്ഷണം എന്നിവ ചർച്ചചെയ്യപ്പെടണം.

പ്രശ്നങ്ങൾ - ഒറ്റനോട്ടത്തിൽ

പ്രീ-പ്രൈമറി

1) നിലവിലുള്ള പ്രീ പ്രൈമറി ക്ലാസ്സുകളിൽ നടക്കേണ്ടതല്ല നടക്കുന്നത്
2) പ്രീ-പ്രൈമറി കേന്ദ്രത്തിൽ കെട്ടിടങ്ങളുടെയും കളിക്കോപ്പുകളുടെയും മറ്റ് സാമഗ്രികളുടെയും അഭാവം.

പൊതുവിദ്യാഭ്യാസം

1) വിദ്യാലയങ്ങളിൽ ഭൗതികസാഹചര്യങ്ങൾ അപര്യാപ്തമാണ്.
2) 2,4, വാർഡുകളിൽ പുതുതായി സ്കൂളുകൾ തുറക്കണം.
3) ഭൂരിപക്ഷം വിദ്യാലയങ്ങളിലും വേണ്ടത്ര അക്കാദമിക് സൗകര്യങ്ങളില്ല.
4) പഠനപ്രവർത്തനങ്ങൾ രസകരമോ താൽപര്യജനകമോ അല്ല.
5) ഫലപ്രദമായ മേൽനോട്ടമോ പരിശോധനയോ ഇല്ല.
6) കുട്ടികൾക്ക് സമഗ്രമായ വികസനം ഉണ്ടാകുന്നില്ല.
7) തൊഴിലിനോടും തൊഴിലെടുക്കുന്നതിനോടും വൈമുഖ്യമുണ്ടാകുന്നു.
8) വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം എല്ലാ സ്കൂളുകളിലും ഒരു പോലെ തൃപ്തികരമല്ല.
9) വിദ്യാഭ്യാസാസൂത്രണം കേന്ദ്രീകൃതമാണ്.

10) ഒന്നാം തരത്തിലെ പ്രവേശനനിരക്ക് ഗണ്യമായി കുറഞ്ഞുവന്നിരിക്കുന്നു.
11) പഠനനിലവാരത്തിൽ വിദ്യാലയങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. എൽ.എസ്.എസ്., യു.എസ്.എസ് തുടങ്ങിയ മത്സരപരീക്ഷകളിലും ഈ അന്തരമുണ്ട്. എന്നാൽ പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ പ്രാദേശിക -സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ ഭീമമായ അന്തരമില്ല.

ഉന്നതവിദ്യാഭ്യാസം

1) ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസത്തെ മാത്രം ഉന്നത വിദ്യാഭ്യാസമായി കാണുന്നു.
2) ഉന്നത വിദ്യാഭ്യാസത്തിന്റെ മറവിൽ യുവതലമുറ സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെടുന്നു.

അനൗപചാരിക വിദ്യാഭ്യാസം

1) പഠനപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവം കണ്ടെത്തേണ്ടതുണ്ട്.

വികസനോൻമുഖ വിദ്യാഭ്യാസം

1) സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായി പ്രവർത്തനം നടന്നില്ല. അക്ഷരബോധം നേടിയവരിൽ നല്ലൊരു ശതമാനം മറന്നുപോയിരിക്കുന്നു.
2) ആസൂത്രണം കേന്ദ്രീകൃതമാവുന്നു. സാമാന്യ ജനതക്ക് ആസൂത്രണപ്രക്രിയയിൽ പങ്കാളിത്തമില്ല. പ്രാദേശികവും വ്യക്തിപരവുമായ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നില്ല. മനുഷ്യന്റെ കൂട്ടായ്മ, സഹകരണം എന്നിവ ക്ഷയിക്കുന്നു.

സാധ്യതകൾ

1. പി.ടി.എ. മാതൃസംഘം, സ്കൂൾ വിദ്യാഭ്യാസ സമിതി എന്നിവ രൂപീകരിക്കൽ, കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തൽ, സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തൽ.
2. വിദ്യാലയത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ.
3. ക്ലാസുമുറി ആകർഷകമാക്കൽ. (മേശവിരി, ഡസ്റ്റർ, ചവറുകുട്ട)
4. സാഹിത്യസമാജം, അസംബ്ലി, പഠനയാത്ര തുടങ്ങിയ പാഠ്യാനുബന്ധപ്രവർത്തനങ്ങൾ ചിട്ടയായി നടപ്പാക്കൽ.
5. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കൽ, കൊഴിഞ്ഞുപോയവരെ പൊതുപരീക്ഷകൾക്ക് ഹാജരാക്കൽ.
6. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളവരെ ഗ്രൂപ്പുകളാക്കി ചുമതല നൽകൽ. ഗ്രൂപ്പ് പഠനത്തിന് വിധേയമാക്കൽ, അയൽക്കൂട്ടത്തിൽ ചുമതലകൾ നൽകൽ, പ്രോത്സാഹനം നൽകൽ മുതലായവ.
7. വികേന്ദ്രീകൃത ആസൂത്രണം, സൂക്ഷ്മതല ആസൂത്രണം, ജനകീയ പങ്കാളിത്തം, എന്നിവ വഴി പഠനത്തിന്നനുകൂലമായ അന്തരീക്ഷം വിദ്യാലയത്തിലും സമൂഹത്തിലാകെത്തന്നെയും വളർത്തിയെടുക്കൽ.
8. നിലവിലുള്ള പ്രൈമറി സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം സൃഷ്ടിക്കുക.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലുള്ള ഒറ്റമൂലി സ്വകാര്യ വൽക്കരണമോ വിദേശ ബാങ്കുകളിൽ നിന്ന് കടമെടുക്കലോ അല്ല. ജനകീയ ബദലുകൾ വളർത്തിക്കൊണ്ട് വരികയാണ് വേണ്ടത്.

കുടിവെള്ളം, പൊതുജനാരോഗ്യം

കുടിവെള്ളം

സുലഭമായ പല പ്രകൃതി വിഭവങ്ങളും ദുർലഭമാവുകയാണിന്ന്. ജലസമ്പത്തിന്റെ ദൗർലഭ്യം ഇതിനൊരുത്തമ ദൃഷ്ടാന്തമാണ്. പഠന പര്യടന രേഖകൾ കിണറുകളിലെയും കുളങ്ങളിലെയും ജലവിതാനം താഴുന്നതായി വെളിപ്പെടുത്തിയിരിക്കുന്നു. ഈ ഗുരുതരമായ സ്ഥിതി മുന്നിൽകണ്ടുകൊണ്ട് നാം അടിയന്തിര ജലസംരക്ഷണ പ്രവർത്തനങ്ങൾ ജനങ്ങളെ ബോധവൽക്കരിച്ചും പങ്കാളിത്തത്തോടും കൂടി നടത്തേണ്ടതുണ്ട്. പ്രകൃതിയുടെ ഈ അമൂല്യസമ്പത്ത് കാത്തുസൂക്ഷിക്കേണ്ടത് ഏതൊരു ദേശസ്നേഹിയുടെയും ചുമതലയാണ്. എളയാവൂർ പഞ്ചായത്തിൽ 80% കുടുംബങ്ങളും ഗാർഹികാവശ്യത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. അതിൽതന്നെ 1,100 ഓളം വീടുകളിൽ പൊതുജലവിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള ടാപ്പുവഴി വെള്ളം ലഭിക്കുന്നുണ്ട്. എളയാവൂർ പഞ്ചായത്തിൻ സമഗ്രമായ രീതിയിലുള്ള ജലവിതരണ ശൃംഖല നിലവിലില്ല. പ്രധാനമായും കാർഷികാവശ്യത്തിനും മറ്റും ജലവിതരണം നടത്തുന്നത് നാല് തോടുകൾ ഉപയോഗിച്ചാണ്. പഞ്ചായത്തിൽ നദികളില്ല. ഏകദേശം മാർച്ച് മാസത്തോട് കൂടി ജലത്തിന്റെ ലഭ്യത 80% കണ്ട് കുറയുന്നു. ഏപ്രിൽ, മെയ് മാസങ്ങളോടുകൂടി ഗാർഹികാവശ്യത്തിനുള്ള ജലത്തിനുപോലും രൂക്ഷമായ പ്രതിസന്ധി അനുഭവപ്പെടുന്നു. പൊതുവിതരണം വഴി ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം തരക്കേടില്ല. ഏപ്രിൽ, മെയ് മാസങ്ങളിൽ ശുദ്ധജലവിതരണം പലപ്പോഴും ഉണ്ടാകാറില്ല. ഏറെയാളുകളും ടാങ്കർ ലോറികളെയും അകലങ്ങളിലെ കിണറുകളെയും ആശ്രയിക്കുകയും തലച്ചുമടായി ജലം സംഭരിച്ച് കൊണ്ട് വരികയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്.

എളയാവൂർ പഞ്ചായത്തിൽ 80%-ത്തോളം ജനങ്ങൾ സ്വന്തമായി കക്കൂസ് ഉപയോഗിക്കുന്നവരാണ്. സാമ്പത്തികപരാധീനത, സ്ഥലപരിമിതി, ബോധവൽക്കരണ പരിപാടിയുടെ അഭാവം എന്നിവകൊണ്ട് കക്കൂസ് നിർമ്മിക്കുവാൻ പ്രയാസം അനുഭവപ്പെടുന്നവരാണ് ബാക്കിയുള്ളവർ. ഇതിൽ 15%-ത്തോളം തീർച്ചയായും സാമ്പത്തിക സഹായം ലഭിക്കാൻ അർഹതപ്പെട്ടവർ തന്നെയാണ്. പൊതു കക്കൂസുകളുടെ അഭാവം പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള മാലിന്യ നിർമ്മാർജ്ജനം, ഈ പഞ്ചായത്തിൽ നടക്കുന്നില്ല. പഞ്ചായത്തിന്റെ പ്രധാന കച്ചവട കേന്ദ്രങ്ങളിൽ മാലിന്യപ്രശ്നം വളരെ ഗുരുതരമായി മാറിയിരിക്കുകയാണ്. ഈച്ച, കൊതുക് എന്നിവയുടെ വർദ്ധനക്ക് ഇത് കാരണമാവുകയും സാംക്രമിക രോഗങ്ങൾക്ക് കൂടുതൽ സാധ്യത ഉണ്ടാവുകയും ചെയ്യുന്നു. ഇവക്കെതിരായുള്ള പരിഹാര മാർഗ്ഗങ്ങളും, പ്രതിവിധികളും, പലപ്പോഴും പേരിനുമാത്രമായി ചുരുങ്ങുന്നു.

എളയാവൂർ പഞ്ചായത്തിൽ 7 കുഴൽകിണറുകളും 17 പൊതുകിണറുകളുമാണ് ഇപ്പോൾ പൊതുജനാവശ്യത്തിനായി നിലവിലുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള കിണറുകളുടെ എണ്ണം ഇവിടെ കൊടുക്കുന്നു.

വാർഡ്	കിണറുകളുടെ എണ്ണം	കുഴൽക്കിണറുകളുടെ എണ്ണം
1	2	1
2	1	1
3	2	1
4	1	0
5	1	1
6	1	0
7	2	1
8	0	0
9	3	0
10	2	0
11	1	1
12	5	2
ആകെ	21	8

പഞ്ചായത്തിൽ ഒരു പൊതുകുളമുണ്ട്. എന്നാൽ സ്വകാര്യകുളങ്ങൾ നിരവധിയുണ്ട്. കാർഷികാവശ്യങ്ങൾക്ക് കുളങ്ങളെ ആശ്രയിക്കുന്നത് ഇന്ന് കുറഞ്ഞുവരുന്നു. മാർച്ച് മാസമാവുമ്പോഴേക്കും വറ്റുന്നവയാണ് ഇവയിലധികവും. ഇവയുടെ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കാവുന്നതാണ്. പഞ്ചായത്തിൽ പൊതുടാപ്പുകളുടെ എണ്ണം 69 ആണ്. ശരാശരി 12% ജനങ്ങൾ പൊതുടാപ്പിനെ ആശ്രയിക്കുന്നു. പൊതുടാപ്പുകളിൽ മഴക്കാലത്ത് പോലും ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ ജലവിതരണം ഉണ്ടാകാറുള്ളൂ.

എളയാവൂർ പഞ്ചായത്തിൽ പ്രകൃതിദത്ത ജലസ്രോതസ്സില്ല. ജലമലിനീകരണം മൂലം രുചിഭേദവും നിറഭേദവും പഞ്ചായത്തിന്റെ നാല്, അഞ്ച് വാർഡുകളിൽ ഉണ്ടാകാറുണ്ട്.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

1. അതിരകം യു.പി. സ്കൂൾ പരിസരം
2. കൊളേക്കര മൊട്ട
3. അതിരകം കോളനി
4. പരപ്പിൻമൊട്ട
5. എടച്ചൊവ്വ
6. കാപ്പിച്ചേരിപ്പാലം
7. ആറുകണ്ടി മുക്ക്
8. ബി.എഡ്. സെന്ററിന് മുകൾഭാഗം
9. നാക്കടി കുന്നുമ്പ്രം
10. പുഴാതി പഞ്ചായത്തിന്റെ അതിര്.
11. കപ്പണപ്പറമ്പ് ജങ്ഷൻ
12. ആസാദ് കോളനി പരിസരം
13. റൂറൽ വർക്കേർസ് കോളനി
14. എളയാവൂർ സൗത്ത്
15. ചോടന്റെ മൊട്ട
16. വട്ടപ്പറമ്പ് ജംഗ്ഷൻ (മുണ്ടയാട്)
17. പാതിരിപ്പറമ്പ്
18. കറുവൻ വൈദ്യരുടെ പീടികക്ക് സമീപം
19. തങ്കേക്കുന്ന്
20. എ.കെ.ജി. റോഡിന്റെ കിഴക്കുഭാഗം
21. കിഴക്കേക്കര
22. കസ്തൂരിച്ചാൽ-കിഴുത്തള്ളി ഭാഗം
23. ധർമ്മപുരി ഹൗസിങ്ങ് കോളനി
24. ഓവുപാലത്തിന് മുകൾഭാഗം
25. എസ്.എൻ. കോളേജ് പരിസരം
26. നമ്പിടി പറമ്പ്
27. പോത്തേരി പറമ്പ്
28. മീത്തലെ കുന്നുമ്പ്രം

പൊതുജനാരോഗ്യത്തിന് നിത്യഭീഷണിയാവുന്ന മാലിന്യ നിക്ഷേപവും ഫാക്ടറികളിൽ നിന്നുവരുന്ന മലിനജലവും പഞ്ചായത്തിലെ ജനങ്ങൾക്ക് ഭീഷണിയാവുന്നു. വെസ്റ്റ് കോസ്റ്റ് കമ്പനിയിൽ നിന്നും ഒഴുക്കുന്ന മലിനജലം സമീപപ്രദേശങ്ങളിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. എളയാവൂർ സൗത്ത് വിദ്യാപോഷിണി വായനശാലക്ക് സമീപമുള്ള ഫാക്ടറിയിൽ നിന്നും പുറപ്പെടുന്ന ദുർഗന്ധം സമീപവാസികൾക്ക് പ്രയാസമുണ്ടാക്കുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട കച്ചവട കേന്ദ്രമായ താഴെചൊവ്വ മാലിന്യകൂമ്പാരമായി മാറിയിരിക്കുന്നു. മറ്റ് പ്രധാന കേന്ദ്രങ്ങളായ മേലേ ചൊവ്വ, വാരം, വലിയന്നൂർ, എന്നിവയുടെ സ്ഥിതിയും വ്യത്യസ്ഥമല്ല.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിന്റെ സമ്പത്താണ് പലതിലുമെന്നപോലെ മാതൃകാസംസ്ഥാനമായ നമുക്ക് പല പോരായ്മകളും ഈ രംഗത്ത് കണ്ടെത്താൻ കഴിയും. ജനക്ഷേമത്തിനായുള്ള പൊതുസ്ഥാപനങ്ങൾ നോക്കുകുത്തികളായി മാറുകയും ആരോഗ്യ സംരക്ഷണത്തിന്റെ ചിലവ് ഗണ്യമായി കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതുഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് ഒരു പ്രധാന പങ്ക് വഹിക്കാനുണ്ട്.

ഭൂവിസ്തൃതിയുടെ കാര്യത്തിൽ പിറകിലാണെങ്കിലും ജനസംഖ്യയുടെയും ജനസാന്ദ്രതയുടെയും കാര്യത്തിൽ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്ത് ഏറെ മുന്നിലാണ്. ഈ പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കി.മി.ന് 2626 ആണ്. അതുകൊണ്ട് തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജനങ്ങളുടെ ആരോഗ്യ പ്രശ്നം.

എളയാവൂർ പഞ്ചായത്ത് ഒരു രോഗാതുര മേഖലയല്ല. പാരമ്പര്യ രോഗങ്ങൾ അധികമായി കണ്ടുവരുന്നില്ല. പോഷകാഹാരക്കുറവിന്റെയും ജലമലിനീകരണത്തിന്റേയും ജലദൗർലഭ്യത്തിന്റെയും പേരിൽ ഈ പഞ്ചായത്തിൽ അങ്ങിങ്ങായി പകർച്ച വ്യാധികൾ ഉണ്ടാകാറുണ്ട്. പൊതുവിൽ എലി, കീടങ്ങൾ, കൊതുക് തുടങ്ങിയവ നമ്മുടെ ആരോഗ്യ രംഗത്തിന് ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്. ആരോഗ്യ പരിപാലന കാര്യത്തിൽ ഏറെ ശ്രദ്ധചെലുത്തുന്ന ജനങ്ങളാണ് ഇവിടെ അധിവസിക്കുന്നത്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഉപഭോക്താക്കളാണ് ഈ പഞ്ചായത്തിലെ ഏറിയ വിഭാഗം ജനങ്ങളും. നാട്ടുവൈദ്യത്തിനും പാരമ്പര്യ ചികിത്സക്കും മുൻകാലങ്ങളിൽ പ്രചാരമുണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഇന്ന് ആ തലമുറ മുഴുവനായും അന്യം നിന്നുപോയിരിക്കുകയാണ്. അമിതമായ വൈദ്യവൽക്കരണം കൊണ്ടോ പാരമ്പര്യ ചികിത്സ കൈമോശം വന്നതുകൊണ്ടോ ജനങ്ങളുടെ ബോധനിലവാരത്തിന്റെ തകർച്ചകൊണ്ടോ ഇന്ന് ഏത് ചെറിയ ദേഹാസ്വാസ്ഥ്യത്തിനും നാം ഡോക്ടറെകാണുന്നപ്രവണത കൂടിവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു പബ്ലിക് ഹെൽത്ത് സെന്ററും ഒരു ഹോമിയോ ഡിസ്പൻസറിയും രണ്ട് സബ്സെന്ററുകളും അഞ്ചോളം സ്വകാര്യ ക്ലിനിക്കുകളും നടത്തിവരുന്നുണ്ട്. പഞ്ചായത്തിലെ പബ്ലിക് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപകരിക്കപ്പെടുന്നില്ല. ഹോമിയോ ഡിസ്പൻസറിയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാർ	കെട്ടിടം സ്വ/വാടക	തുടങ്ങിയ വർഷം
1	ഗവ: ഹോമിയോ ഡിസ്പൻസറി	3	3	സ്വന്തം	1980
2	അലോപ്പതി ഡിസ്പൻസറി പി.എച്ച്.സി.	1	7	വാടക	
3	കുടുംബക്ഷേമ കേന്ദ്രം	10	1	സ്വന്തം	
4	കുടുംബക്ഷേമ കേന്ദ്രം	7	1	സ്വന്തം	

ആരോഗ്യ പരിപാലനകാര്യത്തിലും ജനനമരണ നിരക്കുകളുടെ നിയന്ത്രണത്തിലും അഭൂതപൂർവ്വമായ വളർച്ച കേരളത്തിൽ ലഭ്യമായത് സത്വര ആരോഗ്യ കുടുംബരക്ഷാമാർഗ്ഗങ്ങളുടെ ഉപയോഗംകൊണ്ടാണെന്ന് നമുക്കറിയാം. അതിനോടൊപ്പം ചുവടുവച്ച് പ്രസ്തുത കാര്യത്തിൽ എളയാവൂർ പഞ്ചായത്തിന് ഗണനീയമായ നേട്ടം ഉണ്ടായിട്ടുണ്ട് എന്ന് കാണുവാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിലെ 90-93 ലെ മരണനിരക്ക് 449-ഉം 94-95 വർഷം 254-ഉം ആണ്.

ജനന-മരണ വിവരങ്ങൾ

വർഷം	ജനനം	മരണം
1993-94	317	133
1994-95	326	121

ഊർജ്ജിത ബോധവൽക്കരണ പരിപാടിയിലൂടെ ജനനനിരക്ക് ക്രമമായി കുറഞ്ഞുവരേണ്ടതാണെങ്കിലും എളയാവൂർ പഞ്ചായത്തിനെ സംബന്ധിച്ച് ചെറിയ തോതിൽ കൂടി വരുന്നതായിട്ടാണ് കാണുന്നത്. എന്നാൽ ഇത് സംസ്ഥാന ശരാശരിയേക്കാൾ എത്രയോ കുറവാണ്. ജനനനിരക്കിന്റെ സംസ്ഥാന ശരാശരി 17% മാണ്. നമ്മുടെ പഞ്ചായത്തിന്റേത് 12.6 % വും. കേരളത്തിലെ പൊതുമരണനിരക്ക് 5.9 ആണ്. നമ്മുടെ പഞ്ചായത്തിലെ പൊതുമരണനിരക്ക് 4.3-ഉം, അതുപോലെതന്നെ ശിശുമരണനിരക്കിന്റെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് കേരള ശരാശരിയായ 16-ൽ കുറവാണ്. (10.36)

മാതൃമരണം ഈ പഞ്ചായത്തിലില്ല എന്നുതന്നെ പറയാം. ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടമായി ഇതിനെ കണക്കാക്കാം. എങ്കിലും ഇത്തരം ആശുപത്രികൾ എളയാവൂർ പഞ്ചായത്തിലില്ല.

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ	മറ്റുള്ളവ
1994-95	26	18	8	1
1995-96	35	20	6	-

നമ്മുടെ പഞ്ചായത്ത് ഒരു രോഗാതുരമേഖലയല്ല. ക്ഷയം, കേൻസർ തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. പനി, വയറിളക്കം, ചർദ്ദി, ചെങ്കണ്ണ് തുടങ്ങിയ പകർച്ചവ്യാധികൾ എല്ലാകാലാവസ്ഥയിലും കണ്ടുവരുന്നു.

പ്രായഘടന

പഞ്ചായത്തിൽ ഒരു വയസ്സിന് താഴെയുള്ള കുട്ടികൾ 386 ആണ്. ഒരുവയസ്സുമുതൽ രണ്ട് വയസ്സുവരെ 424, രണ്ടുവയസ്സുമുതൽ 3 വയസ്സുവരെ 442, 3 വയസ്സുമുതൽ 6 വയസ്സുവരെ 861 എന്നിങ്ങനെയാണ് പ്രായഘടന. 6വയസ്സിന് താഴെയുള്ള കുട്ടികൾക്കുവേണ്ടിയുള്ള പ്രതിരോധ കുത്തിവെപ്പുകൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ വഴിയും അംഗൻവാടി വഴിയും പരമാ

വധി ഉപയോഗപ്പെടുത്തി വരുന്നു. കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ ലഘുവായും മിതമായും പോഷകാഹാരക്കുറവുള്ളവർ നമ്മുടെ പഞ്ചായത്തിൽ ഏകദേശം 35% -ഓളം വരും.

പ്രായം	നോർമൽ		ഒന്നാം ഗ്രേഡ്		രണ്ടാംഗ്രേഡ്		മൂന്നാം ഗേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	102	92	80	57	5	12	-	-
1-3 വരെ	244	208	170	173	10	21	-	-
3-6 വരെ	176	194	296	289	4	2	-	-

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

പഞ്ചായത്തിലെ വൃദ്ധജനങ്ങൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. സാമൂഹികമായും സാമ്പത്തികമായുമുള്ള പ്രതിസന്ധിയും സുരക്ഷിതത്വമില്ലായ്മയുമാണ് മുഖ്യ കാരണങ്ങൾ. പരിഹാരമെന്നനിലയിൽ ചൂണ്ടിക്കാണിക്കാനുള്ളത് വൃദ്ധസദനം പോലുള്ള ക്രമീകരണങ്ങൾ പഞ്ചായത്തിൽ ഉണ്ടാവേണ്ടതുണ്ട് എന്നാണ്.

വൈകല്യനിരക്ക്

ഈ പഞ്ചായത്തിലെ മൊത്തം അംഗവൈകല്യം സംഭവിച്ചവർ പഞ്ചായത്ത് ജനസംഖ്യയുടെ 0.45 ശതമാനമാണ്. (138 പേർ). പി.എച്ച്.സി.യുടെ വികലാംഗസർവ്വേയുടെ അടിസ്ഥാനത്തിൽ ഇവിടെയുള്ള അന്ധർ, ബധിരർ, മൂകർ, ചലനവൈകല്യമുള്ളവർ, എന്നിവരുടെ പട്ടിക താഴെ കൊടുക്കുന്നു.

അന്ധർ	-	2
ബധിരർ	-	4
മൂകർ	-	7
ബധിരമൂകർ	-	9
ചലനവൈകല്യമുള്ളവർ	-	116
ആകെ	-	138

ഈ വിഭാഗങ്ങൾ പൊതുവേ അവഗണിക്കപ്പെടുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുവാനും ചെയ്യാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

കുടിവെള്ളം

പ്രശ്നങ്ങൾ

1) പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം
2) വ്യവസായ മലിനീകരണം കാരണം ചില പ്രദേശങ്ങളിൽ കിണർ ജലം ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു.
3) പൈപ്പ്വെള്ളം വല്ലപ്പോഴുമേ ലഭിക്കാറുള്ളൂ.
4) പുതിയ ടാപ്പ് കണക്ഷൻ അനുവദിച്ചുകിട്ടുന്നില്ല.
5) വേനൽക്കാലത്ത് പൊതുകിണർ വറ്റുന്നു.
6) പൊതുടാപ്പ് ദുർവ്വിനിയോഗം ചെയ്യുന്നു.
7) കുടിവെള്ള ക്ഷാമം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായി അനുഭവപ്പെടുന്നു.

സാധ്യതകൾ

1) പഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനും വേണ്ടത്ര ജീവനക്കാരെ നിയമിക്കുക
2) മലിനീകരണം തടയാനുള്ള പ്രായോഗിക നടപടി സ്വീകരിച്ച് കിണറുകളെ മലിനീകരണത്തിൽ നിന്നും തടയുക.
3) പൈപ്പ് വെള്ളം സ്ഥിരമായി ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
4) പുതിയ ടാപ്പുകൾ ലഭ്യമാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുക.
5) പൊതുജനത്തെ കുടിവെള്ളക്കാര്യത്തിൽ ബോധവാൻമാരാക്കുക.
6) മഴവെള്ളം അവരവരുടെ വീട്ടുപറമ്പിൽതന്നെ തടഞ്ഞുനിർത്താൻ വേണ്ട സംവിധാനം ചെയ്യുക.
7) പഞ്ചായത്തിലെ വെള്ളം സുലഭമായി എപ്പോഴും ലഭിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ കിണർ, കുളം എന്നിവ നിർമ്മിച്ച് വെള്ളം ടാങ്കിൽ സ്റ്റോർ ചെയ്ത് പമ്പ് ചെയ്ത് വീടുകൾതോറും കണക്ഷൻ നൽകി കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമായിരിക്കും.

പൊതുജനാരോഗ്യം

പ്രശ്നങ്ങൾ

1) പൊതുജനാരോഗ്യകേന്ദ്രത്തിന്റെ കാര്യക്ഷമതയില്ലായ്മ
2) മാതൃശിശു സംരക്ഷണത്തിൽ ബോധവൽക്കരണത്തിന്റെ അഭാവം.
3) ആരോഗ്യ പരിപാലന രംഗത്തെ ശുചിത്വമില്ലായ്മ.
4) കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം ലഭിക്കുന്നില്ല.
5) പഞ്ചായത്തിലെ ഹോട്ടലുകളിലെയും മറ്റും ശുചിത്വമില്ലായ്മ ആരോഗ്യരംഗത്ത് ഭീഷണിയായി നിലനിൽക്കുന്നു.
6) വർദ്ധിച്ചുവരുന്ന പേപ്പട്ടി ശല്യം.
7) പുകവലി മദ്യപാനം എന്നിവമൂലമുള്ള രോഗങ്ങൾ.

സാധ്യതകൾ

1) പൊതുജനാരോഗ്യകേന്ദ്രത്തിന്റെയും ഹോമിയോ ഡിസ്പൻസറിയുടെയും പ്രവർത്തനം വിപുലപ്പെടുത്തുകയും ആവശ്യമായ ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യുക.
2) വാർഡ് അടിസ്ഥാനത്തിൽ സബ്സെന്ററുകൾ വിപുലപ്പെടുത്തുക.
3) മൂന്ന് സബ്സെന്ററുകൾ പുതുതായി സ്ഥാപിക്കുക.
4) ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായി കെട്ടിടവും ഉപകരണങ്ങളും ലഭ്യമാക്കുക.
5) പൊതുവായി മാലിന്യനിക്ഷേപവും സംസ്കരണവും നടത്താനുള്ള സാധ്യതകൾ കണ്ടെത്തുക.
6) പൊതുസ്ഥലങ്ങളിൽ (താഴെ ചൊവ്വ, മേലേചൊവ്വ, വാരം, വലിയന്നൂർ) കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.
7) ആരോഗ്യ രക്ഷക്കായി പാവപ്പെട്ടവരെ കണ്ടെത്തി കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.
8) പഞ്ചായത്തിന്റെ പൊതുശ്മശാനം പൊതുജനങ്ങൾക്കുപയോഗിക്കുവാൻ കഴിയുന്നരീതിയിൽ ക്രമപ്പെടുത്തുക.
9) അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുക.
10) വളർത്തുപട്ടികൾക്ക് നികുതി ചുമത്തുക. ഇത് പേവിഷബാധ തടയുവാനുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കുക.
11) പുകവലി, മദ്യപാനം എന്നിവക്കെതിരായ ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുക.

ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

ഗതാഗതം

ഏതൊരു നാടിന്റെയും പുരോഗതിയുടെ അടിസ്ഥാനഘടകം തനതായ ഗതാഗത ശൃംഖലയാണ്. സമൂഹത്തിന്റെ സമസ്ത പുരോഗതിക്കും അത് വഴിതെളിയിച്ചിട്ടുണ്ടെന്ന കാര്യം നിസ്തർക്കമാണ്. ഇതരഘടകങ്ങളെപ്പോലെ ഗതാഗത മാർഗ്ഗങ്ങളും സാമൂഹ്യവളർച്ചയും പരസ്പരപൂരകങ്ങളായി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അത് കൊണ്ടായിരിക്കാം വികസനം എന്ന് കേൾക്കുമ്പോൾ ആദ്യമായി റോഡുകളും പാലങ്ങളും നമ്മുടെ ബോധമനസ്സിൽ കടന്നുവരുന്നത്. നാട്ടിൻപുറങ്ങളിൽ നീർച്ചാലുകൾ ഇടവഴികളായും പിന്നീട് റോഡുകളായും രൂപാന്തരം കൊള്ളുമ്പോൾ നമ്മുടെ സാമൂഹ്യ വളർച്ചയെ ഈ മേഖല എത്ര മേൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

കണ്ണൂർ പട്ടണം ലക്ഷ്യമാക്കി തെക്കുകിഴക്ക് പ്രദേശങ്ങളിൽ നിന്ന് വന്നുചേരുന്ന പ്രധാനപ്പെട്ട രാജപാതകൾ ഒത്തുചേരുന്ന എളയാവൂർ പഞ്ചായത്ത് വളരെ മുമ്പുതന്നെ റോഡ് ഗതാഗത സൗകര്യമുള്ള ഒരു ഗ്രാമപ്രദേശമായിരുന്നു. റോഡ്, റെയിൽ എന്നിവക്ക് പുറമേ വളപട്ടണം പുഴയുടെ ഭാഗമായ കക്കാട് പുഴ നമ്മുടെ പ്രദേശത്തുകൂടി ഒഴുകുന്നത് കൊണ്ടും കാനാംപുഴയുടെ പ്രധാനഭാഗം ഈ പഞ്ചായത്തുമായി ബന്ധപ്പെടുന്നതുകൊണ്ടും ജലഗതാഗത സൗകര്യവും ലഭ്യമായിരുന്നു. അവേരപ്പാലം വരെ തോണിയിൽ യാത്ര ചെയ്യാനുള്ള സൗകര്യം ഇന്നും ഉണ്ട്. ഇടക്കാലത്ത് ചൊവ്വപ്പാലം വരെ ചെറിയതോണികളിൽ മത്സ്യവും മറ്റു സമുദ്രോൽപന്നങ്ങളും കൊണ്ടുവന്നിരുന്നു.

കിഴക്കൻ മേഖലയിലുള്ള ഇരിക്കൂർ, മട്ടന്നൂർ അഞ്ചരക്കണ്ടി, മമ്പറം എന്നിവിടങ്ങളിൽ നിന്ന് കണ്ണൂരിൽ എത്തിച്ചേരുന്ന ചരിത്ര പ്രസിദ്ധമായ റോഡുകൾ പഞ്ചായത്തിലെ ചൊവ്വയിൽ ആണ് കേന്ദ്രീകരിക്കുന്നത്. ബ്രിട്ടിഷുകാരുടെ ഭരണകാലമായ കഴിഞ്ഞനൂറ്റാണ്ടിൽ ചിറക്കൽ താലൂക്കിന്റെ പ്രധാനകേന്ദ്രമായിരുന്നു അഞ്ചരക്കണ്ടി. അവിടെയുള്ള സുപ്രസിദ്ധതോട്ടങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളും മറ്റും കൊണ്ടു വരുന്നതിന് കാപ്പാട് വഴി ചൊവ്വയിൽ വന്നെത്തുന്ന റോഡിന് ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധമുള്ള ചരിത്രമുണ്ട്.

ഒരു കാലത്ത് ചരക്കുകൾ കൊണ്ടുപോകുന്നതിന് തലച്ചുമടും കാളവണ്ടികളുമായിരുന്നു ഉണ്ടായിരുന്നത്. ദൂരസ്ഥലങ്ങളിലേക്ക് കാളവണ്ടികൾ മാത്രമായിരുന്നു ആശ്രയം. കുടകിൽ നിന്ന് നെല്ലും മറ്റ് സാധനങ്ങളും കൊണ്ട് വരുന്ന കാളവണ്ടികളുടെ നിരയും മണിയൊച്ചയും കൊണ്ട് മുഖരിതമായിരുന്നു അന്ന് റോഡുകൾ. അവ കൂട്ടം കൂട്ടമായി രാപ്പകലില്ലാതെ സഞ്ചരിച്ചുകൊണ്ടിരുന്നു. ആ പഴയകാലത്തിന്റെ സ്മരണ നിലനിർത്തുന്ന വണ്ടിച്ചാൽ, വണ്ടിവളപ്പ് എന്നീ സ്ഥലനാമങ്ങൾ ഇന്നും പഞ്ചായത്തിൽ ഉണ്ട്.

വലിയ യജമാനൻമാരും തമ്പുരാക്കൻമാരും മറ്റും ആളുകൾ വഹിക്കുന്ന പല്ലക്ക്, മഞ്ചൽ എന്നിവ വാഹനമായി ഉപയോഗിച്ചിരുന്നു. രോഗികൾക്ക് മഞ്ചൽമാത്രമായിരുന്നു ആശ്രയം. കൂടുതൽ വേഗതയിലും സുരക്ഷിതത്വവുമുള്ള യാത്രക്ക് കുതിരവണ്ടികളെ ആശ്രയിച്ചിരുന്നു. ജഡ്കവണ്ടിക്ക് ഒന്നിലധികം കുതിരകളെ കെട്ടി കൂടുതൽ വേഗതയും ജാഗ്രതയും വരുത്തുന്ന പതിവും അന്നുണ്ടായിരുന്നു. കണ്ണൂരിൽ റെയിൽ വരുന്നതിനു മുൻപ് കോഴിക്കോട് നിന്ന് തപ്പാലുരുപ്പടികൾ കൊണ്ടുവരുന്നതിന് ഇത്തരം ജഡ്കവണ്ടികളാണ് ഉപയോഗിച്ചിരുന്നത്.

വ്യവസായ പ്രധാനമായ കണ്ണൂർ പട്ടണവുമായി ബന്ധപ്പെട്ട് കിടക്കുന്ന പഞ്ചായത്തിലെ സാധാരണക്കാർ യാത്രക്കുപയോഗിച്ചിരുന്ന മറ്റൊരു വാഹനം സൈക്കിൾ ആയിരുന്നു. പിന്നീട് സൈക്കിൾ സാധാരണക്കാരുടെ ഒരു ജനകീയ വാഹനമായി മാറി. ബസ് യാത്ര എല്ലാ നിലയിലും സൗകര്യ പ്രദമാണെന്ന് വന്നതോടെ ആ യുഗവും ഏറെക്കുറെ അവസാനിച്ചു.

ഇടക്കാലത്ത് കോഴിക്കോട്, തലശ്ശേരി മുതലായ പട്ടണങ്ങളിലും മറ്റും പ്രചാരത്തിലുണ്ടായിരുന്ന ആളുകൾ വലിക്കുന്ന റിക്ഷാവണ്ടി കണ്ണൂരിലും പരിസരങ്ങളിലും ഉണ്ടായിരുന്നില്ല.

കണ്ണൂരിൽ നിന്ന് വിവിധഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിച്ചത് 1924-ൽ ആയിരുന്നു. അന്ന് ഓടിയിരുന്ന ബസുകളിൽ നാലെണ്ണം എളയാവൂർ പഞ്ചായത്തിലെ ശ്രീ. പോത്തേരി കുഞ്ഞിരാമന്റെ ഉടമസ്ഥതയിലുള്ള വിജയ റാം മോട്ടോർസ് ആയിരുന്നു. കണ്ണൂരിൽ നിന്ന് തലശ്ശേരി, മട്ടന്നൂർ, ഇരിക്കൂർ, അഞ്ചരക്കണ്ടി എന്നീ ഭാഗങ്ങളിലേക്കായിരുന്നു ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചിരുന്നത്. പിന്നീട് ബസ്സുകൾ പലതും വർദ്ധിക്കുകയും പഴയവ നാമാവശേഷമാവുകയും ചെയ്തു. രണ്ടാം ലോക മഹായുദ്ധകാലത്ത് കരിവണ്ടി എന്നപേരിലുള്ള ബസ്സുകളായിരുന്നു ഉണ്ടായിരുന്നത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് രാജപാതകൾ വളരെ മുമ്പ് തന്നെ ടാർ ചെയ്തിരുന്നു. മട്ടന്നൂർ റോഡ് ഇന്നത്തെ പഞ്ചായത്താപ്പീസിന് അടുത്തുവരെ മാത്രമേ അന്ന് ടാർ ചെയ്തിരുന്നുള്ളൂ. പ്രസ്തുത ബസ്സ്റ്റോപ്പ് ഇപ്പോഴും ടാർ റോഡ് എന്നപേരിലാണ് അറിയപ്പെടുന്നത്. തലശ്ശേരിയിലേക്കുള്ള റോഡ്, വളരെ മുമ്പ് തന്നെ ടാർ ചെയ്തിരുന്നത് കൊണ്ട് ഗതാഗത സൗകര്യം ആ ഭാഗത്തേക്ക് കൂടുതലുണ്ടായിരുന്നു.

റെയിൽവേ യാത്രാ സൗകര്യം ഈ മേഖലയിലെ മറ്റൊരു പ്രധാന നേട്ടമാണ്. ചൊവ്വ റെയിൽവേ സ്റ്റേഷൻ (കണ്ണൂർ തെക്ക്) പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും വമ്പിച്ച മാറ്റങ്ങളുണ്ടാക്കി. വിവിധ ഭാഗങ്ങളിലേക്കുള്ള ദീർഘയാത്രാ സൗകര്യത്തിനുപുറമേ കൈത്തറി ഉൽപന്നങ്ങൾ കയറ്റിയയക്കാനും നൂലും മറ്റ് അസംസ്കൃത സാധനങ്ങളും ഇറക്കുന്നതിനുമുള്ള വിപുലമായ സൗകര്യവും അതോടെ പഞ്ചായത്തിനുണ്ടായി. മോട്ടോർ വാഹനങ്ങളുടെ കുതിച്ചുകയറ്റത്തിൽ പഴയ സമ്പ്രദായങ്ങളും രീതികളും വഴിമാറിക്കൊടുത്തുകഴിഞ്ഞു. മഞ്ചൽ, കാളവണ്ടി, കുതിരവണ്ടി എന്നൊക്കെപ്പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ അമ്പരന്ന് നോക്കും. ടി.വി.യിലോ സിനിമയിലോ ചിലപ്പോൾ അവർക്ക് കാണാൻ കഴിഞ്ഞെന്ന് വരും എന്ന് മാത്രം.

11.57 ച.കി.മീ. വിസ്തീർണ്ണവും 29,239 (91-ലെ സെൻസസ്) ജനസംഖ്യയുമുള്ള നമ്മുടെ പഞ്ചായത്തിൽ റോഡ് നിർമ്മാണത്തിലുള്ള പൊതുജന പങ്കാളിത്തവും സർക്കാറിന്റെയും പഞ്ചായത്തിന്റെയും വികസനപ്രവർത്തനങ്ങളുടെയും ഫലമായി 72.57 കി.മീ. ദൈർഘ്യമുള്ള റോഡുകൾ നിലവിലുണ്ട്. ഇതിൽ 3.9 കി.മീ. നാഷനൽ ഹൈവേയുടെ ഭാഗവും 10.8 കി.മീ. പി.ഡബ്ലു.ഡി. റോഡും 57.87 കി.മീ. പഞ്ചായത്ത് റോഡും ആണ്. പഞ്ചായത്ത് റോഡിൽ 31% താർ ചെയ്തിട്ടുണ്ട്. റോഡുകളുടെ സ്ഥിതിവിവരം കാണിക്കുന്ന പട്ടികകൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർ ചെയ്യാത്തവ (നീളം. കി.മീ.)	ടാർചെയ്തത് (നീളം കി.മീ.)	ആകെ നീളം (കി.മീ.)
1	നാഷണൽ ഹൈവേ	1	-	3.9	3.9
2	പി.ഡബ്ലു.ഡി.	5	-	10.8	10.8
3	പഞ്ചായത്ത്	113	40.055	17.815	57.87

പഞ്ചായത്തിൽ നിലവിലുള്ള റോഡ്

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	തരം
1	1,7,3	മെയിൻറോഡ് - അതിരകം യു.പി. സ്കൂൾ റോഡ്	860	താർ
2	1	അതിരകം യു.പി. സ്കൂൾ - വയൽ റോഡ്	300	ചരൽ
3	1	ഹോമിയോഡിസ്പൻസറി - അതിരകം വയൽ	200	ചരൽ
4	1	പാറക്കെട്ട് - പബ്ലിക് ടാപ്പ്- പഴശ്ശി കനാൽ റോഡ്	500	ചരൽ
5	1	പാറക്കെട്ട്- അതിരകം യു.പി.സ്കൂൾ-പഴശ്ശികനാൽ	300	ടാർ
6	1	വിജയഭാരതികമ്പനി-അതിരകം വയൽറോഡ്	310	ചരൽ
7	1	വിജയഭാരതി കമ്പനി - വലിയവളപ്പിൽ കമ്പനി	240	ചരൽ
8	1	പ്രതിഭാ മഹിളാ സമാജം - അതിരകം വയൽറോഡ്	310	ചരൽ
9	1	അതിരകം - ഹരിജൻ കോളനി - മുത്തപ്പൻ കാവ് റോഡ്	260	ചരൽ
10	1	കൊളേക്കരമൊട്ട-കുനിയിൽ ചിറ റോഡ്	270	175 ടാർ
11	1	മുണ്ടയാട്-പള്ളിപ്രം-കക്കാട് പുഴറോഡ്	1160	ടാർ
12	2	പുഴാതി അതിർത്തി- ഒണ്ടേൻപറമ്പ്-മടയൻ പീടിക റോഡ്	300	170 ടാർ
13	2	പുഴാതി അതിർത്തി - തേറോത്ത് റോഡ്	440	ചരൽ
14	2	പുഴാതി അതിർത്തി -പരപ്പിൻമൊട്ട-മൂന്ന് മുക്ക് റോഡ്	550	200 താർ
15	2	പുഴാതി യു.പി.സ്കൂൾ- കുനിയിൽ പീടിക-കാതിരപ്പള്ളി	700	ചരൽ
16	2	അതിരകം ഹരിജൻ കോളനി - കുനിയിൽപീടിക - ക്രോസ്ബാർ	200	ചരൽ
17	2	പരപ്പിൻമൊട്ട - തേറോത്ത് കാവ് പഞ്ചായത്ത് കിണർ	100	ചരൽ
18	2	പുഴാതി അതിർത്തി കാപ്പിച്ചേരി റോഡ്	200	ചരൽ
10	3,5	മട്ടന്നൂർ റോഡ് - എടച്ചൊവ്വ വയൽ റോഡ്	665	350 ടാർ
20	3	പൂക്കണ്ടിപ്പറമ്പ് -എളമ്പിലായിപ്പറമ്പ് റോഡ്	285	ചരൽ
21	3	എടച്ചൊവ്വ കനാൽ -അണ്ടർബ്രിഡ്ജ് റോഡ്	165	ചരൽ
22	3,7	ഗ്രാമീണവായനശാല - പൗണ്ട് - എടച്ചൊവ്വ വയൽ റോഡ്	750	450 ടാർ
23	3	പൗണ്ട് റോഡ് - എടച്ചൊവ്വ റോഡ്	220	ചരൽ

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	തരം
24	3,7	പൗണ്ട് - അതിരകം യു.പി. സ്കൂൾ റോഡ്	390	100 ടാർ
25	3	ചൊവ്വ ഓട്ടോ മൊബൈൽസ് - എടച്ചൊവ്വ വയൽ റോഡ്	1030	200 ടാർ
26	3	ചൊവ്വ ഓട്ടോ മോബൈൽസ് - എടച്ചൊവ്വ യു.പി. റോഡ്	360	ചരൽ
27	4	കണ്ണോത്തുംചാൽ - കല്ലുടമുക്ക്	655	190 ടാർ
28	4	ഒണ്ടേൻപറമ്പ് ശ്രീ നാരായണ സദൻ	625	ചരൽ
29	4	ഒണ്ടേൻ പറമ്പ് - എടച്ചൊവ്വ വയൽ	165	ചരൽ
30	4	ധർമ്മസമാജം - ഒണ്ടേൻ പറമ്പ്	1650	ടാർ
31	4	വെസ്റ്റ് കോസ്റ്റ് റോഡ്	265	ടാർ
32	4	നാക്കിടി കുന്നുമ്പ്രം - എടച്ചൊവ്വ പഞ്ചായത്ത് അതിർത്തി	950	ചരൽ
33	4	കല്ലുടമുക്ക് - കനാൽറോഡ്	250	ചരൽ
34	4	കാരായിമുക്ക് - എടച്ചൊവ്വ റോഡ്	125	ചരൽ
35	4	കാപ്പിച്ചേരി വയൽറോഡ്	135	ചരൽ
36	5	കണ്ണോത്തും ചാൽ - ജയശ്രീ പമ്പ് -എടച്ചൊവ്വ വയൽ റോഡ്	210	ചരൽ
37	4	കണ്ണോത്തും ചാൽ - ഇൻകം ടാക്സ് ഓഫീസ് - എടച്ചൊവ്വ	240	ചരൽ
38	4	ധർമ്മസമാജം - ഒണ്ടേൻ പറമ്പ് - പഴശ്ശിക്കനാൽ അതിർത്തി	250	ചരൽ
39	5	കുടിയിൽപീടിക - എടച്ചൊവ്വ വയൽ	350	ചരൽ
40	5	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - എടച്ചൊവ്വ വയൽ	350	ചരൽ
41	5	പാതിരിപ്പറമ്പ് - എടച്ചൊവ്വ വയൽ	400	ചരൽ
42	5	വണ്ണാൻ പറമ്പ് - എടച്ചൊവ്വ വയൽ	340	ചരൽ
43	5	സിൽവർസ്റ്റാർ ക്ലബ്ബ് റോഡ്	450	200ടാർ
44	5	ബൈബിൾഭവൻ - ധർമ്മസമാജം റോഡ്	500	ചരൽ
45	5	ചൊവ്വ റൂറൽ ബാങ്ക് - നെല്ലിയാട്ട് റോഡ്	600	ചരൽ
46	5	എടച്ചൊവ്വ യു.പി. പീടികക്കണ്ടി റോഡ്	410	ചരൽ
47	6	പാതിരിപ്പറമ്പ് - താഴെമുണ്ടയാട് അമ്പലം റോഡ്	1300	താർ
48	6	സമദർശി കോളനി - ചർച്ച് റോഡ്	110	ചരൽ
49	6	ഭാരതജനനി - നീലായ് റോഡ്	930	ചരൽ
50	6	മട്ടന്നൂർ റോഡ് - നീലായ് റോഡ്	725	215 ടാർ
51	6	കനകവല്ലി - മില്ലർ ടെക്സ്റ്റൈൽസ് റോഡ്	450	ചരൽ
52	6	സമദർശി - പുലുക്കോ പാലം റോഡ്	352	ചരൽ
53	6	നെല്ലിക്കാ - പാതിരിപ്പറമ്പ് റോഡ്	265	ചരൽ
54	6	സമദർശി പഞ്ചായത്ത് കിണർ റോഡ്	180	ചരൽ
55	6	എ.കെ.ജി. റോഡ് - ചർച്ച് റോഡ്	365	200 ടാർ
56	6,7,10	വാണീവിലാസം - കുടോത്തും താഴെ റോഡ്	1645	1500 ടാർ
57	7	പന്നിക്കുത്ത് - കാട്ടുമ്മച്ചാൽ - എളയാവൂരമ്പലം റോഡ്	1060	200 ടാർ
58	7	പന്നിക്കുത്ത് - മുണ്ടയാട് വയൽ റോഡ്	260	ചരൽ
59	7	താർറോഡ് - എളയാവൂരമ്പലം റോഡ്	1645	400 ടാർ
60	7	ചെറിയാൻ മുക്ക് - വട്ടപ്പറമ്പ് റോഡ്	565	270 ടാർ
61	7	എളയാവൂർ യു.പി.സ്കൂൾ - എളയാവൂരമ്പലം റോഡ്	700	ചരൽ
62	7	പഞ്ചായത്ത് ഓഫീസ് - പാറക്കെട്ട് റോഡ്	250	ചരൽ
63	7	ടാർ റോഡ് മുത്തപ്പൻ ക്ഷേത്രം റോഡ്	200	ചരൽ
64	8,9	പൗൾട്രി ഫാം - റൂറൽ വർക്കേർസ് കോളനി റോഡ്	1770	ടാർ
65	8,9	ധർമ്മോദയം എൽ.പി. സ്കൂൾ - ജനശക്തി ചേലോറ	1050	ചരൽ
66	8	അമ്മാംകുന്ന് - എളയാവൂർ വയൽ റോഡ്	320	ചരൽ
67	8	ചതുരക്കിണർ - എളയാവൂർ വയൽ റോഡ്	990	ടാർ
68	8	വാരം ബസാർ - വയൽറോഡ്	240	ടാർ
69	8	കണ്ണം ചാൽ - പുളിക്കൽ റോഡ്	500	ചരൽ
70	8	കണ്ണം ചാൽ - സി.എച്ച്. മെമ്മോറിയൽ ഹൈസ്കൂൾ റോഡ്	300	ചരൽ
71	8	ധർമ്മോദയം എൽ.പി. സ്കൂൾ - എളയാവൂർ വയൽ ചതുരക്കിണർ റോഡ്	810	ചരൽ
72	8	ധർമ്മോദയം എൽ.പി. സ്കൂൾ - ചതുരക്കിണർ റോഡ്	500	ചരൽ
73	8	ധർമ്മോദയം എൽ.പി. സ്കൂൾ - കനാൽ - ജനശക്തി ക്ലബ്ബ്	500	ചരൽ
74	8	എളയാവൂരമ്പലം റോഡ് - ചേലോറക്കണ്ടി റോഡ്	150	ചരൽ
75	8	വാരം ജനതാടാക്കീസ് - പോത്തേരിപ്പറമ്പ് റോഡ്	200	ചരൽ

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	തരം
76	8	വാരം ആശുപത്രി - ചെറിയത്ത് റോഡ്	200	ചരൽ
77	9	ഭുവനേശ്വരി ക്ഷേത്രം - പെരിങ്ങളായി റോഡ്	765	ചരൽ
78	9	കച്ചേരി വളപ്പ് കനാൽ - ചന്ത്രോത്ത് പീടിക റോഡ്	820	ചരൽ
79	9	ചന്ത്രോത്ത് പീടിക - ജനശക്തി അംഗൻവാടി റോഡ്	520	ചരൽ
80	9	ജനശക്തി- പെരിങ്ങളായി റോഡ്	800	ചരൽ
81	9	റൂറൽ വർക്കേർസ് കോളനി - ബൗണ്ടറി റോഡ്	500	ചരൽ
82	9	അരയണച്ചാൽ -എളയാവൂർ വയൽ റോഡ്	200	ചരൽ
83	9	മുള്ളൻകാട് - എളയാവൂർ വയൽ റോഡ്	300	ചരൽ
84	9	പുള്ളുവൻ ചാൽ - കണ്ടംകുളങ്ങര റോഡ്	200	ചരൽ
85	9	കച്ചേരിവളപ്പ് - കിളച്ചാറമ്പ് റോഡ്	100	ചരൽ
86	10	പുതിയകോട്ടം - കൂടത്തും താഴെ	400	ചരൽ
87	10	കുഞ്ഞിമൈലപ്രം - ചിറമ്മൽപീടിക	260	ചരൽ
88	10	മൈലപ്രം - വാണീവിലാസം	950	ചരൽ
89	10	ചിറമ്മൽ പീടിക - വട്ടപ്പറമ്പ്	790	200 ടാർ
90	10	കാട്ടുമ്മച്ചാൽ - എളയാവൂർ സൗത്ത്	360	ചരൽ
91	10	വിദ്യാപോഷിണി വായനശാല - കനാൽ റോഡ്	180	ചരൽ
92	10	പുള്ളുവൻ ചാൽ കണ്ടം കുളങ്ങര	275	ചരൽ
93	10	മൈലപ്രം - ചോടോൻമൊട്ട	765	ചരൽ
94	11,6	തെഴുക്കിൽ ഗ്രാമീണബാങ്ക് - നെല്ലിക്ക റോഡ്	600	400 ടാർ
95	11	കിഴുത്തള്ളി കിഴക്കേക്കര - ഹരിജൻ കോളനി റോഡ്	1125	ടാർ
96	11	കസ്തൂരിച്ചാൽ റോഡ്	525	ചരൽ
97	11	കിഴുത്തള്ളി ഹരിജൻ കോളനി - ഓവുപാലം റോഡ്	300	ചരൽ
98	11	കിഴുത്തള്ളി - ചാലക്കുന്ന്	750	ചരൽ
99	11,6	എ.കെ.ജി. റോഡ്	870	175 ടാർ
100	11	തെഴുക്കിൽ അമ്പൻ റോഡ്	345	ചരൽ
101	11	ഉമ്മർ നഗർ കോളനി റോഡ്	330	235 ടാർ
102	11	താഴെ ചൊവ്വ - തങ്കേക്കുന്ന് റോഡ്	650	ടാർ
103	11	സമദർശിനി റോഡ് - പുലുക്കോപ്പാലം റോഡ്	240	ചരൽ
104	11	താഴെചൊവ്വ - വലിയ ചീപ്പ് റോഡ്	190	ചരൽ
105	12	യാദവ കോളനി - എസ്.എൻ.കോളേജ് റോഡ്	1040	ടാർ
106	12	എസ്.എൻ.കോളേജ് കാഞ്ഞിര റോഡ്	415	ചരൽ
107	12	ഹൈവേ - എസ്.എൻ. കോളേജ് റോഡ്	430	ചരൽ
108	12	ഓവുപാലം - ഉമാമഹേശ്വരി റോഡ്	350	205 ടാർ
109	12	എസ്.എൻ. കോളേജ് ഷെൽട്ടർ - സൗത്ത് ബൗണ്ടറി റോഡ്	550	ചരൽ
110	12	കിഴുത്തള്ളി - കുറുവ -ജെ.ടി.എസ്.	270	ചരൽ
111	12	അവേര ഹരിജൻകോളനി റോഡ്	480	താർ
112	12	അവേര വയൽ റോഡ്	235	200 താർ
113	12	കിഴുത്തള്ളി കൈനാട്ടി - എസ്.എൻ.കോളേജ് റോഡ്	480	ചരൽ

പ്രശ്നങ്ങൾ

1) സ്കൂൾ വിദ്യാർത്ഥികൾ സർക്കാർ ജീവനക്കാർ മറ്റ് തൊഴിലാളികൾ എന്നിവർ ഒരുമിച്ച് യാത്ര ചെയ്യേണ്ടി വരുന്ന, കാലത്തും വൈകുന്നേരവും ബസ് യാത്ര ദുരിതപൂർണ്ണമാണ്.
2) നാഷനൽ ഹൈവേയിൽ വാഹനങ്ങളുടെ ആധിക്യം കാരണം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. അമിത വേഗതകാരണം അപകടം സംഭവിക്കുന്നു.
3) നാഷനൽ ഹൈവേയിൽ കിഴുത്തള്ളി റെയിൽവേ ഗേറ്റ് അടച്ചിടുന്നത് കാരണം ദീർഘ സമയം തടസ്സം നേരിടുന്നു.
4) പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളുടെയും പൊതുസ്ഥിതി മോശമാണ്.
5) മിക്ക റോഡുകളിലും ആവശ്യമായ ഓടകളും കലുങ്കുകളുമില്ല.
6) ആവശ്യമായ വീതിയില്ലാത്തതിനാൽ ഓടകൾ നിർമ്മിക്കാൻ സാധിക്കുന്നില്ല.
7) ഫണ്ടിന്റെ അപര്യാപ്തത മൂലം അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയുന്നില്ല.
8) റോഡ് റിപ്പയർ ജോലിയിൽ പ്രാദേശിക ഇടപെടലുകൾ ഇല്ലായ്മയും ഫണ്ടിന്റെ ചോർച്ചയും ഇന്നത്തെ ശോച്യാവസ്ഥക്ക് കാരണമായിത്തീരുന്നു.
9) മഴക്കാലത്തിനുമുൻപ് ഓടകൾ റിപ്പയർ ചെയ്യാത്തതുകൊണ്ട് റോഡിന്റെ നില കൂടുതൽ മോശമായി തീരുന്നു.

10) വിവിധ ഡിപ്പാർട്ടുമെന്റുകൾ റോഡുകളിൽ കുഴികളും ട്രഞ്ചുകളും നിർമ്മിക്കുന്നത് മൂലം റോഡുകൾ നശിച്ചു പോകുന്നു.
11) താഴെ ചൊവ്വ പോലുള്ള പ്രധാന കേന്ദ്രങ്ങളിൽ വാഹന ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസിന്റെ അഭാവം.
12) പഞ്ചായത്തിൽ ഭൂരിഭാഗം റോഡുകളും മെറ്റൽ ചെയ്യാത്തതും ടാർ ചെയ്യാത്തതുമാണ്.
13) താഴെ ചൊവ്വ, മേലേ ചൊവ്വ, ധർമ്മസമാജം എന്നീ പ്രധാന കേന്ദ്രങ്ങളിൽ ബസ്ഷെൽട്ടർ നിലവിൽ ഇല്ലാത്തതിനാൽ പ്രയാസമനുഭവപ്പെടുന്നു.
14) വാർഡുകളിലെ ചില പ്രദേശങ്ങളിൽ റോഡുകളില്ലാത്ത അവസ്ഥ.

സാധ്യതകൾ

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ഗ്രാമസഭകളിൽ നിന്ന് നിരവധി നിർദ്ദേശങ്ങളുണ്ടായി. ലഭ്യമാകുന്ന ഫണ്ടും മറ്റ് സഹകരണങ്ങളും ശ്രമദാന പ്രവർത്തനത്തിനുള്ള സന്നദ്ധത ആവശ്യമായി വരുന്ന ഘട്ടത്തിൽ എല്ലാ ഗ്രാമസഭകളിൽ നിന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്.

1. കൂടുതൽ ബസ്സ് യാത്രക്കാർ ഒരുമിച്ച് യാത്ര ചെയ്യേണ്ടിവരുന്ന കാലത്തും വൈകുന്നേരവും കൂടുതൽ ബസ്സർവ്വീസ് ഏർപ്പെടുത്തുക.
2. നേഷനൽ ഹൈവേ വീതികൂട്ടി ഡിവൈഡർ സ്ഥാപിക്കണം. ഇരുവശങ്ങളിലും ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തണം.
3. പി.ഡബ്ലൂ.ഡി. റോഡ്, മറ്റ് പ്രധാന പഞ്ചായത്ത് റോഡ് എന്നിവിടങ്ങളിൽ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുക.
4. കിഴുത്തള്ളി റെയിൽവേ ക്രോസിങ്ങിൽ ഫ്ളൈ ഓവർ നിർമ്മാണം.
5. പഞ്ചായത്തിലെ ഓരോ വാർഡിലെയും വാഹനഗതാഗതം കൂടുതലുള്ള റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ താർചെയ്യേണ്ടതാണ്.
6. ഓടയില്ലാത്ത റോഡുകളിൽ ജനങ്ങളുടെ സഹകരണത്തോടെ വീതികൂട്ടി ഓടകൾ നിർമ്മിക്കേണ്ടതാണ്.
7. കാലവർഷത്തിന് മുമ്പ് റോഡുകളിലെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്.
8. റോഡരികിലുണ്ടാകുന്ന ഓടകൾ ദുരുപയോഗം ചെയ്ത് വെള്ളക്കെട്ട് ഉണ്ടാക്കുന്നത് കർശനമായി നിരോധിക്കേണ്ടതാണ്.
9. വിവിധ ഡിപ്പാർട്ട്മെന്റുകൾ റോഡുകളിൽ നിർമ്മിക്കുന്ന കുഴികളും ട്രഞ്ചുകളും അതാതവസരത്തിൽ മൂടി റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് വിവിധ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് പ്രവൃത്തി ചെയ്യിക്കേണ്ടതാണ്.
10. പ്രധാന കേന്ദ്രങ്ങളിൽ ട്രാഫിക് പോലീസ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
11. പ്രധാന കേന്ദ്രങ്ങളിൽ സന്നദ്ധസംഘടനകളുമായി ചേർന്ന് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.
12. ജനപങ്കാളിത്തത്തോടുകൂടി നിലവിൽ റോഡുകളില്ലാത്ത പ്രദേശത്ത് റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.
13. നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമാക്കുന്ന ഫണ്ട് അതാത് പ്രവൃത്തികൾക്ക് പൂർണ്ണമായും വിനിയോഗിക്കുന്നുണ്ടോ എന്ന് സാമൂഹികമായ ഇടപെടലുകളിലൂടെ ഓരോ ഘട്ടത്തിലും പരിശോധിക്കേണ്ടതാണ്.
14. എളയാവൂർ സൗത്തിൽ നിന്ന് ചേലോറ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കേണ്ടതാണ്.
15. അതിരകം യു.പി. സ്കൂൾ, തേറോത്ത് കാവ് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള പഞ്ചായത്ത് റോഡുകൾ ശാസ്ത്രീയമായി അളന്ന് തിട്ടപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഊർജ്ജം

രാജ്യത്തിന്റെ വികസനത്തിന്റെ അളവുകോൽ ഒരുപരിധി വരെ അവിടുത്തെ ഊർജ്ജോൽപാദനവും ഉപഭോഗവും ആണെന്നു പറയാം. ഗാർഹികരംഗത്തെ വൈദ്യുതിഉപഭോഗം ജീവിതനിലവാരത്തെയും വ്യവസായ രംഗത്തെ ഉപഭോഗം വ്യാവസായികവളർച്ചയും സൂചിപ്പിക്കുന്നു. ആളോഹരി വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിറകിലാണ്. കാരണം നമ്മുടെ സംസ്ഥാനം വ്യാവസായികമായി വളരെ പിറകിലാണ് എന്നുള്ളതാണ്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന ഊർജ്ജം പ്രധാനമായും വൈദ്യുതോർജ്ജമാണ്.

1930-കളിൽ തന്നെ കണ്ണൂർ നഗരത്തിൽ പരിമിതമായ തോതിൽ വൈദ്യുതി ഉൽപാദനവും വിതരണവും സ്വകാര്യ മേഖലയിൽ നടന്നിരുന്നു. സ്വാതന്ത്ര്യാനന്തരം അന്നത്തെ മദിരാശി സംസ്ഥാനത്തെ പൈക്കാറയിൽ നിന്നുള്ള വൈദ്യുതി കണ്ണൂർ ജില്ലയിലെ ആദ്യത്തെ സബ്സ്റ്റേഷനായ എളയാവൂർ വില്ലേജിലെ ചൊവ്വ സബ്സ്റ്റേഷനിൽ എത്തിയതോടെയാണ് വിതരണം വ്യാപിച്ചു തുടങ്ങിയത്. വിതരണച്ചുമതല നഗരപ്രദേശത്ത് സ്വകാര്യ ഏജൻസികൾക്കും നഗരത്തിന് വെളിയിൽ വൈദ്യുതി ഡിപ്പാർട്ട്മെന്റിനുമായിരുന്നു. സ്വകാര്യ മേഖലയിലെ വിതരണച്ചുമതലയുള്ള കണ്ണൂർ ലൈസൻസി 1957-ൽ നാഷണലൈസ് ചെയ്തു. നഗരപ്രാന്തത്തിൽ ഇതോടെ വിതരണം ശക്തിപ്പെട്ടു. 1970-ൽ പഞ്ചായത്ത് അതിർത്തിയായ മുണ്ടയാട് 110 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമായതോടെ പ്രവർത്തനം നിർത്തിവെച്ച ചൊവ്വ സബ്സ്റ്റേഷൻ 1995 മുതൽ വീണ്ടും പുതുതായി പ്രവർത്തനക്ഷമമായിട്ടുണ്ട്.

നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ ഊർജ്ജ പ്രതിസന്ധി നേരിടുകയാണ്. വരുംകാലങ്ങളിൽ ഈ പ്രതിസന്ധി കൂടുതലാവാനാണ് സാധ്യത. അതിനാൽ ഈ രംഗത്ത് ശാസ്ത്രീയമായ ആസൂത്രണം ആവശ്യമാണ്. വർഷംതോറും വൈദ്യുതിയുടെ ആവശ്യം 10% വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതനുസരിച്ച് ഉൽപാദന വർദ്ധനവ് ഉണ്ടാകുന്നുമില്ല. ഉൽപാദനത്തിനായി എല്ലാ ശ്രോതസ്സുകളും ആശ്രയിക്കേണ്ടതാണ്. ലഭ്യമായ ജലസമ്പത്തിന്റെ 30% മാത്രമേ ഇന്ന് ഊർജ്ജോൽപാദനത്തിനായി ഉപയോഗിക്കുന്നുള്ളൂ. ഗുണനിലവാരമുള്ള വൈദ്യുതി ചുരുങ്ങിയ ചെലവിൽ, അതായിരിക്കണം ലക്ഷ്യം.

സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയും അയൽ സംസ്ഥാനങ്ങളിലെ താപനിലയങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന വൈദ്യുതിയും ചേർത്താണ് ഇന്ന് വിതരണം നടത്തുന്നത്. നമ്മുടെ ആവശ്യം വർദ്ധിച്ചുവരികയും അതനുസരിച്ച് ഉൽപാദനത്തിൽ വർദ്ധനവ് വരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവിടത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഇറക്കുമതിചെയ്യുന്ന വൈദ്യുതി കൂടുതലായി ഉപയോഗിക്കേണ്ടി വരുന്നു. അഭ്യന്തര ഉൽപാദനവും ഇറക്കുമതിചെയ്യുന്ന വൈദ്യുതിയുടെ അളവും തമ്മിലുള്ള അനുപാതം ഇന്ന് 52:48 എന്ന തോതിലാണ്. എന്നാൽ ഇവ തമ്മിലുള്ള അനുപാതം നേരത്തെ നിലനിന്നിരുന്നതുപോലെ 66:34 എന്നതിലേക്ക് എത്തിച്ചാൽ മാത്രമേ ഇന്നത്തെ നിലയിൽ താരിഫ് നിരക്ക് മറ്റ് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞുനിൽക്കുകയുള്ളൂ. സംസ്ഥാനം വ്യാവസായികമായി അഭിവൃദ്ധിപ്പെടണമെങ്കിൽ താരിഫ്നിരക്ക് കുറഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് അൽപമെങ്കിലും പരിഹാരം എന്നാൽ മാത്രമേ ഉണ്ടാവുകയുള്ളൂ. പ്രധാനമായ വൈദ്യുതി ഉൽപാദനനിലയങ്ങൾ എല്ലാം തന്നെ ഉത്തരകേരളത്തിൽ ആണ് ഉള്ളത്. ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി നമ്മുടെ പ്രദേശത്തെ സബ്സ്റ്റേഷനുകളിൽ എത്തുമ്പോൾതന്നെ പ്രസരണ നഷ്ടം മൂലം വലിയ ചോർച്ച അനുഭവപ്പെടുന്നുണ്ട്. 110 കെ.വി.യിൽ 84 കെ.വി.യും 66 കെ.വി.യിൽ 46 കെ.വി. യുമാണ് സന്ധ്യാസമയങ്ങളിൽ ലഭ്യമാകുന്ന വോൾട്ടേജ്. ഉൽപാദനനിലയങ്ങൾ നമ്മുടെ പ്രദേശത്തോട് അടുത്തുവന്നാൽ മാത്രമേ വോൾട്ടേജ് ക്ഷാമത്തിന് ശാശ്വതമായി പരിഹാരം കാണാൻ കഴിയുകയുള്ളൂ.

കണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ ചൊവ്വ മേജർ സെക്ഷൻ, കണ്ണൂർ മേജർ സെക്ഷൻ, ഏച്ചൂർ മേജർ സെക്ഷൻ, കാടാച്ചിറ ഇല. സെക്ഷൻ എന്നീ നാല് ഓഫീസിന്റെ പ്രവർത്തന പരിധിയിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെട്ടിട്ടുള്ളത്. ഏകദേശം 6448 ഉപഭോക്താക്കൾ ഉള്ളതിൽ 5793 ഗാർഹിക കണക്ഷനുകളും, 533 വാണിജ്യ കണക്ഷനുകളും 80 ഇൻഡസ്ട്രിയൽ കണക്ഷനുകളും 42 കാർഷിക കണക്ഷനുകളുമാണ് ഉള്ളത്. കൂടാതെ 1 ബൾബ് മാത്രം ഉള്ള ഏതാനും കുടീർജ്യോതി കണക്ഷനുകളും നിലവിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന വൈദ്യുതി 66 കെ.വി. സബ്സ്റ്റേഷൻ ചൊവ്വ, 110 കെ.വി. സബ്സ്റ്റേഷൻ മുണ്ടയാട് എന്നീ സബ്സ്റ്റേഷനുകളിൽ നിന്നാണ്. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച എല്ലാ ജോലികളും വൈദ്യുതിബോർഡാണ് നിർവ്വഹിക്കുന്നത്. ഈ ഇനത്തിൽ പ്രതിമാസം 5188/- രൂപ ഇല. ബോർഡിൽ അടക്കുന്നുണ്ട്. നിലവിൽ 308 ബൾബ്, 65 ട്യൂബ്ലൈറ്റ്, 1 ഹാലോജൻ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത്.

ഊർജ്ജം വീടുകളിൽ പാചകത്തിനുള്ള ഇന്ധനമായി ഉപയോഗിക്കുന്നു. 75% ത്തോളം വീടുകളിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്നു. കുക്കിംഗ് ഗ്യാസ്, മണ്ണെണ്ണ എന്നിവയും ഉപയോഗിക്കുന്നു. 4 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വിറക് ക്ഷാമം നേരിടുന്നു. കൂടുതൽ വില കൊടുക്കേണ്ടി വരുന്നു.
2. പുതിയ ഗ്യാസ് കണക്ഷൻ ലഭിക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. നിലവിലുള്ള കണക്ഷൻ റീഫിൽ ലഭിക്കുന്നതിന് താമസം നേരിടുന്നു..
3. നിലവിലുള്ള ചുരുക്കം ബയോഗ്യാസ് പ്ലാന്റുകൾ റിപ്പയർ ചെയ്യാൻ പരിചയസമ്പന്നരായ തൊഴിലാളികളെ കിട്ടുന്നില്ല.

4. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും വേൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു. അടിക്കടി തടസ്സങ്ങൾ അനുഭവപ്പെടുന്നു.
5. പുതുതായി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.
6. നിലവിലുള്ള സ്ലാബ് സമ്പ്രദായത്തിലെ അപാകതമൂലം കരണ്ട് ചാർജ്ജ് കുടിശ്ശിക ഒരുമിച്ച് അടക്കേണ്ടിവരുന്നു.
7. ലൈനിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കാൻ കാലതാമസം നേരിടുന്നു.
8. സ്ട്രീറ്റ് ലൈറ്റ് മിക്കവയും കത്താറില്ല.
9. പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാത്ത റോഡുകളിൽ രാത്രിസമയത്തിലെ യാത്രക്ക് പ്രയാസം നേരിടുന്നു.
10. വൈദ്യുതീകരിക്കാൻ സാധ്യതയുള്ള വീടുകൾ മുഴുവനായും വൈദ്യുതീകരിച്ചിട്ടില്ല.

നിലവിലുള്ള ഉപഭോക്താക്കളുടെ ഉപഭോഗത്തിൽ വരുന്ന വർദ്ധനവും ഉപഭോക്താക്കളുടെ എണ്ണത്തിൽ വരുന്ന വർദ്ധനവും കാർഷിക-വ്യാവസായിക മേഖലയിൽ വരുന്ന വർദ്ധനവും പരിഗണിച്ച് വിതരണമേഖല ശക്തിപ്പെടുത്തേണ്ടതാണ്.

ആവശ്യമായ സൗകര്യങ്ങൾ - പട്ടിക (ഒന്നാം വർഷത്തേക്ക് വരുത്തേണ്ടത്)

	നിലവിലുള്ളത് കി.മീ.	ആവശ്യം കി.മീ.	പുതുതായി വേണ്ടത്
1. എൽ.ടി. ലൈൻ	65 കി.മീ.	90 കി.മീ.	25 കി.മീ.
2. ട്രാൻസ്ഫോർമർ	16 എണ്ണം	30 എണ്ണം	14 എണ്ണം
3. എച്ച്.ടി. ലൈൻ	14 കി.മീ.	20 കി.മീ.	6 കി.മി.
4. സ്ട്രീറ്റ് ലൈറ്റ്	374 എണ്ണം	424എണ്ണം	50 എണ്ണം

സാധ്യതകൾ

1. ഗ്രാമങ്ങളിൽ ലഭ്യമായ ജൈവസമ്പത്ത് മുഴുവനായും ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്. കിഴുത്തള്ളി യാദവകോളനി, മറ്റു കന്നുകാലി സമ്പത്ത് അധികമുള്ള പ്രദേശങ്ങളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.
2. പ്രഷർകുക്കർ, കച്ചിപ്പെട്ടി പോലുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കാവുന്നതാണ്.
3. ഇന്ധനക്ഷമതയുള്ളതും പുകയില്ലാത്തതുമായ അടുപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടത്ര പ്രചാരം ലഭിക്കാത്ത സാഹചര്യത്തിൽ പരിഷത്ത് അടുപ്പുകൾ, അനർട്ട്, ആലുവസെറ്റിൽമെന്റ് ഇൻഡസ്ട്രീസ് പോലുള്ള സ്ഥാപനങ്ങളുടെ വ്യത്യസ്ഥ മാതൃകയിലുള്ള അടുപ്പുകൾ പ്രദർശിപ്പിച്ച് ഇന്ധനക്ഷമതയും പ്രവർത്തനവും ബോധ്യപ്പെടുത്തേണ്ടതാണ്. അടുപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ബിൽഡിങ്ങ് പെർമിഷൻ നൽകുമ്പോൾ തന്നെ നിബന്ധനകൾ ഏർപ്പെടുത്താവുന്നതാണ്.
4. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സാമ്പത്തികസഹായവും നിർമ്മാണത്തിന് പരിചയസമ്പന്നരായ തൊഴിലാളികളെയും ഏർപ്പെടുത്താവുന്നതാണ്.
5. വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും, ഡിസ്ട്രിബ്യൂഷൻ ലൈൻ ത്രീ ഫെയ്സ് ലൈനാക്കി മാറ്റി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വൈദ്യുതിബോർഡ് അധികൃതരുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്.
6. പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് കാര്യക്ഷമമായി കത്തിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡ് അധികൃതരുമായി യോജിച്ച് ഫലപ്രദമായ സംവിധാനം ഉണ്ടാക്കാവുന്നതാണ്.
7. വൈദ്യുതിലൈനിനടുത്തുള്ള മരക്കൊമ്പുകൾ, ചെടികൾ എന്നിവ മുറിച്ചുമാറ്റുന്നതിനുള്ള സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കാവുന്നതാണ്.
8. വിതരണ ലൈനുകളുടെ അപര്യാപ്തത പരിഹരിക്കാനാവശ്യമായ പ്രവർത്തനം ഇല. ബോർഡ് അധികൃതരുമായി ആലോചിച്ച് നടപ്പിലാക്കാവുന്നതാണ്.
9. നാഷനൽ ഹൈവേയുടെ ഭാഗമായ താഴെചൊവ്വ-എസ്.എൻ.കോളേജ് പി.ഡബ്ല്യൂ.ഡി. റോഡ്, മേലേചൊവ്വ വലിയന്നൂർ ഭാഗത്ത് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

മാർക്കറ്റ്

കാർഷിക മേഖലയിൽ നെൽകൃഷിക്കും നാളികേരത്തിനും പ്രാമുഖ്യം കൊടുത്തിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ സ്വന്തം ആവശ്യം കഴിഞ്ഞ് ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വേണ്ടത്ര ഉണ്ടാവാത്തതുകൊണ്ടായിരിക്കാം ഒരു പൊതു മാർക്കറ്റ് സംവിധാനം ഇവിടെ നിലവിലില്ലാത്തത്. മിച്ചം വരുന്ന ഉൽപന്നങ്ങൾ സ്വകാര്യ ഏജൻസികൾ വഴിയാണ് വിറ്റഴിക്കപ്പെടുന്നത്. നിത്യോപയോഗ സാധനങ്ങൾ ഒഴികെ തുണി, ചെരിപ്പ്, മറ്റ് വ്യവസായ ഉൽപന്നങ്ങൾ എന്നിവ വാങ്ങുന്നതിന് ഭൂരിഭാഗവും കണ്ണൂർ പട്ടണത്തെ ആശ്രയിക്കുന്നു. കാർഷികമേഖലയിൽ ഊന്നൽ നൽകിക്കൊണ്ട് ഉൽപാദന വർദ്ധനവ് നേടുന്നതിനുള്ള പ്രചാരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്ന ഈ അവസരത്തിൽ താഴെ ചൊവ്വ, വാരം എന്നീ സ്ഥലങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സും അതോടനുബന്ധിച്ച് പൊതുമാർക്കറ്റ് സംവിധാനവും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടം

ഏഴയാവൂർ പഞ്ചായത്തിൽ 7506 വീടുകളാണ് ഉള്ളത് അതിൽ 3853 എണ്ണം ഓട് പാകിയതും 1918 എണ്ണം കോൺക്രീറ്റ് മേൽപ്പുരയുള്ളതും 133 എണ്ണം ഓലമേഞ്ഞതും 15 എണ്ണം മറ്റുള്ളവയും ആണ്. 75% വീടുകളും അടിത്തറ വെട്ടുകല്ലും ചുമർ വെട്ടുകല്ലും ഇഷ്ടികയും ഉപയോഗിച്ചുള്ളവയും ആണ്. നിലം സിമന്റാണ്. പരമ്പരാഗതമായി മണ്ണും ചാണകവും ഉപയോഗിച്ചുള്ള തറകൾ വളരെ കുറച്ചുമാത്രമേയുള്ളൂ. ഇതിനെല്ലാം പുറമേ ഒന്നിൽ കൂടുതൽ നിലകളുള്ള വീടുകൾ 1587 ആണ്.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി താരതമ്യേന തൃപ്തികരമാണ്. ഗൾഫ് വരുമാനം കെട്ടിട നിർമ്മാണമേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തിയതായി കാണാം. പക്ഷേ ഇപ്പോൾ ഗൾഫിൽ നിന്നുള്ള വരുമാനം കുത്തനെ താഴോട്ട് പോയിട്ടുണ്ട്. അതുകൊണ്ട് തന്നെ കുറച്ചുഭാഗം വീടുകൾ പണിതീരാതെ കിടക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 40% ത്തിലധികം പേരും കൂട്ടുകുടുംബങ്ങളുമായി താമസിക്കുന്നവരാണ്. ഒരു വീട് എടുക്കാനുള്ള സാമ്പത്തിക പരാധീനതയാണ് ഇവരെ കൂട്ടുകുടുംബങ്ങളായി താമസിക്കാൻ നിർബന്ധിതരാക്കുന്നത്.

ഇതിനുപുറമേ സ്ഥലപരിമിതിയും ഒരു പ്രശ്നമാണ്. കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് ഒന്നിന് രണ്ട് എന്നതോതിൽ വീടുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള ഓടിട്ട വീടുകൾ കുറച്ചു പഴക്കമേറിയതും, പഴയ തറവാടുകൾ പരിഷ്കരിച്ചതും ആണ്. ഇപ്പോൾ നിർമ്മിക്കുന്ന വീടുകളാണെങ്കിൽ, സാമ്പത്തികമേഖലയിൽ വളരെ ഉയർച്ച ലഭിച്ചവരെപോലെയാണ്. കാരണം, ഹൗസിങ്ങ് ബോർഡ്, ബേങ്കുകൾ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് ആഡംബരവസ്തുക്കളെക്കൊണ്ട് കുത്തിനിറച്ച് വലിയ മണിമാളികകളാക്കി തീർത്തു കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പൊതുജനങ്ങൾക്ക് ബോധവൽക്കരണം കൊടുക്കേണ്ടതുണ്ട്. നിർമ്മിതി പോലുള്ള ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി സൗകര്യങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ ഏർപ്പെടുത്തണം. അതിനുപുറമേ ഓലമേഞ്ഞ വീട് പുനരുദ്ധരിക്കാൻ ഇന്നത്തെ സാമ്പത്തിക സ്ഥിതി അവരെ അനുവദിക്കുന്നില്ല. കാരണം ഇന്നത്തെ സാധനങ്ങളുടെ വില കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് എത്ര സാമ്പത്തിക സഹായ പദ്ധതികൾ ഉണ്ടായാലും വേണ്ടത്ര അവർക്ക് ഉപയോഗപ്പെടുന്നില്ല. അവർ എന്നും താഴെ തട്ടിൽത്തന്നെ നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു ലക്ഷംവീട് കോളനിയും 2 ഹരിജൻ കോളനിയും ഒരു റൂറൽ വർക്കേർസ് കോളനിയും നിലനിൽക്കുന്നുണ്ട്. ഇവിടെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖലയാണ്. അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും വെള്ളം, വെളിച്ചം, പ്രാഥമികാവശ്യങ്ങൾ നടത്താനുള്ള സൗകര്യം എന്നിവ പോലും അവിടെ ലഭ്യമല്ല. അതോടൊപ്പം തന്നെ ഇങ്ങനെയുള്ള കോളനികളിൽ താമസിക്കുന്നവർ, വീട് വേണ്ടവിധം ഉപയോഗിക്കാതെ വിറ്റുപോകുന്ന ഒരു പ്രവണതയും കാണുന്നുണ്ട്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള ചില നിയമങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കാനുള്ളത്. സ്പെഷൽ പഞ്ചായത്ത് എന്ന അടിസ്ഥാനം വച്ചുകൊണ്ട് ഈ പഞ്ചായത്തിൽ നിർമ്മിക്കുന്ന വീടുകൾക്ക് പ്ലാൻ തയ്യാറാക്കാൻ കണ്ണൂർ മുനിസിപ്പാലിറ്റിയിലെ വികസന അതോറിറ്റിയുമായി ബന്ധപ്പെട്ടാൽ മാത്രമേ പ്ലാൻ, വീട് എടുക്കുവാൻ യോഗ്യമാവുകയുള്ളൂ. അതിനുവേണ്ടി ഫീസ് എന്ന ഇനത്തിൽ ഒരു നല്ല തുക വികസന അതോറിറ്റി ജനങ്ങളിൽ നിന്നും വാങ്ങിക്കുന്നു. അതിനുപുറമേ നമ്മുടെ പഞ്ചായത്തിൽ നിന്ന് 2% കേഷ് ഇനത്തിൽ വികസന അതോറിറ്റിയിൽ കൊടുത്തുകൊണ്ടിരിക്കുന്നു. ഈ നിയമത്തിനെ ആകെ മാറ്റിമറിക്കേണ്ടിയിരിക്കുന്നു. ഇത് ജനങ്ങളെ വിഷമസ്ഥിതിയിലാക്കുന്നു. ഇത് പഞ്ചായത്ത് തന്നെ ഏറ്റെടുക്കണം.

വികസന അതോറിറ്റി ജനങ്ങൾക്ക് ബാധ്യതയായിക്കൊണ്ടിരിക്കുകയാണ്.

താഴെക്കിടയിലുള്ള എല്ലാ വീടുകൾക്കും ഗ്രാന്റ് കൊടുത്തുകൊണ്ട് കക്കൂസുകൾ നിർമ്മിക്കാനുള്ള പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ ആവിഷ്കരിക്കണം. ഇതിനെല്ലാം പുറമേ പഞ്ചായത്തിൽ വരുന്ന അപേക്ഷകൾ ദ്രുതഗതിയിൽ നീങ്ങാനുള്ള ഒരു സംവിധാനവും ഉണ്ടാക്കണം.

ഇതിനെല്ലാം പുറമേ നമ്മുടെ പഞ്ചായത്തിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകളുണ്ട്, താഴെ ചൊവ്വയിൽ കേന്ദ്രീകരിച്ച് സിമന്റുകട്ടകളും ഹോളോ ബ്രിക്സുകളും നിർമ്മിച്ചുകൊടുക്കുന്നതിന് ആവശ്യമായ സഹായ സൗകര്യങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചെയ്ത് കൊടുക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ സർക്കാർ-സഹകരണ ഏജൻസികളും ബേങ്കുകളും ഭവന നിർമ്മാണ വായ്പകൾ കൊടുത്തു വരുന്നുണ്ട്. അതിനുപുറമേ ബ്ലോക്ക് മുഖേന ജെ.ആർ.വൈ/ഐ.എ.ഐ എന്നീ പദ്ധതികൾ പ്രകാരം പട്ടികജാതി സമുദായങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സൗജന്യ ധനസഹായം കൊടുത്തുവരുന്നു.

ബ്ലോക്ക് മുഖേന ഭവന നിർമ്മാണത്തിനായി 25 കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഇതിൽ ഒരു വീടിന്റെ പണി ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. കണ്ണൂർ കോ-ഓപ്പറേറ്റീവ് ബിൽഡിങ്ങ് സൊസൈറ്റിയും കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റിയും എളയാവൂർ പഞ്ചായത്തിൽ 320 വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

സി.ആർ.എസ്.പി. പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കക്കൂസ് നിർമ്മിക്കുന്നതിന് 54 കുടുംബങ്ങളെ തെരഞ്ഞെടുത്തുവെങ്കിലും ഇതിൽ 49 കുടുംബങ്ങൾ മാത്രമേ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ.

വിവിധ പദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കുമ്പോൾ, അത് ദുരുപയോഗം ചെയ്യുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് ധനസഹായം ആവശ്യമായിട്ടുള്ളവർ എല്ലാ വാർഡുകളിലും നിരവധിയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ചേരിപ്രദേശങ്ങൾ ഇല്ല. എളയാവൂർ റൂറൽ വർക്കേർസ് കോളനിയിൽ തമിഴ്നാട്ടിൽ നിന്നും വന്ന 5 കുടുംബങ്ങൾ താമസമുണ്ട്. അതുപോലെത്തന്നെ യാദവത്തെരു, റാവുത്തർതെരു എന്നിവിടങ്ങളിലെ താമസക്കാരും നമ്മുടെ പഞ്ചായത്തിൽ മുൻകാലങ്ങളിൽ കുടിയേറിപ്പാർത്തവരാണ്.

നമ്മുടെ പഞ്ചായത്തിൽ അനാവശ്യമായ ചെലവുകൾ ചെയ്യുന്ന പ്രവണത കൂടിവരുന്നുണ്ട്. ചെറിയ കുടുംബങ്ങൾ പോലും വളരെ വലിയ കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. ഒരു വ്യക്തിയുടെ ജീവിതകാല സമ്പാദ്യം മുഴുവൻ വീട് നിർമ്മിക്കുന്നതിന് ചെലവഴിക്കുന്ന പ്രവണത ഇവിടെ നിലനിൽക്കുന്നു. ഇങ്ങനെ നിർമ്മിക്കുന്ന കൂറ്റൻ വീടുകൾക്ക് ചുറ്റും കൽമതിലുകൾ ഉയർത്തുന്ന പതിവും നിലവിലുണ്ട്. പഞ്ചായത്തിൽ ജൈവവേലികൾ പ്രചാരത്തിലില്ല.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം പഞ്ചായത്തിൽ നിലവിലുണ്ട്. തൊഴിലാളികളുടെ കൂലി നിരക്ക് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളരെയധികം മുന്നോട്ട് പോയിരിക്കുന്നു. 1970-75 കാലങ്ങളിൽ പുരുഷന് ശരാശരി 25 രൂപയും സ്ത്രീക്ക് ശരാശരി 10 രൂപയും കൂലി നിലനിന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ പുരുഷന് 150 രൂപയും സ്ത്രീക്ക് 80 രൂപയും കൂലി നിലവിലുണ്ട്. കെട്ടിട നിർമ്മാണസാമഗ്രികളുടെ വിലയും ഈ കാലയളവിൽ കുത്തനെ ഉയർന്നിട്ടുണ്ട്. 1980-85 കാലയളവിൽ ഒരു ചാക്ക് സിമന്റിന് 80 രൂപ ആയിരുന്ന സ്ഥാനത്ത് ഇപ്പോൾ 190 രൂപയും 1000 ചെങ്കല്ലിന് 1500 രൂപ നിലനിന്നിരുന്നിടത്ത് 7500 രൂപയായും വർദ്ധിച്ചിരിക്കുന്നു.

കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം പൊതുവേ തൃപ്തികരമാണ്. വീട് നിർമ്മാണത്തിൽ കോൺട്രാക്റ്റ് സമ്പ്രദായം വ്യാപകമാണ്.

വീടുകളുടെ മേൽക്കൂരകളുടെ നില

ഓട്	- 3853
കോൺക്രീറ്റ്	- 1918
രണ്ടുനില	- 1587
ഓല	- 133
മറ്റുള്ളവ	- 15
മൊത്തം	- 7506

പ്രശ്നങ്ങൾ

1) വിവിധ ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ച് വേണ്ടത്ര പ്രചരണമില്ലാത്തതുകൊണ്ട് ഗുണഭോക്താക്കൾ മുന്നോട്ട് വരുന്നില്ല.
2) ഭവന നിർമ്മാണത്തിനായി വികസനബ്ലോക്കുകളിൽ നിന്ന് അനുവദിക്കുന്ന തുക വളരെ കുറവാണ്.
3) സി.ആർ.സി.പി. പദ്ധതിപ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് അപേക്ഷകർ വളരെക്കൂടുതലുണ്ടെങ്കിലും അനുവദിക്കപ്പെടുന്നവരുടെ എണ്ണം വളരെ കുറവാണ്.
4) ഭവന നിർമ്മാണ സാമഗ്രികളുടെയും നിർമ്മാണതൊഴിലാളികളുടെയും ഇനത്തിൽ ഉണ്ടാകുന്ന ചെലവ് ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
5) ഭവന നിർമ്മാണത്തിനാവശ്യമായ നിർമ്മാണത്തൊഴിലാളികളിൽ മരപ്പണിക്കാർ, കൽപ്പണിക്കാർ തുടങ്ങിയ വിദഗ്ധ തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.
6) നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിനാവശ്യമായ സ്ഥലം വളരെക്കുറവാണ്.
7) കോളനി നിവാസികൾക്ക് എടുക്കുന്ന വീടുകൾക്ക് വേണ്ടത്ര സൗകര്യമില്ല.
8) വീടിനുചുറ്റും ഉയർന്ന കൽമതിലുകൾ കെട്ടുന്ന പ്രവണത നിലവിലുണ്ട്. തന്മൂലം ചുറ്റുപാടുകളുമായുള്ള സമ്പർക്കം കുറയുന്നു.

നിർദ്ദേശങ്ങൾ

1. സന്നദ്ധസംഘടനകളെ ഉൾപ്പെടുത്തി വിവിധഭവന നിർമ്മാണ പദ്ധതികളെക്കുറിച്ച് പഞ്ചായത്തിൽ വ്യാപകമായ പ്രചരണം നൽകേണ്ടതാണ്.
2. വികസന ബ്ലോക്കുകളിൽ നിന്നും അനുവദിക്കുന്ന തുക 50,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. ഈ ധനസഹായം പട്ടികജാതി കുടുംബങ്ങൾക്ക് പുറമേ താഴ്ന്ന വരുമാനക്കാരായ മറ്റു കുടുംബങ്ങൾക്കും നൽകേണ്ടതാണ്.
3. പഞ്ചായത്തിൽ നിലവിൽ കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകേണ്ടതാണ്.
4. കെട്ടിട നിർമ്മാണത്തിനാവശ്യമായ തൊഴിലാളികളെ ലേബർ സൊസൈറ്റി വഴി ആവശ്യക്കാർക്ക് നൽകാൻ കഴിയണം.
5. ആഡംബരപൂർണ്ണമായ വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുകയും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി പോലുള്ള സമിതികൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.
6. വീട് നിർമ്മിക്കുന്നതിന് സ്ഥലദൗർലഭ്യം ഉള്ളതിനാൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.
7. പഞ്ചായത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ഭവന നിർമ്മാണത്തിനുള്ള നിയമങ്ങൾ ലഘൂകരിക്കേണ്ടതാണ്.
8. വയലേലകളും താഴ്ന്ന പ്രദേശങ്ങളും നികത്തി വീടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.
9. ഭവന നിർമ്മാണത്തിന് വേണ്ടിയുള്ള വായ്പകളുടെ പലിശനിരക്ക് കുറക്കുകയും സബ്സിഡികൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.
10. കെട്ടിടം നിർമ്മിക്കാനാവശ്യമായ പ്ലാൻ അംഗീകരിക്കുവാനുള്ള വികസന അതോറിറ്റിയുടെ അധികാരം എടുത്തുകളയുകയും ഈ അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുമാണ്.

എളയാവൂർ പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി

	കെട്ടിടങ്ങൾ	ഒന്നിൽ കൂടുതൽ നില	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	585	92	96	365	32	-
2	369	43	103	215	8	-
3	408	50	81	258	19	-
4	829	240	279	298	9	3
5	670	103	204	353	8	2
6	1139	362	263	502	10	2
7	589	94	106	383	5	1
8	648	99	140	397	9	3
9	1020	202	214	586	16	2
10	594	126	206	255	6	1
11	655	176	226	241	11	1
മൊത്തം	7506	1587	1918	3853	133	15

ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ (ജെ.ആർ.വൈ/ഐ.എ.വൈ)

1992 - ലെ സർവ്വേ പ്രകാരം

ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	- 235
വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം	- 53
പൂർത്തീകരിച്ച വീടുകളുടെ എണ്ണം	- 49
പൂർത്തീകരിക്കാത്ത വീടുകൾ	- 4
ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം	- 182

സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൽ 1274 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ്. ഇതിൽ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം 105 ആണ്. ഇതിൽ സഹായം ലഭിച്ച് ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയവരുടെ എണ്ണം 56 ആയി ഉയർന്നിരിക്കുന്നു. ഇവരിൽ ഭൂരിഭാഗവും സ്ഥിരമായ ജോലിയില്ലാത്തവരും ജീവിതത്തിൽ അവശത അനുഭവിക്കുന്നവരുമാണ്.

നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്. വിവിധ മേഖലകളിൽ ജോലിചെയ്യുന്ന ഇവരുടെ ജീവിതനിലവാരം താരതമ്യേന തൃപ്തികരമാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പൻസറിയും ഒരു പൊതുജനാരോഗ്യകേന്ദ്രവും രണ്ട് സബ് സെന്ററുകളും നിലവിലുണ്ട്. അവയുടെ സ്ഥിതി തൃപ്തികരമല്ല. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തോടൊപ്പം ജനങ്ങളെ രോഗവിമുക്തമാക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഏറ്റെടുക്കേണ്ടതുണ്ട്. മലേറിയ, കോളറ തുടങ്ങിയ രോഗങ്ങൾ നമ്മുടെ ഇടയിലേക്ക് തിരിച്ച് കുടിയേറിക്കൊണ്ടിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെക്കുറിച്ച് നമ്മുടെ പഞ്ചായത്തിലെ ജനവിഭാഗങ്ങൾക്ക് നേരിട്ട് അറിവ് കിട്ടുന്നില്ല. ഇപ്പോൾ കിട്ടുന്ന സാമ്പത്തിക സഹായങ്ങളും അറിവുകളും ഡിപ്പാർട്ടുമെന്റ് വഴിയാണ് ലഭിക്കുന്നത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ, ഐ.ആർ.ഡി.പി., ഡി.ഡബ്ല്യൂ.സി.ആർ.എ, ട്രൈസം, എന്നീ തൊഴിൽ മേഖലകളിലാണ്. ഇതിന് വേണ്ടത്ര പ്രചാരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്ന് ലഭിക്കുന്നില്ല. ഐ.ആർ.ഡി.പി. പ്രകാരം സഹായം ലഭിച്ചവർ തന്നെ അത് വേണ്ട വിധത്തിൽ വിനിയോഗിക്കാറില്ല. അത്കൊണ്ട് തന്നെ അവരുടെ ജീവിതനിലവാരം ഉയരുന്നില്ല. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കുന്ന കുടുംബങ്ങൾ പ്രസ്തുത ധനസഹായം അതാത് പദ്ധതികൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

സർവ്വേപ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	- 1274
ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചവരുടെ എണ്ണം	- 105
സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ	- 56

ഈ കണക്ക് ഐ.ആർ.ഡി.പി. പ്രകാരം സഹായം ലഭിച്ചവരുടെതാണ്.

8-ാം പദ്ധതി കാലയളവിൽ ഡി.ഡബ്ല്യൂ. സി.ആർ.എ. പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ രണ്ട് യൂനിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. പത്ത് വനിതകളെവീതം ഉൾപ്പെടുത്തിക്കൊണ്ട് പ്രിന്റിങ്ങ് പ്രസ്സ്, കന്നുകാലി വളർത്തൽ എന്നീ മേഖലകളിലാണ് ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റ് ആരംഭിച്ചിട്ടുള്ളത്. രണ്ട് യൂനിറ്റുകളിലും നിലവിൽ 9 അംഗങ്ങൾ വീതം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ പദ്ധതിയെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം എത്തിയിട്ടില്ല. ആ മേഖലയിൽ ഇനിയും കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട്. ടൈലറിങ്ങ്, ചെരുപ്പ്നിർമ്മാണം, സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, ഫ്ളവർ മില്ലുകൾ എന്നീ മേഖലകളിൽ പുതിയ യൂനിറ്റുകൾ ആരംഭിക്കാവുന്നതാണ്.

പ്രിന്റിങ്ങ് പ്രസ്സ്	1991-92	9	പ്രവർത്തനക്ഷമം
കന്നുകാലി വളർത്തൽ	1994-95	9	പ്രവർത്തനക്ഷമമല്ല.

സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പെൻഷൻ ആനുകൂല്യങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയും ഉദാരമാക്കുകയും വേണം. ഓരോ വർഷവും പുതുതായി പെൻഷൻ അനുവദിച്ചവരുടെ കണക്ക് ചുവടെ കൊടുക്കുന്നു.

വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ	കേൻസർരോഗ പെൻഷൻ	കർഷകതൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
1991-92	9	11	-	14		22	118
1992-93	3	15	1	-	-	8	147
1993-94	4	3	1	13	-	11	150
1994-95	1	3	2	7	1	10	135
1995-96	-	1		4	1	17	125

ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം വളരെ കുറച്ച് ആളുകൾക്ക് മാത്രമേ നമ്മുടെ പഞ്ചായത്തിൽ ധനസഹായം ലഭിച്ചിട്ടുള്ളൂ. ഇനിയും ഒട്ടനവധിപേർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്.

ഡൈയിങ്ങ് ആന്റ് പ്രിന്റിങ്ങ്, ഫർണിച്ചർ വർക്സ്, പ്രിന്റിങ്ങ്, ഇലക്ട്രോണിക്സ്, വയർമെൻ, ഓട്ടോ ഡ്രൈവിങ്ങ്, ടെയിലറിങ്ങ്, വെൽഡിങ്ങ് എന്നീ മേഖലകളിലായി ട്രൈസം പദ്ധതി പ്രകാരം 28 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ

22 ആളുകൾ വിവിധ മേഖലകളിലായി സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ആറുപേർ ഇതര തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടുണ്ട്.

പരിശീലന വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
ഡൈയിങ്ങ് ആന്റ് പ്രിന്റിങ്ങ്, ഫർണിച്ചർ വർക്സ്, പ്രിന്റിങ്ങ്, ഇലക്ട്രോണിക്സ്, വയർമെൻ, വെൽഡിങ്ങ്, ടെയിലറിങ്ങ്.	28	22	6

മേൽക്കാണിച്ച പട്ടിക 8-ാം പഞ്ചവത്സര പദ്ധതിപ്രകാരമുള്ളതാണ്.

നമ്മുടെ പഞ്ചായത്തിൽ 15 അംഗൻവാടികളും പഞ്ചായത്ത് വക ഒരു ശിശു മന്ദിരവും നിലവിലുണ്ട്. ഇതിൽ നാല് അംഗൻവാടികൾക്കും ശിശുമന്ദിരത്തിനും സ്വന്തമായി കെട്ടിടമുണ്ട്. നിലവിൽ അംഗൻവാടികളിലുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും മറ്റു സൗകര്യങ്ങളും അംഗൻവാടികളിൽ ഏർപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ 8-ാം വാർഡിൽ അംഗൻ വാടി ഇല്ല. ചില അംഗൻവാടികളിൽ എത്തണമെങ്കിൽ പിഞ്ചുകുട്ടികൾക്ക് വളരെയധികം നടക്കേണ്ടതായി വരുന്നു. പഞ്ചായത്തിൽ നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം തീരേ തൃപ്തികരമല്ല. അംഗൻവാടികളോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ കീഴിൽ മഹിളാ സ്വസ്ഥ് സംഘം നിലവിലുണ്ട്.

വാർഡ്	അംഗനവാടികളുടെ എണ്ണം	പോഷകാഹാരം ലഭിക്കുന്നവരുടെ എണ്ണം	3മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾ	പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ
1	2	62	53	8
2	1	21	79	3
3	1	40	63	5
4	1	35	38	2
5	2	75	103	7
6	1	39	62	3
7	1	33	45	1
8	0	0	0	0
9	2	108	158	9
10	1	40	85	2
11	2	71	110	4
12	1	28	65	2
ആകെ	15	552	661	46

ഈ പഞ്ചായത്തിൽ 11 പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. മുനിസിപ്പാലിറ്റിയോട് അടുത്തുകിടക്കുന്ന പ്രദേശമായതുകൊണ്ട് നമ്മുടെ വാർഷിക ശരാശരി ഉപഭോഗം എത്രയെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ പ്രയാസമുണ്ട്. അതുപോലെ തന്നെ നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ സഹായിക്കുന്ന മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിലില്ല.

ക്ഷേമനിധി

വിവിധ തരം പ്രവർത്തന മേഖലയിലുള്ളവർക്ക് ക്ഷേമനിധി ഇന്ന് ആശ്വാസകരമായിത്തീർന്നിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താക്കളിലധികവും നിർമ്മാണ പ്രവർത്തന മേഖലയിലുള്ളവരാണ്. ഇനിയും ചില മേഖലകളിൽ ക്ഷേമനിധിപ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ വായനശാലകൾ ക്ലബ്ബുകൾ, ഗ്രന്ഥാലയങ്ങൾ എന്നിവയിൽ ചിലത് നോക്കുകുത്തികളായിരിക്കുന്ന അവസ്ഥയിലാണ് ഇന്ന് കാണാൻ കഴിയുന്നത്. ഇതിനെയെല്ലാം പുനരുദ്ധരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ മാറ്റിയെടുക്കുന്നതിനായി പഞ്ചായത്തിലെ യുവജനങ്ങളുടെ സമയം വിനിയോഗിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഊർജ്ജം ഈ മേഖലയിലേക്ക് തിരിച്ചുവിടുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പഞ്ചായത്തിൽ ആവിഷ്കരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിൽ ഹോമിയോ ഡിസ്പൻസറിയും പൊതുജനാരോഗ്യ കേന്ദ്രവും സബ്സെന്ററുകളും നിലവിലുണ്ടെങ്കിലും അവയുടെ സ്ഥിതി പൊതുവേ തൃപ്തികരമല്ല.

2. നിർമ്മാർജ്ജനം ചെയ്ത ചിലരോഗങ്ങൾ വീണ്ടും തിരിച്ചുവരുന്നതായി കാണുന്നു. ഇത് നമ്മുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കാണിക്കുന്നത്. എല്ലാവർക്കും കക്കൂസുകളില്ല. കക്കൂസ് നിർമ്മാണത്തിന് കൊടുക്കുന്ന ധനസഹായം കുറവാണ്.
3. വിവിധ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.
4. അംഗൻവാടികൾക്ക് മതിയായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളില്ല.
5. നമ്മുടെ പഞ്ചായത്തിൽ പൂർണ്ണസൗകര്യങ്ങളോടുകൂടിയ ആശുപത്രിയില്ല. പഞ്ചായത്തിൽ മൃഗാശുപത്രിയും ഇല്ല.
6. പൊതുജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള പൊതുസൗകര്യങ്ങൾ നിലവിലില്ല.
7. ഐ.ആർ.ഡി.പി., ആർ.എ.പി., ട്രൈസം, ഡി.ഡബ്ല്യൂ.സി.ആർ.എ., തുടങ്ങിയ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം കിട്ടുന്നില്ല.
8. പൊതുജനങ്ങൾക്കാവശ്യമായ വർത്തമാന പത്രങ്ങൾ, പുസ്തകങ്ങൾ, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ വായനശാലകളിൽ ലഭ്യമല്ല.
9. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള ആശുപത്രികളിൽ ആവശ്യമായ മരുന്നുകളെത്തിക്കണം. ആധുനിക സൗകര്യങ്ങളോടുകൂടിയതും കിടത്തി ചികിത്സിക്കാനുതകുന്നതുമായ ഒരു ആശുപത്രി സ്ഥാപിക്കേണ്ടതാണ്.
2. കക്കൂസ് നിർമ്മിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കണം. എല്ലാ വാർഡുകളിലും കൊതുകുനിർമ്മാർജ്ജന പ്രവർത്തനം ഊർജ്ജിതമാക്കണം.
3. അർഹതപ്പെട്ട ആളുകളെ കണ്ടെത്തി കാലതാമസം കൂടാതെ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. അംഗൻവാടികൾക്ക് ജെ.ആർ.വൈ. പദ്ധതിയിലുൾപ്പെടുത്തി സ്വന്തമായി കെട്ടിടങ്ങൾ പണിയാവുന്നതാണ്. അംഗൻവാടി നിലവിലില്ലാത്ത 8-ാം വാർഡിൽ അംഗൻവാടി ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.
5. പഞ്ചായത്തിൽ മൃഗഡോക്ടറുടെ സേവനം ലഭ്യമാകുന്ന ഒരു മൃഗാശുപത്രി സ്ഥാപിക്കേണ്ടതാണ്.
6. ഐ.ആർ.ഡി.പി., ആർ.എ.പി., ട്രൈസം തുടങ്ങിയ പദ്ധതികൾ പ്രകാരമുള്ള ഗുണഭോക്താക്കളെ ഗ്രാമസഭകളിൽ വച്ചു കണ്ടെത്തുകയും പദ്ധതിയുടെ നടത്തിപ്പിന്റെ എല്ലാഘട്ടത്തിലും പഞ്ചായത്തിന്റെ ശ്രദ്ധ പതിയേണ്ടതുമാണ്.
7. എല്ലാ വാർഡുകളിലും അർഹതപ്പെട്ടവരെ കണ്ടെത്തി ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റുകൾ ആരംഭിക്കേണ്ടതാണ്. യൂനിറ്റ് അംഗങ്ങളുടെ എണ്ണം പത്തിൽ നിന്ന് കുറക്കേണ്ടതാണ്.
8. തൊഴിലില്ലാത്ത യുവജനങ്ങളെ ഉപയോഗപ്പെടുത്തി വായനശാലകളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കാവുന്നതാണ്. വായനശാലകൾക്ക് പുസ്തകങ്ങളും പത്രങ്ങളും വാങ്ങിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകേണ്ടതാണ്. വായനശാലകളോടനുബന്ധിച്ച് ടെലിവിഷനുകൾ സ്ഥാപിക്കാനുള്ള സാധ്യതയും ആരായാവുന്നതാണ്.
9. വാരം ടെലിഫോൺ എക്സ്ചേഞ്ചിന്റെ പരിധിയിൽ 8,9 വാർഡുകൾ പൂർണ്ണമായും ഉൾപ്പെടുത്തേണ്ടതാണ്.
10. സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ പുരോഗതിക്കുതകുന്ന രീതിയിൽ ഓരോ വാർഡിലും ഓരോ മഹിളാ സമാജങ്ങൾ രൂപീകരിക്കേണ്ടതാണ്. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്തിൽ നിന്ന് നൽകേണ്ടതാണ്.
11. ഈ പഞ്ചായത്തിൽ അടിയന്തിരമായി ഒരു മാവേലി സ്റ്റോർ അനുവദിക്കണം. അതോടൊപ്പം തന്നെ നിത്യോപയോഗ സാധനങ്ങൾക്ക് ഇപ്പോൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന മാവേലി സ്റ്റോറിൽനിന്ന് ആവശ്യമായ മുഴുവൻ സാധനങ്ങളും ലഭിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം.

വനിതാ ക്ഷേമം

വിദ്യാഭ്യാസകാര്യത്തിൽ മുന്നിട്ട് നില്ക്കുന്ന എളായാവൂർ പഞ്ചായത്തിൽ ഇന്ന് സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളെടുത്ത് പരിശോധിച്ചാൽ വനിതകളുടെ പങ്ക് താരതമേന്യ മെച്ചപ്പെട്ടതല്ലെന്ന് കാണാൻ കഴിയും. ഈ രംഗത്ത് മുൻനിരക്കാരായ സ്ത്രീകളുടെ എണ്ണം തുലോ കുറവാണ്. എന്നാൽ സാധാരണ സ്ത്രീകളെ സംബന്ധിച്ച് പറയുമ്പോൾ സംസ്ക്കാര സമ്പന്നരായ ഒരു വിഭാഗത്തെയാണ് മുന്നിൽ കാണുക. 1882 ൽ ആദ്യത്തെ വിദ്യാലയം സ്ഥാപിച്ച കാലം മുതൽ തന്നെ പെൺകുട്ടികളും വിദ്യാഭ്യാസ കാര്യത്തിൽ വളരെയധികം താൽപ്പര്യം കാണിച്ചിരുന്നു. അത് കൊണ്ട് തന്നെ സ്ത്രീകളുടെ ഇടയിൽ നിരക്ഷരത കുറവാണ്.

ഭൂരിഭാഗം സ്ത്രീകളും കൃഷിപ്പണികൊണ്ട് ഉപജീവനം കഴിക്കുന്ന കാലത്തും വീടുകളിൽ രാമായണം, മഹാഭാരതം, കൃഷ്ണഗാഥ എന്നിവ വായിച്ച് കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ രസിപ്പിക്കുമായിരുന്നു. അടുത്തകാലത്ത് കേരളത്തിൽ നടത്തപ്പെട്ട സാക്ഷരതായജ്ഞത്തിൽ സ്ത്രീകളായിരുന്നു മുൻപന്തിയിൽ.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അറിയപ്പെട്ട രണ്ടു വനിതകളായിരുന്നു ഡോ: പോത്തേരി പാറുഅമ്മയും, റ്റി പി ദേവകിഅമ്മയും. കണ്ണൂരിലെ ആദ്യത്തെ ലേഡീ ഡോക്ടർ എന്ന ബഹുമതിയും പാറുഅമ്മയ്ക്കുണ്ട്. ഡോക്ടർ എന്ന നിലയിൽ ആതുര ശുശ്രൂഷ രംഗത്ത് അവർ നല്കിയ സേവനങ്ങളെ പറ്റി പ്രായമുള്ളവർക്ക് പലതും പറയുവാനുണ്ട്. അമേരിക്ക, ജപ്പാൻ മുതലായ വിദേശരാജ്യങ്ങൾ സന്ദർശിച്ച ആദ്യത്തെ വനിതയും ഒരു പക്ഷേ അദ്ദേഹമായിരിക്കും.

ദേവകിയമ്മ ദേശീയ പ്രസ്ഥാനത്തിൽ മഹിളകളുടെ നേതൃത്വ നിരയിലേക്ക് ഉയർന്നുവന്ന മഹതിയായിരുന്നു. മലബാർ ഡിസ്ട്രിക്ക് ബോർഡിൽ വനിതാ പ്രതിനിധിയായി അവർ എതിരില്ലാതെ തെരഞ്ഞടുക്കപ്പെടുകയുണ്ടായി. അദ്ധ്യാപക പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷപ്രസ്ഥാനത്തിന്റെയും സജീവ പ്രവർത്തകയായിരുന്നു അവർ ജയിൽ വാസം ഉൾപ്പെടെ നിരവധി പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരുണത്തിൽ ഓർക്കേണ്ട മറ്റൊരു പേരാണ് എൻ കെ നന്ദിനിയുടെത്. എളയാവൂർ പഞ്ചായത്തിലെ വനിതകളെ സംഘടിപ്പിക്കുന്നതിൽ മുൻ നിന്ന് പ്രവർത്തിച്ച അവർ ഈ അടുത്ത കാലം വരെ സജീവ രംഗത്തുണ്ടായിരുന്നു.

എളയാവൂർ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിഭാഗവും കാർഷിക വൃത്തിയുമായും പാരമ്പര്യ തൊഴിലുമായും ബന്ധപ്പെട്ട് പ്രവർത്തിച്ചവരായിരുന്നു. മൺപാത്ര നിർമ്മാണം, തേങ്ങയാട്ട്, കൃഷി, കാലിവളർത്തൽ, കൈത്തറി, തുടങ്ങിയവയിലായിരുന്നു ഏറെപ്പേരും. പാരമ്പര്യ കുടിൽ വ്യവസായങ്ങൾ നിരോഭവിച്ചത് കൊണ്ടും കാർഷിക മേഖലയിലെ മുരടിപ്പു കൊണ്ടും കൂടുതൽ സ്ത്രീകളും ബീഡിതെറുപ്പ്, തുന്നൽ, കെട്ടിട നിർമ്മാണം ഏന്നീ രംഗങ്ങളിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ജനസംഖ്യ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 52% സ്ത്രീകളാണ്. അതുകൊണ്ടു തന്നെ, എല്ലാ തുറകളിലും സ്ത്രീകളുടെ പങ്കാളിത്തം തുല്യ അനുപാതത്തിൽ വരുണ്ടേയിരിക്കുന്നു.

സ്ത്രീ പുരുഷ അനുപാതം

ഇന്ത്യ	1000 പു	929 സ്ത്രീ
കേരളം	1000	1036
കണ്ണൂർ ജില്ല	1000	1101
എളയാവൂർ പഞ്ചായത്ത്	1000	1020

പഞ്ചായത്തിലെ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം സംസ്ഥാനത്തിലേയും ജില്ലയിലേയും സ്ത്രീകളുടെ എണ്ണത്തേക്കാൾ കുറവാണ്. നിരക്ഷർ കുറഞ്ഞ പഞ്ചായത്തിൽ ഭൂരിഭാഗം നിരക്ഷരും സ്ത്രീകളാണ്.

വിദ്യാലയങ്ങളിൽ ആൺകുട്ടികളേക്കാളും പെൺകുട്ടികളാണ്, പഠനനിലവാരത്തിലും എണ്ണത്തിലും മുന്നിട്ട് നിൽക്കുന്നുത്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തൊഴികെ മറ്റെല്ലാ വിദ്യാഭ്യാസ രംഗങ്ങളിലും പുരുഷനൊപ്പമാണ് സ്ത്രീയുടെ സ്ഥാനം. എന്നാൽ ഈ ശേഷി വിനിയോഗിക്കപ്പെടാതെ പോകുന്നു എന്നുള്ളതാണ് വസ്തുത. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം വിവാഹത്തിലേക്കുള്ള ഒരു ചവിട്ടു പടിയായി മാത്രമായി കാണുകയും അതിനാൽ അവരെ എല്ലാ മേഖലകളിലും പ്രാപ്തയാക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട്. മാത്രമല്ല സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് മികവ് കാണിക്കാൻ പറ്റില്ലെന്ന തെറ്റായ ധാരണയും നിലനില്ക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ പുരുഷനോടൊപ്പമാണെങ്കിലും തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെന്ന് കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ കൃഷി, അദ്ധ്യാപനം, കൈത്തറി, തയ്യൽ, ബീഡിതെറുപ്പ്, കെട്ടിട നിർമ്മാണം എന്നിവയിൽ താല്പര്യം കാണിക്കുന്നു. കൃഷി,കെട്ടിട നിർമ്മാണം എന്നീ ജോലികൾക്ക് പ്രവൃത്തിസമയം തുല്യമാണെങ്കിലും സ്ത്രീകൾക്ക് കൂലിയിൽ വലിയ അന്തരം കാണുന്നുണ്ട്.

കൂലി നിരക്ക്

ഇനം	ആൺ(രൂപ)	പെൺ(രൂപ)
കൃഷി	100	50
കെട്ടിട നിർമ്മാണം	125	80
ബീഡി	തുല്യവേതനം	
തയ്യൽ	പുരുഷനേക്കാൾ കുറവ്	
കൈത്തറി	തുല്യവേതനം	

സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. സ്ത്രീകൾ പൊതുരംഗത്ത് വരാതിരിക്കാൻ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഇല്ലായ്മ ഒരു കാരണമാണ്. ഒരു വനിതാ കുടിൽ വ്യവസായവും 4 തയ്യൽ കേന്ദ്രവും ഒരു പ്രസ്സുമാണ് സഹകരണാടിസ്ഥാനത്തിൽ വനിതകൾ മാത്രമായി നടത്തിവരുന്ന തൊഴിൽ സ്ഥാപനങ്ങൾ. സ്ത്രീകൾ ഇത്തരം കാര്യങ്ങളിൽ മുന്നോട്ട് വരേണ്ടതിൽ പുരുഷന്മാർ കൂടി താല്പര്യം കാണിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ തന്നെ ഒരു മാറ്റം അനിവാര്യമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

സ്ത്രീകൾ തൊഴിലെടുക്കുന്നത് കുടുംബത്തിന് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിന് സഹായിക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ആരോഗ്യനില മോശമാണ്. പോഷകാഹാരക്കുറവും പാരമ്പര്യ രീതിയിലുള്ള പാചകരീതിയും ദാരിദ്ര്യവും ഇതിനു കാരണമായി പറയാം. തൊഴിലെടുക്കുന്നവർ തന്നെ വീട്ടു ജോലികൾ കൂടി നിർവ്വഹിക്കേണ്ടി വരുന്നത് വഴിയുള്ള വർദ്ധിച്ച ജോലിഭാരവും ഇതിനു കാരണമാണ്. ചികിത്സാകേന്ദ്രങ്ങളിലെ കണക്ക് പരിശോധിച്ചാൽ സ്ത്രീകളാണ് കൂടുതലും അവിടെ എത്തിച്ചേരുന്നത് എന്ന് കാണാം. ഇവിടെ പൊതു ചികിത്സാകേന്ദ്രങ്ങൾ രണ്ടെണ്ണം മാത്രമാണുള്ളത്. (ഒരു ഹോമിയോ ഡിസ്പെൻസറിയും ഒരു പ്രൈമറി ഹെൽത്ത് സെന്ററും) ഇത് രണ്ടും പഞ്ചായത്തിന്റെ ഒരു കോണിലായതിനാൽ മറ്റു ഭാഗങ്ങളിലുള്ളവർക്ക് ചികിത്സ ലഭിക്കുന്നതിന് അസൗകര്യം അനുഭവപ്പെടുന്നു.

വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് പ്രത്യേകമായി മൂത്രപ്പുരയും കക്കൂസുമില്ലാത്തത് പല രോഗങ്ങൾക്കും കാരണമാകുന്നു.

വീട്ടു ജോലികൾക്ക് പുറമെ കന്നുകാലി വളർത്തൽ, വിറകുശേഖരണം, പച്ചക്കറി കൃഷി, ശുചികരണപ്രവർത്തികൾ മുതാലയ ജോലിയും സ്ത്രീകൾ തന്നെ ചെയ്യേണ്ടി വരുന്നു. എന്നാൽ പ്രത്യക്ഷ വരുമാനമില്ലാത്തത് കൊണ്ട് ഇതൊന്നും തൊഴിലായി സമൂഹം അംഗീകരിക്കുന്നുമില്ല. കുടുംബത്തിന്റെ പൊതു പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിൽ സ്ത്രീകളും പങ്കാളികളാകാറുണ്ട്. സ്ത്രീധന സമ്പ്രദായം ഇവിടെ സാധരണമല്ല. അത് കൊണ്ട് തന്നെ സ്ത്രീ പീഢനങ്ങളും താരതമ്യേന കുറവാണ്.

പഞ്ചായത്തിൽ 170 സ്ത്രീകൾക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. കൂടാതെ വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, പ്രസവാനുകൂല്യം സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. അതേ സമയം വനിതാക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും സാങ്കേതിക തടസ്സങ്ങൾ കൊണ്ടും അർഹരായ സ്ത്രീകൾക്ക് അവ ലഭിക്കാത്ത സ്ഥിതിയുണ്ട്. ബോധവൽക്കരണങ്ങളിലൂടെയും പൊതുജനങ്ങളുടെ ഇടപെടലുകളിലൂടെയും മാത്രമെ അവ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

15 അംഗൻവാടികളാണ് ഈ പഞ്ചായത്തിലുള്ളത് എന്ന് നേരത്തെ സൂചിപ്പിച്ചു. ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറവാണ്. ഇവയിൽ തന്നെ രണ്ടെണ്ണത്തിനു മാത്രമേ സ്വന്തം കെട്ടിടമുള്ളൂ. ശേഷിക്കുന്ന 14 അംഗൻവാടികൾക്കും സ്ഥലവുംകെട്ടിടവും ഉണ്ടാക്കേണ്ടതുണ്ട്. കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകളും, ഫർണിച്ചറുകളും ലഭിക്കുന്നില്ല. മാനസികവും ശാരിരികവുമായ വളർച്ചയ്ക്കും വികസനത്തിനും ഇത് അത്യാവശ്യമാണ്.

മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും എല്ലാം ഒരു പോലെ പ്രവർത്തിക്കുന്നില്ല. തൊഴിൽ പരിശീലനങ്ങളും കലാ കായിക പരിപാടികളും സംഘടിപ്പിച്ച് മഹിളാസമാജങ്ങളെ പ്രവർത്തനക്ഷമമാക്കണം.

എളയാവൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ടു കേന്ദ്രങ്ങളാണ് താഴെ ചൊവ്വയും, മേലേ ചൊവ്വയും. സ്കൂളുകൾ, ബി എഡ് കോളേജ്, പാരലൽ കോളേജുകൾ എന്നിവ കാരണം മേലേ ചൊവ്വ ഒരു 'സ്റ്റുഡൻസ് ബസാർ' തന്നെയാണ്. ആയിരക്കണക്കിന് വിദ്യാർത്ഥിവിദ്യാർത്ഥിനികൾ സദാസമയവും കാണപ്പെടുന്നുണ്ടിവിടെ. ഇതു പോലെ തന്നെ എസ് എൻ കോളേജിലെക്കുള്ള വഴി എന്ന നിലയിൽ താഴെ ചൊവ്വയും സവിശേഷ പ്രാധന്യമർഹിക്കുന്ന സ്ഥലമാണ്. അശ്ലീല സിനിമാ പോസ്റ്ററുകൾ ഇവിടങ്ങളിൽ പതിക്കുന്നത് സ്ത്രീകൾക്ക് ഒട്ടേറേ പ്രയാസങ്ങളുണ്ടാക്കാന്നുണ്ട്. അശ്ലീല സിനിമാ പോസ്റ്ററുകൾ നിർമ്മാർജ്ജനം ചെയ്യാനുള്ള സത്വര നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. സാമൂഹ്യ പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കികാണുന്ന പ്രവണതയുണ്ട്.
2. കുടുംബത്തിന്റെ ഉത്തരവാദിത്തം കൂടുതലും സ്ത്രീകളിലാണ്.
3. കാർഷികരംഗത്തും പരമ്പരാഗത വ്യവസായ രംഗത്തും പ്രവേശിക്കാനുള്ള വിമുഖത.
4. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യകുറവ്.
5. ഒരേ തൊഴിൽ മേഖലയിലുള്ള വിത്യസ്ത കൂലി നിരക്ക്.
6. സ്ത്രീ തൊഴിൽ പരീശിലനകേന്ദ്രങ്ങളുടെ അഭാവം.
7. വനിതാക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
8. മദ്യപാനം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത അപകടപ്പെടുത്തുന്നു.
9. വേണ്ടത്ര അംഗനവാടികളില്ല. ഉള്ളവയിലെ സൗകര്യങ്ങൾ പരിമിതമാണ്.
10. വിദ്യാലയങ്ങളിൽ പെൺകുട്ടിക്കായി മൂത്രപ്പുരകൾ ഇല്ല.
11. സ്ത്രീകളിൽ പൊതുവെ വായനാശീലം കുറയുന്നു.
12. ദൃശ്യമാധ്യമങ്ങൾ സ്ത്രീവികാരങ്ങളെ ചൂഷണം ചെയ്യുന്നു.
13. അശ്ലീല സിനിമാ പ്രദർശനങ്ങളും പോസ്റ്ററുകളും.
14. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ പഞ്ചായത്തിലെ സ്ത്രീകൾക്കും ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1. കാർഷിക വൃത്തിയോടുള്ള സ്ത്രീകളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരുത്താനുതകുന്ന ബോധവൽക്കരണങ്ങൾ.
2. തുല്യ ജോലിക്ക് തുല്യ വേതനം പ്രാവർത്തികമാക്കണം.
3. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്ക് തുടക്കം കുറിക്കണം.
4. തൊഴിൽ മേഖലകളിൽ വിദഗ്ദ പരിശീലനം നൽകണം.
5. വനിതാക്ഷേമ പദ്ധതികളെ കുറിച്ച് ബോധവൽക്കരണം നടത്തണം.
6. പൊതുരംഗത്തേക്ക് വരുന്ന സ്ത്രീകളോടുള്ള സമൂഹത്തിന്റെ മനോഭാവം മാറ്റിയെടുക്കണം.
7. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.
8. മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം പഞ്ചായത്ത് മുഴുവൻ വ്യാപിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.
9. വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
10. സ്ത്രീകളിൽ വായനശീലം വളർത്താനാവശ്യമായ ശ്രമങ്ങൾ ഉണ്ടാവണം.
11. സ്ത്രീകൾക്ക് മാത്രമായി വായനശാലയും പുസ്തകങ്ങൾ വീട്ടിലെത്തിച്ചു കൊടുക്കുന്നതിനുള്ള ശ്രമങ്ങളും ഉണ്ടാവണം.
12. അശ്ലീല സിനിമകളും പോസ്റ്ററുകളും നിരോധിക്കുക.
13. മദ്യപാനത്തിനെതിരായ ബോധവൽക്കരണം നടത്തുക.
14. അംഗൻവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
15. സ്ത്രീകളുടെ ഇടയിൽ കലാ സാംസ്കാരിക പ്രവർത്തനം സംഘടിപ്പിക്കണം.

പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം

30395 പേർ അധിവസിക്കുന്ന എളയാവൂർ പഞ്ചായത്തിൽ പട്ടികജാതിയിൽപെട്ടവർ 983 ആണ്. ഇതിൽ തന്നെ 17 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണെന്ന് സർവേ കണക്കുകൾ സൂചിപ്പിക്കുന്നു. 17ൽ 13 കുടുംബങ്ങൾക്ക് ഇതിനകം ഐ ആർ ഡി പി പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രണ്ട് ഹരിജൻ കോളനികളിലും (അതിരകം, കിഴുത്തള്ളി, കീഴക്കേക്കരി) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുമായിട്ടാണ് ഇവർ അധിവസിക്കുന്നത്.

പിന്നോക്കജാതിയിൽപെട്ട ആളുകൾക്ക് ഏറെ വിദ്യാഭ്യാസ സൗകര്യമുണ്ടായിരുന്നു ഇവിടെ. എന്നാൽ പട്ടികജാതിയിൽപെട്ടവർ അവിടെയും പിന്നിലായിരുന്നു. വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കുറവാണെങ്കിലും എസ് എസ് എൽ സിയോടൊപ്പോ പ്രീഡിഗ്രിയോടു കൂടിയോ ഭൂരിഭാഗം പേരും വിദ്യാഭ്യാസം നിർത്തുന്നതായാണ് കണ്ടുവരുന്നത്. തുടർ വിദ്യാഭ്യാസം നേടുന്നവർ വിരളമാണ്. വേണ്ടത്ര ബോധവൽക്കരണമില്ലായ്മയും പഠനത്തിനുള്ള സാമ്പത്തിക സൗകര്യങ്ങളുടെ അപര്യാപ്തതയും അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയും ഇതിന് കാരണമാണ്.

കൃഷി, കെട്ടിട നിർമ്മാണം എന്നീ രംഗത്താണ് കൂടുതലാളുകളും ജോലി ചെയ്യുന്നത്. മറ്റു ജോലികളെല്ലാം ചെയ്യുന്നവരുണ്ടെങ്കിലും ഉയർന്ന ജോലിയും സർക്കാർ ജോലിയും ചെയ്യുന്നവർ താരതമ്യേന കുറവാണ്. ഐ ആർ ഡി പി സർവ്വേയിൽ കണ്ടെത്തിയ 17 കുടുംബങ്ങളിൽ 13 കുടുംബങ്ങൾക്കും സാമ്പത്തിക ആനുകൂല്യങ്ങളും സ്വയംതൊഴിൽ കണ്ടെത്താനുള്ള സഹായങ്ങളും ലഭിച്ചെങ്കിലും അതിനനുസരിച്ച് ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

ജൻമിത്വമോ തൻമൂലമുള്ള ഉച്ചനീചത്വങ്ങളോ ഇവിടെ കാര്യമായി ഏശിയിരുന്നില്ല. വിദ്യാഭ്യാസ സൗകര്യങ്ങളാകട്ടെ ഏറിയ കൂറും പിന്നോക്കക്കാരുടെ വകയുമായിരുന്നു. ഇതുകൊണ്ടും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് വേരോട്ടമുള്ള മണ്ണായതുകൊണ്ടും പട്ടികജാതിക്കാരുടെ സാമൂഹിക നിലവാരം മെച്ചപ്പെട്ടതായിരുന്നു. എന്നാൽ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സംഘടനാ നേതൃത്വത്തിൽ പട്ടികജാതിക്കാർ കുറവാണെന്ന് പറയാം.

പട്ടികജാതിക്കാർ കൂട്ടമായി താമസിക്കുന്ന രണ്ട് കോളനികളിൽ അതിരകം കോളനിയിൽ ജലക്ഷാമം രൂക്ഷമാണ്. അതുപോലെ വോൾട്ടേജ് കമ്മി എന്നീ പ്രശ്നങ്ങളും കോളനികളിലുണ്ട്. കോളനികളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം സാംസ്കാരിക കേന്ദ്രങ്ങൾ പണിത് അവരുടെ ജീവിത നിലവാരവും സാംസ്കാരിക നിലവാരവും ഉയർത്താനുള്ള ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു.
2. വിദ്യാഭ്യാസരംഗത്ത് പുരോഗതി തൃപ്തികരമല്ല.
3. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല.
4. വീടുവെക്കാൻ സ്ഥലമില്ല.
5. വീടുനിർമിക്കാൻ ലഭിക്കുന്ന ധനസഹായം പര്യാപ്തമല്ല.
6. പാവപ്പെട്ടവർക്കുള്ള ധനസഹായം സ്വയംതൊഴിൽ പദ്ധതികൾ എന്നിവ വേണ്ടവണ്ണം ഉപയോഗിക്കുന്നില്ല.
7. വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു.
8. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തണം.
9. സാംസ്കാരിക കേന്ദ്രങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുക.
2. ഗാർമെൻറ്സ്, കരകൗശല വസ്തു നിർമ്മാണം തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിച്ച് സ്ത്രീകളെ പങ്കാളികളാക്കുക.
3. പട്ടികജാതിക്കാർക്കായി പ്രത്യേക സഹകരണ സംഘം സ്ഥാപിക്കുക.
4. പട്ടികജാതി വിദ്യാർത്ഥികളുടെ തുടർ പഠനം പ്രോത്സാഹിപ്പിക്കുക.
5. കോളനികളിൽ സാംസ്കാരിക കേന്ദ്രങ്ങളും ജനവിദ്യാകേന്ദ്രങ്ങളും സ്ഥാപിക്കുക.
6. വീട് നിർമ്മിക്കാനുള്ള സഹായം വർദ്ധിപ്പിക്കുക.
7. കോളനികളിലേക്കുള്ള റോഡുകൾ സംരക്ഷിക്കുകയും ജലക്ഷാമം പരിഹരിക്കുകയും ചെയ്യുക.
8. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

സഹകരണ മേഖല

ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കുടിൽ വ്യവസായമായി രൂപംകൊണ്ട് വളർന്നുവന്ന നെയ്ത്ത് ശാലകളാണ് എളയാവൂരിലെ സഹകരണ സംരംഭങ്ങൾക്ക് പ്രചോദനമായി ഭവിച്ചത്.

ദീർഘകാല പ്രവർത്തന പരിചയവും, പാരമ്പര്യവും അവകാശപ്പെടാവുന്ന സഹകരണ സ്ഥാപനങ്ങളൊന്നും തന്നെ ഇവിടെയില്ല.

സാധാരണക്കാരിൽ നിന്ന് ഷെയർ പിരിച്ചു നടത്തപ്പെട്ട, തെഴുക്കിൽ പീടികയിലെ കോ-ഓപ്പറേറ്റീവ് വീവിങ്ങ് കമ്പനിയാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം. 1920-30 കാലഘട്ടത്തിലായിരുന്നു ഇത് പ്രവർത്തിപ്പിച്ചിരുന്നത്. ശ്രീമാൻ മാർ സി കെ കുഞ്ഞമ്പു, ടി എം കുഞ്ഞമ്പുമാസ്റ്റർ എന്നിവരാണ് ഈ സ്ഥാപനത്തിന് നേതൃത്വം നൽകിയ മഹാരഥൻമാർ.

സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യവും പ്രസക്തിയും ജനങ്ങൾക്ക് പൂർണമായും ബോധ്യപ്പെടാതിരുന്ന ഒരു കാലഘട്ടമായിരുന്നു കോ-ഓപ്പറേറ്റീവ് വീവിങ്ങ് കമ്പനിയുടെ പ്രവർത്തനകാലം എന്നതുകൊണ്ട് തന്നെ ആ സ്ഥാപനം ദീർഘകാലം നിലനിൽക്കാതെ പോയി.

രണ്ടാം ലോകമഹായുദ്ധാനന്തര കാലത്തെ അതിരൂക്ഷമായ ഭക്ഷ്യക്ഷാമവും, പൂഴ്ത്തിവെപ്പും, കരിഞ്ചന്തയും ജനങ്ങളുടെ ജീവിതരീതിയെ അപ്പാടെ തകിടം മറിച്ചപ്പോൾ സഹകരണ പ്രസ്ഥാനത്തിന്റെ ആശയം വീണ്ടും ഇവിടെ നാമ്പിട്ടു. ഭക്ഷ്യവസ്തുക്കൾ ശേഖരിച്ച് ജനങ്ങൾക്ക് ന്യായമായ വിലക്ക് വിതരണം ചെയ്യുക എന്ന ഉദ്ദേശത്തോടെ എളയാവൂർ വില്ലേജ് ആസ്ഥാനമാക്കി ഒരു ഐക്യനാണയ സംഘം രൂപീകരിക്കപ്പെട്ടു. ശ്രീ. ചെറുകുന്നോൻ അമ്പൂട്ടി മാസ്റ്റർ ആയിരുന്നു ഇതിന് നേതൃത്വപരമായ പങ്ക് വഹിച്ചത്. എളയാവൂർ വില്ലേജിന് പുറമെ മറ്റ് അഞ്ച് വില്ലേജുകൾ കൂടി ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുൾപ്പെട്ടിരുന്നു.

ഈ സ്ഥാപനമാണ് വളർന്ന് പിന്നീട് ചൊവ്വ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കായി രൂപാന്തരം പ്രാപിച്ചത്. ഇപ്പോൾ ബേങ്കിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലം കണ്ണൂർ മുനിസിപ്പൽ പ്രദേശമാണ്. നമ്മുടെ പഞ്ചായത്തിലായി താഴെ ചൊവ്വയിൽ ഒരു ഈവിനിങ്ങ് ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്.

1950-കാലത്ത് കിഴുത്തള്ളിയിലും, മുണ്ടയാട്ടും ഓരോ ഐക്യനാണയ സംഘം പ്രവർത്തിച്ചു വന്നിരുന്നു. ഇവ രണ്ടും പിന്നീട് ലികിഡേറ്റ് ചെയ്യപ്പെട്ടു. പിന്നീട് 1971-72 വർഷത്തിൽ 'എളയാവൂർ സർവീസ് സഹകരണ സംഘം' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകൃതമാവുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ശ്രീ. വി. കൃഷ്ണൻ നമ്പ്യാരാണ് ഈ സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട്.

പ്രസ്തുത സർവ്വീസ് സഹകരണ സംഘമാണ് 1982ഓട് കൂടി എളയാവൂർ സർവീസ് സഹകരണ ബേങ്കായി പ്രവർത്തിച്ചു തുടങ്ങിയത്. മുണ്ടയാട്ടുള്ള ഹെഡ് ഓഫീസം താഴെചൊവ്വ, പള്ളിപ്രം, കണ്ണോത്തുംചാൽ എന്നിവിടങ്ങളിലെ 3 ബ്രാഞ്ചുകളും ഉൾപ്പെടെ പഞ്ചായത്താകെ ബേങ്കിന്റെ പ്രവർത്തനം ഇപ്പോൾ വ്യാപിച്ചു കിടക്കുന്നു.

കണ്ണൂർ താലൂക്ക് പ്രദേശം പ്രവർത്തന പരിധിയായി പ്രവർത്തിച്ചു വരുന്ന കണ്ണൂർ കോ-ഓപ്പറേറ്റീവ് കൃഷി വികസന ബേങ്കിന്റെ പ്രവർത്തന മേഖലയിൽ എളയാവൂർ പഞ്ചായത്തും ഉൾപ്പെടുന്നുണ്ട്.

മേൽപറഞ്ഞ 3 സ്ഥാപനങ്ങളാണ് ക്രഡിറ്റ് മേഖലയിൽ നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രവർത്തിക്കപ്പെട്ടുവരുന്നത്.

മറ്റ് സ്ഥാപനങ്ങളെല്ലാം തന്നെ നോൺക്രഡിറ്റ് മേഖലയിൽ പ്രവൃത്തിക്കുന്നവയാണ്. അവയിൽ മറ്റുചില പഞ്ചായത്തുകളും എടക്കാട് ബ്ലോക്ക് പ്രദേശം മുഴുവനും, കണ്ണൂൻ താലൂക്കാകെയും പ്രവർത്തന പരിധിയുള്ള സ്ഥാപനങ്ങളുമുണ്ട്.

കൺസ്യൂമർ രംഗത്ത് ഒരൊറ്റ സഹകരണ സ്ഥാപനം മാത്രമേ ഇവിടെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. വിമുക്തഭടൻമാരുടേതായി നേരത്തെ ഈ രംഗത്തുണ്ടായിരുന്ന സൊസൈറ്റി നിലവിലില്ല. കണ്ണൂർ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു സ്റ്റോർ താഴെചൊവ്വയിലുണ്ട്.

പഞ്ചായത്തിലാകെയുള്ള 6 യു പി സ്കൂളുകളിൽ 2 എണ്ണത്തിലാണ് സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിച്ചു വരുന്നത്.

സഹകരണ സ്ഥാപനങ്ങളും അവയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ചുവടെ കൊടുക്കുന്നു.

മുണ്ടയാട് പൗൾട്രി ഫാമിലുള്ള കേൻറീൻ സൊസൈറ്റി, പള്ളിപ്രത്തുള്ള കോഴി വളർത്തൽ കേന്ദ്രം, എക്സ് സർവീസ്മെൻമാരുടെ താഴെചൊവ്വയിലുണ്ടായിരുന്ന കൺസ്യൂമർ സൊസൈറ്റി എന്നിവ ഇപ്പോൾ പ്രവൃത്തിക്കാത്ത സ്ഥാപനങ്ങളാണ്. ഇതിന് പുറമെ ഡിപ്പാർട്ടുമെൻറിൻെറ കടലാസിൽ മാത്രം ഒതുങ്ങിയ ഒരു വനിതാ സൊസൈറ്റിയുമുണ്ട്.

പ്രശ്നങ്ങളും പ്രതിവിധികളും സാധ്യതകളും

ക്രെഡിറ്റ് മേഖല:

ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ:-

- കാർഷികവും കാർഷികേതരവുമായ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- ഫണ്ടിൻെറ പ്രശ്നം ഇവയെ അലട്ടാറില്ല.
- നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കിവരുന്നു.
- ലാഭകരമായാണ് പ്രവർത്തിച്ചു വരുന്നത്.
- വായ്പകളുടെ ദുരുപയോഗവും, വായ്പാ കുടിശ്ശികയും പ്രധാന പ്രശ്നങ്ങളാണ്.
- കാർഷിക മേഖലയേയും, ചെറുകിട വ്യവസായ സംരംഭങ്ങളേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതുണ്ട്.
- കാർഷിക വായ്പാതോത് വർദ്ധിപ്പിക്കുകയും പലിശനിരക്കിൽ കുറവ് വരുത്തുകയും വേണം.
- സ്വയംതൊഴിൽ സംരംഭകർ, ചെറുകിട വ്യവസായ സംരംഭകർ എന്നിവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കൂടുതൽ വായ്പാ പദ്ധതികൾ നടപ്പിലാക്കണം.
- വായ്പകളുടെ ദുരുപയോഗം തടയുന്നതിൽ കർശനമായ നിലപാടുകൾ സ്വീകരിക്കണം.
- നിശ്ചിത സമയപരിധിക്കുള്ളിൽ വായ്പകൾ തിരിച്ചടക്കുന്ന കർഷകർക്കും, വ്യവസായ- തൊഴിൽ സംരംഭകർക്കും പലിശയിൽ ഇളവുകൾ നൽകുന്നതുൾപ്പെടെയുള്ള പ്രോത്സാഹന നടപടികൾ തീരുമാനിക്കണം.
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള കാർഷിക- വ്യാവസായിക സംരംഭങ്ങൾ സ്വയം ഏറ്റെടുത്ത് പ്രാവർത്തികമാക്കണം.
- ജനോപകാരപ്രദമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ലാഭത്തിൻെറ ഒരു വിഹിതം നീക്കിവെക്കണം.

നോൺ ക്രഡിറ്റ് മേഖല:-

നോൺ ക്രഡിറ്റ് മേഖലയിലെ മിക്ക സ്ഥാപനങ്ങളും ദൈനംദിന പ്രവർത്തനങ്ങൾ പോലും നടത്തിക്കൊണ്ടുപോകുന്നതിന് ഏറെ പ്രയാസങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നവയാണ്.

കൈത്തറി നെയ്ത്ത് രംഗത്തെ സഹകരണ സ്ഥാപനമായ ചൊവ്വ വീവേഴ്സ് സൊസൈറ്റി ഇടക്കാലത്ത് വമ്പിച്ച തകർച്ചയെ അഭിമുഖീകരിച്ചിരിക്കുന്നു. ഇപ്പോഴും പ്രതിസന്ധിയിൽ നിന്ന് പൂർണമായും മോചിതമായിട്ടില്ല. സ്വകാര്യ മുതലാളിമാരുടെ ഓർഡറുകളെ ആശ്രയിച്ചാണ് മിക്കവാറും പ്രവൃത്തി നടന്നുവരുന്നത്.

എളയാവൂർ എണ്ണയുൽപാദക സഹകരണ സംഘം വിപുലീകരിക്കുന്നതിന് ഏറെ സാധ്യതകളുള്ള ഒരു സ്ഥാപനമാണ് എളയാവൂർ മഹിളാ ഗ്രാമവ്യവസായ സഹകരണ സംഘം, വനിതാ കരകൗശല വ്യവസായ സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയാൽ സ്ത്രീകൾക്ക് ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

എടക്കാട് ബ്ലോക്ക് പട്ടികജാതി സഹകരണ സംഘത്തിൻെറ പ്രവർത്തനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ചു പിന്നോക്ക ജാതിക്കാരുടെ ഉന്നമനത്തിന് പരമാവധി പ്രയോജനപ്പെടുത്തണം.

പ്രിൻറിങ്ങ് പ്രസുകളുടെ പ്രവർത്തനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തി ആവശ്യക്കാരെ ആകർഷിക്കാൻ സാധിക്കണം.

ലതർ വർക്കേഴ്സ് സൊസൈറ്റിക്ക് പുതിയ ഉൽപാദന മേഖലയിലേക്ക് കടക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വിപണി കണ്ടെത്തുവാനും സാധിക്കേണ്ടതുണ്ട്.

അസംഘടിതരായ ക്ഷീരകർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പാലുൽപാദനം വർദ്ധിപ്പിക്കുക, വിലയും വിപണിയും ഉറപ്പാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിക്കപ്പെട്ട സഹകരണ സ്ഥാപനമാണ് എളയാവൂർ ക്ഷീരോൽപാദക സഹകരണ സംഘം. ഈ പ്രവർത്തനത്തിൽ സംഘം ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. ജനസംഖ്യയുടെ തോതു വെച്ച് പരിശോധിച്ചാൽ നമ്മുടെ ആവശ്യത്തിൻെറ അഞ്ചിൽ ഒരുഭാഗം പാൽ ഉൽപാദനം മാത്രമേ ഇവിടെ നടക്കുന്നുള്ളു. സൊസൈറ്റിയുടെ സംഭരണ വിതരണ കേന്ദ്രങ്ങൾ എല്ലാ വാഡുകളിലും സ്ഥാപിക്കുകയും ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്ന നടപടികളിലൂടെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും വേണം.

കൺസ്യൂമർ സൊസൈറ്റിയുടെ പ്രവർത്തനം ജനങ്ങൾക്കാകെ പ്രയോജനപ്പെടത്തക്ക രീതിയിൽ പഞ്ചായത്തിലാകെ വ്യാപിപ്പിക്കണം.

സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കണം. പുസ്തകങ്ങൾക്ക് പുറമെ യൂണിഫോം, കുട, കുട്ടികൾക്കാവശ്യമായ എല്ലാവിധ സ്റ്റേഷനറി സാധനങ്ങൾ എന്നിവ അവയിലൂടെ വിതരണം നടത്തണം.

- നോൺ ക്രെഡിറ്റ് സ്ഥാപനങ്ങൾക്ക് ഗവർമെണ്ടിൽ നിന്നും ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും അതത് ഘട്ടങ്ങളിൽ തന്നെ ലഭ്യമാക്കാനുള്ള സ്ഥിതി ഉണ്ടാകണം.
- ശക്തമായ മാനേജ്മെൻറും വിദഗ്ധരായ തൊഴിലാളികളും എല്ലാ സ്ഥാപനങ്ങൾക്കും ഉറപ്പുവരുത്തണം.
- യന്ത്രോപകരണങ്ങൾ നവീകരിക്കപ്പെടണം.
- ഉൽപാദന വർധനവും, ഉൽപന്നങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തണം.
- ഉൽപന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് വിപണികൾ കണ്ടെത്തണം.
- ഉൽപാദന ചെലവ് കുറക്കണം.
- കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി എല്ലാ നിത്യോപയോഗ സാധനങ്ങളും ജനങ്ങൾക്ക് യഥേഷ്ടം ന്യായ വിലക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണം.
- സ്കൂൾ സൊസൈറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് പി ടി എയെ ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിക്കണം. സഹകരണ പ്രസ്ഥാനത്തിൻെറ പ്രാധാന്യവും പ്രസക്തിയും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും സ്കൂൾ- സൊസൈറ്റികൾ ഉപയോഗപ്പെടുത്തണം.

മറ്റ് നിർദ്ദേശങ്ങൾ

- സഹകരണ പ്രസ്ഥാനത്തിൻെറ കീഴിൽ പഞ്ചായത്തിലെ ജനങ്ങളെയാകെ അണിനിരത്തുന്നതിനുള്ള പദ്ധതികളും, പരിപാടികളും ആസൂത്രണം ചെയ്യണം.
- സഹകരണ പ്രസ്ഥാനം കടന്നുചെല്ലാത്ത മേഖലകളിൽ സാധ്യതക്കനുസരിച്ച് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിയണം.
- നിർമ്മാണ തൊഴിലാളികളെയും, വിദഗ്ദ്ധ തൊഴിലാളികളെയും കേന്ദ്രീകരിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കണം.
- പഞ്ചായത്ത് തലത്തിലുള്ള എല്ലാ നിർമ്മാണ വികസന പ്രവർത്തനങ്ങളും ഈ സൊസൈറ്റികൾ മുഖേന നടപ്പിലാക്കിക്കണം.
- മെറ്റൽ ആൻറ് എഞ്ചിനീയറിങ്ങ് രംഗത്തും സഹകരണ സ്ഥാപനങ്ങൾക്ക് ഏറെ സാദ്ധ്യതകളുണ്ട്.
- നാളികേര ഉൽപന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കണം.
- ബേക്കറി, ഹോട്ടൽ എന്നീ രംഗത്തും സഹകരണാടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.
- സഹകരണ സ്ഥാപനത്തെക്കുറിച്ച് ആലോചിക്കാവുന്ന മറ്റൊരു മേഖല ഹോട്ടികൾച്ചറൽ രംഗമാണ്. വളരെയേറെ തൊഴിൽ സാദ്ധ്യതകൾ ഈ രംഗം പ്രദാനം ചെയ്യും.

സഹകരണ പ്രസ്ഥാനത്തിന് ഏറെ സാധ്യതകളുള്ള ഒരു പഞ്ചായത്താണ് എളയാവൂർ എന്നതുകൊണ്ടു തന്നെ ആ രംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനം ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തുകയും അതുവഴി പ്രദേശത്തിൻെറ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്നതിനും സാധിക്കുകയും ചെയ്യും എന്നത് തർക്കമറ്റ സംഗതിയാണ്.

					ജീവനക്കാർ		തൊഴിലാളി/ മറ്റുള്ളവർ		
ക്ര.മ.	സ്ഥാപനത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	സ്ത്രീ.	പു.	സ്ത്രീ.	പു.	ലാഭം നഷ്ടം
1.	എളയാവൂർ സർവ്വീസ് സഹകരണ ബേങ്ക്	1971	6114	545940	2	15	1	5	ലാഭം
2.	ചൊവ്വ കോ-ഓപ്പ്. റൂറൽ ബേങ്ക് (ഈവിനിങ്ങ് ബ്രാഞ്ച്)	1956							
3.	കണ്ണൂർ കോ-ഓപ്പ്. കൃഷി വികസന ബേങ്ക് (പ്രവർത്തനപരിധി)	1971							
4.	എളയാവൂർ എണ്ണ ഉൽപാദക സഹകരണ സംഘം	1958	154	15,400	--	1	--	2	
5.	എളയാവൂർ മഹിളാ ഗ്രാമവ്യവസായ സഹകരണ സംഘം	1990	46	9,900	1	--	2	--	
6.	എളയാവൂർ പഞ്ചായത്ത് ലതർ വർക്കേഴ്സ് കോ-ഓപ്പ്. സൊസൈറ്റി	1992	26	26,000	--	1	--	4	
7.	എളയാവൂർ ക്ഷീരോൽപാദക സഹകരണ സംഘം	1987	337	4200	2	12	--	--	
8.	ചൊവ്വ വീവേഴ്സ് കോ-ഓപ്പ്. സൊസൈറ്റി	1954	467	5,73,920	1	4	20	80	
9.	എടക്കാട് ബ്ലോക്ക് പട്ടികജാതി സ: സംഘം	1985	361	36100	--	5	--	--	
10.	എടക്കാട് ബ്ലോക്ക് ലിറ്റററി പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് കോ-ഓപ്പ്. സൊസൈറ്റി.	1983	318	46200	--	1	1	2	
11.	വനിതാ കരകൗശല വ്യവസായ സഹകരണ സംഘം	1992	56	11200	--	--	13	--	
12.	കണ്ണൂർ കോ-ഓപ്പ്. ബിൽഡിങ്ങ് സൊസൈറ്റി (പ്രവർത്തനപരിധി)	1935							
13.	കണ്ണൂർ കോ-ഓപ്പ്. ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി (പ്രവർത്തന പരിധി)								
14.	എ.കെ.ജി. മെമ്മോറിയൽ ഹൗസ് കൺസ്ട്രക്ഷൻ കോ-ഓപ്പ്. സൊസൈറ്റി (പ്രവർത്തന പരിധി)								
15.	കണ്ണൂർ പാൽ വിതരണ സഹകരണ സംഘം (2 കറവു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു)								
16.	സൊസൈറ്റി പ്രസ്, താഴെചൊവ്വ								
17.	എളയാവൂർ പഞ്ചായത്ത് കോ-ഓപ്പ്. കൺസ്യൂമർ സ്റ്റോർ	1984	255	25000	--	--	--	2	നഷ്ടം
18.	വാരം യു.പി. സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ്. സൊസൈറ്റി	1976							
19.	എളയാവൂർ യു. പി.സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ്. സൊസൈറ്റി	1976							



സംസ്കാരം

നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ വിദേശികളും വിവിധ മതക്കാരുമുൾക്കൊള്ളുന്ന കണ്ണൂർ പട്ടണത്തിന്റെ സാനുപ്രദേശമായ എളയാവൂർ ഗ്രാമീണവും നാഗരികവുമായ സംസ്കാരം ഇഴുകിച്ചേർന്ന പ്രദേശമാണ്. ഹിന്ദുക്കളും മുഹമ്മദീയരും ക്രിസ്ത്യാനികളും, യാദവരും, ലബ്ബമാരുമൊക്കെയുള്ള ഈ പഞ്ചായത്തിന് അതിന്റെതായ പ്രത്യേകതകളാണ് ഉള്ളത്. ജാതിയമോ മതപരമോ, വർഗ്ഗപരമോ ആയ അകൽച്ച സാധാരണക്കാരിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. കാരണം എല്ലാ സാഹചര്യങ്ങളുമായി താദാത്മ്യം പ്രാപിക്കാനും വിവിധ സംസ്കാരങ്ങളും സമ്പ്രദായങ്ങളുമായി ഇണങ്ങിച്ചേരാനുമുള്ള പ്രാഗ്വൈഭവം സായത്തമാക്കിയവരാണ് അവർ.

എല്ലാ മത വിഭാഗക്കാരുടെയും ആരാധനാലയങ്ങൾ പഴയ പ്രതാപം പുലർത്തിക്കൊണ്ടുതന്നെ സാമൂഹ്യാരാധനാ കേന്ദ്രമെന്നോണം നിലനിൽക്കുന്നു. ഹിന്ദുക്കളുടെ അമ്പലം, ക്രിസ്തീയ ദേവാലയം, ഇസ്ലാം പള്ളി, യാദവ ക്ഷേത്രം എന്നിവയെല്ലാം ക്ഷേത്ര സംസ്കാരം ബഹുജനങ്ങളെ യോജിപ്പിക്കാനും വിഘടിത ചിന്തയെ ഉൻമൂലനം ചെയ്യാനും സഹായകമാവുന്നു എന്ന അനുഭവ പാഠമാണ് ഇവിടുത്തുകാർ നൽകുന്നത്.

ചെറുതും വലുതുമായ ഹിന്ദുക്ഷേത്രങ്ങൾക്കെല്ലാം മേൽക്കോയ്മയായി ഇവിടെ നീലിയത്തകത്തൂട്ട് തറവാട് ഇന്നും ഉണ്ട്. പഞ്ചായത്തിലെ മിക്ക ക്ഷേത്രങ്ങൾക്കും മേൽക്കോയ്മ ആയതുകൊണ്ട് എല്ലാ കാവുകളിൽ നിന്നും ഉത്സവകാലത്ത് 'എഴുന്നള്ളത്ത്' ആയി അവിടെ എത്തുന്നു. ഈ മേൽകോയ്മ അംഗീകരിച്ചുകൊണ്ടുതന്നെ കത്യാക്കാരന്റെ അനുവാദമില്ലാതെ (പുതിയ പുരയിൽ തറവാട്ടുകാരുടെ സ്ഥാനപ്പേർ) ക്ഷേത്രങ്ങളിലെ ചടങ്ങുകളും മറ്റു മതപരമായ ചടങ്ങുകളും നടത്തപ്പെടുകയുമില്ല. ഇത്തരത്തിലുള്ള പഴയ സമ്പ്രദായം ഹിന്ദു മതത്തിലെ തന്നെ വർണ്ണവ്യത്യാസത്തിന് മറ്റൊരു മാനം കല്പിക്കപ്പെടുകയാണ് ഇവിടെ. തൊഴിൽ അടിസ്ഥാനമാക്കി സമുദായങ്ങളെ വേർതിരിച്ചിട്ടുള്ള രീതി നമ്മുടെ ഗ്രാമങ്ങൾ ഒരുകാലത്ത് സ്വയംസമ്പൂർണ്ണങ്ങളായിരുന്നു എന്നതിന് തെളിവാണല്ലോ. വിവിധ തൊഴിൽ ചെയ്യുന്ന വ്യത്യസ്ത സമുദായങ്ങളുടെ സങ്കേതമായിരുന്നു എളയാവൂർ പഞ്ചായത്ത്. സംസ്കാരം കൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത് അത് തലമുറയായി ആർജിച്ചിരുന്ന പട്ടണത്തിന്റെയും ഗ്രാമത്തിന്റെയും ചേരുവ ഉള്ള പഞ്ചായത്ത്. വിവിധ വിഭാഗക്കാരുടെ ക്ഷേത്ര സംസ്കാരം ഇവിടെ ജനങ്ങളുടെ പ്രതീക്ഷയുടെയും അഭിലാഷത്തിന്റെയും പ്രകടരൂപമായ ആഘോഷങ്ങൾ മുഖേന സമൂഹ കൂട്ടായ്മക്ക് കളമൊരുക്കുന്നു. അതുകൊണ്ട് തന്നെ പഞ്ചായത്തിലെ ജനങ്ങളുടെ ജാതിയും മതവും തിരിച്ചുള്ള കണക്ക് ഇവിടെ അപ്രസക്തമാവുന്നു.

ക്രമനമ്പർ	ദേവാലയങ്ങൾ
1.	എളയാവൂർ അമ്പലം
2.	പഴയ കോട്ടം
3.	പുതിയ കോട്ടം
4.	ഭുവനേശ്വരി ക്ഷേത്രം

5. കോറോത്ത് കാവ്
6. തേറോത്ത് മടപ്പുര
7. അതിരകം മുത്തപ്പൻ ക്ഷേത്രം
8. നമ്പ്യാണ്ടിക്കാവ്
9. നീലിയത്ത് ക്ഷേത്രം
10. എരിഞ്ഞിക്കൽ ഭഗവതി ക്ഷേത്രം
11. താഴെ മുണ്ടയാട്ട് ഭഗവതി ക്ഷേത്രം
12. പെരിങ്ങോത്ത് അമ്പലം
13. ചെമ്മിണിയൻ കാവ്
14. വയൽതിറ
15. ഉമാമഹേശ്വരി ക്ഷേത്രം
16. ചക്കരകൊട്ടങ്ങൾ ക്ഷേത്രം
17. കാഞ്ചീകാമാക്ഷിയമ്മൻ കോവിൽ
18. മുത്തുമാരിയമ്മൻ കോവിൽ
19. താഴെചൊവ്വ ജുമാമസ്ജിദ് പള്ളി
20. പള്ളിപ്രം ഖാദി മുൻ ഇസ്ലാംപള്ളി
21. അതിരകം അൻസാർ പള്ളി
22. കുനിയിൽപീടിക ഖാദിരിപള്ളി
23. വട്ടപ്പറമ്പിൽ പള്ളി
24. എളയാവൂർ നോർത്ത് പള്ളി
25. മൂക്കോത്ത് താഴ ഹംസപള്ളി
26. പാതിരിപ്പറമ്പ് ക്രിസ്ത്യൻപള്ളി

ദൃശ്യകലാ വിഭാഗത്തിൽ തെയ്യം കലാകാരൻമാർ പഴയ പ്രതാപത്തിന് അൽപം പോലും മങ്ങലേൽക്കാതെ ഇന്നും അവരുടേതായ പാരമ്പര്യം നിലനിർത്തുന്നുണ്ട്. എന്നാൽ ഒരു കാലത്ത് കർക്കിടക മാസത്തിൽ വീടുകളിൽ കയറിയിറങ്ങാറുള്ള വേടൻ, ആടി എന്നീ തെയ്യക്കോലങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. ശ്രവ്യകലയായ ചെണ്ടമേളവും മറ്റും പഴയതുപോലെ തന്നെ തുടരുന്നു. എന്നാൽ പഞ്ചായത്തിൽ ക്രൈസ്തവരുടേതായ ബേൻറ് വാദ്യസംഘം ഉണ്ടായിരുന്നത് ഇന്ന് കുറ്റിയറ്റുപോയിരിക്കയാണ്. ആ പാശ്ചാത്യ വാദ്യമേളയിൽ വിദഗ്ധരായ പലരും അന്ന് ഇന്ത്യയിലെ പ്രസിദ്ധമായ പല സർക്കസ് കമ്പനിയിലെയും ബേൻറ് മാസ്റ്റർമാരുമായിരുന്നു. അവരുടെ തലമുറക്കാരെയെങ്കിലും സംഘടിപ്പിച്ചു ആ പോരായ്മ നികത്താനുള്ള പരിശ്രമം കൂടിയേതീരൂ എളയാവൂർ സൗത്ത് പോലുള്ള സ്ഥലങ്ങളിലുണ്ടായിരുന്ന കോൽക്കളിക്കാരെയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

പഴയ തമിഴ് നാടകങ്ങളുടെ രീതിയിൽ ഒരു കാലത്ത് നടപ്പിലുണ്ടായിരുന്ന സംഗീത നാടക സംഘങ്ങൾ ഇവിടെ ഉണ്ടായിരുന്നു എന്ന് പഴയ കാരണവൻമാരിൽ ചിലർ പറയുന്നു. അവരുടെ ഇടയിൽ തന്നെ അന്ന് നാടകത്തിൽ വേഷമിട്ട പലരും ഉണ്ടുതാനും. ഇടക്കാലത്ത് നാടകവുമായി വളരെയധികം പ്രചാരത്തിലുള്ള പേരാണ് പാറമ്മൽ കുഞ്ഞിക്കണ്ണൻ എന്നത്. ആ പ്രസ്ഥാനത്തിനുവേണ്ടി ത്യാഗോജ്ജ്വലമായ സേവനമനുഷ്ഠിച്ച പഞ്ചായത്തിലെ ആദ്യത്തെ വ്യക്തി എന്നു പറയാം.

1941, 42 കാലങ്ങളിൽ കിഴുത്തള്ളിയിൽ പണ്ഡിറ്റ് വാമനൻ മാസ്റ്ററുടെ ശിക്ഷണത്തിൽ നൃത്തം അഭ്യസിക്കുകയും ചൊവ്വ ധർമ്മസമാജം ഹാളിൽ മയൂരനൃത്തം, കാളിയമർദ്ദനം എന്നിങ്ങനെയുള്ള നൃത്തനൃത്യങ്ങൾ അവതരിപ്പിക്കുകയും ചെയ്ത ടി സി രാമചന്ദ്രൻ കണ്ണൂരിലെ തന്നെ ആദ്യത്തെ നൃത്തവിദഗ്ദ്ധരിലൊരാളായിരുന്നു. പിന്നീട് അദ്ദേഹം ബോംബെയിൽ സിനിമാരംഗത്ത് പേരെടുത്ത വ്യക്തിയായിരുന്നു എന്ന കാര്യവും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു. ആ കാലഘട്ടത്തിൻെറ മറ്റൊരു പ്രത്യേകത അന്ന് ഹയർ എലിമെൻററി സ്കൂളുകളിൽ നടത്തി വന്നിരുന്ന വാർഷികാഘോഷങ്ങൾ എല്ലാം തന്നെ നാട്ടുകാരുടെ കലോത്സവങ്ങൾ തന്നെയായിരുന്നു എന്നതാണ്. കുട്ടികളുടേയും, പൂർവ്വ വിദ്യാർഥികളുടേയും, അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മയോടെ നടത്തപ്പെട്ടിരുന്ന വാർഷികാഘോഷങ്ങൾ വിവിധ കലാപ്രകടനങ്ങളുടെ കേന്ദ്രബിന്ദുവായിരുന്നു. അതുപോലെ തന്നെ വായനശാലകളിൽ ഉണ്ടാവാറുള്ള വാർഷികാഘോഷങ്ങളും ഗ്രാമവാസികളുടെ നാടകങ്ങളും മറ്റു കലാപ്രകടനങ്ങളും കൊണ്ട് നാടിൻെറ തനതായ ആവിഷ്കാര സൗഭഗം ഉൾക്കൊള്ളുന്നവയായിരുന്നു. കഥാപ്രസംഗം പോലുള്ള അഭിനയകലയിൽ പ്രസിദ്ധിയാർജിച്ച പലരും പഞ്ചായത്തിൽ തന്നെയുണ്ടായിരുന്നു.

1949ൽ ആണ് പഞ്ചായത്തിൽ ആദ്യമായി ഒരു കലാസമിതി രൂപംകൊണ്ടത്. "സുന്ദര കലാമന്ദിരം' ചൊവ്വാ പൊതുജന വായനശാലക്ക് സമീപം സി വി കേളൻമാസ്റ്റർ വ്യായാമ മന്ദിരവും ബാലസംഘവും നടത്തിവന്നിരുന്ന മുറിയായിരുന്നു അതിൻെറ കേന്ദ്രം. എം ഭാർഗ്ഗവൻമാസ്റ്റർ രക്ഷാധികാരിയായിരുന്നു. ശ്രീമാൻമാർ വി കൃഷ്ണൻ നമ്പ്യാർ, എ കെ ചൊവ്വ, കെ കരുണാകരൻ, കെ സുകുമാരൻ, എം കുഞ്ഞികൃഷ്ണൻമാസ്റ്റർ, വി സി ശ്രീധരൻ മാസ്റ്റർ, എ എൻ രാഘവൻമാസ്റ്റർ എന്നിവരായിരുന്നു പ്രവർത്തകർ. ആദ്യമായി 'തരംഗങ്ങൾ' എന്ന നാടകം ആ വർഷം തന്നെ ചൊവ്വ ധർമ്മസമാജം ഹാളിൽ അവതരിപ്പിച്ചു. പിന്നീട് അതേ നാടകം 1950 ആദ്യം ഷൊർണൂരിൽ നടത്തപ്പെട്ട ഹിന്ദി സമ്മേളനത്തിലും അവതരിപ്പിക്കുകയുണ്ടായി. അക്കാലത്ത് നാടകത്തിൽ സ്ത്രീ കഥാപാത്രങ്ങളെ പുരുഷൻമാർ തന്നെയായിരുന്നു അവതരിപ്പിച്ചത്. നാടകത്തിൽ സ്ത്രീ വേഷം തൻമയത്വത്തോടെ അവതരിപ്പിച്ചവർ സി പി നാരായണൻ നമ്പ്യാർ (ഒരു ചിത്രകാരൻ കൂടിയായിരുന്നു) എ സി ഗംഗാധരൻ (വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കണ്ണൂരിൽ നടത്തപ്പെട്ട പല സമ്മേളനങ്ങളും കലാപ്രകടനം നടത്തി അംഗീകാരം നേടിയിരുന്നു), നന്ദനൻ എന്നിവരായിരുന്നു നാടകത്തിലെ പ്രധാന ഹാസ്യനടനായിരുന്ന കെ കെ കരുണാകരൻ "കർഹർ" എന്ന പേരിൽ അറിയപ്പെടുന്ന ഹാസ്യനടനായിരുന്നു- അദ്ദേഹം അവതരിപ്പിച്ചിരുന്ന കൊതുകടി നൃത്തവും പീകോക്ക് നൃത്തവും ഇന്നും ചിലരുടെ സ്മരണയിൽ ഉണ്ടാകും. ഈ കലാസമിതി പ്രവർത്തകരിൽ പലരും ഉദ്യോഗ സംബന്ധമായും മറ്റും പല പ്രദേശങ്ങളിലും പോകേണ്ടി വന്നതുകൊണ്ട് പ്രവർത്തനം നിലക്കുകയാണുണ്ടായത്.

പിന്നീട് 1954ൽ പാതിരിപ്പറമ്പ് കേന്ദ്രമായി ആരംഭിച്ചതും മേലെചൊവ്വയിൽ അടുത്തകാലം വരെ നിലനിന്നതുമായ നവോദയ കലാസമിതിയാണ് അമേച്വർ വിഭാഗത്തിൽപെട്ട പഞ്ചായത്തിലെ പ്രസിദ്ധമായ കലാസമിതി ഈ കലാക്ഷേത്രത്തിന്. ശ്രീമാൻമാർ കെ സി മാധവൻമാസ്റ്റർ, വി സി കണ്ണൻ, ടി എം ചാത്തുക്കുട്ടി, കക്കുഴി വേലായുധൻ, പി സി ശിവദാസൻ, കക്കോത്ത്

ാാ ഘടകം, കെ ദാമോദരൻമാസ്റ്റർ, ജോയിന്റ് കൺവീനർമാരായിരുന്നു രൂപം നൽകിയത്. വി വി കണ്ണന്റെ പുതുപുഞ്ചിരി, സ്വാമി ബ്രഹ്മവ്രതന്റെ അനാർക്കലി എന്നിങ്ങനെ ഒട്ടേറെ നാടകങ്ങൾ അവതരിപ്പിക്കുകയുണ്ടായി. എല്ലാ നാടകങ്ങളുടെയും സംവിധായകൻ കെ സി മാധവൻ മാസ്റ്ററായിരുന്നു. അതിലൂടെയാണ് കണ്ണൂരിലും പരിസരങ്ങളിലും നാടക സംവിധായകൻ എന നിലയിൽ മാധവൻ മാസ്റ്റർ പ്രകീർത്തിക്കപ്പെട്ടത്. തുടർന്ന് തിലാന്നൂർ ദേശീയ കലാസമിതി (താഴെ ചൊവ്വ)യുടെ അവതരിപ്പിച്ച നാടകങ്ങളുടെ സംവിധായകനായും അദ്ദേഹം പ്രവർത്തിച്ചു. ഒരു കാലത്ത് നാടക- സാഹിത്യരംഗങ്ങളിൽ അതുല്യമായ പ്രകടനം കാഴ്ചവെച്ച മാധവൻമാസ്റ്റർ പ്രഭാഷകൻ, അധ്യാപകനേതാവ്, ഗ്രന്ഥശാലാ പ്രവർത്തകൻ എന്നീ നിലയിൽ പ്രസിദ്ധനാകുന്നതിന് തുടക്കം കുറിച്ചത് ഈ നാടകരംഗമായിരുന്നു.

ഒരു പ്രഫഷണൽ നാടകവേദിയിലേക്കുയർന്ന "സർഗസാനു" പഞ്ചായത്തിന്റെ അഭിമാനമായ ഒരു കലാസംഘടനയായിരുന്നു. ശ്രീ. കെ സുഭാഷ് മാസ്റ്റർ അതിരകത്ത് നടത്തി വന്ന ഈ കലാവേദി സംഗീത നൃത്തനാടക വേദിക്ക് ഒരു മുതൽക്കൂട്ടായിരുന്നു. കേരളത്തിന്റെ പല ഭാഗങ്ങളിലുമായി സുഭാഷ് മാസ്റ്ററുടെ നാടകസംഘം പ്രദർശനം കാഴ്ചവെക്കുകയും പ്രശംസനീയമായ വിജയം കൈവരിക്കുകയും ചെയ്തു. 1995ൽ അദ്ദേഹത്തിന്റെ നിര്യാണം വരെ "സർഗസാനു" കലാരംഗത്ത് നിറഞ്ഞുനിൽക്കുന്ന ഒരു സ്ഥാപനമായിരുന്നു. മുണ്ടയാട് ശ്രീകലാക്ഷേത്രം ഒട്ടനവധി നാടകങ്ങൾ പല വേദികളിലുമായി അവതരിപ്പിച്ച മറ്റൊരു കലാവേദിയാണ്. കാപ്പിച്ചേരിയിലെ നവപ്രഭാ ആർട്ട്സ് ഒരു കാലത്ത് രാഷ്ട്രീയ നാടകങ്ങളും മറ്റും അവതരിപ്പിക്കുന്നതിൽ പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. കിഴുത്തള്ളിയിലെ രചനാ ആർട്ട്സ് ക്ലബ്ബും പഞ്ചായത്തിലെ അറിയപ്പെടുന്ന കലാസമിതിയാണ്. ഇവ കൂടാതെ ആർട്ട്സ് ക്ലബ്ബ് എന്ന ബോർഡ് വെച്ചിട്ടുള്ള പല സംഘടനകളും ഇവിടെയുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തുകയും അവ എങ്ങനെ നന്നാക്കിയെടുക്കാമെന്നും ചിന്തിക്കേണ്ടതുണ്ട്.

നാടകം, കഥാപ്രസംഗം തുടങ്ങിയ കലാരൂപങ്ങൾ പഞ്ചായത്തിൽ അന്യമാവുകയാണ്. മറ്റു പ്രദേശങ്ങളിൽ നിന്നുവരുന്ന കലാരൂപങ്ങൾക്ക് വാതിൽ തുറന്നുകൊടുത്ത് കേവലം കാഴ്ചക്കാരായി മാറുകയാണ് നാമിന്ന്. ഇക്കാര്യത്തിൽ ബഹുജനങ്ങളിൽ നിന്നുതന്നെ ശക്തമായ പ്രതികരണം ഉണ്ടാവേണ്ടതുണ്ട്.

തെഴുക്കിൽ പീടികയിൽ 1958 മുതൽ നടന്നുവരുന്ന ശിൽപകലാലയം ഇതിൽനിന്നെല്ലാം ഒറ്റപ്പെട്ടുകിടക്കുന്നു. ശിൽപകലയിൽ പരിശീലനം നൽകുന്നതിന് വേണ്ടി തച്ചുശാസ്ത്ര വിദഗ്ധരായ ശ്രീമാന്മാർ വി വി കുഞ്ഞിരാമൻ ആചാരി, വി സി ഗോവിന്ദൻ ആചാരി എന്നിവർ നടത്തിവന്നിരുന്ന തച്ചുശാസ്ത്രപഠന ക്ലാസ് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. ജില്ലയിലെ പല ഭാഗങ്ങളിലുമായി ഇവിടെ പഠിച്ച വ്യക്തികൾ അവരുടെ കഴിവു പ്രകടിപ്പിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ സാധാരണ കാണപ്പെടാത്തതും തികച്ചും ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകുകയും ചെയ്യുന്ന മഹത്തായ ഈ സ്ഥാപനം കൂടുതൽ പരിഗണന അർഹിക്കുന്നു.

ക്രമനമ്പർ	കലാസമിതിയുടെ പേര്
1.	സർഗ സാനു, മുണ്ടയാട്
2.	ശ്രീകലാക്ഷേത്രം, മുണ്ടയാട്
3.	നവോദയ കലാസമിതി
4.	ശ്രീകലാക്ഷേത്രം
5.	ഉപാസന കലാസാംസ്കാരിക സമിതി
6.	രചന ആട്സ്
7.	നവപ്രഭാ ആട്സ് ക്ലബ്, കാപ്പിച്ചേരി
8.	ശിൽപകലാലയം തെഴുക്കിൽപീടിക

കായികാഭ്യാസരംഗത്ത് കളരിപ്പയറ്റായിരുന്നുവല്ലോ കേരളത്തിന്റെ തനതായ കലാരൂപം. ആ പഴയ രീതിയിലുള്ള അഭ്യാസങ്ങൾ ഒരുകാലത്ത് ഇവിടെയും സർവസാധാരണമായിരുന്നു എന്നതിന് പഴയ കളരികളും മറ്റും സാക്ഷ്യം വഹിക്കുന്നു. വിദേശികളുമായുള്ള സമ്പർക്കം മൂലം ആ അഭ്യാസമുറകൾക്ക് പകരം ഗുസ്തിയും അതിനുവേണ്ടിയുള്ള എക്സൈസുകളും പ്രചാരത്തിൽ വരികയുണ്ടായി. കണ്ണൂരിൽ ചന്ദനവീട്ടിൽ ചോയിക്കുട്ടി ഗുരുക്കൾ നടത്തിവന്നിരുന്ന വ്യായാമമന്ദിരത്തിൽ (പിന്നിട് ആര്യ ബന്ധു വ്യായാമമന്ദിരമായി) നിന്ന് ഒട്ടനവധി യുവാക്കൾ പരിശീലനം നേടുകയും അവരുടെ പ്രാവീണ്യം മൽസരവേദികളിലൂടെ വെളിപ്പെടുത്തുകയും ചെയ്തിരുന്ന കാലത്ത് നമ്മുടെ പഞ്ചായത്തിലെ ടി എം കൃഷ്ണൻ, ടി വി നാരായണൻ സി വി കേളൻമാസ്റ്റർ പുണ്ണാക്കൻ നാരായണൻ, പുത്തമ്പുരയിൽ നാരായണൻ എന്നിവരും ആ പട്ടികയിൽ അറിയപ്പെടുന്ന ഗുസ്തി വിദഗ്ധരായിരുന്നു. അവർ പിന്നിട് സ്വന്തമായി വ്യായാമമന്ദിരങ്ങൾ സ്ഥാപിക്കുകയും ചെറുപ്പക്കാരെ അഭ്യാസമുറകൾ ശീലിപ്പിക്കുകയും ചെയ്തുവന്നു. ആ കൂട്ടത്തിൽ പ്രസിദ്ധ സ്വാതന്ത്ര്യസമര സേനാനിയും പൊതുപ്രവർത്തകനുമായിരുന്ന വി പി നാരായണൻമാസ്റ്റർ അറിയപ്പെടുന്ന ഒരു വെയിറ്റ്ലിഫ്റ്റർ കൂടിയായിരുന്നു എന്ന കാര്യവും ഓർമിക്കപ്പെടേണ്ടതുണ്ട്.

പന്തംവീശൽ എന്ന അഭ്യാസവിദഗ്ധരും ഇവിടെ ഉണ്ടായിരുന്നു. ഈ അഭ്യാസപ്രകടനം എല്ലാ ഉൽസവത്തിനും നടത്തപ്പെടുന്ന ഒരു ചടങ്ങും ആയിരുന്നു.

കായികവിനോദം നാടൻകളികളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന കാലത്തും ഇവിടെ ഫുട്ബോൾ, ബാറ്റ്മിൻറൺ എന്നീ കളികൾക്ക് പ്രചാരമുണ്ടായിരുന്നു. പാതിരിപ്പറമ്പ് പോത്തേരി മൈതാനിയിൽ പോത്തേരി കുഞ്ഞമ്പു സ്മാരക ബാറ്റ്മിൻറൺ ടൂർണമെൻറ് 1944, 45 കാലങ്ങളിൽ നടത്തിവന്നിരുന്നു. ശ്രീമാന്മാർ ടി എം മാധവൻ, പൂഴിയിൽ ഗോപാലൻ, കുമാരൻമാസ്റ്റർ (ഗോപാൽ ബ്രദേഴ്സ്) എന്നിങ്ങനെയുള്ളവരായിരുന്നു പ്രധാന സംഘാടകർ. പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലും ബാറ്റ്മിൻറൺ കോർട്ടും ഫുട്ബോൾ ഗ്രൗണ്ടും കളിക്കാരുമുണ്ടായിരുന്നു.

ഇന്ന് നാമാവശേഷമായിക്കഴിഞ്ഞ "തലപ്പന്ത്" കളി അക്കാലത്തെ പ്രധാന വിനോദങ്ങളിൽ ഒന്നായിരുന്നു. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള കളിക്കാർ അന്യോന്യം മൽസരിച്ചുകൊണ്ടുള്ള "മേച്ച്" നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തുവന്നിരുന്നു. പാതിരിപ്പറമ്പിൽ അറിയപ്പെടുന്ന കളിക്കാരായ പോത്തേരി രാജു, മതുമ്മൽ ബാലകൃഷ്ണൻ എന്നിങ്ങനെയുള്ള ചെറുപ്പക്കാരെ പ്രോത്സാഹിപ്പിക്കുകയും സിൽവർസ്റ്റാർ സ്പോട്സ് ക്ലബ്ബ് സ്ഥാപിക്കുകയും ചെയ്ത "അച്ചുഏട്ടൻ" എന്ന പേരിൽ അറിയപ്പെട്ടിരുന്ന കോണിപൊരിയൻ അച്ചുതൻ കുട്ടികളുടെ മാത്രമല്ല നാട്ടുകാരുടെ മുഴുവൻ അച്ചുഏട്ടൻ ആയിരുന്നു.

കായികരംഗത്ത് 50 കൊല്ലക്കാലം സജീവമായി പ്രവർത്തിച്ച സിൽവർസ്റ്റാർ സ്പോട്സ് ക്ലബ്ബ് കണ്ണൂരിലെന്നല്ല കേരള

ത്തിൽതന്നെ അറിയപ്പെടുന്ന സ്ഥാപനമാണ്. രജിസ്റ്റർ ചെയ്തു പ്രവർത്തിച്ച ഈ ക്ലബ്ബ് കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷനിൽ അംഗമായി ചേർന്നുകൊണ്ട് ലീഗ് ചാമ്പ്യൻഷിപ്പിൽ കളിച്ചതും ആർ ഇ സി ബിക്കാനീർ പോലുള്ള ഇന്ത്യയിലെ കരുത്തരായ ടീമിനെ പരാജയപ്പെടുത്തിയതും വിഖ്യാതമാണ്. ജീവിതകാലം മുഴുവൻ കായികരംഗത്ത് വളരുന്ന തലമുറയെ പ്രോൽസാഹിപ്പിക്കുകയും കെ എഫ് എയുടെ സെൻട്രൽ കൗൺസിലിൽ പ്രവർത്തിക്കുകയും ചെയ്ത അച്ചുഏട്ടന്റെ സ്മരണ നിലനിർത്തുന്നതിന് വേണ്ടി സിൽവർസ്റ്റാർ സ്പോട്സ് ക്ലബ്ബ് തുടർച്ചയായി കുറേ വർഷങ്ങൾ അച്ചുഏട്ടൻ സ്മാരക ഫുട്ബോൾ ടൂർണമെൻറും നടത്തിവന്നിരുന്നു. അതുപോലെതന്നെ ചൊവ്വയിൽ പൊതുജനവായനശാലയുടെ പിന്നിലുണ്ടായിരുന്ന ഫുട്ബോൾ ഗ്രൗണ്ട് കേന്ദ്രമാക്കി 'ഗോൾഡൺ ഏറോസ്' എന്ന ഫുട്ബോൾ ക്ലബും ഉണ്ടായിരുന്നു. പല ടൂർണമെൻറുകളിലും മികച്ച പ്രദർശനം കാഴ്ചവെച്ച ഈ ക്ലബിൻെറ പ്രവർത്തകരും കളിക്കാരും ശ്രീമാന്മാർ ചട്ടഞ്ചാലിൽ പി ഗോപാലൻ (പിന്നീട് ഗോപൻമാസ്റ്റർ എന്ന പേരിൽ അറിയപ്പെട്ട സ്പോട്സ് ലേഖകൻ), കെ സി പ്രഭാകരൻ, കെ സി പത്മനാഭൻ തുടങ്ങിവരായിരുന്നു.

അഖിലേന്ത്യാതലത്തിൽ പേരെടുത്ത ഫുട്ബോൾ കളിക്കാരായ ധനേഷ്, റഫ്രി കരുവാത്ത് നാരായണൻ എന്നിവർ ഈ പഞ്ചായത്തിൻെറ സന്താനങ്ങളായിരുന്നു. കിഴുത്തള്ളിയിലുള്ള എവർഷൈൻ സ്പോട്സ് ക്ലബ്, ചൊവ്വയിലെ ബ്ലൈസ് എന്നിവ കണ്ണൂർ ജില്ലയിലെ അറിയപ്പെടുന്ന രണ്ട് ക്ലബുകളാണ്. എവർഷൈൻ കൊല്ലംതോറും നടത്തിവരാറുള്ള ഫുട്ബോൾ ടൂർണമെൻറ് പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങളെ ആകർഷിക്കുന്നു. ബ്ലൈസ് തുടർച്ചയായി നടത്തിവരാറുള്ള ഷട്ടിൽ ബാറ്റ്മിൻറൺ ടൂർണമെൻറും മറ്റ് കായികവിനോദങ്ങളും എടുത്തുപറയേണ്ടതുണ്ട്. ഈ ക്ലബുകൾ കമ്പവലി, കബഡി തുടങ്ങിയ കളികളിലും മറ്റു ഗെയിംസുകളിലും സജീവമായി പങ്കെടുക്കുന്നു.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്പോട്സ് ക്ലബ് എന്ന ബോർഡ് തൂക്കിയിട്ടിട്ടുള്ളതായി കാണാമെങ്കിലും അവയുടെയെല്ലാം പ്രവർത്തനം എത്രമാത്രം കാര്യക്ഷമമായുണ്ട് എന്ന കാര്യപരിശോധനക്ക് വിധേയമാവേണ്ടതുണ്ട്. കേരംസ്പോലുള്ള ഇൻഡോർ ഗെയിംസ് മാത്രം നടത്തുന്നവയാണ് മിക്കതും. ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ ശ്രദ്ധ പതിയുകയും നാട്ടുകാരുടെ ഇച്ഛാശക്തിക്കൊത്തവണ്ണം അവയുടെ പ്രവർത്തനം രൂപപ്പെടുത്തേണ്ടതുമുണ്ട്.

ക്രമനമ്പർ	കായികസ്ഥാപനങ്ങൾ
1.	റെഡ്സ്റ്റാർ സ്പോട്സ് ക്ലബ്, പള്ളിപ്രം
2.	പള്ളിപ്രം പീപ്പിൾസ് ആട്സ് ക്ലബ്ബ്, പള്ളിപ്രം
3.	ന്യൂ ബ്രദേഴ്സ് ആട്സ് ക്ലബ്ബ്, എടചൊവ്വ
4.	എടച്ചൊവ്വ കമ്യൂണിറ്റി റിക്രിയേഷൻ ക്ലബ്, എടചൊവ്വ
5.	അഴീക്കോടൻ സ്മാരക സ്പോട്സ് ക്ലബ്, എടചൊവ്വ
6.	കൾച്ചറൽ സെൻറർ, അതിരകം
7.	ഒമിനി പൊട്ടൻസ് സ്പോട്സ് ക്ലബ്, എടചൊവ്വ
8.	അഴീക്കോടൻ ആട്സ് ആൻറ് സ്പോട്സ് ക്ലബ്, കണ്ണോത്തുംചാൽ
9.	ബ്ലൈസ്, ചൊവ്വ
10.	എ കെ ജി സ്പോട്സ് ആൻറ് ആട്സ് ക്ലബ്, ചൊവ്വ
11.	സിൽവർസ്റ്റാർ സ്പോട്സ് ക്ലബ്ബ്, ചൊവ്വ
12.	യൂനിവേഴ്സൽ ക്ലബ്, ചൊവ്വ
13.	പീപ്പിൾസ് സ്പോട്സ് ക്ലബ്
14.	വിങ്ങ്സ് സ്പോട്സ് ക്ലബ്
15.	യുവശക്തി ആട്സ് ക്ലബ്
16.	ജവഹർ ആട്സ് ആൻറ് സ്പോട്സ് ക്ലബ്
17.	ജൂപ്പിറ്റേഴ്സ് സ്പോട്സ് ക്ലബ്
18.	ഭഗത്സിങ്ങ് സ്പോട്സ് ക്ലബ്
19.	റെഡ്സ്റ്റാർ സ്പോട്സ് ക്ലബ്
20.	ത്രീസ്റ്റാർ സ്പോട്സ് ക്ലബ്
21.	ജനശക്തി സ്പോട്സ് ആൻറ് ക്ലബ്
22.	ഒ എസ് എസ് ആട്സ് ആൻറ് സ്പോട്സ്
23.	മഹാത്മജി സ്പോട്സ് ക്ലബ്
24.	ഫിനിക്സ് സ്പോട്സ് ക്ലബ്
25.	ത്രീസ്റ്റാർ സ്പോടസ് ക്ലബ്
26.	അഴീക്കോടൻ സ്മാരക ആട്സ് ആൻറ് സ്പോട്സ്
27.	യൂത്ത് റിക്രിയേഷൻ ക്ലബ്
28.	പ്രിയദർശനി സ്പോട്സ് ആൻറ് ആട്സ് ക്ലബ്
29.	ജനശക്തി സ്പോട്സ് ക്ലബ്
30.	റെഡ്സ്റ്റാർ സ്പോട്സ് ക്ലബ്
31.	എവർഷൈൻ സ്പോട്സ് ക്ലബ്
32.	യുവജന സ്പോട്സ് ക്ലബ്

നമ്മുടെ ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചക്ക് ഗ്രന്ഥശാലകളും വായനശാലകളും വഹിച്ച പങ്ക് നിസ്തുലമായിരുന്നുവല്ലോ. ജനങ്ങളിൽ സാമൂഹ്യ ബോധം വളർത്തുന്നതിന് വായനശീലം ഒഴിച്ചു കൂടാത്ത ഒരുപാധിയാണെന്ന് അറിഞ്ഞു കൊണ്ട് തന്നെ നമ്മുടെ ദേശീയ നേതാക്കന്മാർ അവയെ പോഷിപ്പിക്കുന്നതിന് വേണ്ടി പരാമാവധി പരിശ്രമിച്ചിരുന്ന കാലത്ത് തന്നെ പഞ്ചായത്തിൽ ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കുന്നതിനുള്ള തുടക്കം കുറിച്ചിരുന്നു. 1920 ന് ശേഷം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും ആരംഭിക്കുന്നതിനുള്ള ശ്രമം തുടങ്ങി.. മുണ്ടയാട് ഗ്രാമീണ വായ

നശാല, ചൊവ്വ പൊതുജനവായനശാല തെഴുക്കിൽ പീടികയിലെ തൊഴിലാളി ലൈബ്രറി ആൻറ് റീഡിങ്ങ് റൂം, കിഴുത്തള്ളിയിലെ പബ്ലിക്ക് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം, എടച്ചൊവ്വ ദേശബന്ധു വായനശാല എന്നിവയായിരുന്നു ആ കൂട്ടത്തിൽ എടുത്തു പറയാവുന്നുവ.

1929 ൽ സ്ഥാപിച്ച മുണ്ടയാട് ഗ്രാമീണ വായനശാല സ : പി കൃഷ്ണപ്പിള്ള, എ കെ ഗോപാലൻ എന്നിവരുടെ നിർദ്ദേശമനുസരിച്ച് അന്ന് കോൺഗ്രസ്സിലെ ഇടതുപക്ഷ ചിന്താഗതിക്കാർ മുൻ കൈയ്യെടുത്ത് സ്ഥാപിച്ച പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളതും സ്വന്തം കെട്ടിടവും സ്ഥല സൗകര്യവുമുള്ള വായനശാലയാണ്. ശ്രീമാന്മാർ എടക്കണമ്പോത്ത് പൊക്കൻ ഡ്രൈവർ, ആലക്കൽ അനന്തൻ, സി കെ അമ്പു മാസ്റ്റർ, കെ പി കുമാരൻ, കെ പി രാമുണ്ണി മാസ്റ്റർ, അമ്പൻ നാരായണൻ മാസ്റ്റർ എന്നിവരായിരുന്നു ആദ്യ കാലത്തെ സജീവ പ്രവർത്തകർ.

ഒരു കാലത്ത് ധാരാളം പുസ്തകങ്ങളും ചിട്ടയായ നടത്തിപ്പും കൊണ്ട് പഞ്ചായത്തിലെ പഴയ തലമുറക്കാർക്ക് അറിവിൻെറ വാതായനം തുറന്നു കൊടുത്ത മഹത്തായ ഈ സ്ഥാപനത്തിൻെറ ഇന്നത്തെ അവസ്ഥയിൽ പരിതപിക്കാത്ത പഴമക്കാർ ആരും തന്നെയുണ്ടാവില്ല.

ചൊവ്വ പൊതുജന വായനശാല, എടച്ചൊവ്വയിലെ നെയ്തു തൊഴിലാളികളുടെ ആഗ്രഹാഭിലാഷങ്ങളുടെ സൃഷ്ടിയാണ്. കുറേ കാലം ആശാൻ സ്മാരക ഗ്രന്ഥശേഖരണം എന്ന പേരിൽ ചില വീടുകളിലായി പുസ്തകം ശേഖരിക്കുകയും പുസ്തകങ്ങൾ കൈമാറി വായിക്കുകയും ചെയ്തതിന്ന് ശേഷം 1939 ഡിസംബർ 31 ന് ഇന്ന് കാണുന്ന സ്ഥലത്ത് പൊതുജന വായനശാല ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിൻെറ ആദ്യ കാല പ്രവർത്തകർ പാറപ്പുറത്ത് കൃഷ്ണൻ, സി വി കേളൻ മാസ്റ്റർ, കെ പി കുമാരൻ, കെ അച്ചുതൻ, എം കുഞ്ഞി ക്കൃഷ്ണൻ മാസ്റ്റർ, മങ്ങാടൻ അച്ചുതൻ, മീത്തലേപുറത്ത് കുഞ്ഞമ്പു, തെക്കെപ്രയിൽ ഗോവിന്ദൻ, ഇ പി കുഞ്ഞിരാമൻ, കെ പി കുറുവൻ വൈദ്യർ എന്നിങ്ങനെയുള്ള പുസ്തക പ്രേമികളായ സാധാരണക്കാരായിരുന്നു. ശ്രീനാരയണ ആദർശങ്ങളും ആശാൻ കൃതികളുടെ സ്വാധീനതയും ഇതിന്ന് പ്രേരകമായിരുന്നു.

ഇടക്കാലത്ത് 1948 ൽ പ്രത്യേക സാഹചര്യത്തിൽ പ്രസിഡണ്ടായി വന്ന കോമത്ത് അച്ചുതൻ വൈദ്യർ, സിക്രട്ടറി ടി കെ കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ, പി വി ഗോപാലൻ മാസ്റ്റർ, കെ പി കറുവൻ വൈദ്യർ, കെ പി കരുണാകരൻ തുടങ്ങിയവർ വായനശാലയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിലും മറ്റും പ്രധാന പങ്കു വഹിച്ചിട്ടു!ണ്ട്. സംസ്കൃതം, വിഷ വൈദ്യം ഹിന്ദി എന്നിവ പഠിപ്പിക്കുന്നതിനുള്ള നിശാപാഠശാലകളും നടത്തി വന്നിരുന്നു. വായനശാലയുടെ സിൽവർ ജൂബിലി ആഘോഷം 1989 സപ്തംബർ 13, 14 തീയ്യതികളിലായി സോവനീർ പ്രകാശനമുൾപ്പെടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിൻെറ പഞ്ചായത്തിലെ ആദ്യത്തെ പരിപാടി എന്ന നിലയിൽ നടത്തപ്പെട്ട ചടങ്ങായിരുന്നു. ജൂബിലി ആഘോഷ കമ്മിറ്റി പ്രസിഡണ്ട് ശ്രീ ടി കെ കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ, സിക്രട്ടറി വി സി ശ്രീധരൻ മാസ്റ്റർ, ഖജാൻജി അമ്പൻ നാരായണൻ മാസ്റ്റർ, സോവനീർ കൺവീനർ പൂച്ചാലി ഗോപാലൻ മാസ്റ്റർ എന്നിങ്ങനെയുള്ളവരുടെ പ്രവർത്തനം വായനശാലയുടെ ഇന്നത്തെ അഭിവൃദ്ധിക്ക് പ്രധാന കാരണമായിരുന്നു.

കിഴുത്തള്ളി വായനശാലയുടെ ആരംഭം 1935 ൽ ആയിരുന്നു. റെയിൽവേ ഓവു പാലത്തിനടുത്ത് പീടിക മുറിയിൽ ശ്രീമാന്മാർ എൻ പി കുമാരൻ, പുതിയാണ്ടി ഗോപാലൻ എന്നിവർ മുൻകൈയെടുത്ത് നടത്തി വന്നിരുന്ന വായനശാല കിഴുത്തള്ളി കൈനാട്ടിയിൽ സ്വന്തം കെട്ടിടത്തിൽ "കിഴുത്തള്ളി പബ്ലിക്ക് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം" എന്ന പേരിൽ 1940 ൽ സ്ഥാപിക്കപ്പെട്ടു. അന്ന് പ്രസിഡണ്ട് ശ്രീ മാത്തൻ ഗോപാലനും സിക്രട്ടറി ടി സി ഗോവിന്ദൻ മാസ്റ്ററുമായിരുന്നു. പ്രസിദ്ധകലാകാരനായ ടി സി രാമചന്ദ്രൻ, ടി പി കുഞ്ഞിക്കണ്ണൻ, എം നാരയണൻ മാസ്റ്റർ എന്നിവർ ഉൾക്കൊള്ളുന്ന വായനശാല പ്രവർത്തകർ ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായിരുന്ന ഹിന്ദി ക്ലാസ്, പ്രസംഗ പരിശീലന ക്ലാസ്, ചർച്ചാക്ലാസുകൾ എന്നിവ വളരെക്കാലം തുടർച്ചയായി നടത്തി വന്നിരുന്നു. വിപുലമായ തോതിലുള്ള വാർഷികാഘോഷങ്ങളും പതിവായി നടത്തി വന്നിരുന്നു. ആ വായനശാലയുടെ ഇന്നത്തെ ദയനീയമായ അവസ്ഥയെ കുറിച്ച് വസ്തു നിഷ്ടമായ ഒരു വിലയിരുത്തൽ അത്യാവശ്യമാണ്.

തെഴുക്കിൽ പീടികയിലെ തൊഴിലാളി ലൈബ്രറി ആൻറ് റീഡിങ്ങ് റൂം ഒരു കാലത്ത് എളയാവൂർ പഞ്ചായത്തിൽ തന്നെയായിരുന്നു. പേര് കൊണ്ട് സൂചിപ്പിക്കുന്നത് പോലെ ഉൽപ തിഷ്ണുക്കളായ ശ്രീ സി കെ ഉണ്ണി, സി പി ചന്ദ്രൻ മാസ്റ്റർ, കരിയാണ്ടി കൃഷ്ണൻ, സി കെ അച്ചു മാസ്റ്റർ, പി വി കുഞ്ഞപ്പ മാസ്റ്റർ, സി കെ കുഞ്ഞിക്കണ്ണൻ വൈദ്യർ എന്നിങ്ങനെയുള്ളവരായിരുന്നു ആദ്യ കാല പ്രവർത്തകർ. രാഷ്ട്രിയ പ്രാധന്യമുള്ള പല യോഗങ്ങളും ക്ലാസുകളും അക്കാലത്ത് വായനശാലയിൽ വെച്ച് നടത്തപ്പെട്ടിരുന്നു. പഞ്ചായത്തിൽ നടന്ന പല രാഷ്ട്രീയ സംഭവങ്ങൾക്കും കേന്ദ്രമായിരുന്നു വായനശാല. ഇപ്പോൾ പേരിന് കണ്ണൂർ മുൻസിപ്പാലിറ്റിയിലാണ് വായനശാലയുള്ളത്. ഏറ്റവും നന്നായി നടത്തപ്പെടുന്ന സ്ഥാപനമാണിത്. കേരള ഗ്രന്ഥശാലാസംഘം കണ്ണൂർ താലൂക്ക് കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ എൻ ഒ ആനന്ദൻ വായനശാലയുടെ സെക്രട്ടറിയും ജില്ലയിലെ അറിയപ്പെടുന്ന ഗ്രന്ഥശാലാ പ്രവർത്തകനുമാണ്.

അടുത്തകാലത്തുണ്ടായ വായനശാലകളുടെ പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതായുണ്ട്. വായനശാലകളിലെല്ലാംതന്നെ ഇന്ന് പ്രചാരത്തിലുള്ള പ്രധാന പത്രങ്ങൾ വരുത്തുന്നുണ്ട്. മനോമര, മാതൃഭൂമി, ദേശാഭിമാനി, കേരള കൗമുദി, മാധ്യമം എന്നിവയാണ് കൂടുതലും.'സായാഹ്ന പത്രങ്ങളും (സുദിനം, രാഷ്ട്രദീപിക, സ്ഫോടനം) ഉണ്ടാവാറുണ്ട്. മാസികകളും വാരികകളും പ്രചാരത്തിലുള്ള മിക്കതും വായനക്കാർക്ക് ലഭിക്കുന്നു. ഇംഗ്ലീഷ് പത്രങ്ങളിൽ ഹിന്ദുവും ഇന്ത്യൻ എക്സ്പ്രസും വരുത്തുന്നുണ്ട്. പുസ്തകങ്ങൾ, ഗഹനമായ വായനക്കുതകുന്നവയെക്കാൾ ലളിതവും പരന്നതുമായ അറിവിനുതകുന്നവയാണ് വായനക്കാർ തെരഞ്ഞെടുക്കുന്നത്.

പഞ്ചായത്തിൽ മനോരമയും മാതൃഭൂമിയുംതന്നെയാണ് ഏറ്റവും പ്രചാരമുള്ള പത്രം. ദേശാഭിമാനി മൂന്നാംസ്ഥാനത്തും കേരളകൗമുദിയും മാധ്യമവും നാലാംസ്ഥാനത്തുമാണെന്ന് കണക്കുകൾ തെളിയിക്കുന്നു. പൊതുവെ വീടുകളിൽ വായനാ ശീലക്കാരാണ് ഭൂരിഭാഗവും. ആ വായന എത്രമാത്രം ബോധവൽക്കരണത്തിനുതകുന്നു എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ചൊവ്വ ധർമസമാജത്തിനടുത്തുള്ള "ആര്യബന്ധു സാഹിത്യവേദി ആര്യബന്ധുവിൻെറ മകൻ ശ്രീ. പി കുമാരൻ നേതൃത്വം വഹിച്ചുകൊണ്ടു സ്ഥാപിക്കപ്പെട്ട ഒരു സാംസ്കാരിക കേന്ദ്രമാണ്. എഴുത്തുകാരെ പ്രോൽസാഹിപ്പിക്കുകയും ചർച്ചായോഗങ്ങൾ, കവിയരങ്ങുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുള്ള ഈ സംഘടനയുടെ പഞ്ചായത്തിലെ പ്രധാന പ്രവർത്തകർ പ്രസിദ്ധ കവിയായിരുന്ന എ കെ ചൊവ്വ, എഴുത്തുകാരനായ എസ് കെ ബാലകൃഷ്ണൻ. ഗായകനും കവിയുമായ വി സി നാരായണൻ, കെ കേളപ്പൻമാസ്റ്റർ എന്നിവരായിരുന്നു.

ഗ്രന്ഥശാലകൾ & വായനശാലകൾ

ക്രമനമ്പർ	പേരും സ്ഥലവും	കെട്ടിടം
1.	പള്ളിപ്രം വായനശാല, പള്ളിപ്രം	വാടക
2.	എടചൊവ്വ കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ് വായനശാല, എടചൊവ്വ	വാടക
3.	ദേശബന്ധു വായനശാല ആൻറ് ഗ്രന്ഥാലയം എടചൊവ്വ	സ്വന്തം
4.	പൊതുജന വായനശാല, ചൊവ്വ	സ്വന്തം
5.	ഗ്രാമീണ വായനശാല, മുണ്ടയാട്	സ്വന്തം
6.	ഐക്യോദയം വായനശാല, എളയാവൂർ സൗത്ത്	സ്വന്തം
7.	വിദ്യാപോഷിണി വായനശാല, മുണ്ടയാട്	സ്വന്തം
8.	കിഴുത്തള്ളി പബ്ലിക് ലൈബ്രറി ആൻറ് റീഡിങ്ങ് റൂം	സ്വന്തം
9.	മാർക്സിസ്റ്റ് സ്റ്റഡി സർക്കിൾ വായനശാല ആൻറ് ഗ്രന്ഥാലയം, കിഴുത്തള്ളി	വാടക
10.	ആര്യബന്ധു സാഹിത്യവേദി	സ്വന്തം
11.	ബൈബിൾ ഭവൻ	സ്വന്തം

പ്രശ്നങ്ങൾ:

1. ഗ്രന്ഥശാലകൾ ജനസംഖ്യാനുപാതികമായി ഇല്ല.
2. ഉള്ളവ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ.
3. ആളുകൾക്ക് ഗ്രന്ഥപാരായണത്തിൽ താൽപര്യം കുറയുന്നു
4. ഉപരിവിദ്യാഭ്യാസം നേടിയവർപോലും ഉള്ള അറിവുകൊണ്ട് തൃപ്തിപ്പെടുന്നു.
5. യുവാക്കൾ കൂടുതൽ അറിവു നേടുന്നതിൻെറ ആവശ്യകത ഉൾക്കൊള്ളുന്നില്ല.
6. വിദ്യാലയങ്ങളിൽ ഗ്രന്ഥശേഖരം കുറവാണ്.
7. ചെറുപ്പത്തിൽതന്നെ പാഠപുസ്തകങ്ങളല്ലാതെ മറ്റൊന്നും വായിക്കാനുള്ള പ്രേരണകൾ ഉണ്ടാകുന്നില്ല.
8. ദൃശ്യമാധ്യമങ്ങൾ വായനാശീലത്തിന് തടസ്സം നിൽക്കുന്നു.
9. വീടുകളിൽ നല്ല പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഇല്ല.
10. പുസ്തകങ്ങളുടെ അമിതമായ വിലക്കയറ്റം വീടുകളിൽ പുസ്തകശേഖരത്തിന് മുരടിപ്പുണ്ടാക്കുന്നു.
11. നാടൻ കലകൾ, പാട്ടുകൾ എന്നിവ നാമാവശേഷമാകുന്നു.
12. വിദ്യാലയങ്ങളിൽ നടത്തപ്പെടുന്ന കലാമൽസരങ്ങൾ സമ്പന്നവർഗം കൈയടക്കുന്നു.
13. കലാസമിതികൾ നിർജീവങ്ങളാണ്.
14. നാടകം, നൃത്തം, സംഗീതം തുടങ്ങിയ കലാരൂപങ്ങൾ ഗ്രാമത്തിന് അന്യമാകുന്നു.
15. ചിത്രകലയും കായികപരിശീലനവും സ്കൂളുകളിലെ ടൈംടേമ്പിളിൽ മാത്രം ഒതുങ്ങുന്നു.
16. നാടൻ കലകൾക്ക് ആസ്വാദകർ കുറയുന്നു.
17. പുതിയ നാടകസങ്കേതങ്ങൾ സാധാരണക്കാർക്ക് ദുർഗ്രാഹ്യമാവുന്നു.
18. തെരുവുനാടക സങ്കേതങ്ങൾ പോലും സാധാരണക്കാരന് ഗ്രഹിക്കാനാവുന്നില്ല.
19. ആശയപ്രചാരണത്തിനുവേണ്ടിയുള്ളതും ലക്ഷ്യബോധമുള്ളവയുമാണെന്നവകാശപ്പെടുന്ന കലാസൃഷ്ടികൾപോലും സാധാരണക്കാരനെ ആകർഷിക്കുന്നില്ല.
20. പത്രമാസികകളിലെ വാർത്തകളിൽ ജനങ്ങൾക്ക് വിശ്വാസം കുറയുന്നു.
21. വസ്തുനിഷ്ഠവും സത്യസന്ധവുമായ സംഭവ ചിത്രീകരണം പോലും വളച്ചൊടിക്കപ്പെടുന്നു.
22. കനപ്പെട്ടതെന്ന് അംഗീകരിക്കപ്പെട്ട വാരികകളും മാസികകളും വാങ്ങുന്നവർ പോലും അത് വായിക്കാറില്ല.
23. കായികവിനോദത്തിനുള്ള സൗകര്യം കുറഞ്ഞുവരുന്നു.
24. സ്കൂളുകളിൽ കളിസ്ഥലങ്ങളില്ല.
25. സൗകര്യമുള്ള ജലാശയങ്ങൾ പോലും കുട്ടികൾ നീന്തലിനും മറ്റും വേണ്ടത്ര ഉപയോഗിക്കുന്നില്ല.
26. പഞ്ചായത്തിൽ വിവിധ കായികമൽസരങ്ങൾ നടത്തുന്നതിനുള്ള ഒരു സ്റ്റേഡിയംപോലും ഇല്ല.
27. കായികതാരങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള യാതൊരു ശ്രമവും (സംഘടനാതലത്തിൽ) നടക്കുന്നില്ല.
28. ഒരുകാലത്ത് കിഴുത്തള്ളിയിൽ നടത്തിവന്നിരുന്ന പാട്യം ദിനാചരണംപോലുള്ള വിവിധ മൽസരങ്ങൾ സംഘടിപ്പിച്ചുകൊണ്ടുള്ള പരിപാടികളൊന്നും ഇന്ന് പഞ്ചായത്തിൽ നടക്കുന്നില്ല.

സാധ്യതകൾ:

1. ഗ്രന്ഥശാലകളും വായനശാലകളുമില്ലാത്ത വാഡുകളിൽ അവ സ്ഥാപിക്കാനുള്ള കർമപരിപാടി ആസൂത്രണം ചെയ്യുക.
2. നിർജീവമായി കിടക്കുന്ന ഗ്രന്ഥശാലകളുടെ പോരായ്മകൾ മനസ്സിലാക്കി അവ നികത്തുന്നതിനുള്ള സത്വര നടപടികൾ എടുക്കുക.

3. ഗ്രന്ഥാലയങ്ങളിലൂടെ കുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള ആകർഷണീയമായ (പ്രദർശനം ഉൾപ്പെടെ) പരിപാടികൾ കൃത്യമായി സംഘടിപ്പിക്കുക.
4. അറിവ് നേടുകയെന്നത് ഒരു ആജീവാനന്ത പ്രക്രിയയാണെന്ന ധാരണ ഉണ്ടാക്കാൻ വിദ്യാസമ്പന്നരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചാക്ലാസുകളും മൽസരങ്ങളും സംഘടിപ്പിക്കുക.
5. യുവാക്കൾക്ക് അലസത കൈവെടിഞ്ഞു എന്തെങ്കിലും സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ താൽപര്യം ഉണ്ടാക്കുന്നതിന് രസകരമായ വിനോദങ്ങളും മൽസരങ്ങളും സംഘടിപ്പിക്കുക. എഴുത്തുമൽസരം, വായനാമൽസരം എന്നിങ്ങനെ പലതും സംഘടിപ്പിക്കാവുന്നതാണ്.
6. വിദ്യാലയങ്ങളിൽ പുസ്തകശേഖരം വർധിപ്പിക്കുക. അതിനായി വീടുകളിൽ നിന്ന് പുസ്തകങ്ങൾ ശേഖരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകുക.
7. വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾക്ക് നല്ല പുസ്തങ്ങൾ പ്രത്യേകിച്ചു ചിത്രമുള്ളവ നോക്കി രസിക്കാനുള്ള സാഹചര്യം – ഒരുക്കുക.
8. ദൃശ്യമാധ്യമങ്ങൾക്ക് ആവശ്യത്തിൽ കൂടുതൽ സമയം ചെലവഴിക്കുന്നത് നിയന്ത്രിക്കുക.
9. ഗ്രന്ഥശാലകൾ വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.
10. നാടൻ കലകൾക്കും പാട്ടുകൾക്കും പൊതുവേദികളിൽ മൽസരം സംഘടിപ്പിക്കുക.
11. ബാലകലാമേളകളിൽ കഴിവുള്ള കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് സാമ്പത്തിക സഹായമുൾപ്പെടെയുള്ള പിന്തുണ നൽകുക.
12. നിർജീവമായ കലാസമിതികളുടെ ദുരവസ്ഥയുടെ കാരണം മനസ്സിലാക്കുകയും സംഘടനാതലത്തിലുള്ള മുരടിപ്പ് ഇല്ലാതാക്കുകയും ചെയ്യുക.
13. സ്വന്തം ഗ്രാമത്തിലുള്ള പൊതുപരിപാടികൾക്ക് ഗ്രാമത്തിൽതന്നെ കലാകാരന്മാരെ പ്രോൽസാഹിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ മാത്രം നടത്തുക.
14. വിദ്യാലയങ്ങളിൽ ചിത്രകലാഭ്യസനവും കായിക പരിശീലനവും പരമാവധി കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.
15. നാടൻ കലകൾ കാലത്തിനനുസരിച്ച് ആസ്വാദ്യതരമായ രീതിയിൽ അവതരിപ്പിക്കാനുള്ള വേദി ഒരുക്കുക.
16. നാടകങ്ങൾ, ചിത്രങ്ങൾ മുതലായവ കലാരൂപങ്ങളിലെ ദുർഗ്രാഹ്യത ലഘൂകരിക്കുക.
17. ജനങ്ങൾക്ക് എളുപ്പം ഗ്രഹിക്കാവുന്ന സാങ്കേതിക ശൈലി അവലംബിക്കുക.
18. പത്രവാർത്തകൾ വിശ്വസനീയവും സത്യസന്ധവും വസ്തുനിഷ്ഠവുമാവുക. അല്ലാത്തവ തുറന്നുകാണിക്കപ്പെടുക.
19. ഒരുകാലത്തുണ്ടായിരുന്ന മൈതാനങ്ങളും വയലുകളും മറ്റും ഇന്ന് വീടുകൾ നിറഞ്ഞ പ്രദേശമാവുകയാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിൽ ചെറുതും വലുതുമായ കളിസ്ഥലങ്ങളുടെ ആവശ്യകത വർധിച്ചുവരുന്നു. ഓരോ വാർഡിലും ചെറിയ കളിസ്ഥലങ്ങൾ ഉണ്ടാക്കണം.
20. ഒന്നിലധികം വിദ്യാലയങ്ങൾക്ക് ഒരു പൊതുകളിസ്ഥലം കണ്ടെത്തുക.
21. കുട്ടികളെ നീന്തൽപോലുള്ള മൽസരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.
22. ചൊവ്വ ഹൈസ്കൂൾ ഗ്രൗണ്ട്പോലുള്ള കളിസ്ഥലങ്ങൾ മാനേജ്മെൻറുമായി സഹകരിച്ചു പൊതുകളിസ്ഥലമാക്കുക.
23. കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിന് വാർഡ്തലത്തിൽ സംഘടനകൾ ഉണ്ടാക്കുകയും വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുക.
24. കലാ കായിക മൽസരങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ വിപുലമായ സാംസ്കാരിക സമ്മേളനങ്ങളിൽ ഉണ്ടാവണം.
25. എല്ലാ സൗകര്യങ്ങളുമുള്ള സ്റ്റേഡിയം നിർമിക്കുന്നതിനു സ്പോട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിഭവസമാഹരണം

ഏതൊരു സമൂഹത്തിന്റെയും നിലനിൽപ് ആ പ്രദേശത്തിന്റെ വിഭവങ്ങളിലധിഷ്ഠിതമാണ്. വിഭവങ്ങളുടെ ആസൂത്രിത വിനിയോഗത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് നാം ലക്ഷ്യമിടുന്നതുപോലെ വികസനരംഗത്ത് ഒരു കുതിച്ചു ചാട്ടമുണ്ടാകണമെങ്കിൽ പ്രാദേശികമായി ലഭിക്കാവുന്ന മുഴുവൻ വിഭവങ്ങളെയും സമാഹരിക്കേണ്ടതുണ്ട്. പദ്ധതി വിഹിതത്തോടൊപ്പം തനത് വരുമാനമാർഗങ്ങൾ വർദ്ധിപ്പിക്കുകയും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുകയും മാനുഷിക ശേഷിയെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് മുന്നേറാൻ കഴിയൂ.

അധികാര വികേന്ദ്രീകരണത്തെ തുടർന്ന് പഞ്ചായത്തുകൾ പ്രാദേശിക ഗവർമെണ്ടുകളായി പ്രവർത്തിക്കാൻ തുടങ്ങുകയാണ്. ഈ സാഹചര്യത്തിൽ ശക്തമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നിരവധി പരിമിതികളുണ്ട് എന്നത് നിസ്തർക്കമാണ്. ഇടത്തരം വൻകിട വ്യവസായ സ്ഥാപനങ്ങളോ ടൂറിസം തുടങ്ങിയ വികസന സാധ്യതകളോ ഇല്ല. കച്ചവടസ്ഥാപനങ്ങളിൽ നിന്നുള്ള വരവ് പോലും പരിമിതമാണ്. ഭൂലഭ്യതയുടെ കുറവ്, കാർഷിക മേഖലയിലെ മുരടിപ്പ് എന്നിവ പഞ്ചായത്തിലെ വരുമാനമാർഗങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈയൊരു കാഴ്ചപ്പാടോടു കൂടി വേണം 9-ാം പദ്ധതിക്കാലത്ത് അതായത് വരുംനാളുകളിൽ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടത്. എങ്കിൽ മാത്രമേ വർദ്ധിച്ചു വരുന്ന ആവശ്യങ്ങളെയും പ്രശ്നങ്ങളെയും അഭിമുഖീകരിക്കാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിന്റെ ആസ്തി

1. കിഴുത്തള്ളി ശിശുമന്ദിരവും 33 സെൻറ് സ്ഥലവും.
2. കിഴുത്തള്ളി പൊതുശ്മശാനത്തിനുള്ള സ്ഥലം- 96 1/2 സെൻറ്.
3. കിഴുത്തള്ളി കളിസ്ഥലം- 50 സെൻറ്
4. സാംസ്കാരിക മന്ദിരത്തിനുള്ള സ്ഥലം- 8 സെൻറ്.
5. പഞ്ചായത്താപ്പീസ് കെട്ടിടം- 25 സെൻറ് സ്ഥലം.
6. കിഴുത്തള്ളി റിക്രിയേഷൻ കേന്ദ്രം.
7. റൂറൽ വർക്കേഴ്സ് കോളനി സാംസ്കാരിക നിലയം.
8. കന്നുകാലി പൗണ്ട്.

പഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ			
	ഇനം	1990-91	1995-96
1.	കെട്ടിട നികുതി	305262.49	597501.52
2.	തൊഴിൽ നികുതി	106625.00	248625.00
3.	വിനോദ നികുതി	49618.73	46957.97
4.	അഡി. വിനോദ നികുതി	30072.77	28526.28
5.	പ്രദർശന നികുതി	1409.00	2880.00
6.	ലൈസൻസ് ഫീസ്	9603.00	23825.35
	ആകെ		948316.12

മേൽകാണിച്ച പട്ടികയിൽ നിന്നും 90-91ലേതിൽ നിന്ന് വ്യത്യസ്തമായി 95-96 കാലത്ത് വരുമാനത്തിൽ വർദ്ധനവ് കാണാൻ കഴിയുന്നുണ്ട്. പട്ടണസാമീപ്യവും ടി വിയുടെ സ്വാധീനവും കാരണമാകാം വിനോദനികുതിയിനത്തിൽ കുറവും സംഭവിച്ചത്.

കെട്ടിടനികുതി

കെട്ടിട നികുതിയിനത്തിൽ 90-91ലേതിൽ നിന്നും 292239.03 രൂപയുടെ വർദ്ധനവ് 95-96ൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് കെട്ടിടനികുതി നിർണ്ണയത്തിൽ ഒട്ടേറെ അപാകതകൾ കണ്ടെത്താൻ കഴിയും. വീടുകളുടെ ആഡംബരവും കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗവും കണക്കിലെടുത്തുകൊണ്ടു വേണം നികുതി ചുമത്താൻ. എന്നാൽ അതോടൊപ്പം നികുതി നിർണ്ണയത്തിന്റെ മാനദണ്ഡം ഉടമസ്ഥരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

തൊഴിൽ നികുതി

പഞ്ചായത്തിന്റെ തനത് വരുമാനങ്ങളിൽ രണ്ടാംസ്ഥാനം തൊഴിൽ നികുതിക്കാണ്. പുതിയ വ്യവസായ സ്ഥാപനങ്ങളോ തൊഴിൽ സംരംഭങ്ങളോ ഉണ്ടാവാത്ത സാഹചര്യത്തിൽ ഈ മേഖലയിൽ കാര്യമായ വർധനവും ഉണ്ടാക്കാൻ സാധിക്കുകയില്ല. എല്ലാ തൊഴിൽ ശാലകളിലും ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.

വിനോദനികുതി

90-91ലേതിനെ അപേക്ഷിച്ച് 95-96ൽ വിനോദ നികുതിയിനത്തിൽ കുറവാണ് സംഭവിച്ചിട്ടുള്ളത്. ഇത് ഇനിയും കുറയാനാണ് സാധ്യത.

ലൈസൻസ് ഫീസ്

ലൈസൻസ് ഫീസിനത്തിൽ 95-96ൽ ഗണ്യമായ വർദ്ധനവ് കാണുന്നുണ്ട്. അതേസമയം ഇനിയും ലൈസൻസ് ഫീസ് ചുമത്താവുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽപെട്ട നിരവധിയാളുകൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരായിട്ടുണ്ട്. ഏകദേശം മൊത്തം ജനസംഖ്യയുടെ 4 ശതമാനത്തോളം വരും അവർ. അവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ചെലവഴിക്കപ്പെടുന്നത് ആർഭാടകരമായ വീടുകൾ പണിയുന്നതിലാണ്. ഈ പ്രവർത്തന രീതി മാറ്റി അവരുടെ വരുമാനം ഒറ്റക്കോ കൂട്ടായ്മയിലൂടെയോ പ്രത്യൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിട്ടാൽ നമ്മുടെ പഞ്ചായത്തിന്റെയും അവരുടെയും അഭിവൃദ്ധിക്ക് അത് കാരണമായിത്തീരുക തന്നെ ചെയ്യും.

മത്സ്യമാർക്കറ്റ്

പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രങ്ങളോട് ചേർന്ന് ഷോപ്പിങ്ങ് കോംപ്ലക്സ്, മത്സ്യമാർക്കറ്റ് എന്നിവ പണിതുകൊടുത്ത് പഞ്ചായത്ത് വരുമാനങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കണം. അതുപോലെ ഓട്ടോറിക്ഷ, ടാക്സി സ്റ്റാൻറുകൾ നിർമ്മിച്ച് അവരിൽ നിന്ന് നികുതി ഈടാക്കുന്നത് നന്നായിരിക്കും.

ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മൊത്തം ആറ് ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ നാലെണ്ണം സഹകരണ സ്ഥാപനങ്ങളാണ്.

അവയിലെ വായ്പകളുടെ സ്വഭാവം നോക്കിയാൽ കാർഷിക മേഖലയിൽ വായ്പകൾ ഉണ്ടാകുന്നുണ്ടെങ്കിലും ചെറുകിട വ്യവസായങ്ങൾക്കും തൊഴിൽ സംരംഭങ്ങൾക്കും അതുപോലെ വായ്പകൾ അനുവദിക്കേണ്ടതാണ്. എങ്കിൽ അത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുമെന്നതിൽ സംശയമില്ല.

ചെലവുകൾ

	ഇനം	1993-94	1995-96
1.	ഭരണം	549572.00	672622.00
2.	പൊതുമരാമത്ത്	538073.00	956256.00
3.	വിദ്യാഭ്യാസം	8982.00	18572.00
4.	ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം	3259.00	9786.00
5.	തെരുവുവിളക്ക്	61134.00	61409.00
6.	മറ്റുള്ളവ	340997.25	301642.70
		1502017.25	2020287.00

1993ലെ അപേക്ഷിച്ച് 95-96 ചെലവുകൾ പലതും കുത്തനെ ഉയർന്നതു കാണാം. ആകെ ചെലവിൽ ഓരോ വിഭാഗത്തിന്റെയും ഇനം തിരിച്ചുള്ള ശതമാനക്കണക്ക് ചുവടെ.

1995-96

ആകെ ചെലവ്	2020287.00
ഭരണം	33.25%
പൊതുമരാമത്ത്	47.28%
വിദ്യാഭ്യാസം	.91%
ജലവിതരണം, പൊതുജനാരോഗ്യം	.48%
തെരുവുവിളക്ക്	3.03%
മറ്റുള്ളവ	14.91%

പട്ടിക സൂചിപ്പിക്കുന്നതു പ്രകാരം പഞ്ചായത്തിന്റെ വരുമാനത്തിന്റെ നല്ലൊരു പങ്ക് 47.28% ചെലവഴിക്കപ്പെടുന്നത് പൊതുമരാമത്ത് ജോലികൾക്കാണ്. അതാകട്ടെ ഭൂരിഭാഗവും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെടുന്നവയുമാണ്. അതുവഴി നല്ലൊരു ശതമാനം വിഭവചോർച്ച സംഭവിക്കുന്നു എന്നുള്ളതാണ് വസ്തുത. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികൾ മുഖാന്തിരം നിർവഹിക്കപ്പെടുന്ന സ്ഥിതിയുണ്ടായാൽ വിഭവചോർച്ച ഒരു പരിധി വരെ പരിഹരിക്കാമെന്ന് മാത്രമല്ല അത്തരം പ്രവർത്തനങ്ങളുടെ ഗുണനിലവാരണം മെച്ചപ്പെടുകയും ചെയ്യും.

പൊതുമരാമത്ത് പോലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭീമമായ തുക നാം ചിലവഴിക്കുന്നതാകട്ടെ പലപ്പോഴും അനവസരത്തിലാണെന്നാണ് ഗ്രാമസഭ ചർച്ചകൾ സൂചിപ്പിക്കുന്നത്. മഴക്കാലം തുടങ്ങുന്നതിനു മുമ്പേ പ്രധാന റോഡുകൾക്കെങ്കിലും ഓടകൾ കീറി സംരക്ഷിക്കുകയാണെങ്കിൽ വർഷാവർഷം അതിനുവേണ്ടി ചിലവഴിക്കപ്പെടുന്ന തുകയുടെ തോത് ഗണ്യമായി കുറക്കാൻ സാധിക്കും. ഇത്തരം പ്രവൃത്തികൾ മനുഷ്യസേവനം ഉപയോഗിച്ചുകൊണ്ടുമാകണം. ഇതുപോലെ തന്നെ തെരുവുവിളക്കുകൾക്ക് വേണ്ടി 3.03% തുക ചെലവഴിക്കുന്നുവെങ്കിലും അതിന്റെ ഗുണം ജനങ്ങൾക്ക് തീരെ ലഭ്യമല്ലെന്ന് തന്നെ പറയാം. ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പേരിൽ 26,63985 രൂപ അടച്ചു തീർക്കേണ്ട കടമായിട്ടും കാണുന്നുണ്ട്.

മനുഷ്യാധ്വാനം

വിഭവങ്ങളിൽ വെച്ച് ഏറ്റവും പ്രാമുഖ്യം അർഹിക്കുന്നത് മാനുഷിക വിഭവമാണ്. അനുദിനം പാഴായിപ്പോകുന്ന മാനുഷികോർജം പ്രത്യൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിലൂടെ മാത്രമേ ത്വരിതഗതിയിലുള്ള വികസനം സാധ്യമാവുകയുള്ളൂ. കഴിഞ്ഞ പഞ്ചവത്സാര പദ്ധതികളുടെ ഒരു ന്യൂനതയായി കണ്ടെത്തിയിട്ടുള്ളത് ജനപങ്കാളിത്തത്തിന്റെ അഭാവമാണ്. എന്നാൽ പ്രാദേശികമായ പല വികസന പ്രവർത്തനങ്ങളിലും ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. പല റോഡുകളും നാട്ടുകാരുടെ ശ്രമദാനത്തിലൂടെ നിർമിക്കപ്പെട്ടവയാണ്. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതി പ്രവർത്തനങ്ങളിലും പദ്ധതിയേതര പ്രവർത്തനങ്ങളിലും മാനുഷികശേഷി സമർത്ഥമായി വിനിയോഗിക്കേണ്ടിയിരിക്കുന്നു. അതിനാവശ്യമായ ബോധവൽക്കരണങ്ങൾ നടത്തി ആസൂത്രിതമായി അവ വിനിയോഗിക്കുകയാണെങ്കിൽ നമ്മുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്നതിൽ തർക്കമില്ല. യുവജന സംഘടനകളേയും സന്നദ്ധ പ്രവർത്തകരെയും സംഘടനകളെയും കൂട്ടിയോജിപ്പിച്ച് റോഡ് നിർമ്മാണം, സംരക്ഷണം, ജലസേചനം നിർമ്മാണ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കാമെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ പറയുന്നു. ഇതുപോലെ തന്നെ നമ്മുടെ പ്രദേശത്തെ സമസ്ത മേഖലകളിലെയും പ്രഗൽഭരും പരിചയസമ്പന്നരും റിട്ടയർ ചെയ്തവരുമായ ആളുകളുടെ ബുദ്ധിപരമായ കഴിവുകളെയും നമുക്ക് വേണ്ടവിധത്തിൽ ഉപയോഗപെടുത്താൻ കഴിയണം.

പ്രശ്നങ്ങൾ

1. കെട്ടിടനികുതി നിർണ്ണയം ശാസ്ത്രീയമല്ല.
2. തൊഴിൽ നികുതികളുടെ വ്യാപ്തി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.
3. പ്രദർശന നികുതിയിനത്തിൽ കുറവ് സംഭവിച്ചു കൊണ്ടിരിക്കുന്നു.
4. പുതിയ നികുതി മാർഗങ്ങൾ ആരായുന്നില്ല.
5. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാനം വേണ്ടരീതിയിൽ വിനിയോഗിക്കുന്നില്ല.
6. സഹകരണ സ്ഥാപനങ്ങളിലേയും മറ്റും വായ്പകൾ പുതിയ തൊഴിൽ സംരംഭത്തിന് ഉതകുന്നില്ല.
7. വരുമാനത്തിന്റെ ഭൂരിഭാഗവും കോൺട്രാക്ടർമാരുടെ കൈകളിലേക്ക് പോകുന്നു.
8. സന്നദ്ധപ്രവർത്തകരെ കൂട്ടിയോജിപ്പിക്കുകയോ അവരുടെ സേവനം ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നില്ല.

സാദ്ധ്യതകൾ

1. കെട്ടിടനികുതി ശാസ്ത്രീയമാക്കുക- ആഡംബരങ്ങൾക്ക് പ്രത്യേക നികുതി നിർണ്ണയിക്കുക.
2. തൊഴിൽ നികുതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുക.
3. ഓട്ടോടാക്സി എന്നിവരിൽ നിന്ന് നികുതി ഈടാക്കുക.
4. വളർത്തുപട്ടികൾക്ക് നികുതി ചുമത്തുക.
5. പ്രധാന കച്ചവട കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിച്ച് നികുതി ഈടാക്കുക.
6. പുതിയ സേവനതുറകൾ സൃഷ്ടിച്ച് അവയിൽ നിന്നും നികുതി പിരിക്കുക.
7. വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ് എസ് ഐ യൂണിറ്റുകൾക്ക് ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ പിരിക്കുക.
8. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ കച്ചവട സ്ഥാപനങ്ങളായി രജിസ്റ്റർ ചെയ്യുന്ന രീതിയുണ്ട്. അത് മാറ്റി അവയെ ചെറുകിട വ്യവസായങ്ങളുടെ പട്ടികയിൽപെടുത്തി കരം പിരിക്കുക.
9. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
10. വികസന പ്രവർത്തനങ്ങൾക്ക് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സഹായം ഉറപ്പാക്കുക.
11. സന്നദ്ധ പ്രവർത്തനങ്ങൾക്ക് യുവജന സംഘടനകളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയോജിപ്പിക്കുകയും സന്നദ്ധ പ്രവർത്തനങ്ങളെ ആസൂത്രിതമായി വിനിയോഗിക്കുകയും ചെയ്യുക.
12. കാർഷിക വിളകൾ കന്നുകാലികൾ നശിപ്പിക്കുന്നതു തടയാൻ പൗണ്ട് ഫൈൻ നല്ല നിലയിൽ വർദ്ധിപ്പിക്കുക.
13. കേബിൾ ടി. വി.ക്ക് നികുതി ചുമത്തുക.
14. പഞ്ചായത്ത് പരസ്യങ്ങൾ നികുതി ചുമത്തുക.
15. പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമിയിൽ ഷോപ്പിങ്ങ് കോംപ്ലക്സും വർക്കിങ്ങ് വിമൻസ് ഹോസ്റ്റലും പണിത് പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കുക.

19-11-96-ന് ചേർന്ന എളയാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ 360/96 തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്

ചളയാവൂർ പഞ്ചായത്ത്





Elayavoor Village

ದಾವಣಗೆರೆ ಜಿಲ್ಲೆ



കോ-ഓപ്പറേറ്റീവ് പ്രസ്സ് (ഓഫ്സെറ്റ്) കണ്ണൂർ - 2 ഫോൺ 504648 507208